
പി ഗോവിന്ദപിള്ള



PG
894.8124
GOV

പൂന്താനം മുതൽ സൈമൺവരെ

ഡി

പൂന്താനം മുതൽ സൈമൺ വരെ

6609

പി. ഗോവിന്ദപ്പിള്ള

PC Library & Research Center

പുസ്തകശാല
The Book as You Like it
പത്തനംതിട്ട

PG
894-8124 GOV

POONTHANAM MUTHAL
SYMON VARE
(Malayalam)

P. Govindapillai

First Edition : June 1989

Second Edition : April 2016

Cover Design : Arun Gokul

Layout : Focus Graphics, PTA

Copy Right : Reserved

Printed at Nirmala Press, Chalakkudy

Publishers : Pusthakasala, Pathanamthitta

No part of this publication may be reproduced
or transmitted in any form by any means
without prior written permission of the Publisher.

Price : Rs. 120

പ്രസാധകക്കുറിപ്പ്

പ്രസിദ്ധ മാർക്സിസ്റ്റ് ചിന്തകനും, സാഹിത്യനിരൂപകനും, ബഹുഭാഷാ പണ്ഡിതനും, പ്രഭാഷകനും, സാംസ്ക്കാരിക വിമർശകനും, പത്രപ്രവർത്തകനും, ഗ്രന്ഥകാരനുമായിരുന്നു പി.ഗോവിന്ദപ്പിള്ള.

അദ്ദേഹത്തിന്റെ ധൈഷണീക മണ്ഡലത്തിന്റെ ആധാരശിലകൾഅന്വേഷിച്ചുപോകുന്നത് വളരെ രസകരമായിരിക്കും. ശാസ്ത്രസാഹിത്യം മുതൽ മതാത്മീയ പ്രാമാണിക കൃതികളിലുള്ള പാണ്ഡിത്യം, സിനിമയും, ഇലക്ട്രോണിക് മാധ്യമങ്ങളുമായുള്ള കലാസാഹിത്യ അന്വേഷണം എന്നിവയെല്ലാം പിജിയുടെ ധിഷണയെ എന്നും നവീനമാക്കി പോന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോഴും ഒരു സ്വതന്ത്രചിന്തകന്റെ തലത്തിലേക്ക് അദ്ദേഹം പലപ്പോഴും പ്രവേശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ധീഷണാവ്യാപാരങ്ങളെ സംബന്ധിച്ചുള്ള നിഷ്കൃഷ്ടമായ പഠനങ്ങൾ വരും നാളുകളിൽ ഉണ്ടാവുകതന്നെ ചെയ്യും.

പിജിയുടെ ധൈഷണിക മണ്ഡലത്തിന്റെ ആഴവും പരപ്പും അനുഭവപ്പെടുത്തുന്ന ഒരു സമാഹാരമാണ് പൂന്താനം മുതൽ സൈമൺ വരെ എന്ന പുസ്തകം. ലോകത്തിലെ വലിയ പ്രതിഭാശാലികളായ എഴുത്തുകാർ, സാംസ്ക്കാരിക ചിന്തകർ തുടങ്ങി മലയാളത്തിലെ വരിഷ്ഠ വ്യക്തികളെപ്പറ്റിയും ഈ കൃതിയിൽ പ്രതിപാദിക്കുന്നു.

ഇതിന്റെ ഒരു പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങൾക്ക് അനുവാദം നൽകിയ ഗ്രന്ഥകാരന്റെ മകളും, പ്രമുഖ മാധ്യമപ്രവർത്തകയുമായ ശ്രീമതി ആർ പാർവ്വതിദേവിയോടുള്ള നന്ദിയും കടപ്പാടും ഇവിടെ അറിയിക്കുന്നു. ഒപ്പം ഈ കൃതിയുടെ ആദ്യപതിപ്പ് പ്രസിദ്ധീകരിച്ച പെരിന്തൽമണ്ണ ശക്തി പബ്ലിക്കേഷൻസിനോടും ചെറുകാട് സ്മാരക ട്രസ്റ്റിനോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

പുതിയ തലമുറയുടെ ആസ്വാദനത്തിനും അന്വേഷണത്തിനുമായി സമർപ്പിക്കുന്നു.

ഡയറക്ടർ

പുസ്തകശാല

ഉള്ളടക്കം

1. സാമൂഹ്യവിമർശകനായ ഭക്തകവി 5

2. ശതാഭിഷേകത്തിലെത്തിയ
പി.കെ. പരമേശ്വരൻനായർ 15

3. തായാട്ട് ശങ്കരന്റെ സാഹിത്യചിന്ത 22

4. കെ.എ. അബ്ബാസ് :
പ്രതിജ്ഞാബദ്ധൻ, പ്രതിഭാധനൻ 31

5. ജെ.ബി. പ്രീസ്റ്റ്ലി
ജനകീയ ബ്രിട്ടന്റെ മനഃസാക്ഷി 41

6. ഒക്കോത് പി.ബി. തെക്ക് 48

7. മലയാളത്തിന് മറക്കാനാകാത്ത
എം.എസ്. ദേവദാസ് 57

8. സ്വാതിതിരുനാളും ആധുനികവത്ക്കരണവും 65

9. പുനലൂർ ബാലൻ : പുതിയപാണനാർ 72

10. മലയാള നിരൂപണത്തിന്റെ പിതാവ്
സി.പി. അച്യുതമേനോൻ 87

11. ശൂദ്രമഹാകവി സരളദാസൻ 98

12. ഭക്തനും കലാപകാരിയുമായിരുന്ന
മഹാകവി കെ.വി. സൈമൺ 109

സാമൂഹ്യവിമർശകനായ ഭക്തകവി

കൈവിരലിലെണ്ണിത്തീർക്കാവുന്ന മലയാള മഹാകവികളുടെ കൂട്ടത്തിൽ പൂന്താനം നമ്പൂതിരിയുടെ സ്ഥാനം ഒട്ടും അഗണ്യമല്ല. പ്രൊഫ. എസ്. ഗുപ്തൻനായരുടെ വിലയിരുത്തലിൽ ഒട്ടും അതിശയോക്തിയില്ല. അദ്ദേഹം പറയുന്നു:

'ചെറിയ വലിയ കവികൾ എന്നു പറയാൻ കാരണമുണ്ട്. പൂന്താനം, രാമപുരത്തുവാര്യർ, എന്നീ രണ്ടുപേരുടെ കാര്യംതന്നെ എടുക്കുക. അവർ എഴുത്തച്ഛനേയോ നമ്പ്യാരേയോ പോലെ പ്രസ്ഥാന പ്രതിഷ്ഠകൾ നടത്തിയവരല്ല; കണ്ണശ്ശന്മാരേയോ ഉണ്ണുനീലി സന്ദേശകാരനേയോ പോലെ ശൈലീവിശേഷങ്ങളുടെ വിദഗ്ദ്ധ ശില്പികളുമല്ല. എണ്ണത്തിലും വണ്ണത്തിലും കുറഞ്ഞ താണവരുടെ കൃതികൾ. പക്ഷേ, ഇതൊക്കെക്കൊണ്ട് അവരെ കേവലം രണ്ടാംതരക്കാരായി ഗണിക്കാൻ പറ്റുമോ? ഒരിക്കലുമില്ല. ചെറുതെങ്കിലും ചൈതന്യധന്യവും മധുരവും ആയ ചില മാധ്വീബിന്ദുക്കളാണ് അവർ നമുക്ക് പകർന്നുതന്നത്. സ്വമണ്ഡലങ്ങളിൽ വളരെ ഉയർന്നതാണ് അവരുടെ നില. അതാണ് ചെറിയ വലിയ കവികൾ എന്നവരെക്കുറിച്ചു പറഞ്ഞത്.'

രാമപുരത്തെയും പൂന്താനത്തെയും തുല്യതലത്തിൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമൊന്നും പ്രൊഫസർ തുടർന്നുള്ള ലേഖനഭാഗത്തിൽ നടത്തിയിട്ടില്ലെങ്കിലും ഈ ഉദ്ധരണി മാത്രം വായിക്കുന്നവർക്ക് അങ്ങനെ തോന്നാം. ആ തോന്നൽ ശരിയല്ല. രാമപുരത്തുവാര്യരുടെ മഹത്വത്തെയോ പ്രതിഭയേയോ തെല്ലും ഇകഴ്ത്തിക്കാട്ടാൻ ശ്രമിക്കാതെ തന്നെ പറയട്ടെ; പ്രതിഭ, കാവ്യസംസ്കാരം, ജനപ്രീതി, സംഭാവനാ വൈവിദ്ധ്യം എന്നീ ഏതളവുകോലെടുത്താലും പൂന്താനത്തിന്റെ സ്ഥാനം വളരെ മേലെയാണെന്ന് ഈ ലേഖകന് തോന്നുന്നു. പൂന്താനത്തിന്റെ സ്ഥാനം, കണ്ണശ്ശൻ, തുഞ്ചൻ, കുഞ്ചൻ എന്നിവരുടെ നിലയിലേ കല്പിച്ചുകൂടു. ജനപ്രീതിയെ മാത്രമെടുത്താൽ തുഞ്ചൻ മുതൽ ചങ്ങമ്പുഴ വരെയുള്ള

ആരെയുംകാൾ മേലേയാണ് പൂന്താനത്തിന്റെ പദവി എന്നു പറയാം. ജനപ്രീതി മാത്രമാണ് കാവ്യമഹത്വത്തിന്റെ മാനദണ്ഡം എന്ന് സൂചിപ്പിക്കുന്നില്ല. പക്ഷേ, അതു അവഗണിച്ചു കൂടാത്ത ഒരു ഘടകമാണല്ലോ. തുഞ്ചന്റെ ഗംഭീരമായ ദിവ്യഗാനങ്ങളോ കുഞ്ചന്റെ അനർഗളമായ കഥാഗാന പ്രവാഹങ്ങളോ ഓർമ്മ വയ്ക്കാൻ കഴിയാത്ത പരസഹസ്രം സാധാരണക്കാർക്ക് പൂന്താന ത്തിന്റെ അനവദ്യസുന്ദരവും ലളിതവും ആയ ഈരടികൾ മനപ്പാഠ മായിരിക്കും. പഠിപ്പും പകൃതയുമുള്ളവർ അദ്ധ്യാത്മ രാമായണവും മഹാഭാരതവും വായിച്ച് വ്യാഖ്യാനിക്കുന്നതു കേട്ട് ആസ്വദിക്കുക മാത്രം ചെയ്യുന്ന പാമരന്മാരായ ആബാലവൃദ്ധം ജനങ്ങൾ പൂന്താന ത്തിന്റെ തേനൊലിക്കാവ്യങ്ങൾ സ്വയം ആലപിച്ച് നിർവൃതി കൊള്ളുന്നു. പരുക്കൻ ജീവിതത്തിലെ പ്രതിസന്ധികൾക്കുത്തരം കാണാതെ വിഷമിക്കുന്ന പാവങ്ങൾക്ക് ഇന്നത്തെ ധാരണകൾ പ്രകാരം യുക്തിസഹമല്ലെന്നു തോന്നിയേക്കാവുന്നതെങ്കിലും പൂന്താനത്തിന്റെ ഈരടികളുണ്ട് ആശ്വാസംപകരുവാൻ: 'ഇന്നലെ യോളമെന്തെന്നറിഞ്ഞീല, ഇനി നാളെയുമെന്തെന്നറിവീല','രണ്ടു നാലു ദിനംകൊണ്ടൊരുത്തനെ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ' തുടങ്ങിയ ലളിത സൂത്രവാക്യങ്ങൾ അസഹ്യമായ അസ്വാസ്ഥ്യ ങ്ങൾക്കിടയിൽ അവർക്കഭയമരുളുന്നു.

ഐതീഹ്യങ്ങളുടെ അസ്തിവാരം

ഇത്ര മഹത്വമേറിയ ഒരു കാവ്യപ്രതിഭയെക്കുറിച്ച് വേണ്ടത്ര വിശദമായ പഠനങ്ങൾ നടന്നിട്ടില്ല എന്നത് മലയാള സാഹിത്യ ചരിത്ര രചനയിലെ വലിയൊരു പോരായ്മയാണ്. ഉള്ളൂർ, കെ. വി. എം, കെ. വി. കൃഷ്ണയ്യർ, ഗുപ്തൻനായർ, എൻ. കൃഷ്ണപ്പിള്ള തുടങ്ങിയ പ്രഗത്ഭമതികൾ കഴിയുന്നത്ര ഐതീഹ്യങ്ങൾ ശേഖ രിച്ചും കവിതകൾ പരതിയും പൂന്താനത്തിന്റെ ജീവിതത്തേയും കാവ്യസാധനയേയും കുറിച്ച് കുറെയൊക്കെ അറിവുകൾ നമുക്ക് പകർന്നുതന്നിട്ടുണ്ട്. അതിനവരോട് നമുക്ക് നിസ്സീമമായ കൃതജ്ഞതയുമുണ്ട്. പക്ഷേ, അത്രയും മതിയോ? പൂന്താനത്തിന്റെ ജീവിതത്തേയോ, കാലത്തേയോ, ഏതൊക്കെയാണ് അദ്ദേഹത്തി ന്റേതായി പ്രചരിക്കുന്ന കൃതികളിൽ യഥാർത്ഥമെന്നതിനേയോ കുറിച്ചുമാത്രമല്ല മഹാകവിയുടെ പേരുപോലും തിട്ടമില്ലെന്ന് ന്യായ മായിത്തന്നെ ഗവേഷകർ കൈമലർത്തുന്നു. പിന്നെ ആകെയുള്ളത് കുറെ ഐതീഹ്യങ്ങൾ മാത്രം. അവ പലതും അലൗകികാനുഭവ ങ്ങൾ ഉൾക്കൊള്ളുന്നവയാകയാൽ ആധുനികർ അംഗീകരിക്കാൻ അറച്ചുനില്ക്കുന്നു. അശരീരിവചനങ്ങളും ഗുരുവായൂരപ്പനും ഉണ്ണി കൃഷ്ണനും ചോരയും നീരുമായി പ്രത്യക്ഷപ്പെടുന്നതും മറ്റും ചരിത്രരചനയ്ക്കു പകരിക്കുകയില്ലല്ലോ. മറ്റു ചിലവയാകട്ടെ സമകാലികനായിരുന്ന പണ്ഡിതമഹാകവി മേല്പത്തൂർ നാരാ

യണഭട്ടതിരിയുമായുള്ള ചില ഏറ്റുമുട്ടലുകളാണ്. അവയിലുമുണ്ട് സ്വപ്നദർശനങ്ങളും പ്രത്യക്ഷദേവതകളും മറ്റും.

ഈ അലൗകികതകളൊക്കെ മാറ്റിവച്ച് ബാക്കിഭാഗം സ്വീകരിക്കാനൊക്കുമോ? അതും ദുഷ്കരമെന്നത്രേ പല പണ്ഡിതന്മാരുടേയും അഭിപ്രായം. ഉദാഹരണത്തിന് വള്ളത്തോൾ 'ഭക്തിയും വിഭക്തിയും' എന്ന ആകർഷകമായ കവിതയിലൂടെ അനശ്വരമാക്കിയ ഐതീഹ്യമെടുക്കുക.

മേല്പത്തൂർ ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനമിരുന്ന് സുപ്രസിദ്ധമായ 'നാരായണീയം' സംസ്കൃതമഹാകാവ്യം രചിക്കുന്ന കാലം. (16-ാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും 17-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധവും ആണ് അദ്ദേഹത്തിന്റെ ജീവിതകാലം എന്ന് ഊഹിക്കപ്പെടുന്നു). പൂന്താനവും അക്കാലത്തവിടെ ഭജനത്തിലായിരുന്നു. അദ്ദേഹം തന്റെ 'സന്താനഗോപാലം' പാനയും രചിച്ചുവന്നു. പതിവായി താനെഴുതുന്ന ഈരടികൾ മഹാപണ്ഡിതനായ മേല്പത്തൂരിനെ പിഴതീർക്കാനായി പൂന്താനം എല്ലാദിവസവും ഏല്പിക്കുകയും മേല്പത്തൂർ പിഴ തീർത്തുകൊടുക്കുകയും ചെയ്തുവന്നു. ഒരു ദിവസം ഈ നിരന്തരശല്യം അസഹ്യമായി തോന്നിയ ഭട്ടതിരിപ്പാട് ക്രുദ്ധനായി പറഞ്ഞുപോൽ: 'ഭാഷാകവിതയിൽ പിഴയില്ലാതെ കാണുമോ'? പാവം പൂന്താനം അപമാനിതനായി പിന്തിരിഞ്ഞു. പക്ഷേ, അന്നുരാത്രി ഭട്ടതിരിക്ക് വാതരോഗം കലശലായി. ഭഗവാനെ വിളിച്ചു കേണപ്പോൾ ഭട്ടതിരിക്ക് ഭഗവദ്ദർശനമുണ്ടായി. വള്ളത്തോളിന്റെ ഭാഷയിൽ ഭഗവാൻ ഉണ്ണികൃഷ്ണനായി പ്രത്യക്ഷപ്പെട്ട് ഭട്ടതിരിയോടിങ്ങനെ അരുളിച്ചെയ്തു.

'അബ്ഭാഷാ കവിയുടെ സങ്കടം തീർക്കുക' നി
തൽപ്രീതിയല്ലാതില്ല മരുന്നീ രോഗം മാറാൻ
കേളിയേറിന മേൽപ്പത്തൂരിന്റെ വിഭക്തിയെ-
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ടം'

പശ്ചാത്താപ വിവശനായ ഭട്ടതിരി പിറ്റേന്നാൾ പൂന്താനത്തിനെ വിളിച്ച് ക്ഷമാപണം ചെയ്തു. അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം തുടർന്ന് സഹായംചെയ്തുവന്നു എന്നും മറ്റുമാണ് കഥ. മഹാസാത്വികനും ഭക്തചൂഡാമണിയുമായ ഭട്ടതിരിയിൽ ഇത്തരം സുജനമര്യാദാവിലോപം ആരോപിക്കുന്നത് ന്യായമല്ലെന്നും ഈ കഥ ഏതോ വിരുതന്റെ ഭാവനാ വിലാസമാകാം എന്നുമാണ് ഗുപ്തൻനായരുടെ പക്ഷം.

(പൂന്താനം തിരുത്താൻ ഭട്ടതിരിക്ക് കൊടുത്തുവന്നത് 'ശ്രീകൃഷ്ണകർണാമൃത'മാണ് എന്ന വാദം ഉള്ളൂർ ചില ചരിത്ര ലക്ഷ്യങ്ങൾവെച്ച് നിഷേധിക്കുന്നു. ഇത്ര നിഷ്കൃഷ്ടമായ നിഷേധം കേൾക്കുമ്പോൾ തോന്നിപ്പോകും, ഭഗവാൻ ഉണ്ണികൃഷ്ണനായി

ചെന്ന് ഭട്ടതിരിക്ക് പ്രത്യക്ഷപ്പെട്ടതുൾപ്പെടെ ബാക്കിയൊക്കെ ശരിയാണ് എന്ന്!)

അതുപോലെതന്നെ മറ്റൊരു കഥ പത്മനാഭോ/മരപ്രഭു' എന്നത് പത്മനാഭന് ശേഷം അമരപ്രഭു എന്നതിലെ 'അ' ഊന്നി ഉച്ചരിക്കാതെ പത്മനാഭോമരപ്രഭു എന്ന് പൂന്താനം ഒരിക്കൽ ഉച്ചരിച്ചുപോയി. ഭട്ടതിരി പരിഹസിച്ചു. പദ്മനാഭൻ മരപ്രഭുവല്ല, അമരപ്രഭുവാണ്. പെട്ടെന്നൊരശരീരി കേൾക്കായി: 'ആരുപറഞ്ഞു? ഞാൻ അമരപ്രഭുവും മരപ്രഭുവും സർവ്വപ്രഭുവുമാണ്'. ദേവവചനം കേട്ട് ഭട്ടതിരി തന്റെ പാണ്ഡിത്യഗർവിൽ ലജ്ജിച്ച് ക്ഷമായാചനം ചെയ്തു.

പാണ്ഡിത്യം കുറഞ്ഞവരെ പരിഹസിക്കാൻ പാണ്ഡിത്യ ഗർവിഷ്ഠന്മാർ പതിവായി സൃഷ്ടിച്ചു വരുന്ന മാതിരി ഒരു കള്ളക്ക ഥയാണെന്ന് വിധിച്ച് ഇതും ഗുപ്തൻനായർ നിരസിക്കുന്നു.

യുക്തിയുക്തവും സാമാന്യബോധാധിഷ്ഠിതവുമായ ഇത്തരം നിഷേധങ്ങളോട് തത്ത്വത്തിൽ ഈ ലേഖകനും വിയോജി പ്പില്ല. പക്ഷേ, ഈ പ്രചുരപ്രചാരം നേടിയ ഐതീഹ്യങ്ങൾക്കു പിറകിൽ ഒരു ചരിത്രസത്യവും സാമൂഹ്യസത്യവും പതിയിരിക്കുന്നു. കുളിവെള്ളത്തോടൊപ്പം കുട്ടിയേക്കൂടി പിന്നാംപുറത്തേക്ക് ഒഴുക്കി ക്കളയാതെ ഈ സത്യത്തെ നാം തേടിപ്പിടിക്കണം.

മഹാകവികൾ, മഹായോഗികൾ, മഹാപ്രവാചകർ തുടങ്ങിയ പല ലോകോപകാരികളെക്കുറിച്ചും ഇത്തരം അനവധി ഐതീ ഹ്യങ്ങൾ ലോകർക്കിടയിൽ പ്രചരിക്കാറുണ്ട്. അവ ചിലത് സത്യമായിരിക്കാം, ചിലത് അസത്യമായിരിക്കാം, മറ്റുചിലവയാകട്ടെ തികച്ചും അസംഭാവ്യങ്ങളും, എന്നാൽ അത്തരം സംഭാവ്യങ്ങളോ അസംഭാവ്യങ്ങളോ ആയ ഐതീഹ്യങ്ങളിലൂടെ രൂപം കൊള്ളുന്ന ഒരു സവിശേഷവ്യക്തിത്വമുണ്ട്. തങ്ങളുടെ ആരാധനാപാത്രങ്ങളെ ക്കുറിച്ചുള്ള സാധാരണജനങ്ങളുടെ ഒരു വിലയിരുത്തലാണത്. അതുപോലെ തങ്ങൾക്കഭിമതരല്ലാത്തവരെക്കുറിച്ചുള്ള വിമർശ നവും പരിഹാസവും. എഴുത്തച്ഛനെക്കുറിച്ച് അങ്ങനെ എന്തെല്ലാം കഥകൾ നാം കേട്ടിരിക്കുന്നു. അദ്ദേഹം കള്ളുകുടിക്കുമാ യിരുന്നെന്നും ചക്കാലനായരായിരുന്നെന്നും ചക്കിലെത്രയാടും എന്നു പരിഹസിച്ച ബ്രാഹ്മണശ്രേഷ്ഠരെ ലജ്ജിതരാക്കി നാലും ആറും (നാലു വേദങ്ങളും ആറു ദർശനങ്ങളും) ആടും എന്നു പറഞ്ഞതും മറ്റും. അവയൊന്നും ചരിത്രദൃഷ്ട്യാ ശരിയായിരി ക്കണമെന്നില്ല. പക്ഷെ, എഴുത്തച്ഛനെ പരിഹസിക്കാൻ ആരോ പടച്ചുവിട്ടതാണെന്നു പറഞ്ഞ് തിരസ്കരിക്കേണ്ട കാര്യമല്ല. മലയാളഭാഷയുടെ പിതാവായ ആചാര്യസത്തമനെക്കുറിച്ചുള്ള നാടോടിവിലയിരുത്തലാണത് - തങ്ങളിൽപ്പെട്ട ഒരുവനാണെന്ന് സ്ഥാപിച്ചെടുക്കാൻ സാധാരണ ജനങ്ങളിൽ നിന്ന് രൂപംകൊള്ളുന്ന

ഒരു നാടോടിക്കഥ. മലയാളിക്ക് എഴുത്തച്ഛൻ, സുമാർ മുന്നൂറു വർഷം മുമ്പ് ജീവിച്ചിരുന്ന ഒരു മഹാകവി മാത്രമല്ല, രണ്ട് അനുപമ മഹാകാവ്യങ്ങളുടെ അർത്ഥവത്തായ ഒരു പൈതൃകമാണ്. സജീവമായ ഒരു പാരമ്പര്യമാണ്. ആ പാരമ്പര്യവും പൈതൃകവും മുന്നൂറുവർഷം മുമ്പത്തെ ഒരു മഹാസംഭവം മാത്രമല്ല, ഈ മുന്നൂറു വർഷംകൊണ്ട് മലയാളമനസ്സിലും സംസ്കാരത്തിലും വളർന്നു വന്ന ഒരു മഹനീയ പ്രതിബിംബമാണ്. ഒരു പക്ഷേ, ഇപ്പോഴും വികസ്വരമായി തുടരുന്ന ഒരു പ്രതിബിംബം.

മഹാകവി പൂന്താനം നമ്പൂതിരിയുടെ കാര്യത്തിലും അതു തന്നെയാണ് വാസ്തവം. ഈ ഐതിഹ്യങ്ങളെല്ലാം കാച്ചിക്കുറുക്കി ഉറയൊഴിച്ച് കടഞ്ഞാൽ അതിൽനിന്നുയരുന്ന നവനീതംപോലൊരു വ്യക്തിത്വം പൂന്താനത്തിനുണ്ട്. പാണ്ഡിത്യഗർവിനോടുള്ള പുച്ഛം, സാധാരണക്കാരന്റെ ജീവിതത്തോടും എളിമയോടും ഉള്ള ആഭിമുഖ്യം, ഉന്നതകുലജാതരായ പണ്ഡിതമന്യരുടെ സംസ്കൃതാഭിമുഖ്യത്തിന്റെ സ്ഥാനത്ത് എളിയവരിൽ എളിയവരായ മലയാളികളുടെ ഭാഷയോടും വിശ്വാസങ്ങളോടും അഭിലാഷങ്ങളോടും ഉള്ള അദമ്യമായ വാൽസല്യപ്രകർഷം-പൂന്താനത്തിൽ സാധാരണക്കാർ കാണുന്ന ഈ ഗുണവിശേഷങ്ങളുടെ നാടോടി ശൈലിയിലുള്ള ആവിഷ്ക്കരണമാണ് -*Flok Articulation*-ഈ ഐതീഹ്യങ്ങളെല്ലാം.

പൂന്താനത്തിന്റെ ജനകീയശൈലിയെ അന്നെന്നപോലെ ഇന്നും പലരും പരിഹസിക്കാറുണ്ട്. പൂന്താനം ഒരു പ്രാചീനനും ഭക്തനും ജനപ്രീതി നേടിയ മഹാകവിയുമാകയാൽ അത്ര വെട്ടിത്തുറന്നു പറയാറില്ലെന്നേയുള്ളൂ. ഉദാഹരണത്തിന് ഉള്ളൂർ ഒരു പേട്ര ണൈസിങ് സ്വരത്തിൽ പറയുന്നതു കേൾക്കൂ: പൂന്താനത്തിനു വലിയ കല്പനകളില്ല; അർത്ഥാലങ്കാരങ്ങളില്ല: രചനയിൽപോലും വേണ്ടത്ര നിഷ്കർഷതയില്ല. അദ്ദേഹത്തിന്റെ ഭക്തിമന്ദാകിനിയുടെ പ്രസന്നപ്രവാഹത്തിൽ സകല വൈകല്യങ്ങളും മറഞ്ഞുപോകുന്നു.

പരിണതപ്രജ്ഞനായ ഉള്ളൂർ അത്രയേ പറഞ്ഞുള്ളൂവെന്ന് സമാശ്വസിക്കാം. 'കുഞ്ചൻനമ്പ്യാർ ഒരു കവിയേ അല്ല' എന്ന് തട്ടിവിടാൻ ചങ്കൂറ്റമുള്ളവർ പൂന്താനത്തെക്കുറിച്ചും അങ്ങനെ പറഞ്ഞുകൂടായ്കയില്ല.

വരേണ്യവ്യവസ്ഥയോട് അമർഷം

പൂന്താനത്തിന്റെ കാവ്യസംസ്കാരത്തോടും ആദർശ സംഹിതയോടും ഉള്ള പരോക്ഷമായ എതിർപ്പും അവഗണനയും എത്രമാത്രമുണ്ടെന്നതിന് ഒന്നാംതരം ഉദാഹരണമാണ് അദ്ദേഹത്തിന്റെ കവിതകളെ കേവലം ഭക്തിവിഷയകമായി താഴ്ത്തിക്കെട്ടുന്നത്. തീർച്ചയായും പൂന്താനം ഒരു ഭക്തനായിരുന്നു, മഹാഭക്തനായിരുന്നു, വേദാന്തിയായിരുന്നു, സംശയമില്ല. പക്ഷേ, ഗുരുനാനാക്ക്, കബീർ,

തുളസീദാസ്, സരളദാസ്, നരസിമേത്ത, കമ്പർ, തൂക്കാറാം, ബസവണ്ണ, അക്കമഹാദേവി തുടങ്ങിയ ഭാരതീയ ഭക്തിപ്രസ്ഥാന നായകരിൽ പലരേയുംപോലെ വേദാന്തത്തിനും ഭക്തിക്കുമൊക്കെ പ്രത്യേകമായ, തന്റേതായ അർത്ഥമാനങ്ങൾ പൂന്താനം കല്പിച്ചു. 'ജ്ഞാനപ്പാന'യിൽ ഗഹനമായ വേദാന്തസാരം, അയത്നലളിതമായി സാധാരണക്കാർക്ക് പാടിക്കൊടുക്കുന്നതോടുകൂടി ഈ മഹാപണ്ഡിതന്മാരുടെ ബൗദ്ധികാഭ്യാസത്തെക്കാൾ മോക്ഷദായകം ലളിതവും സദാചാരനിരതവുമായ ജീവിതമാണ് എന്നദ്ദേഹം നമ്മെ ധരിപ്പിക്കുന്നു. 'ജാതിപാർക്കിലൊരന്ത്യജനാകിലും വേദവാദി മഹീസുരനാകിലും' ഇരുകൂട്ടർക്കും പൂന്താനത്തിന്റെ വിധിനിഷേധങ്ങൾ ഒന്നാണ്. ബാദരായണനെയും ഗീതാകാരനെയും എല്ലാം പൂന്താനം ഉദ്ധരിക്കുന്നുണ്ട്. എന്നാൽ ബാദരായണനും അദ്ദേഹത്തിന്റെ മഹാനായ വ്യാഖ്യാതാവ് ശങ്കരാചാര്യനും അംഗീകരിക്കുന്ന ബ്രാഹ്മണ പ്രാമാണ്യം സ്വയം ഒരു ബ്രാഹ്മണനാണെങ്കിലും പൂന്താനം അംഗീകരിക്കുന്നില്ല. പൂന്താനത്തിനെക്കുറിച്ച് എഴുതിയിട്ടുള്ള അനേകരിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള മാത്രമേ ആ മഹാപ്രതിഭയുടെ ഈ സവിശേഷതയുടെ പ്രാധാന്യം കണ്ടിട്ടുള്ളൂ.

പരമഭാഗവതനായ ഒരു ഭക്തമഹാകവിയെ ഒരു സാമൂഹ്യവിമർശകനായി ഒരു രാഷ്ട്രീയക്കാരൻ തരംതാഴ്ത്തി എന്ന കുറ്റാരോപണത്തിൽനിന്ന് രക്ഷ നേടാനായി പ്രൊഫ. കൃഷ്ണപിള്ളയെത്തന്നെ ഉദ്ധരിച്ചുകൊള്ളട്ടെ.

'ഏതായിരുന്നു അദ്ദേഹം ചുറ്റിലും കണ്ട സമുദായം? മേൽക്കിടസമുദായംതന്നെ. അന്നത്തെ കെടുതികളും ദുഷ്കൃതികളും കണ്ടു പൊറുക്കാതെ സന്തപിച്ച് ആ നിർമ്മല മാനസന്റെ കാഴ്ചകൾ രൂപം മാറാതെയും മാറിയും ഇന്നും നാം കാണുന്നു എന്നത് മറ്റൊരു കാര്യം. കുഞ്ചൻനമ്പ്യാരുടെ കയ്യിൽ കിട്ടുമ്പോൾ പൊതിരെ തല്ലുമേടിക്കുന്ന ആളുകളുടെ വിക്രിയകൾ പൂന്താനം പറയുന്നത് അലിവോടും സങ്കടത്തോടും ആണ്. കൃഷ്ണപിള്ള തുടരുന്നു.

'ആകെ 349 വരികൾ മാത്രമുള്ള ജ്ഞാനപ്പാനയിൽ കൃപാബാഷ്പം തുടിച്ചുനിൽക്കുന്ന നയനങ്ങളോടെ പൂന്താനം സാമാന്യം നീട്ടിത്തന്നെ വർണ്ണിക്കുകയാണ്. അന്ന് അധികാരമുണ്ടായിരുന്ന നാടുവാഴികളും ജന്മിമാരും ഇടപ്രഭുക്കന്മാരും അവരുടെയെല്ലാം സിൽബന്ധികളും നയിച്ചിരുന്ന ദുഷ്ടജീവിത ശൈലികളെപ്പറ്റി, ഇല്ലാത്ത സ്ഥാനമുണ്ടാക്കാനും ഉള്ളത് പെരുക്കാനും ഏതു വഴക്കിൽപ്പെടാനും എത്ര നാണംകെട്ട പണി ചെയ്യാനും മടിക്കാത്തവർ, അഹങ്കാരജന്യമായ കിടമത്സരം കൊണ്ട് തലയ്ക്കു വെളിവുകെട്ടവർ, ഗണികമാരുടെ ഭവനങ്ങളെ ശരണം പ്രാപിച്ച് അവരുടെ താളത്തിനു തുള്ളുന്നവർ, കോവിലകങ്ങളിൽ സേവക്കോലം കെട്ടുകയും

പുറത്ത് തങ്ങൾക്കുള്ള പിൻബലം വെച്ച് ഞെളിയുകയും ചെയ്യുന്ന കാര്യസ്ഥന്മാർ, ഈശ്വരപ്രാർത്ഥന തൊഴിലാക്കി പുലർച്ചതൊട്ട് സന്ധ്യവരെ വയറ്റുപിഴപ്പിനും കുടുംബം രക്ഷിക്കാനും വക നോക്കി നടക്കുന്നവർ ഇങ്ങനെ പോകുന്നു പൂന്താനത്തിന്റെ വിമർശനത്തി നിരയാകുന്നവർ.

ബ്രാഹ്മണ്യം നടിച്ച് പ്രമാണി ചമയുന്നവരോട് പൂന്താനത്തിന് പുച്ഛമായിരുന്നു. 'ഓത്തില്ലാത്ത നമ്പൂതിരി' എന്നവർ പൂന്താനത്തെ പരിഹസിച്ചിരുന്നിരിക്കാം.

'വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം.'

അടുത്തയിടെ സോമയാഗത്തിന് നേതൃത്വം നല്കിയ ഒരു നമ്പൂതിരിക്കവി ലോകത്തിലേക്കും അനുഗൃഹീതരും ജന്മസിദ്ധമായ വാസനകൊണ്ട് സമ്പന്നരും ആണ് നമ്പൂതിരിമാരെന്നും മനുഷ്യരെ യെല്ലാം നമ്പൂതിരിമാരാക്കുകയെന്നതാണാവശ്യമെന്നും എഴുതി ക്കണ്ടു. അത്തരക്കാർ പൂന്താനത്തിന്റെ കാലത്തും ഉണ്ടായിരുന്നിരി ക്കണം. പൂന്താനം പാടുന്നു!

'കാൺക നമ്മുടെ സംസാരം കൊണ്ടത്രേ
വിശ്വമീവണ്ണം നില്പുവെന്നും ചിലർ
ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവും തനിക്കൊവ്വാ എന്നും ചിലർ
അർത്ഥാശക്കു വിരുതു വിളിപ്പിപ്പാൻ
അഗ്നിഹോത്രാതി ചെയ്യുന്നിതു ചിലർ.'
(ബ്രഹ്മാവും തനിക്കൊവ്വ = ബ്രഹ്മാവും തനിക്കൊപ്പം)

ഇതിൽ അവസാനത്തെ രണ്ടുവരിക്ക് ഇല്ലാത്ത അർത്ഥ കല്പന ഒരു ഭക്തൻ നടത്തിയിരിക്കുന്നു. 'അഗ്നിഹോത്രാദിയാഗങ്ങൾ പോലും പണമുണ്ടാക്കാൻ ചിലർ നടത്തുന്നു' എന്നാണ് ജി. ബാല കൃഷ്ണൻനായർ (ജ്ഞാനപ്പാന, എൻ.ബി.എസ്. പതിപ്പ്) വ്യാഖ്യാ നിക്കുന്നത്. വാസ്തവത്തിൽ പോലും പ്രയോഗം പൂന്താനത്തി ന്റെയല്ല, ബാലകൃഷ്ണൻനായരുടെ സ്വന്തമാണ്. കടുത്ത പരിഹാ സവും നിരുപാധികമായ വിമർശനവുമാണ് അഗ്നിഹോത്രാദിയാഗ ങ്ങളെപ്പറ്റി (അതിരാത്രവും സോമയാഗവും എല്ലാം പെടും) പൂന്താനം നടത്തുന്നത്. 'അർത്ഥാശക്ക് വിരുതു വിളിപ്പിപ്പാൻ' എന്ന തിനർത്ഥം നാടൻഭാഷയിൽ 'കൊടിവച്ച പണക്കൊതി' മൂലം എന്നാണ്. ശ്രീബുദ്ധൻ മുതൽ വിവേകാനന്ദനും നാരായണ ഗുരുവും ചട്ടമ്പിസ്വാമിയും വരെ സകല നവോത്ഥാന നായകരും കഴിഞ്ഞ രണ്ടായിരത്തഞ്ഞൂറ് വർഷമായി എതിർക്കുകയും ആക്ഷേ പിക്കുകയും ചെയ്തിട്ടുള്ള അഗ്നിഹോത്രാദികൾ എന്തിനാണ്

ചിലർ നടത്തുന്നത് എന്ന് വെട്ടിത്തുറന്ന് പൂന്താനം പറയുന്നത് ചിലർക്ക് ദഹിക്കുന്നില്ല എന്ന് സ്പഷ്ടം.

ലക്ഷണമൊത്ത ഭക്തിഗായകൻ

മഹാകവി ഉള്ളൂർ ഇരുപത്തിരണ്ട് കൃതികളാണ് പൂന്താനത്തിന്റെയായി വകയിരുത്തുന്നത്. അവയ്ക്കുപുറമെ ചില തമിഴ് കൃതികളും പൂന്താനം എഴുതിയതായി കരുതപ്പെടുന്നു. അവയിൽ 'ഭാഷാകർണാമൃതം', 'സന്താനഗോപാലം' പാന (ഉള്ളൂർ, ഈ കൃതിക്ക് കവി നൽകിയ പേർ 'കുമാരാഹരണം' എന്നാണെന്ന് കവിതയിലെ ഒരു പരാമർശത്തെ മുൻനിർത്തി ഊഹിക്കുന്നു) 'ജ്ഞാനപ്പാന' എന്നിവയാണ്.

'അഞ്ജന ശ്രീധര ചാരുമൂർത്തേ കൃഷ്ണ' എന്നു തുടങ്ങുന്ന 'ശ്രീകൃഷ്ണസ്തുതി, 'അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ' എന്നു തുടങ്ങുന്ന ആനന്ദനൃത്തം, 'നരനായിങ്ങനെ ജനിച്ചുഭൂമിയിൽ' എന്നു തുടങ്ങുന്ന പഞ്ചാക്ഷരകീർത്തനം മുതലായവയും നൂറ്റാണ്ടുകൾക്കു മുമ്പെന്നപോലെ ഇന്നും ഭക്തജനങ്ങൾ പാടിവരുന്നു. ഇവയിലെല്ലാം നേരത്തെ ജ്ഞാനപ്പാനയിൽ നിന്നുദ്ധരിച്ചവിധം ശക്തവും തീക്ഷ്ണവും പ്രത്യക്ഷവുമായിട്ടില്ലെങ്കിലും മനുഷ്യാവസ്ഥയെക്കുറിച്ചുള്ള വിലാപങ്ങളും ധർമ്മനിരതജീവിതം മൂലം ലഭിക്കാവുന്ന മേന്മയും സാമൂഹ്യവിമർശനവും കണ്ടെത്താം. പക്ഷേ, അതെല്ലാം ഒരു ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങുകയില്ലല്ലോ.

എന്നാൽ, ഇവയെല്ലാം ആകെ എടുത്തുപരിശോധിച്ചാൽ കാണുന്ന ശ്രദ്ധേയമായ പ്രത്യേകത പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ആസേതുഹിമാചലം വ്യാപിച്ച് ദേശീയഭാഷകൾ മിക്കവയ്ക്കും ജന്മം നൽകുകയും ചൈതന്യവത്തായ പുതിയൊരന്തരീക്ഷം ജനജീവിതത്തിൽ സൃഷ്ടിക്കുകയും ചെയ്ത ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനമാണ്. ഭക്തിപ്രസ്ഥാനത്തിന്റെ ഉറവിടം തേടി വേദോപനിഷത്തുക്കളിലും ഷഡ്ദർശനങ്ങളിലും ഗീതയിലും മറ്റും പരതുന്നവർ ഇരുട്ടുമുറിയിൽ ഇല്ലാത്ത പൂച്ചയെ തിരയുകയാണ്. തീർച്ചയായും ഏതാശയത്തിനും പഴമയിൽ ചില വേരുകൾ കണ്ടെത്താനാവും. പത്തൊമ്പതാം നൂറ്റാണ്ടിന്റെ സൃഷ്ടിയായ സോഷ്യലിസത്തിന്റെ വേരുകൾ ബുദ്ധനിലും ക്രിസ്തുവിലും നബിയിലും മറ്റും തിരയുംപോലെ. വാസ്തവത്തിൽ മൂന്നുനാലു നൂറ്റാണ്ടുകാലം ഭാരതത്തിലാകെ പടർന്നു പിടിച്ച നമ്മുടെ സാംസ്കാരികജീവിതത്തിൽ പുതിയ ചാലുകൾ വെട്ടിക്കീറുകയും പുതിയ ചക്രവാളങ്ങൾ പ്രകാശിപ്പിക്കുകയും ചെയ്ത ഭക്തിപ്രസ്ഥാനത്തിന്റെ താത്ത്വികാടിത്തറ വിശിഷ്ടദ്വൈതത്തിന്റെ സ്ഥാപകനായ രാമാനുജനും അദ്ദേഹത്തിന്റെ ശിഷ്യനായ രാമാനന്ദനും ദ്വൈതസിദ്ധാന്തപ്രവാചകനായ മധ്വനും ആണ് പാകിയത്. രാമാനന്ദനായിരുന്നു ഇവരിൽ കഴിവുറ്റ

പ്രചാരകനും സംഘാടകനും. അദ്ദേഹത്തിന്റെ ശിഷ്യന്മാർ വിവിധ ജാതിമതസ്ഥർ, പ്രത്യേകിച്ചും 'ഹീന'മെന്നു ബ്രാഹ്മണർ വിശേഷിപ്പിച്ചവരായിരുന്നു- ചെരുപ്പുകുത്തിയായ രായിദാസ്, അയിത്തക്കാരനായ ജാത്കർഷകൻ ധർണൻ, മുസ്ലിംമും നെയ്ത്തുകാരനുമായ കബീർ എന്നിങ്ങനെ. ഒറിയഭാഷയിലെ തുഞ്ചനായ സരളദാസൻ ശാരീരികമായി പാടത്തു പണിയുന്ന കർഷകനായിരുന്നു. മറാഠി ഭക്തകവി നാമ്ദേവ് ഒരു തുന്നൽക്കാരനായിരുന്നു. ഗുരുനാനാക്ക് ഒരു ചെറുകച്ചവടക്കാരന്റെ മകനായിരുന്നു. ആന്ധ്രയിലെ വേമന എഴുത്തു പഠിക്കാത്ത ഒരു കർഷകൻ. തുളസീദാസനേയും പൂന്താനത്തേയും പോലെ ഒരു ന്യൂനപക്ഷം ജന്മംകൊണ്ട് ബ്രാഹ്മണരായിരുന്നു. തുളസീദാസൻ തന്റെ ആദർശ പ്രചരണത്തിനും കാവ്യസാധനയ്ക്കുമായി ചെറുപ്പത്തിലേ കുടുംബം വിട്ട് പാരമ്പര്യം തെറ്റി ജീവിച്ചെങ്കിൽ ഓത്തില്ലാത്തവനെന്ന് അധിക്ഷേപിക്കപ്പെട്ട പൂന്താനം ബ്രാഹ്മണ്യം കൊണ്ട് കുന്തിച്ചു കുന്തിച്ചു ബ്രഹ്മാവിന് സമമെന്ന് നടിച്ചു നടക്കുന്ന വങ്കന്മാരേയും അവരുടെ അഗ്നിഹോത്രാദികളെയും അധിക്ഷേപിക്കുകയും ചെയ്തു.

വരേണ്യവർഗ്ഗത്തിന്റെ പാണ്ഡിത്യ പ്രകടനങ്ങളെയും ബൗദ്ധിക വ്യായാമങ്ങളെയും സങ്കീർണ്ണമായ ആചാരാനുഷ്ഠാനയാഗാദികളെയും എതിർക്കുക ഭക്തിപ്രസ്ഥാനത്തിന്റെ ഒരു മുഖ്യഭാഗമാണ്- ഏതു നവോത്ഥാനപ്രസ്ഥാനത്തിന്റെയും എന്നപോലെ.

'സാംഖ്യശാസ്ത്രങ്ങൾ, യോഗങ്ങൾ എന്നിവ
സംഖ്യയില്ലതു നിൽക്കട്ടെ സർവ്വവും.'

എന്ന് അവയെ തള്ളിപ്പറയാതെ തന്നെ അവഗണിക്കുകയാണല്ലോ പൂന്താനം. എന്നിട്ട് ലളിതവും സത്യസന്ധവും അനായാസവും ആയ ഭക്തിമാർഗവും ജീവിതചര്യയും നിർദ്ദേശിക്കുന്നു. ഇത് പൗരോഹിത്യ വ്യവസ്ഥയ്ക്കും ഉച്ചനീചത്വശ്രേണിക്കും എതിരാണ് എന്ന് പറയേണ്ടതില്ലല്ലോ. ദൈവത്തിന്റെ മുൻപിൽ എല്ലാവരും സമന്മാരാണ്, അന്തണനും അന്ത്യജനും എന്നത് മിക്കവാറും എല്ലാ ഭക്തിപ്രസ്ഥാന നായകരും ഉയർത്തിപ്പിടിക്കുന്ന തത്വമാണ്.

കബീറിന്റെ ഒരു സുപ്രസിദ്ധ കാവ്യഭാഗം ഇങ്ങനെ വിവർത്തനം ചെയ്യാം:

'എങ്ങനെയാണ് ഒരാൾ ശൂദ്രനായി ജനിക്കുന്നതും മരണപര്യന്തം ശൂദ്രനായിത്തുടരുന്നതും? ഒരുവൻ തന്നത്താൻ ഒരു പൂണൂൽ കെട്ടിയുണ്ടാക്കി ധരിച്ച് ബ്രാഹ്മണനായി ഞെളിയുന്നു. അങ്ങനെ ലോകം ആകെ ആശയകുഴപ്പത്തിലാണ്. നിങ്ങൾ ബ്രാഹ്മണനു ജനിച്ച് ബ്രാഹ്മണനായി എന്നാണെങ്കിൽ എന്തുകൊണ്ട് നിങ്ങളുടെ ജനനരീതി വ്യത്യസ്തമായിരുന്നില്ല? ഒരു കറുത്ത പശുവി

ന്റേയും വെളുത്തപശുവിന്റേയും പാൽ കറന്ന് ഒന്നിച്ചു കലർത്തിയാൽ ഒന്ന് മറ്റൊന്നിൽനിന്ന് വേറിട്ടുനിൽക്കുമോ?
മറാഠി ഭക്തകവി നാമ്ദേവ് പാടുന്നു :

'ഹിന്ദു-അന്ധൻ
മുസിലിമും അന്ധൻ
ഹിന്ദുവിന്റെ പൂജ ക്ഷേത്രത്തിൽ
മുസ്ലിമിന്റേത് പള്ളിയിൽ
എന്നാൽ നാമദേവിന്
പള്ളിയും വേണ്ട ക്ഷേത്രവും വേണ്ട..'

ബംഗാളിലെ ചൈതന്യൻ:

'ഈ പ്രലോഭനങ്ങൾ തിരസ്കരിക്ക
ജാതിമത വൈജാത്യങ്ങൾ വിടുക
എന്നിട്ട് യഥാർത്ഥ വൈഷ്ണവൻ
ഏകാശ്രയമായി കൃഷ്ണനെ പ്രാപിക്ക.'

ഇവയിലെല്ലാം ദൈവവിശ്വാസമുണ്ട്, ആരാധനയുണ്ട്, പൂജാസങ്കൽപ്പങ്ങളുണ്ട്, പഴംപുരാണങ്ങളെയും സിദ്ധാന്തങ്ങളെയും കുറിച്ച് പുതിയ വ്യാഖ്യാനവും. പക്ഷേ, എല്ലാത്തിന്റേയും ലക്ഷ്യം ഒന്നുതന്നെ- സാധാരണക്കാർക്ക് സമത്വം വാഗ്ദാനം ചെയ്യുക, ധർമ്മമാർഗ്ഗം കാട്ടിക്കൊടുക്കുക, ആത്മവത്ത(ഐഡന്റിറ്റി)നേടാൻ സഹായിക്കുക, ആത്മവിശ്വാസം പകരുക അതോടൊപ്പം നാട്യത്തിന്റേയും മേധാവിത്വത്തിന്റേയും ചൂഷണത്തിന്റേയും ബൗദ്ധികാഭ്യാസങ്ങളെയും സങ്കീർണ്ണാചാരങ്ങളേയും തിരസ്കരിക്കുകയും.

ഭക്തിപ്രസ്ഥാനത്തിന്റെ ഈ മുഖ്യസ്വഭാവമെല്ലാം പൂന്താനത്തിൽ തെളിഞ്ഞുകാണാം.എഴുത്തച്ഛൻ തുടങ്ങിയ മറ്റു മഹാമതികളായ ഭക്തകവികളിലാരിലും ഇവയെല്ലാം പൂന്താനത്തിലെന്നപോലെ ലക്ഷണം തികഞ്ഞ് വിളങ്ങിക്കാണുന്നില്ല. കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ ലക്ഷണമൊത്ത നായകനായിരുന്നു മഹാകവി പൂന്താനം നമ്പൂതിരി.

ശതാഭിഷേകത്തിലെത്തിയ പി. കെ. പരമേശ്വരൻനായർ

പ്രഖ്യാത ജീവചരിത്രകാരനും പ്രശസ്ത സാഹിത്യ നിരൂപകനും ആധുനിക സാമൂഹ്യമൂല്യങ്ങളോടും ജീവിതാദർശങ്ങളോടും തന്റെ കാലയളവിന്നതീതമായ തോതിൽ ആഭിമുഖ്യം പ്രകടിപ്പിക്കുന്ന മാനവികവാദിയും ആയ പി. കെ. പരമേശ്വരൻ നായർക്ക് 1987 നവമ്പറിൽ 84 വയസ്സ് തികയുകയാണ്. നമ്മുടെ നാട്ടിലെ പരമ്പരാഗത ആചാരമനുസ്സരിച്ച് ഇത് അദ്ദേഹത്തിന്റെ ശതാഭിഷേക വർഷം കൂടിയാണ്. ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടുകഴിയുമ്പോഴാണ് ശതാഭിഷേകം ആഘോഷിക്കുക. ഈ സന്ദർഭം പ്രയോജനപ്പെടുത്തി പി. കെ.യുടെ ജീവിതത്തേയും സംഭാവനകളെയും വിലയിരുത്തി അവയ്ക്ക് പൊതുവെ ജനങ്ങൾക്കിടയിലും വിശേഷിച്ച് യുവതലമുറയ്ക്കും പരിചയപ്പെടുത്തി കൊടുക്കുവാനായി പുരോഗമനകലാസാഹിത്യസംഘവും മുന്നിട്ടിറങ്ങിയിരിക്കുന്നു. തിരുവനന്തപുരം നഗരത്തിൽ പി. കെ. താമസിക്കുന്ന പൂജപ്പുര പ്രദേശത്ത് ശതാഭിഷേകത്തോടനുബന്ധിച്ച് സെമിനാറും ആശംസായോഗവും മറ്റു പരിപാടികളും സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നുണ്ട്.

മഹനീയജീവിതം

ഇപ്പോഴത്തെ ആലപ്പുഴ ജില്ലയിൽ കുട്ടനാടൻ പ്രദേശത്ത് കോഴിമുക്ക് ഗ്രാമത്തിൽ പൂവക്കാട്ട് നാരായണിയമ്മയുടേയും പാർവത്യക്കാരായിരുന്ന അമ്പാട്ടുമഠത്തിൽ കൃഷ്ണപ്പണിക്കരുടേയും മകനായി 1903 നവമ്പർ രണ്ടിന് പി. കെ. പരമേശ്വരൻനായർ ജനിച്ചു. കൃഷ്ണപ്പണിക്കർക്കും നാരായണിയമ്മയ്ക്കും മറ്റൊരു മകൻ കൂടി ഉണ്ടായിരുന്നു. പി.കെ. രാമൻനായർ. അക്കാലത്തെ സമ്പ്രദായമനുസരിച്ച് പരമേശ്വരൻനായർ സമീപത്തുണ്ടായിരുന്ന നിലത്തെഴുത്ത് പള്ളിക്കൂടത്തിലാണ് പഠനം ആരംഭിച്ചത്. ആധു

നിക വിദ്യാഭ്യാസം ആലുവ സെന്റ് അലോഷ്യസ് സ്കൂളിൽ രണ്ടാം ക്ലാസിൽ ചേർന്നതോടെ ആരംഭിച്ചു. ഉപരിവിദ്യാഭ്യാസം ചങ്ങനാശ്ശേരി സെന്റ് ബർഗ് മെൻസ് കോളേജിലും തിരുവനന്തപുരത്തെ ഗവ: ആർട്സ് കോളേജിലുമായി പൂർത്തിയാക്കി. 1928 ൽ ബി.എ. ജയിച്ചശേഷം രണ്ടുവർഷം നിയമപഠനം നടത്തിയെങ്കിലും ബിരുദമെടുത്തില്ല.

അക്കാലത്ത് ബി. എ. പാസായവർക്ക് ഭേദപ്പെട്ട സർക്കാരുദ്യോഗം ലഭിക്കാൻ വിഷമമില്ലായിരുന്നെങ്കിലും പി. കെ.യുടെ അഭിരുചിയും താല്പര്യവും ആ വഴിക്കായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം പല പത്രങ്ങളിലായി കുറേക്കാലം പത്രപ്രവർത്തനം നടത്തി. ശ്രദ്ധേയമായ സംഭാവനകൾ ആ രംഗത്ത് നൽകാൻ പി. കെ.യ്ക്ക് കഴിഞ്ഞുവെങ്കിലും അക്കാലത്തെ പത്രപ്രവർത്തനം വ്യവസ്ഥിതമായ ഒരു തൊഴിൽ ആയിരുന്നില്ല. മാത്രമല്ല അതിൽ നിന്ന് കിട്ടുന്ന വരുമാനം പലപ്പോഴും തുച്ഛവുമായിരുന്നു. 1924-ൽ ഇന്റർ മീഡിയറ്റിന് പഠിക്കുമ്പോൾതന്നെ തന്റെ മാതുലപുത്രിയും കൊച്ചുംനാളിലെ കളിക്കൂട്ടുകാരിയും ആയ അമ്മുക്കുട്ടിഅമ്മയെ വിവാഹം കഴിച്ച് കുടുംബബാധ്യതക്കാരനാവുകയും ചെയ്തിരുന്നതിനാൽ സ്ഥിരമായ ജോലിയും വരുമാനവും എന്ന പ്രശ്നം അദ്ദേഹത്തെ അലട്ടിത്തുടങ്ങി.

പഠനത്തെ തുടർന്ന് പത്രപ്രവർത്തനത്തിൽ ഏർപ്പെട്ട് തിരുവന്തപുരത്ത് താമസമാക്കിയ പി.കെ അധികം താമസിയാതെ ഭാര്യയെയും കുട്ടികളെയും തിരുവനന്തപുരത്തേക്ക് കൂട്ടിക്കൊണ്ടുവരികയും ചെയ്തു. കുറെക്കാലം സെൻസസ് റിപ്പോർട്ടിന്റെ പരിഭാഷകനായും ദേവസ്വം വകുപ്പിൽ ഗുമസ്തനായും കഴിഞ്ഞശേഷം 1938 -ൽ അക്കാലത്ത് പുതുതായി രൂപീകരിക്കപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് വകുപ്പിൽ ഒരു ക്ലാർക്ക് തസ്തികയിൽ ചേർന്നതോടെയാണ് ജോലിസ്ഥിരത പി.കെ. ക്ക് കൈവന്നത്. തന്റെ വാസനക്കും താല്പര്യങ്ങൾക്കും അനുഗുണമായ സാഹിത്യയത്നങ്ങൾക്ക് ഉപയോഗപ്പെടേണ്ട വളരെയേറെ സമയം ഉപജീവനാർത്ഥമുള്ള ഈ തൊഴിലിൽ ബലികഴിക്കേണ്ടിവന്നെങ്കിലും വരുമാനത്തിനും ജീവിതത്തിനും ഒരു സ്ഥിരത കൈവന്നു. അങ്ങനെയത് തന്റെ സാഹിത്യയത്നങ്ങൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും പ്രയോജനകരമായ സാഹചര്യം സൃഷ്ടിച്ചു.

തന്റെ വാസനകൾക്ക് കുറേക്കൂടി യോജിച്ച കേരള സർവ്വകലാശാലയുടെ ലക്സിക്കൻ വകുപ്പിൽ 1955 ൽ സൂപ്പർവൈസറായി ചേരുന്നതുവരെയുള്ള ഈ 17 വർഷത്തെ ക്ലർക്ക് പണിക്കിടയിലാണ് പി.കെ.യെ മലയാള സാഹിത്യചരിത്രത്തിൽ അവിസ്മരണീയനാക്കിയ മുഖ്യകൃതികളെല്ലാം രചിച്ചത്. അവയിൽ സാഹിത്യ പഞ്ചാനനൻ (1944), നെപ്പോളിയന്റെ ജീവിതസായാഹ്നം (1945),

വാൾട്ടയർ (1947), സി. വി. രാമൻപിള്ള (1948) മഹാത്മാഗാന്ധി (1950), പ്രേമഗൗതമൻ (1948), ആധുനിക മലയാളസാഹിത്യം (1954) എന്നിവ പെടുന്നു. ലക്സിക്കൺ ലാവണക്കാലത്ത് അദ്ദേഹം കേന്ദ്രസാഹിത്യഅക്കാദമിക്കുവേണ്ടി എഴുതിയ ശ്രദ്ധേയമായ കൃതിയാണ് മലയാള സാഹിത്യ ചരിത്രം. ഇംഗ്ലീഷിലും വിവിധ ഭാരതീയ ഭാഷകളിലും അതിന്റെ വിവർത്തനം വന്നിട്ടുണ്ട്.

1961-ൽ ലക്സിക്കണിൽനിന്ന് പിരിഞ്ഞശേഷം പി. കെ. എഴുതിയ അത്യന്തം വിലപ്പെട്ട ഒരു കൃതിയാണ് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ജീവചരിത്രം. വലിയകോയിത്തമ്പുരാനേയും അദ്ദേഹത്തിന്റെ കാലഘട്ടത്തെയും കുറിച്ചുള്ള അനവധി ചെറുതും വലുതുമായ കൃതികളിൽ ഇതഃപര്യന്തം കണ്ടെത്തിയിട്ടില്ലാത്ത വസ്തുതകളും ഉൾക്കാഴ്ചകളുംകൊണ്ടു നിറഞ്ഞ ഈ കൃതിയുടെ ഏതാനും അദ്ധ്യായങ്ങൾ 'മാതൃഭൂമി' വാരികയിൽ വന്നത് ഈ ലേഖകൻ 1964-66 കാലത്ത് കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരനായി കിടക്കുമ്പോൾ വായിച്ചതോർക്കുന്നു. അതിനുശേഷം കൊല്ലം 22 പിന്നിട്ടിട്ടും ശേഷം ഭാഗങ്ങളോ കൃതിയാകെയോ വെളിച്ചം കണ്ടിട്ടില്ല. ഇപ്പോഴത് കേരളസാഹിത്യ അക്കാദമിയുടെ പക്കലുണ്ടെന്നും താമസിയാതെ അവർ പ്രസിദ്ധീകരിച്ചേക്കുമെന്നും കഴിഞ്ഞ ദിവസം പി. കെ. പറയുകയുണ്ടായി. ചില വശങ്ങളിൽ പി. കെ.യുടെ തന്നെ സി. വി. രാമൻപിള്ളയേയും സാഹിത്യപഞ്ചാനനെയും കവച്ചു വെക്കുന്ന മേന്മകൾ ഉള്ള 'വലിയ കോയിത്തമ്പുരാൻ,' പി.കെ.യുടെ നീണ്ട സാഹിതീസപര്യയിലെ വെന്നിക്കൊടിയാണ്. ഈ നീണ്ട പതിറ്റാണ്ടുകൾ വേണ്ടിവന്നു അതിന്റെ പ്രസിദ്ധീകരണത്തിന് എന്നതു് നമ്മുടെ നിർഭാഗ്യം.

അവിസ്മരണീയമായ ഗ്രന്ഥപഞ്ചകം

മുകളിൽ പ്രസ്താവിച്ചവയ്ക്ക് പുറമെ പി. കെ.യുടേതായി വേറെയും പല ഗ്രന്ഥങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ലേഖന സമാഹാരങ്ങളും ബാലസാഹിത്യകൃതികളും മറ്റും. എങ്കിലും അവയിൽ പി. കെ. പരമേശ്വരൻനായർക്ക് മലയാള സാഹിത്യ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിക്കൊടുക്കുന്നത് മൂന്ന് ജീവചരിത്ര കൃതികളും രണ്ട് സാഹിത്യ ചരിത്രങ്ങളുമാണ്. സാഹിത്യപഞ്ചാനൻ (1944), സി. വി. രാമൻപിള്ള (1948), വലിയ കോയിത്തമ്പുരാൻ (ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല) എന്നിവയാണ് മൂന്ന് ജീവചരിത്രങ്ങൾ, ആധുനിക മലയാളസാഹിത്യവും (1954), മലയാള സാഹിത്യചരിത്രവും (1958) ആണ്. രണ്ട് സാഹിത്യ ചരിത്രങ്ങൾ. യശഃശരീരനായ ഡോക്ടർ കെ. എൻ. എഴുത്തച്ഛൻ പരമേശ്വരൻനായരുടെ സംഭാവനകളെ കുറിക്കുകൊള്ളുന്ന തരത്തിൽ ഇങ്ങനെ വിലയിരുത്തുന്നു.

'പത്തുമുപ്പത് കൊല്ലത്തിനിപ്പുറം (എഴുത്തച്ഛൻ എഴുതിയത് 1963 -ൽ ആണ്- ലേഖകൻ) നമ്മുടെ ഗദ്യസാഹിത്യത്തിൽ വന്നു

ചേർന്ന വൻകിടമാറ്റങ്ങളോടൊപ്പം സഞ്ചരിക്കുകയും അതിന്റെ ഈടുവെയ്പിലേക്ക് എന്നെന്നും മറക്കാത്ത സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള പ്രശസ്ത വ്യക്തിയാണ് പി. കെ. പരമേശ്വരൻനായർ. കുട്ടക്കണക്കിന് ലേഖനങ്ങളും പുസ്തകങ്ങളും എഴുതിത്തള്ളിയ ആളുകൾ നമുക്ക് ഇല്ലായ്കയില്ല ..... എന്നാൽ സ്വപ്രയത്നം കൊണ്ട് പടിപടിയായി കയറി, സ്വന്തം ചിന്തയും ശൈലിയുംകൊണ്ട് ഭാഷയിൽ ഒരു ഉറച്ച സ്ഥാനം നൽകിയ ആളുകളുടെ എണ്ണം നന്നേ കുറവാണ്. പരമേശ്വരൻനായർ ഈ ന്യൂനപക്ഷത്തിൽപ്പെടുന്നുവെന്ന് നിഷ്പക്ഷ നിരൂപകർ സമ്മതിക്കും.

ശൈലി മാത്രമല്ല ചിന്തയും സ്വന്തവും സ്വതന്ത്രവുമായി ഉണ്ടു് എന്നതാണ് പി. കെ. യുടെ മൗലികത്വം. അദ്ദേഹത്തിന്റെ ജീവചരിത്രകൃതികളിൽപോലും ഈ സ്വതന്ത്രചിന്തയും നിരൂപണബുദ്ധിയും കാണാൻ കഴിയും. തന്റെ ജീവചരിത്ര കഥാപുരുഷന്മാരായ സാഹിത്യപഞ്ചാനനേയും സി. വി. രാമൻപിള്ളയേയും പി. കെ. സമീപിക്കുന്നതും നോക്കിക്കാണുന്നതും അദ്ഭുതാദരങ്ങളോടുകൂടിയ വീരാരാധനാമനോഭാവത്തോടുകൂടിത്തന്നെയാണ്. പദവികൊണ്ടും പ്രശസ്തികൊണ്ടും മഹാരഥന്മാരായിരുന്ന സാഹിത്യപഞ്ചാനനന്റെയും സി. വി. യുടേയും മുമ്പിൽ സ്വതവേ വിനയാന്വിതനും നമ്രശിരസ്കനും ദുർബലശരീരനും ആയ ശ്രീ. പരമേശ്വരൻനായർ ഭക്ത്യാദരങ്ങളുടെ പുഷ്പാഞ്ജലി നടത്തുന്ന ചിത്രം ഈ കൃതികൾ വായിക്കുന്ന ആരുടെയും മനോമുകുരത്തിൽ തെളിഞ്ഞുവരും. പലപ്പോഴും അവരുടെ പാകപ്പിഴകൾക്കും അപഥസഞ്ചാരങ്ങൾക്കും അവരുടെ തന്നെ വീക്ഷണങ്ങളിൽ നിന്നുകൊണ്ട് ഒരു ഉത്തമ ജീവചരിത്രകാരനെപ്പോലെ ന്യായീകരണങ്ങൾ അവതരിപ്പിക്കാനും പി. കെ. തയ്യാറാവുന്നു. പല പിൽക്കാലചരിത്രകാരന്മാരുടെയും ദൃഷ്ടിയിൽ സി. വി. യുടെ ചരിത്രത്തിൽ ഒരു കറുത്ത ഏടായിരുന്ന ശങ്കരൻതമ്പിയുമായുള്ള ബന്ധത്തേയും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുമായുള്ള അകൽച്ചയേയും തെല്ലും വെള്ളതേച്ച് കാണിക്കാൻ ശ്രമിക്കാതെ സി. വി. യുടെ പക്ഷത്തുനിന്നും ന്യായീകരണങ്ങൾ വളരെ സമർത്ഥമായി പി. കെ. അവതരിപ്പിക്കുന്നുണ്ട്. എങ്കിലും മഹാനായ സി. വി. യുടെ പൊതുപ്രവർത്തനത്തിലും സാഹിത്യത്തിലും അന്തർലീനമായിരുന്ന യാഥാസ്ഥിതികത്വത്തേയും രാജഭക്തിയേയും വിമർശനബുദ്ധിയോടെ അനാവരണം ചെയ്യാൻ പി. കെ. മടിച്ചിരുന്നില്ല. പി.കെ. യുടെ സ്വതന്ത്ര ചിന്തയേയും പുരോഗമന മൂല്യങ്ങളേയും സിദ്ധവൽക്കരിച്ചുകാണിക്കുന്ന അനേകം ചർച്ചകളിൽ ഒന്നാണ് 'ആധുനിക സാഹിത്യ'ത്തിൽ സി. വി. യേയും ചന്തുമേനോനേയും താരതമ്യം ചെയ്തുകൊണ്ട് അദ്ദേഹം നടത്തുന്ന പഠനം. **

** ചന്തുമേനോൻ സി.വി.യെക്കാൾ കുറച്ചുകൂടി സ്വതന്ത്രമായ ചുറ്റുപാടുകളിൽ വളർന്ന ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിനു കോളജ് വിദ്യാഭ്യാസത്തിന്റെ പ്രയോജനം ലഭിക്കാൻ സാധിച്ചില്ലെങ്കിലും മലബാറിലെ യൂറോപ്യൻ ഉദ്യോഗസ്ഥരോട് ചെറുപ്പം മുതല്ക്കേ അടുത്തു പെരുമാറാനും അവരുടെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രമാകാനും കഴിഞ്ഞതിനാൽ പാശ്ചാത്യ സ്വതന്ത്ര ചിന്തയുടെ കാറ്റ് അദ്ദേഹത്തിൽ നേരത്തെതന്നെ വീശിയിരുന്നു. ചന്തുമേനോന്റെ ജനനവും വളർച്ചയും സംസ്ക്കാരവും ഈ സ്വതന്ത്രചിന്തയ്ക്ക് ഏറ്റവും യോജിച്ചതുമായിരുന്നു.... സി.വി.യുടെ ചുറ്റുപാടുകൾ പല പരിമിതികൾക്കും വിധേയമായിരുന്നു.... ഇങ്ങനെ പലതും കൂടി സി.വി.യെ രാജത്വത്തിന്റെയും അതിനോടനുബന്ധിച്ചുള്ള പ്രതാപൈശ്വര്യങ്ങളുടെയും ഒരു വക്താവും ഭാവിയുടേതിനേക്കാൾ ഉന്നതാശയന്മാരായ യൂറോപ്യൻ പ്രൊഫസ്സർമാരുടെ അദ്ധ്യാപനത്തിന്റെ ഫലം അദ്ദേഹത്തിലും പ്രകാശിക്കാതിരുന്നില്ല. എങ്കിലും ആ വക സംസ്ക്കാരങ്ങൾക്കൊന്നിനും ആദ്യത്തെ അധിഷ്ഠാനത്തെ അത്ര വളരെസ്പർശിക്കാൻ കഴിഞ്ഞില്ല. രാജത്വത്തിന്റെയും പ്രഭുത്വത്തിന്റെയും വിലക്ഷണ സ്വഭാവങ്ങളെ അദ്ദേഹം എതിർത്തിട്ടുണ്ട്. എന്നാൽ അതെല്ലാം അവയെ നന്നാക്കി നിലനിർത്തുന്നതിനല്ലാതെ അവ വേണ്ടെന്നു വയ്ക്കണമെന്നുള്ള അഭിപ്രായത്തോടുകൂടിയുള്ളതായിരുന്നില്ല. സി.വി. സാമാന്യക്കാരനായിട്ടാണ് ജനിച്ചതെങ്കിലും സാഹചര്യങ്ങൾ അദ്ദേഹത്തെ പ്രഭുത്വത്തിന്റെ ആരാധകനാക്കി. മാർത്താണ്ഡവർമ്മയും പിന്നീടെഴുതിയ ധർമ്മരാജ, രാമരാജബഹദൂർ എന്നീ നോവലുകളും പ്രതിഫലിപ്പിക്കുന്ന മനോഭാവം അതാണ്. ചന്തുമേനോൻ ആ കാലത്തുതന്നെ സ്വന്തം ചുറ്റുപാടുകളെ വിമർശിച്ച ഒരു റിയലിസ്റ്റ് സാഹിത്യകാരനായപ്പോൾ സി.വി. പിന്നോക്കം നോക്കിയ ഒരു റൊമാന്റിക് സാഹിത്യകാരനായതിന്റെ കാരണം മേൽക്കാണിച്ച പരിതഃസ്ഥിതിയാണ്....

സ്വതന്ത്രബുദ്ധിയും ആത്മവിശ്വാസവും ഇത്രയും വളരുന്നതിന് മുമ്പ് അദ്ദേഹം രചിച്ച മൗലിക കൃതിയായ സാഹിത്യ പഞ്ചാനനനിലും ഇത്തരം തെളിവുകൾ ധാരാളം കാണാം. സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ള 'കരുണ'യെ രാമപുരത്ത് വാര്യരുടെ 'കുചേലവൃത്ത'ത്തിന്റെ അനുകരണമാണെന്നു പറഞ്ഞ് മഹാകവി കുമാരനാശാനെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചത് 1930 കളിലെ കുപ്രസിദ്ധ സംഭവങ്ങളിൽ ഒന്നാണ്. ഈ വിവാദത്തിൽ സാഹിത്യപഞ്ചാനനന്റെ നിലപാടിനെ നിശിതമായി വിമർശിക്കാൻ വീരാരാധകനായ പി.കെ.യ്ക്ക് തെല്ലും മടിയില്ല. മഹാനായ ഡോ. ജോൺസൺ തോമസ് ഗ്രേയുടെ സുപ്രസിദ്ധമായ 'എലിജി'യെ അധിക്ഷേപിച്ചതുൾപ്പെടെയുള്ള ഉദാഹരണങ്ങൾ എടുത്തു നിരത്തി പി. കെ. നാരായണപിള്ളയെപ്പോലുള്ളവരുടെ ആധുനിക പ്രവണതകളോടുള്ള വിമുഖതക്ക് കാരണം തേടാൻ പി. കെ. ശ്രമിക്കുന്നുണ്ട്. എങ്കിലും പഞ്ചാനനനു് ഭക്തൻ ഒട്ടും മാപ്പ് കൊടുക്കുന്നില്ല.

അതുപോലെതന്നെ സാഹിത്യ ദാർശനികരംഗങ്ങളിൽ തന്റെ കടുത്ത എതിരാളിയായ കേസരി ബാലകൃഷ്ണപിള്ള ഉൾപ്പെട്ട ഒരു കേസിൽ ന്യായാധിപസ്ഥാനത്തിരുന്നുകൊണ്ട് പക്ഷപാതജടിലമായ വിധി പ്രസ്താവിച്ചതിനെ പരമേശ്വരൻനായർ അതർ

ഹിക്കുന്ന വിധത്തിൽ വിമർശിക്കുന്നു. പി. കെ. നാരായണ പിള്ളയുടെ സാഹിത്യസുന്ദരവും പാണ്ഡിത്യപ്രകടനനിർഭര വുമായ വിധി ന്യായങ്ങളേക്കാൾ കാര്യമാത്ര പ്രസക്തവും യുക്തി യുക്തവുമായ വിധിന്യായങ്ങൾ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടേതാണെന്ന് പറയാൻ സാഹിത്യപഞ്ചാനനന്റെ ജീവ ചരിത്രകാരനു് തന്റെ ഭക്ത്യാദരങ്ങൾ തടസ്സമല്ല.

ഈ നിരൂപണാത്മക സമീപനത്തിൽക്കൂടി പി. കെ. പരമേ ശ്വരൻനായർ തന്റെ കഥാപുരുഷന്മാരുടെ ജീവിതത്തെ മാത്രമല്ല, സ്വന്തം മൂല്യബോധത്തെക്കൂടി അനാവരണം ചെയ്യുന്നു.

സാഹിത്യവും സമൂഹവും

ഇംഗ്ലീഷിൽ റാഡിക്കൽ, ലിബറൽ, ഡെമോക്രാറ്റിക് എന്നൊ ക്കെ വിശേഷിപ്പിക്കാവുന്നതും സോഷ്യലിസ്റ്റ് ചിന്താഗതിയോട് അഥവാ അധ:സ്ഥിത താൽപര്യങ്ങളോട്ആഭിമുഖ്യം പ്രകടിപ്പി ക്കുന്നതുമാണ് പി.കെ.യുടെ ജീവിതദർശനവും സാമൂഹ്യ വീക്ഷണവും. പി. കെ. ഒരു ഗാന്ധിയനാണ്. ഒരു നെഹ്രുവിയൻ അല്ല. എങ്കിലും പണ്ഡിറ്റ് സുന്ദർലാൽ, ജെ. സി. കുമരപ്പ തുടങ്ങിയ ഒരു വിഭാഗം ഗാന്ധിയന്മാരെപ്പോലെ (കൃപലാനി, ഗുൽസാരി ലാൽ നന്ദ, കേളപ്പൻ തുടങ്ങിയവരിൽ നിന്ന് വ്യത്യസ്തമായി) അധ:സ്ഥിതവർഗ്ഗ സാമൂഹ്യവീക്ഷണത്തോട് വളരെ അടുത്ത് നിൽക്കുന്നതായി (ബോധപൂർവ്വമോ അല്ലയോ എന്ന് തിട്ടമില്ല) അദ്ദേഹത്തിന്റെ പല കൃതികളിൽ നിന്നും ബോദ്ധ്യമാകും. അദ്ദേഹത്തിന്റെ സാഹിത്യ ചരിത്രങ്ങളും അതിനു് തെളിവാണ്. ആധുനിക മലയാള സാഹിത്യത്തിന്റെ മുഖവുരയിൽ തന്റെ സാഹിത്യവീക്ഷണത്തിന്റെ രൂപരേഖ ഇങ്ങനെ അദ്ദേഹം വിവരി ക്കുന്നു:

'കവികളുടേയും കവിതകളുടേയും ആവിർഭാവം യാദൃച്ഛിക സംഭവങ്ങളല്ല. പിന്നെയോ, കാലത്തിന്റേയും സാമൂഹ്യ നിലയങ്ങ ളുടേയും ആഹ്വാനഫലങ്ങളാണ്. ചില കവികൾ കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് ജനിക്കുന്നവരായിരിക്കും. ചിലർ ഒരു കാലഘട്ടത്തെത്തന്നെ സൃഷ്ടിച്ചവരായി വരാം, ഏതായാലും കവിയും കാലവും സമൂഹവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെ ന്നുള്ളത് അസന്ദിഗ്ദ്ധമായ ഒരു പരമാർത്ഥമാണ്. കേരളത്തിലെ നാടുവാഴിത്തത്തിന്റെ അധ:പതനം...., വിദേശാധിപത്യത്തിന്റെ മുന്നേറ്റം, ജനകീയശക്തികളുടെ സംഘട്ടനം എന്നിങ്ങനെ പലവിധത്തിൽ ഓരോ ഘട്ടങ്ങളിലായി നമ്മുടെ സാമൂഹ്യനിലയിൽ സംഭവിച്ച പരിവർത്തനങ്ങൾ, അന്നത്തെ കവികളേയും ഗദ്യകാര ന്മാരേയും എങ്ങനെ എത്രത്തോളം സ്പർശിച്ചുവെന്നും, അവർ തന്നെ ആ വക മാറ്റങ്ങളെ എത്രകണ്ട് ത്വരിപ്പിച്ചുവെന്നും ഉള്ള വസ്തുതകൾ വ്യക്തമാക്കുകകൂടി ചെയ്തുകൊണ്ടാണ് ഈ

പ്രതിപാദനം തുടർന്നിട്ടുള്ളത്.

ആധുനിക ചരിത്രവീക്ഷണവും സാഹിത്യദർശനവും എത്ര കണ്ട് സ്വാംശീകരിക്കാൻ പഴയ തലമുറയിൽപ്പെട്ട ഈ ഗംഭീരാശയനു് സാധിച്ചിട്ടുണ്ട് എന്ന് ഈ ഉദ്ധരണിയും അക്ഷരംപ്രതി അതിന്റെ സിദ്ധവൽക്കരണമായ സാഹിത്യചരിത്രങ്ങളും തെളിയിക്കുന്നു. മലയാളസാഹിത്യത്തിന്റെ നൂറ്റാണ്ടുകൾ നീണ്ട ചരിത്രത്തിൽ ഓരോരോ ഘട്ടത്തിലും പരിവർത്തന പ്രക്രിയകൾ ഉദ്ഘാടനംചെയ്ത മാറ്റങ്ങളെപ്പോലെ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനവും തുടർന്ന് കമ്മ്യൂണിസ്റ്റ് -മാർക്സിസ്റ്റ് പ്രസ്ഥാനങ്ങളും പുരോഗമന-സാഹിത്യ സിദ്ധാന്തങ്ങളും മലയാളസാഹിത്യത്തിൽ ഓരോരോ കാലത്ത് വിളംബരംചെയ്ത മകരസംക്രമണങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്താൻ പി.കെ. പരമേശ്വരൻ നായരെപ്പോലെ മറ്റധികംപേർക്ക് കഴിഞ്ഞിട്ടില്ല.

വാർദ്ധക്യസഹജമായ രോഗങ്ങളും ദൗർബല്യവും ഒട്ടവശനാക്കിയിട്ടുണ്ട്. എങ്കിലും ചിന്തയിലും പ്രതികരണത്തിലും ആ പ്രതിഭാധനൻ ഇപ്പോഴും ഊർജ്ജസ്വലനാണു് എന്നു് കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ പർണ്ണശാല പോലുള്ള എളിയ ഭവനത്തിൽ ചെന്ന് സംഭാഷണം നടത്തിയപ്പോൾ എനിക്കും സഖാക്കൾക്കും ബോധ്യമായി. അദ്ദേഹത്തിന് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ട് ആരാധക സഹസ്രങ്ങളോടൊപ്പം പുരോഗമന സാഹിത്യ സംഘം പ്രവർത്തകരും ശിരസ്സ് നമിക്കുന്നു. (1988 നവംബർ 25 ന് പി.കെ.അന്തരിച്ചു.)

തായാട്ട് ശങ്കരന്റെ സാഹിത്യചിന്ത.

പ്രാത:സ്മരണീയനായ തായാട്ടു ശങ്കരന്റെ സാഹിത്യചിന്ത അദ്ദേഹത്തിന്റെ സമഗ്രമായ ജീവിതദർശനത്തിന്റെ ഒരു തുടർച്ചയാണ്. ആത്യന്തികമായ മനുഷ്യനന്മയിലുള്ള അടിയുറച്ച വിശ്വാസം, മാനവപുരോഗതിയെക്കുറിച്ചുള്ള അദമ്യമായ ശുഭപ്രതീക്ഷ, അധ:സ്ഥിതരോടും പീഡിതരോടും അടിപതറാത്ത പക്ഷപാതം, അധൃഷ്യമായ സ്വാതന്ത്ര്യാഭിവാഞ്ഛ, മഹനീയമായ ദേശാഭിമാനം, വിട്ടുവീഴ്ചയില്ലാത്ത സത്യദീക്ഷ, ശാസ്ത്രസമ്മതമായ ധർമ്മബോധം എന്നിവ അദ്ദേഹത്തിന്റെ ജീവിതദർശനത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. മാനവികമായ ഒന്നും തനിക്കന്യമല്ല എന്ന മാർക്സിന്റെയും എല്ലാത്തിന്റെയും മാനദണ്ഡം മനുഷ്യനാണെന്ന പ്രാചീന യവനസംസ്കാരത്തിന്റെയും ആപ്തവാക്യങ്ങളെ തന്റെ ആഴത്തിൽ വേരോടിയ ഭാരതീയത്വവുമായി തായാട്ടു സമന്വയിപ്പിച്ചു.)

ദേശീയവാദിയും സർവ്വോദയപ്രചാരകനുമായിരുന്നപ്പോഴെന്നപോലെ കേളപ്പന്റെ അനുയായിയും ഇ.എം.എസ്സിന്റെ ആരാധകനുമായിരുന്നപ്പോഴും എല്ലാം ഈ മൗലികധാരകൾ അദ്ദേഹത്തിന്റെ ചിന്തയെയും പ്രവർത്തനത്തെയും സ്വാധീനിച്ചിരുന്നതായി കാണാം. അനുഭവവും അറിവും അദ്ദേഹത്തിന്റെ പ്രത്യക്ഷനിലപാടുകളിൽ മാറ്റം വരുത്തിയെങ്കിലും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് 14-ാം വയസ്സിൽ എടുത്തുചാടി കാരാഗൃഹം പൂകിയ നാൾതൊട്ട് 59-ാം വയസ്സിൽ ബോംബെയിലെ ആശുപത്രിയിൽ അന്ത്യശ്വാസം വലിക്കുംവരെ മേൽവിവരിച്ച മാനവിക ലക്ഷ്യങ്ങളാണ് ആ മഹനീയ ജീവിതത്തെ സുഗന്ധപൂരിതമാക്കിയത്. തന്റെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ അപര്യാപ്തം എന്ന്കണ്ട് മാർഗ്ഗങ്ങൾ പരിഷ്ക്കരിക്കാനോ ഉപേക്ഷിക്കാനോ ബൗദ്ധിക സത്യസന്ധതയുടെ മൂർത്തീ കരണമായിരുന്ന തായാട്ടിന് ദുരഭിമാനമോ ദുരന്തദുശ്ശങ്കയോ പ്രതിബന്ധമായില്ല. സ്നേഹവാ

ത്സല്യങ്ങൾ വിലപ്പെട്ടതായി കരുതിയ തായാട്ട്, സ്വപ്രത്യയ സ്ഥൈര്യത്തിന്റെയും ബൗദ്ധികസത്യസന്ധതയുടെയും ബലിപീഠത്തിൽ സുദീർഘസൗഹൃദങ്ങൾ പോലും ആഹുതിചെയ്യാൻ ഗത്യന്തരമില്ലാതെ വന്നപ്പോൾ മടിച്ചിട്ടില്ല. പക്ഷേ വ്യക്തിപരമായ വൈരാഗ്യം സ്വയം വൈരികളായി വന്നവരോടുപോലും ആ ഹൃദയസമ്പന്നനുണ്ടായിരുന്നില്ല എന്ന വസ്തുത ആ പരുക്കൻ വേഷക്കാരനെ അടുത്തറിഞ്ഞവർക്കറിയാം. കാഴ്ചക്കു പരുക്കനായ ഖദറിന്റെ വിശുദ്ധിയും മൃദുലതയും ആ മനുഷ്യസ്നേഹിയുടെ പ്രതീകമായിരുന്നു.

മാനദണ്ഡം മനുഷ്യൻ

സത്യഗ്രഹമായാലും സാഹിത്യമായാലും അവയൊന്നും സത്യഗ്രഹത്തിനു വേണ്ടിയോ സാഹിത്യത്തിനുവേണ്ടിയോ ആയിരുന്നില്ല തായാട്ടിന്. ഗാന്ധിസമായാലും മാർക്സിസമായാലും അവയൊന്നും ഗാന്ധിസത്തിനുവേണ്ടിയോ മാർക്സിസത്തിനുവേണ്ടിയോ ആയിരുന്നില്ല തായാട്ടിന്. എല്ലാം മനുഷ്യനന്മക്ക്, മനുഷ്യമേന്മക്ക്. അതുകൊണ്ട് തന്റെ സാഹിത്യസപര്യ സാമൂഹ്യ ക്ഷേമവികുപ്പിന്റെ ഭാഗമാണെന്നു് ഒരു യാഥാസ്ഥിതിക നിരൂപകൻ അപലപിച്ചപ്പോൾ തായാട്ടു് അതിൽ പരിഭവിച്ചില്ല. സാഹിത്യവും സംസ്ക്കാരവും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആ കിഞ്ചിജ്ഞന്റെ അജ്ഞതയിൽ അദ്ദേഹം സഹതപിക്കുക മാത്രം ചെയ്തു. സാംസ്ക്കാരിക ജീർണ്ണതയെ കൃത്രിമ കവനകൗതുകമായി വില്പനക്കിറക്കിയവരെ യുക്തിയുക്തവും നിശിതവുമായി വിമർശിച്ച തായാട്ടിന്റെ വാദമുഖങ്ങളെ നേർക്കു നേരെ നേരിടാൻ കെല്പില്ലാത്ത ഒരു മുറി വിപ്ലവക്കാരൻ അദ്ദേഹത്തെ 'വിമർശക കോമാളി' എന്നു വിളിച്ച് അല്പത്വവും അപകർഷതാബോധവും പ്രകടിപ്പിച്ചത് വായിക്കാൻ മരണശയ്യയിലേക്ക് അപ്പോഴേക്കും പ്രവേശിച്ചുകഴിഞ്ഞിരുന്ന തായാട്ടിനു് കഴിഞ്ഞിരിക്കില്ല. കഴിഞ്ഞിരുന്നാലും ലിംഗാഗ്രത്തിലെ 'ചോരത്തുള്ളി'യെക്കുറിച്ച് ശാർദ്ദൂല വിക്രീഡിതത്തിൽ വ്യാഖ്യനമെഴുതിപ്പിടിപ്പിച്ച ആ വിദ്വാന്റെ അജ്ഞതാവിലസിതമായ വ്രണിതാഭിമാനത്തെക്കുറിച്ച് സ്വതസിദ്ധമായ മന്ദഹാസത്തോടെ തായാട്ടുസഹതപിക്കുകയേ ചെയ്യുമായിരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ തായാട്ടിന്റെ ഗുരുതരമായ ദൗർബല്യ ങ്ങളിലൊന്ന് വിഡ്ഢിത്തം സഹിക്കാനും അസംബന്ധം സഹഷ്ണുതയോടെ കേട്ടുനിൽക്കാനും ഉള്ള കഴിവുകേടായിരുന്നു. എങ്കിലും അപ്രാപ്തിയും അറിവില്ലായ്മയും ശിക്ഷാർഹമായ കുറ്റങ്ങളായി ആ ഹൃദയാലു കരുതിയിരുന്നില്ല.

വേത്രവതീസംസ്കാരം

അനീതിയും അഴിമതിയും നടമാടുന്ന സമൂഹത്തിലെന്നപോലെ മൂല്യദീക്ഷയും മൂല്യനിരാസവും നിറഞ്ഞ സാഹിത്യ

ലോകത്തിലും നിഷ്പക്ഷതയോ നിസ്സംഗതയോ തായാട്ട് പൊറുത്തിരുന്നില്ല. അദ്ദേഹം പറയുന്നു. 'പ്രാചീനഭാരതത്തിലെ വിവാഹ രീതികളിലൊന്ന് സ്വയംവരമായിരുന്നു. വധുവിനെ സ്വയംവരമണ്ഡപത്തിലേക്കു് ആനയിച്ചുകൊണ്ടു് വേത്രവതി ഓരോ വരണാർത്ഥിയുടെയും അപദാനങ്ങൾ കീർത്തിച്ചു കൊടുക്കും.'ഇതാ, മിഥിലാധിപൻ, ഇയാൾ പതിനെട്ട് അക്ഷൗഹിണിയുടെ നാഥനാണ്.' 'ഇതാ മഗധാധിപൻ. പരന്തപനായ ഇയാൾ അശ്വഹൃദയജ്ഞാനിയാണ്. ഇതാ മഥുരാധിപൻ, ഇയാൾ സമുദ്രപര്യന്തം കാടും മലയും കീഴടക്കിവാഴുന്നു. ഇതാ അംഗരാജൻ. ഇയാൾ ഹസ്തിശാസ്ത്രവിചക്ഷണനാണു്..... ഇങ്ങനെ പോകുന്നു ആ പരിചയപ്പെടുത്തൽ. വധു ഇതിൽ ആരെ വരിച്ചാലും തവണക്കാരിക്കൊന്നുമില്ല.

'വരണമാല്യമേന്തി നിൽക്കുന്ന സഹൃദയനും കവിക്കുമിടയിൽ, വേത്രവതിയുടെ ഈ ധർമ്മമാണു് നിരൂപണത്തിന് നിർവ്വഹിക്കാനുള്ളത് എന്ന് കരുതുന്നവരുണ്ട്. ഓരോ കവിതയുടെയും അലങ്കാരം, രസം, ധ്വനി, ഇമേജറി, ബ്രോക്കൺ ഇമേജ് തുടങ്ങിയ ദേശീയവും വൈദേശികവും ആയ അംഗരാഗങ്ങളെ തികഞ്ഞ നിസ്സംഗതയോടെ എടുത്തുകാണിച്ചാൽ മതി. അതിനപ്പുറം പോകുന്നത്, നിരൂപകന്റെ മുൻധാരണ കവിയുടെ മേൽ വെച്ചുകെട്ടുകയാവും എന്നാണവരുടെ വാദം....കവിതയിൽ ആവിഷ്കൃതമായ ജീവനസംസ്ക്കാരവും താനാർജ്ജിച്ച ജീവനാവബോധവും ഉരസിനോക്കുമ്പോഴാണ് നിരൂപണം മറ്റൊരു കലാ സൃഷ്ടിയാവുന്നതെന്ന് ഈ ലേഖകൻ കരുതുന്നു..... മഴമേഘത്തിന്റെ ജന്മസാഫല്യം, അതിൽ ഉദിച്ചുമറയുന്ന വർണ്ണരാജിയിലല്ല. തുടർന്നുവരുന്ന അമൃതധാരയിലാണ്. അപ്പോഴേ അതു സഹസ്രകോടി ജീവജാലങ്ങളുടെ ജീവനസംഗീതമായി മാറുന്നുള്ളൂ.'

തായാട്ടു ശങ്കരന്റെ സാഹിത്യനിരൂപണാദർശം മുഴുവൻ ഒരു ചിമിഴിലൊതുക്കിയതുപോലെ ഈ ഉജ്ജ്വലവും അർത്ഥവത്തുമായ വരികളിൽ നമുക്ക് കിട്ടുന്നു. അദ്ദേഹത്തിന്റെ ജീവിതദർശനത്തിന്റെ കിരണങ്ങളും. 1981-ൽ ഈ വരികൾ കുറിക്കുമ്പോഴേക്കും തായാട്ടു ശങ്കരന്റെ കാവ്യസമീക്ഷാപുരോഗതിയിലെ ഒരു നിർണായക നാഴികക്കല്ലായിരുന്ന 'ആശാൻ-നവോത്ഥാനത്തിന്റെ കവി' പ്രസിദ്ധീകരിച്ചിട്ട് എട്ടുവർഷം പിന്നിട്ടിരുന്നു. കാണെക്കാണെ വളർന്നുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ നിരൂപകപ്രതിഭ അപ്പോഴേക്കും പല നീണ്ട കാൽവെയ്പ്പുകൾ നടത്തിക്കഴിഞ്ഞിരുന്നു. അതുകൊണ്ടായിരിക്കണം ആശാൻപഠനത്തിൽ അദ്ദേഹം ഉപയോഗിച്ച സോഷ്യോളജിക്കൽ ക്രിട്ടിസിസം (സാമൂഹ്യശാസ്ത്രാധിഷ്ഠിത സാഹിത്യ നിരൂപണം) എന്ന പദ പ്രയോഗം അദ്ദേഹം ആവർത്തിക്കാതിരുന്നത്. ഒരു പരിധിവരെ പ്രയോജനകരവും സാധുവുമായ

ആ സംജ്ഞ ആകപ്പാടെ നോക്കുമ്പോൾ നിർഭാഗ്യകരവും അപര്യാപ്തവുമാണ്. സൂക്ഷ്മമായി പരിശോധിച്ചാൽ തായാട്ടു ശങ്കരന്റെ ആശാൻപഠനമുൾപ്പെടെയുള്ള കൃതികൾക്കോ അദ്ദേഹത്തിന്റെ മരണാനന്തര പ്രസിദ്ധീകരണമായി വരാനിരിക്കുന്ന വള്ളത്തോൾ പഠനമുൾപ്പെടെയുള്ള ഏതെങ്കിലും കൃതിക്കോ സമഗ്രമായി പ്രയോഗിക്കാവുന്ന വിശേഷണമോ വിവരണമോ അല്ല അതെന്നു കാണാം. വേണ്ടത്ര ആലോചനകൂടാതെ തായാട്ടിനെ എതിർക്കാനെന്നപോലെ പ്രശംസിക്കാനും പലരും ഈ പ്രയോഗം അപ്പാടെ എടുത്തു വിഴുങ്ങിപ്പോയി എന്നതിനാലാണ് നിർഭാഗ്യകരം എന്നു കൂടി പറഞ്ഞത്. സാമൂഹ്യശാസ്ത്രാധിഷ്ഠിത സാഹിത്യനിരൂപണം മാത്രമാണ് മാർക്സിസ്റ്റ് നിരൂപണം എന്നുകൂടി ചില എതിരാളികളെപ്പോലെ ചില അനുകൂലികളും കൂടി ധരിച്ചുവശായപ്പോൾ നിർഭാഗ്യം പൂർണ്ണവുമായി.

സമൂഹവും സംസ്കാരവും

ജീവനും ശരീരവും പോലെ സമൂഹവും സംസ്കാരവും ബന്ധപ്പെട്ടിരിക്കുന്നു. ഒന്നില്ലാതെ മറ്റേതില്ല. പക്ഷേ രണ്ടും ഒന്നല്ലതാനും. സാമൂഹ്യശാസ്ത്രം സംസ്കാരം സംബന്ധിച്ച സകല പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നില്ല. ഉദാഹരണത്തിന് മൂല്യം, ധർമ്മം, നീതി എന്നിവയ്ക്കെല്ലാം സാമൂഹ്യാടിസ്ഥാനമുണ്ടെങ്കിലും സാമൂഹ്യപരിവർത്തനങ്ങൾ ഇവയെല്ലാം സംബന്ധിച്ച പരികല്പനകളിൽ മാറ്റം വരുത്തുമെങ്കിലും വിധിനിഷേധങ്ങൾ സാമൂഹ്യശാസ്ത്രപരിധിയിൽ ഒതുങ്ങുന്നതല്ല. കാവ്യകാലത്തെ സാമൂഹ്യസ്ഥിതി, കവിയുടെ സാമൂഹ്യ പദവി, കാവ്യസൃഷ്ടിയിലെ സാംസ്കാരികമൂല്യത്തിന്റെ സാമൂഹ്യപ്രസക്തി മുതലായവയെല്ലാം സമഗ്രമായ ശാസ്ത്രീയ സാഹിത്യ നിരൂപണത്തിൽ ഒഴിച്ചുകൂടാത്തതാണെങ്കിലും അവ കൊണ്ടു മാത്രം ഉത്തമകലയുടെ ആത്മാവ് കണ്ടെത്താനാവുകയില്ല.

ഉദാഹരണത്തിന് 'ആശാൻ വിപ്ലവത്തിന്റെ ശുക്രനക്ഷത്രമാണെന്ന് മുണ്ടശ്ശേരി പറഞ്ഞത് എടുക്കുക. ആശാന്റെ വിപ്ലവത്തിന്റെ വർഗസ്വഭാവവും കാലികപ്രസക്തിയും നിർണ്ണയിക്കുവാൻ തായാട്ട് ഉപയോഗിച്ച കരുക്കൾ സാമൂഹ്യശാസ്ത്രത്തിന്റെതാണ്. ആ വിപ്ലവം സോഷ്യലിസ്റ്റ് വിപ്ലവമോ തൊഴിലാളിവർഗ്ഗവിപ്ലവമോ അല്ലെന്നും അവക്കു മുമ്പുള്ള ഘട്ടത്തിലെ ശാസ്ത്രീയമായി വിശേഷിപ്പിക്കപ്പെടുന്ന ബൂർഷ്വാ അഥവാ ലിബറൽ ജനാധിപത്യ വിപ്ലവമായിരുന്നു എന്നും തായാട്ട് കണ്ടെത്തിയത് അങ്ങനെയാണ്. എന്നാൽ 'നളിനി'യിലെ പ്രേമത്തിന്റെ സ്വഭാവം വിലയിരുത്തുവാൻ തായാട്ട് അവലംബിച്ച മാനദണ്ഡം സാമൂഹ്യശാസ്ത്രത്തിന്റേതാണെന്നു പറഞ്ഞുകൂടാ. 'നളിനി'യുടെ സുപ്രസിദ്ധമായ അവതാരികയിൽ എ. ആർ. രാജരാജവർമ്മ പറഞ്ഞുവച്ചതും

അതിനെ അംഗീകരിച്ച് ആശാൻ എഴുതിയതും നക്ഷത്രം പോലെ തെളിഞ്ഞ് സർവ്വമാനപേർക്കും കാണാമെന്നിരിക്കെ എന്തെല്ലാം അസംബന്ധങ്ങളാണ് മാംസബദ്ധവിരോധികൾ എഴുതിപ്പിടിപ്പിച്ചതെന്ന് നോക്കൂ. തായാട്ട് വ്യത്യസ്തമായ നിഗമനത്തിൽ എത്തുന്നത് ഇങ്ങനെയാണ്:

'വിരക്തിയെക്കാൾ അത്രയ്ക്കു നികൃഷ്ഠമാണോ ആസക്തി? സന്യാസത്തിന്റെ ജീവിതനിഷേധദർശനത്തെ ജീവിതരതിയുടെ അത്രതന്നെ കരുത്തുള്ള മറ്റൊരു ദർശനവുമായി ഉരച്ചുനോക്കിയാൽ മാത്രമേ ഏതേതിന്നു മാറ്റുകൂടുമെന്ന് താരതമ്യപ്പെടുത്താനാവുകയുള്ളൂ. ഒരു വാരനാരിയുടെ ജീവിതത്തെ മുൻനിർത്തി നേടാവുന്ന കാര്യമല്ലിത്. നളിനിയുടെ പ്രേമത്തെ ഒപ്പം കൊടുംതപസ്സിനോളം ശുദ്ധിചെയ്തുയർത്തിയത് ഈ മാറ്റു നേടുന്നതിന് വേണ്ടിയാണ്. മാംസനിബദ്ധമല്ല രാഗം എന്നു കൊണ്ടാടപ്പെട്ടിരിക്കാമെങ്കിലും തികച്ചും മാംസനിബദ്ധമായ രാഗത്തെ സ്ഫുടംവെച്ചെടുക്കുകയാണ് കുമാരനാശാൻ ഇവിടെ ചെയ്തിട്ടുള്ളത്. സ്ഥൂലദൃഷ്ടിക്ക് അനുഭവവേദ്യമായ കാവ്യചമൽക്കാരങ്ങളെ തൊട്ടുകാണിച്ചശേഷം, നളിനിയുടെ അവതാരികാകാരനായ എ.ആർ. തമ്പുരാൻ കാര്യത്തിലെ സൂക്ഷ്മാംശത്തെ ഇങ്ങനെ വിസ്തരിക്കുന്നു: 'സൂക്ഷ്മമായി നോക്കുമ്പോൾ ഇതിന്റെ നിർവ്വഹണം രമണീയമായ സംഭോഗശൃംഗാരത്തിന്റെ ഉത്തമകാഷ്ഠയിൽ തന്നെ പര്യവസാനിച്ചതായിക്കാണാം'. തമ്പുരാൻ രേഖപ്പെടുത്തിയ അഭിപ്രായങ്ങളെ തന്റെ മുഖവുരയിൽ ഇങ്ങനെ അംഗീകരിക്കുന്നു. കവി മര്യാദയനുസരിച്ച് മുഖ്യ മർമ്മസ്ഥാനങ്ങളിലെല്ലാം മർമ്മജ്ഞനായ അവിടുത്തെ കൈവിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചതായി കാണാം. ചക്ഷുപ്രീതി, മനഃസംഗം തുടങ്ങിയ ദശാപരിണാമങ്ങളിലൂടെ കടന്നുപോയ ഹൃദയബന്ധം 'ധന്യമാം കരണസത്വയുഗ്മ മന്യോന്യലീനമറിവറ്റുനിൽക്കവെ' യാണു 'കന്യകേവലസുഖം' അനുഭവിക്കുന്നത്; അല്ലാതെ ദിവാകരനിൽനിന്ന് മുക്തിമന്ത്രം ശ്രവിക്കുമ്പോഴല്ല. ആ ലൗകികാനുഭൂതി നുകരുമ്പോൾ 'കന്യ' എന്ന പദപ്രയോഗത്തിന് സന്ദർഭത്തിനനുസരിച്ച് മാധുര്യം കൂടുന്നു. അത് പ്രാസത്തിനുവേണ്ടി ചാടിവീണ പദമല്ല. നളിനിയുടെ ഐന്ദ്രിയമായ പ്രേമത്തെ മുൻ നിർത്തിവന്നണഞ്ഞ ആ മരണത്തിന് ഒരു ജീവന്മുക്തന്റെ സമാധിയേക്കാൾ മഹനീയത കൈവന്നിരിക്കുന്നു.

ഈ സുപ്രധാനമായ കാവ്യസത്യം കണ്ടെത്താൻ തായാട്ട് പ്രയോഗിക്കുന്നത് സാമൂഹ്യശാസ്ത്രോപകരണങ്ങളല്ല എന്ന് പറയേണ്ടതില്ലല്ലോ. രസം, ധ്വനി, ബിംബം, ശൈലി തുടങ്ങിയവയെ ഒന്നും തായാട്ട് അവഗണിക്കുന്നില്ല. പക്ഷേ, അവയല്ല, അഥവാ അവമാത്രം കൊണ്ട് കാവ്യാത്മാവ് കണ്ടെത്താൻ കഴിയില്ലെന്നേ

അദ്ദേഹത്തിന് പക്ഷമുള്ളൂ. അവയെല്ലാം അവശ്യം ആവശ്യമായ കാവ്യോപാധികളാണ്. എന്നാൽ, കാവ്യസത്തയാകുന്നില്ല. രസധ്വനി, ശൈലി, ആദികളിൽ തപ്പിത്തടഞ്ഞ് ആത്മാവു് കാണാതെ പോകരുതെന്നേ അദ്ദേഹത്തിനു് നിർബന്ധമുള്ളൂ.

വൈയക്തികപ്രതിഭയെയോ മൗലികതയെയോ ഇടിച്ചു താഴ്ത്തുകയല്ല, സമഷ്ടി പ്രതിഭയുടെയും യുഗചേതനയുടെയും പശ്ചാത്തലത്തിൽ അവയുമായി സമന്വയിപ്പിച്ചു കാണുകയാണ് തായാട്ട്. വള്ളത്തോളിനെപ്പറ്റി പറയുമ്പോൾ തായാട്ട് തന്റെ വീക്ഷണകോടി വ്യക്തമാക്കുന്നു.

'കർമ്മോത്സുകമായ ഒരു നൂറ്റാണ്ടിന്റെ മടിത്തട്ടിലാണ് വള്ളത്തോൾ പ്രതിഭ ജനിച്ചുവളർന്നത്. ഒരു പുതിയ ഭാരതത്തെക്കുറിച്ചുള്ള സങ്കല്പം സമൂഹചേതനയെ ചലിപ്പിച്ചു തുടങ്ങിയ കാലമായിരുന്നു അത്. സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ രംഗങ്ങളിൽ ഈ സ്വാധീനം പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലാണല്ലോ ഇന്ത്യയെ ആകെ ഒന്നു പിടിച്ചുകുലുക്കിയ ബംഗാൾ വിഭജനവും സ്വദേശി പ്രസ്ഥാനവും ഉണ്ടായത്. മുൻ നൂറ്റാണ്ടിലെ മതനവീകരണ പ്രസ്ഥാനങ്ങളുടെ സ്വാധീനവും വ്യാപകമായി അനുഭവപ്പെട്ടു തുടങ്ങിയിരുന്നു. ഇതര രാജ്യങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങളെപ്പോലെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഒറ്റയടിപ്പാതയിലൂടെയല്ല ഇന്ത്യൻ ദേശീയത മുന്നേറിയത്. അതിപ്രാചീനമായൊരു നാഗരികത പുതിയൊരു നാഗരികതയുമായി ഏറ്റുമുട്ടുമ്പോഴുണ്ടാകുന്ന ഊഷ്മളതയും ഇതിന്റെ അവിഭാജ്യഘടകമായിരുന്നു. സ്വന്തം സംസ്കാരത്തിൽ ചിലത് പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. ചിലത് പരിത്യജിക്കേണ്ടതുണ്ട്. ഇതെല്ലാം ചേർന്നതാണ് ഇന്ത്യൻ ദേശീയത. കർമ്മ നിരതമായ ആ ബാഹ്യലോകത്തിലെ ഉത്സാഹവും പോർവീര്യവും പ്രതീക്ഷയും ചേർന്നതാണ് വള്ളത്തോൾക്കവിതയിൽ കാണുന്ന ശുഭപ്രതീക്ഷ. ഈ യുഗചേതനയിൽ നിന്ന് വേർതിരിച്ചു നിർത്തി ആ വ്യക്തി ചേതനയെ മനസ്സിലാക്കുക സാദ്ധ്യമല്ല.'

വള്ളത്തോൾക്കവിതയെക്കുറിച്ച് ഇപ്പറഞ്ഞതെല്ലാം ചേർന്നാൽ കവിതയാകുമോ എന്നു് ചോദിക്കുന്നവരോട് ഇതെല്ലാം സാഹിത്യബാഹ്യമെന്നെഴുതിത്തള്ളിയാൽ പിന്നെ കവിതയിൽ എന്തവശേഷിക്കുന്നു എന്നാണു തായാട്ടിന്റെ ചോദ്യം. എന്നിട്ട് അദ്ദേഹം തുടരുകയാണ്: 'രണ്ട് പദങ്ങൾ ചേർത്തു ഒരു നക്ഷത്രത്തെ ഉദ്ദീപിപ്പിക്കുന്നതാണു കവിത എന്നു പറയാറുണ്ടല്ലോ. ആ നക്ഷത്രത്തിന്റെ തേജസ്സാണ് ഇപ്പറഞ്ഞ കാര്യങ്ങൾ. അതില്ലാതിരുന്നാലോ? രണ്ടു പദങ്ങൾ ചേർക്കാം. നക്ഷത്രത്തിനു പകരം കിട്ടുന്നത് കരിക്കട്ടയായിരിക്കും.

ഈ തേജസ്സ് കലാസൃഷ്ടികളുടെ സാംസ്കാരിക ഘടകമാണ്, മൂല്യവ്യവസ്ഥയാണ്. 'കവിതയിൽ ആവിഷ്കൃതമായ ജീവിത സംസ്കാരം' ആ തേജസ്സ് കണ്ടെത്താനും അനുഭവിക്കാനും സാമൂഹ്യശാസ്ത്രംകൂടി ഉപകരിക്കുമെന്നതിൽ തർക്കമില്ല. പക്ഷെ അതുമാത്രം പോരാ. അതുകൊണ്ട് തായാട്ടിന്റെ നിരൂപണത്തെ സാമൂഹ്യശാസ്ത്രാധിഷ്ഠിതം എന്ന് വിശേഷിപ്പിക്കുന്നതിനേക്കാൾ ശരിയാകുക മൂല്യനിർണ്ണയാധിഷ്ഠിതം എന്നോ സാംസ്കാരിക നിരൂപണം എന്നോ പറയുകയായിരിക്കും. ഇംഗ്ലീഷിലെ കൾചറൽ ക്രിട്ടിസിസം' (ലെലി ജോൺസന്റെ ദി കൾചറൽ ക്രിട്ടിക്സ്-ഫ്രം മാത്യു ആർനോൾഡ്-ടു റെയ്മണ്ട് വില്യംസ്, ലണ്ടൻ. 1979 കാണുക.)

കവിക്കും കവിതയ്ക്കും വളർച്ച അനിവാര്യം

വിശ്വസാഹിത്യനിരൂപണരംഗത്ത് സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന ഒരു നിരൂപണോപാധിയാണ് കവിയുടെ വളർച്ചക്കൊപ്പം കാവ്യപ്രതിഭയുടെ വികാസത്തെ കണ്ടറിയുക എന്നത്. ലോകത്തിലെ ഏത് പ്രതിഭാശാലിയെ എടുത്താലും അവരാരും പിച്ചവെച്ചിടത്തു് കലാശം ചവിട്ടിയവരല്ല എന്നു കാണാം. പലർക്കും കാലം ചെല്ലുന്നതോടെ മേൽഗതിയാണു് അനുഭവമെങ്കിൽ ചിലർക്ക് അധോഗതിയും സംഭവിക്കുന്നു. മഹാകവി വേഡ്സ്വർത്തിന്റെ കാവ്യപ്രതിഭയ്ക്ക് 30-35 വയസ്സ് കഴിഞ്ഞതോടെ അധോഗതിയായിരുന്നു എന്നു പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഷേക്സ്പിയറിലും മിൽടനിലും ഷെല്ലിയിലും മറ്റും മറിച്ചായിരുന്നു ഗതി. രാജരാജവർമ്മയുടെയും വള്ളത്തോളിന്റെയും കാവ്യമെടുക്കുക. ആംഗലസാമ്രാജ്യവും ഭാഷാഭൂഷണവും കേരളപാണിനീയം ഒന്നാംപതിപ്പും എഴുതിയ രാജരാജനല്ല സാഹിത്യസാഹ്യവും പാണിനീയം രണ്ടാം പതിപ്പും എഴുതിയത്. രാജാധിപത്യപാരമ്പര്യത്തിൽനിന്ന് പ്രജാധിപത്യപാരമ്പര്യത്തിലേക്കുള്ള പരിവർത്തനമാണ് പാണിനീയത്തിന്റെ ആദ്യത്തെ പതിപ്പിൽനിന്നും രണ്ടാമത്തെ പതിപ്പിലെത്തിയപ്പോൾ നടന്നത് എന്ന് രാജരാജവർമ്മ രേഖപ്പെടുത്തിയിരിക്കുന്നു. 1913-ൽ വിലാസലതികയെഴുതിയ വള്ളത്തോൾ 1914-ൽ കുമാരനാശാൻ 'ലീല' എഴുതിയ വർഷത്തിൽ 'ബന്ധനസ്ഥനായ അനിരുദ്ധൻ' എഴുതിയപ്പോഴേക്കും ആ മഹാകവിപ്രതിഭയിൽ വന്ന അജഗജാന്തരം വളരെയുക്തിയുക്തമായി തായാട്ട് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

കുമാരനാശാന്റെ കാര്യത്തിലാണ് ഈ വികാസപരിണാമപ്രക്രിയ അദ്ദേഹം പടിപടിയായി വിവരിച്ചുതരുന്നത്. 1907-വരെ സ്തോത്രകൃതികൾ രചിച്ചുപോന്ന കായിക്കര കുമാരു 'വീണപൂവി'ലെത്തിയപ്പോഴേക്കും പ്രസ്ഥാനനായകനായ മഹാകവിയായി ഉയർന്നതെങ്ങനെ. പിന്നെ പടിപടിയായി നളിനിയിലൂടെയും ലീലയിലൂടെയും സീതയിലൂടെയും കുതിച്ചുകയറിയ ആ മഹാകവി

പ്രതിഭ 1923-ലെ ദുരവസ്ഥയിലൂടെ 20-ാം നൂറ്റാണ്ടിലെ മലയാള സാഹിത്യത്തിലെ രണ്ടാം വിപ്ലവത്തിന്റെ വാതിൽ എങ്ങനെ തുറന്നു? ശില്പം, മൂല്യം, സംസ്കാരം തുടങ്ങിയവയിൽ എങ്ങനെ ഒരേ കവിയിൽത്തന്നെ ഇത്ര വൈജാത്യം സംഭവിക്കുന്നു? ഈ വികാസ പരിണാമ പരിശോധന മാത്രമെ നിരൂപണത്തിലെയും പഠനത്തിലെയും അത്തരം ഊരാക്കുടുക്കുകൾ കെട്ടഴിച്ചുകാട്ടാൻ ഉപകരിക്കൂ.

ഇങ്ങനെ സാംസ്കാരിക-മൂല്യാധിഷ്ഠിത സാഹിത്യ നിരൂപണപദ്ധതി തായാട്ട് ആദ്യമായി മലയാളത്തിലവതരിപ്പിച്ച തൊന്നുമല്ല. രാജരാജനുശേഷം കേസരി ബാലകൃഷ്ണപിള്ളയും എം. പി. പോളും ജോസഫ് മുണ്ടശ്ശേരിയും സമകാലികരുടെ ഇടയിൽ എൻ. വി. കൃഷ്ണവാര്യരും എൻ. കൃഷ്ണപിള്ളയും (കൈരളിയുടെ കഥ) പി. കെ. പരമേശ്വരൻനായരും (ആധുനിക മലയാളസാഹിത്യം) പി.കെ.ബാലകൃഷ്ണനും(ഒ. ചന്തുമേനോ നിൽ, കാവ്യകല കുമാരനാശാനിലൂടെ എന്നതിലല്ല) മറ്റും അംഗീകരിച്ച് പ്രയോഗിച്ചിട്ടുള്ളതാണ്. സി. വി. യെയും ചന്തു മേനോനേയും സാംസ്കാരികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ എം. പി. പോളും കുറെക്കൂടി സമർത്ഥമായി പി.കെ. ബാലകൃഷ്ണനും സി. വി.യുടെ ജീവചരിത്രകാരനായ പി. കെ. പരമേശ്വരൻനായരും എത്തിച്ചേരുന്ന നിഗമനങ്ങൾ മിക്ക വാറും ഏകകണ്ഠമായിട്ടാണു. പക്ഷേ അതൊന്നും വായിച്ച് അരിശപ്പെടാത്ത പലരും അതേ മാർഗ്ഗമവലംബിക്കുന്ന തായാട്ടിന്റെ നേരെ കുരച്ചുചാടുന്നതെന്ത്? കാരണം വ്യക്തം. തായാട്ട് ശങ്കര നാണു് ഈ ചരിത്രപരവും സാമൂഹ്യവും സർവ്വോപരി സാംസ് കാരിക മൂല്യാധിഷ്ഠിതവുമായ സാഹിത്യനിരൂപണവിദ്യ കുറ്റമറ്റ ഒരു ബൃഹദ്പദ്ധതിയായി വികസിപ്പിച്ചെടുത്തത്. അതിനു പുറമെ രാജരാജവർമ്മ മുതൽ വളർന്നുവരുന്ന ശാസ്ത്രീയ സാഹിത്യ നിരൂപണത്തിനെതിരെ അശാസ്ത്രീയവും എക്ലക്ടിക്കും വേത്ര വതീശൈലിയിലും കാവ്യത്തിന്റെ ആത്മാവിനേക്കാൾ കാവ്യോ പാധിയെ ഉപജീവിക്കുകയും ചെയ്യുന്ന അനേകം ദുർബല വ്യവസ്ഥ കൾക്ക് മാധ്യമങ്ങൾ വലിയ പ്രചാരം നൽകിയിരിക്കുന്നു. മാർക് സിസ്റ്റ് നിരൂപണപദ്ധതി എന്നു തീർത്തും വിശേഷിപ്പിക്കാറായിട്ടി ല്ലെങ്കിലും അതിലേക്ക് അതിവേഗം ഉയർന്നുകൊണ്ടിരുന്ന തായാട്ടിന്റെ നിരൂപണ പൈതൃകം മാർക്സിസത്തിനു വലിയൊരു മുതൽക്കൂട്ടാണ്. മാർക്സിസത്തോടും പ്രസ്ഥാനത്തോടും ഉള്ള ശത്രുതയിലും അസൂയയിലും യാഥാസ്ഥിതികരേക്കാൾ മുമ്പന്മാരായ 'നിയോമാർക്സിസ്റ്റ്' എന്നൊരു വകക്കാരും അരങ്ങ ത്തു് എത്തിയിട്ടുണ്ടല്ലോ. അവരും രാഷ്ട്രീയത്തിൽ നിലനിൽക്കുന്ന വ്യവസ്ഥയ്ക്ക് എന്നപോലെ നിരൂപണത്തിൽ യാഥാസ്ഥിതികർക്ക്

രസം പകർന്നു. പക്ഷേ, വിശ്വസാഹിത്യത്തിലും ദേശീയസാഹിത്യത്തിലും ആഴത്തിൽ വേരോടിയിരിക്കുന്ന ആധുനിക ശാസ്ത്രീയ സൗഹിത്യ നിരൂപണത്തിന്റെ- സാംസ്കാരിക മൂല്യാധിഷ്ഠിത നിരൂപണത്തിന്റെ - പൊതുപ്രവാഹത്തിലെ ശക്തമായ ഒരു ധാരയാണ് തായാട്ടിന്റെ പദ്ധതി. അതുകൊണ്ട് സമകാലിക സാഹിത്യനിരൂപകരിൽ അദ്ദേഹത്തിനു സമശീർഷർ വിരളം. തായാട്ട് ശങ്കരന്റെ തെരഞ്ഞെടുത്ത സാഹിത്യപ്രബന്ധങ്ങൾക്കെഴുതിയ അവതാരികയിൽ എഴുതിയതു് ആവർത്തിക്കാൻ എനിക്കു് മടിയില്ല. 'മലയാളസാഹിത്യനിരൂപണം' ഇന്നു തായാട്ട് ശങ്കരനിൽ എത്തിനില്ക്കുന്നു. ഇനിമേൽ എതിർക്കാനായാലും, അനുകൂലിക്കാനായാലും മറ്റൊരുവഴി വെട്ടിത്തുറക്കാനായാലും അതെല്ലാം തായാട്ടിനെ തൊട്ടും ഉരുമ്മിയും ഉരസിയും തുടർന്നുമെപോകാനൊക്കൂ. തായാട്ടിന്റെ സാഹിത്യ നിരൂപണം മുഖ്യമായും കാവ്യശാഖയിൽ ഒതുങ്ങി നിൽക്കുന്നു എന്നും അദ്ദേഹം പഠിച്ച് എഴുതാൻ പരിപാടിയിട്ട എല്ലാം എഴുതിത്തീർക്കുന്നതിനു മുമ്പ് കാലം അദ്ദേഹത്തെ അപഹരിച്ചുകളഞ്ഞു എന്നും രണ്ട് കുറവുകൾ ഉണ്ട്. എങ്കിലും അടിസ്ഥാനപരമായി ഈ നിഗമനത്തിൽ തെറ്റില്ലെന്നു് അദ്ദേഹത്തിന്റെ പ്രസിദ്ധീകരിക്കാനിരിക്കുന്ന കൃതികളും ഇനിയും തുടർന്നു് കേരളത്തിൽ തായാട്ടിനെ ചുറ്റിപ്പറ്റി തുടങ്ങുമെന്നുറപ്പിക്കാവുന്ന വിവാദങ്ങളും തെളിയിക്കും എന്ന് എനിക്കുറപ്പുണ്ട്.

കെ. എ. അബ്ബാസ്.
പ്രതിജ്ഞാബദ്ധൻ, പ്രതിഭാധനൻ

1987 ജൂൺ ഒന്നാം തീയതി സൂര്യോദയത്തിനുമുമ്പ് 3-15 നു് ബോംബെയിലെ ഒരാശുപത്രി മുറിയിൽവെച്ച് ഖാജാ അഹമ്മദ് അബ്ബാസ് 74-ാമത്തെ വയസ്സിൽ അന്തരിച്ചു. അബ്ബാസിന്റെ സിദ്ധികളും സാധനകളും വിവരിക്കുക അത്രയെളുതല്ല. അത്രയേറെയാണു വിവിധ മേഖലകളിൽ അദ്ദേഹം നൽകിയ സംഭാവനകൾ. സ്വാതന്ത്ര്യപ്പോരാളി, പത്രപ്രവർത്തകൻ, പംക്തികാരൻ, ഇടതുപക്ഷ ബുദ്ധിജീവി, ഉറുദുവിലും ഇംഗ്ലീഷിലും അനേകം കഥകളും നോവലുകളും എഴുതിയ സർഗധനൻ, പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ പ്രഥമപഥികരിൽ പ്രധാനി, ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷന്റെ (ഇപ്റ്റ) ആദ്യകാലസംഘാടകരിൽ ഒരാൾ, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ, സോഷ്യലിസ്റ്റ് ചേരിയുടെ അടിപതറാത്ത സുഹൃത്ത്, മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ഉജ്ജ്വലനായ വക്താവു എന്നിങ്ങനെ അബ്ബാസിന്റെ വാസനകളെയും പ്രവർത്തന മണ്ഡലങ്ങളേയും എണ്ണിതിട്ടപ്പെടുത്താൻതന്നെ പാടാണ്.

ഇതിൽ ഏതെങ്കിലും ഒരു രംഗം മാത്രമെടുത്താൽ ആ രംഗത്തെ അത്യുന്നതനായിരുന്നു അബ്ബാസ് എന്നു പറഞ്ഞുകൂടാ. സാഹിത്യരംഗത്ത് തന്റെ ആരാധനാപാത്രമായ പ്രേംചന്ദിനോടോ സുഹൃത്തുക്കളായ കിഷൻചന്ദറോടൊ അലി സർദാർ ജാഫ്രിയോടോ ഒപ്പം എത്താൻ അബ്ബാസിന് കഴിഞ്ഞിട്ടില്ല. ചലച്ചിത്ര രംഗത്ത് ബിമൽറോയ്, സത്യജിത്റേ, മൃണാൾസെൻ എന്നിവരുടെ പടവിൽ അബ്ബാസിനെ ആരും ഉയർത്തിക്കെട്ടുകയില്ല. പത്രപ്രവർത്തന രംഗത്തും അബ്ബാസിനെ പിന്തള്ളിയ ചിലരെയെങ്കിലും അദ്ദേഹത്തിന്റെ സമകാലികരിൽ നിന്നു് തിരഞ്ഞെടുത്ത് ഉയർത്തിക്കാട്ടാൻ കഴിഞ്ഞേക്കും. എന്നാൽ അബ്ബാസിനെ ശ്രദ്ധേയനും

അവിസ്മരണീയനുമാക്കുന്നതു് മേൽ വിവരിച്ച ഒരു ഡസനോളം വിവിധരംഗങ്ങളിൽ ഒരേ സമയത്ത് അദ്ദേഹം കൈവരിച്ച നേട്ടങ്ങളും സർവ്വോപരി രാഷ്ട്രത്തോടും അധ:സ്ഥിതരോടും വിശ്വമാനവികതയോടും അദ്ദേഹം അന്ത്യശ്വാസംവരെ പുലർത്തിപ്പോന്ന പ്രതിജ്ഞാബദ്ധതയുമാണു്. ആത്മാർത്ഥത, സത്യസന്ധത, ശുദ്ധത എന്നിവ ഒരു വ്യക്തി, പൗരൻ, എഴുത്തുകാരൻ, കലാകാരൻ എന്നീ വിവിധ നിലകളിലും അബ്ബാസിന്റെ മുഖമുദ്രയായിരുന്നു. 1977-ൽ പ്രസിദ്ധീകരിക്കപ്പെട്ട അബ്ബാസിന്റെ ആത്മകഥതന്നെ അതിനു തെളിവാണ്.

'ഞാനൊരു ദ്വീപല്ല, ആത്മകഥയിൽ ഒരു പരീക്ഷണം'
(*I AM NOT AN ISLAND AN EXPERIMENT IN AUTOBIOGRAPHY*)

എന്നാണ് അതിന്റെ പേർ. 'ഞാനൊരു ദ്വീപല്ല' എന്ന ഈ തലവാചകം അബ്ബാസ് സ്വീകരിച്ചത്, 17-ാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് മഹാകവി ജോൺ ഡോണിന്റെ പ്രസിദ്ധമായ ഒരു കവിതാശകലത്തിൽനിന്നാണ്. ആത്മകഥയുടെ ആപ്തവാക്യമായി അദ്ദേഹം ആദ്യമേ അത് ഉദ്ധരിച്ചു ചേർക്കുന്നു.

No man is an island entire of itself.
Everyman is a piece of the Continent.....
Every man's death diminishes me
Because I am involved in Mankind.
And, therefore, never send to know for whom the bell tolls,
It tolls for thee

സാരം: ഒരുവനും സ്വയം ഒറ്റപ്പെട്ട ദ്വീപല്ല. ഒരോ മനുഷ്യനും സമഗ്രമായ സമൂഹത്തിന്റെ ഘടകമാണ്. ഏതൊരുവന്റെ മരണവും എന്നിൽ അത്രയ്ക്ക് നഷ്ടം വരുത്തുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ മനുഷ്യസമൂഹത്തിൽ മുഴുകിയിരിക്കുന്നു. അതുകൊണ്ട് മരണമണി മുഴങ്ങുമ്പോൾ അതാർക്കുവേണ്ടിയാണ് എന്നു അന്വേഷിക്കാൻ ആളെ അയയ്ക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അതു് മുഴങ്ങുന്നതു് എനിക്കുവേണ്ടിത്തന്നെ.

(സ്പാനിഷ് ആഭ്യന്തരയുദ്ധത്തെക്കുറിച്ച് ഏണസ്റ്റ് ഹമ്മിങ്ങ്വേ എഴുതിയ പ്രശസ്തമായ മണി മുഴങ്ങുന്നത് ആർക്കുവേണ്ടി എന്ന ആഖ്യായികയുടെ തലവാചകവും ഈ പദ്യശകലത്തിൽനിന്നാണു് കടംകൊണ്ടിട്ടുള്ളത് എന്നു കാണുക)

ഏതു രംഗത്തിൽ പ്രവർത്തിക്കുമ്പോഴും എന്തൊക്കെ പ്രകോപനം ഉണ്ടാകുമ്പോഴും രാഷ്ട്രീയത്തിലും മറ്റും ഗതിവിഗതികൾ അനുഭവപ്പെടുമ്പോഴും ഈ അടിസ്ഥാനപരമായ ആദർശത്തിൽനിന്നും പ്രതിജ്ഞാബദ്ധതയിൽനിന്നും വഴുതിപ്പോയിട്ടില്ലായെന്ന

താണു് അബ്ബാസിനെ അനേകായിരങ്ങളുടെ ആരാധനാവിഗ്രഹവും സ്നേഹപാത്രവും ആക്കിത്തീർത്തതു്.

II

അബ്ബാസിന്റെ ആദർശപ്രേമവും കലാവാസനയും പാരമ്പര്യമുറയ്ക്ക് കിട്ടിയതാണു് എന്നു സാധാരണ പറയാറുണ്ട്. അദ്ദേഹത്തിന്റെ പിതാമഹൻ മൗലാനാ അൽത്താഫ് ഹുസൈൻ ഹലി പ്രശസ്തനായ ഒരു ദേശാഭിമാനിയും പ്രസിദ്ധനായ ഒരു കവിയും വിവാദങ്ങൾ ക്ഷണിച്ചുവരുത്തിയ ഒരു സാമൂഹ്യപരിഷ്കർത്താവും ആയിരുന്നു. 13-ാം നൂറ്റാണ്ടിൽ ദൽഹിയിൽ ഭരണം നടത്തിവന്ന ഘിയാസുദീൻ ബെൽബാനോടൊപ്പം തുർക്കിസ്ഥാനിൽ നിന്നും അഫ്ഗാനിസ്ഥാനിൽ നിന്നും കുടിയേറിപ്പാർത്ത നീണ്ടകാല ചരിത്രമുള്ള ഒരു കുടുംബമാണ് അബ്ബാസിന്റേതു്. ദൽഹിയിൽ നിന്നു് 60 നാഴിക അകലെ ഇപ്പോഴത്തെ ഹരിയാണാ സംസ്ഥാനത്തിൽ ചരിത്രപ്രസിദ്ധമായ പാനിപ്പത്തിലാണു അബ്ബാസിന്റെ മൂലകുടുംബവും ജനനവും. ഖാജാ എന്നതു അഫ്ഗാൻ കാലംതൊട്ടേയുള്ള മാടമ്പിസ്ഥാനത്തിന്റെ അവശിഷ്ട ബിരുദമാണു്. സ്ക്കൂൾ വിദ്യാഭ്യാസം പാനിപ്പത്തിൽതന്നെ പൂർത്തിയാക്കിയ ശേഷം ഉപരിവിദ്യാഭ്യാസത്തിനായി അക്കാലത്തെ സമ്പന്ന മുസ്ലീം യുവാക്കളെപ്പോലെ അബ്ബാസും അലിഗർ സർവകലാശാലയിൽ ചേർന്നു. ഇന്നത്തെപ്പോലെ അന്നും അലിഗർ സർവകലാശാലയിലെ അധ്യാപകരും വിദ്യാർത്ഥികളും പരസ്പരം കടുത്ത ശത്രുതയോടെ പെരുമാറുന്ന രണ്ടു ചേരികളിലായിരുന്നു. കടുത്ത വർഗ്ഗീയവാദികളുടെയും യാഥാസ്ഥിതികന്മാരുടെയും ഒരു ചേരി. ദേശീയവാദികളുടെയും പുരോഗമനവാദികളുടെയും മറുചേരി. ഈ രണ്ടാമത്തെ ചേരിയിൽ ഇടതുപക്ഷ കോൺഗ്രസ്സുകാർക്കും കമ്യൂണിസ്റ്റുകാർക്കുമായിരുന്നു മുൻതൂക്കം. അബ്ബാസ് രണ്ടാമത്തെ ചേരിയിലാണു് ചേർന്നു നിന്നതു്.

1935-ൽ പഠിത്തം പൂർത്തിയാക്കി ഒരു പത്രപ്രവർത്തകനായി 'ബോംബെ ക്രോണിക്കിൾ' എന്ന ദേശീയ ദിനപ്പത്രത്തിൽ ചേർന്നു. ബി. ജി. ഹോർണിമാൻ എന്ന പ്രശസ്ത പത്രാധിപരുടെ നേതൃത്വത്തിൽ 'ബോംബെ ക്രോണിക്കിൾ' ദേശീയ സ്വാതന്ത്ര്യ സമരത്തിന് നൽകിയ സംഭാവനയും അതിനുവേണ്ടി സഹിച്ച യാതനകളും കുറച്ചൊന്നുമല്ല. അതുകൊണ്ട് ഒരു തൊഴിൽ എന്ന നിലയിൽ മാത്രമല്ല ദേശസേവനം എന്ന ലക്ഷ്യംകൂടി ക്രോണിക്കിളിൽ ചേരാൻ അബ്ബാസിനെ പ്രേരിപ്പിച്ചു. അക്കാലത്തും പിൽക്കാലത്തും അബ്ബാസിന്റെ ആരാധനാപുരുഷൻ ജവഹർലാൽ നെഹ്റു ആയിരുന്നു. പിൽക്കാലത്തു ചിലപ്പോഴൊക്കെ നെഹ്റുവിന്റെ നയങ്ങളോട് ഇടയേണ്ടിവന്നിട്ടുണ്ടെങ്കിലും അബ്ബാസ് മൗലികമായി മരണപര്യന്തം ഒരു നെഹ്റുപക്ഷപാതിയായിരുന്നു.

ഒരു കാലത്ത് നെഹ്റുവിന്റെ മുതലാളിത്ത ചായ്വുകളിൽ മനംനൊന്ത അബ്ബാസ് 'ജവഹർ നെഹ്റുവിനോടു്' എന്ന ഒരു വിമർശന ലേഖന പരമ്പര തന്നെ തന്റെ സ്ഥിരം പംക്തിയിലൂടെ പ്രസിദ്ധീകരിക്കുകയുണ്ടായി. പണ്ടുകാലത്ത് നെഹ്റു യുവാവായിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് പിൽക്കാലത്തെ അപഥസഞ്ചാരത്തെ വിമർശിക്കുകയായിരുന്നു ഈ പരമ്പരയുടെ ലക്ഷ്യം. 'ബോംബെ ക്രോണിക്കിളി'ൽ ആയിരുന്ന കാലത്ത് അതിന്റെ ഞായറാഴ്ച പതിപ്പിൽ ആണു് പിൽക്കാലത്ത് പേരെടുത്ത അബ്ബാസിന്റെ അവസാനപുറം (ലാസ്റ്റ് പേജ്) എന്ന പംക്തി ആരംഭിച്ചത്. ബോംബെ ക്രോണിക്കിളിന്റെ അന്നത്തെ പത്രാധിപരായിരുന്ന ദേശീയ മുസ്ലീം നേതാവ് സയദ് അബ്ദുൽ ബ്രെൽവി എല്ലാ വിധത്തിലും അബ്ബാസിന്റെ പത്രപ്രവർത്തന ഗുരുനാഥനായിത്തീർന്നു. 1947-ൽ ക്രോണിക്കിൾ നിന്നു പോയപ്പോൾ അബ്ബാസിന്റെ പംക്തിക്ക് 'ബ്ലീറ്റ്സ്' വാരിക ആതിഥ്യം നൽകി. മരിക്കുന്നതിനു ഏതാനും വാരം മുമ്പ് രോഗശയ്യയിൽ പതിക്കുന്നതു വരെ സുമാർ 40 വർഷക്കാലം അബ്ബാസ് ഈ പംക്തി മുടക്കംകൂടാതെ തുടർന്നു.

III

1936-ൽ പ്രേംചന്ദിന്റെ അദ്ധ്യക്ഷതയിൽ ലക്നൗവിൽ വെച്ചു ചേർന്ന യോഗത്തോടുകൂടി ആരംഭിച്ച പുരോഗമനസാഹിത്യ സംഘവുമായി (പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷൻ) അബ്ബാസ് തുടക്കം തൊട്ടേ ബന്ധപ്പെട്ടു. ലഖ്നൗ സമ്മേളനത്തിൽ അന്നു് 22 വയസ്സ് മാത്രം പ്രായമായിരുന്ന അബ്ബാസ് പങ്കെടുത്തിരുന്നില്ലായെങ്കിലും ഒന്നുരണ്ടുവർഷത്തിനകം തന്നെ ബന്ധമാരംഭിച്ചു. ആയിടക്ക് അബ്ബാസ് ആദ്യമായി എഴുതിയ ഉറുദു ചെറുകഥ അന്നു് ലണ്ടനിൽ ആയിരുന്ന ഡോക്ടർ മുൽക്കരാജ് ആനന്ദിന്റെയും സജ്ജാദ് സഹീറിന്റെയും ശ്രദ്ധയിൽപ്പെടുകയും അവർ അതു് വിവർത്തനം ചെയ്തു് 'ന്യൂ ഇന്ത്യൻ ലിറ്ററേച്ചർ' എന്ന ഒരു പുരോഗമന കാലികത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അപ്രതീക്ഷിതമായി കൈവന്ന ഈ അംഗീകാരം യുവാവായ അബ്ബാസിനെ ആവേശം കൊള്ളിച്ചു. അധികം താമസിയാതെ തന്നെ പുരോഗമന സാഹിത്യസംഘത്തിന്റെ രേഖകളും പ്രസിദ്ധീകരണങ്ങളും അബ്ബാസിനു് കിട്ടിത്തുടങ്ങി. പില്കാലത്ത് ഭാരതീയ വിപ്ലവസാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച കിഷൻചന്ദർ, സജ്ജാദ് സഹീർ, അലിസർദാർ ജാഫ്രി, കൈഫി ആസ്മി, രാജീന്ദർസിങ്ങ് ബേഡി, മുൽക്കരാജ് ആനന്ദ് തുടങ്ങിയ വരുമായി പരിചയപ്പെടാനും കഴിഞ്ഞു. അന്നു ഇംഗ്ലണ്ടിലായിരുന്ന മുൽക്കരാജ് ആനന്ദ് തൊട്ടുകൂടാത്തവൻ (അൺടച്ചബിൾ) എന്ന തന്റെ പ്രഥമ ഇംഗ്ലീഷ് നോവൽകൊണ്ടുതന്നെ ഇന്ത്യയിലും

യൂറോപ്പിലും പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. പരേതനായ സജ്ജാദ് സഹീർ കവിയും നിരൂപകനും രാഷ്ട്രീയ നേതാവുമായി. അദ്ദേഹം ഇന്ത്യാ വിഭജനത്തിനു ശേഷം പാക്കിസ്ഥാൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ സെക്രട്ടറി എന്ന നിലയിൽ സഹിച്ച യാതനകൾക്ക് അതിരില്ല. കിഷൻചന്ദർ ആധുനിക ഉറുദുസാഹിത്യത്തിലെ അതികായകനായ ആഖ്യായികാകാരനും കഥാകാരനുമായി. അലി സർദാർ ജാഫ്രി ഇപ്പോഴും ജീവിച്ചിരിക്കുന്ന ഉന്നതനായ ഉറുദു കവിയാണ്. ഇവർ മിക്കവരും കമ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളോ അനുഭാവികളോ ആയിരുന്നു. ഈ സുഹൃത്തുക്കളുമായിട്ടുള്ള അടുപ്പം അബ്ബാസിനെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തോടു വളരെ അടുപ്പിച്ചുവെങ്കിലും അബ്ബാസ് ഒരിക്കലും പാർട്ടിയിൽ അംഗമായിരുന്നിട്ടില്ല. എങ്കിലും കമ്മ്യൂണിസ്റ്റുകാരൊഴിച്ച് പലരും തന്നെ കമ്മ്യൂണിസ്റ്റായി കരുതാറുണ്ട് എന്ന് അബ്ബാസ് ആത്മകഥയിൽ നർമ്മബോധത്തോടെ പറയുന്നുണ്ട്. ഒരിക്കൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു തന്നെ അബ്ബാസിനോടു് ഇക്കാര്യം പറഞ്ഞു. മൊറാർജി ദേസായിയുടെ അഭിപ്രായത്തിൽ അബ്ബാസ് അടിയുറച്ച കമ്മ്യൂണിസ്റ്റുകാരനും പാർട്ടിമെമ്പറും ആണെന്നു പറഞ്ഞുകൊണ്ട് അത് ശരിയാണോ എന്നു് ജവഹർലാൽ നെഹ്റു ചോദിച്ചു. ശരിയല്ല എന്നു് ഉറപ്പിച്ചു പറഞ്ഞശേഷം തന്റെ വാക്കു് വിശ്വസിക്കുന്നുണ്ടോ എന്നു് അബ്ബാസ് ആരാഞ്ഞപ്പോൾ നെഹ്റു നൽകിയ രസകരമായ മറുപടി ഇതാണു്.

'നിങ്ങൾ ഒരു കമ്മ്യൂണിസ്റ്റല്ലായെന്ന് നിങ്ങൾ പറയുന്നതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിതത്തിൽ വളരെയേറെ കമ്മ്യൂണിസ്റ്റുകാരെ അറിയാൻ എനിക്ക് ഇടവന്നിട്ടുണ്ട്. അവരുടെ അനേകം പോരായ്മകളെപ്പറ്റിയും എനിക്ക് അറിയാം. അവർ പലപ്പോഴും കടുത്ത അഭിപ്രായങ്ങൾ വച്ചുപുലർത്തുന്നവരും തലക്കനം പിടിപെട്ടവരുമാണു്. എന്നാൽ താൻ കമ്മ്യൂണിസ്റ്റാണ് എന്ന് പറയാൻ ലജ്ജിക്കുന്ന ഒരു കമ്മ്യൂണിസ്റ്റിനേയും ഇതുവരെ കണ്ടിട്ടില്ല. അതുകൊണ്ട് നിങ്ങൾ കമ്മ്യൂണിസ്റ്റല്ലായെന്നു പറയുന്നതിനാൽ, എന്നെ സംബന്ധിച്ചിടത്തോളം നിങ്ങളൊരു കമ്മ്യൂണിസ്റ്റല്ല എന്നു് ഞാൻ വിശ്വസിക്കുന്നു.'

പക്ഷെ എത്ര പറഞ്ഞാലും വിശ്വസിക്കാത്ത ചിലരുണ്ട്; മൊറാർജി ദേസായിയെപ്പോലുള്ള പമ്പരവിരുദ്ധർ. കമ്മ്യൂണിസം ഇന്ത്യയിൽ എന്ന 1950-കളിലെ വളരെയേറെ പ്രചാരം ലഭിച്ച കാലിഫോർണിയാ സർവ്വകലാശാലാ ഗ്രന്ഥത്തിൽ അതിന്റെ കർത്താക്കളായ ജെനി ഓവർസ്ട്രീറ്റും മാർഷൽ വിൻഡ്മില്ലറും ഉറപ്പിച്ചു എഴുതുന്നത് ഇങ്ങനെയാണു്:'കരഞ്ഞിയേക്കാൾ രസകരമാണു് പത്രപ്രവർത്തകനും ഗ്രന്ഥകാരനും തിരക്കഥാകൃത്തും ആയ കെ. എ. അബ്ബാസിന്റെ കാര്യം. പല കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകളു

മായും വളരെക്കാലമായി ബന്ധം പുലർത്തിപ്പോന്നിട്ടുള്ള അബ്ബാസ് താനൊരു കമ്മ്യൂണിസ്റ്റല്ലെന്നു ആണു് അവകാശപ്പെടുന്നത്. എന്നാൽ സി. പി. ഐ. യുടെ (പാർട്ടി പിളരുന്നതിനു മുമ്പാണു ഈ പുസ്തകം പുറത്തുവന്നത്- പി. ജി.) നയരൂപീകരണത്തിൽ മാത്രമല്ല, സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ സ്വാധീനം ചെലുത്തുന്നതിലും അബ്ബാസ് നല്ലൊരു പങ്ക് വഹിക്കാൻ ശ്രമിക്കുന്നുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല.

ഈ അമേരിക്കൻ വിദഗ്ധന്മാരുടെ അഭിപ്രായം ഉദ്ധരിച്ചതിനുശേഷം അബ്ബാസ് വായനക്കാരോട് അഭ്യർത്ഥിക്കുന്നു:

'ചിരിക്കല്ലേ, ദയവായി'!

അബ്ബാസ് ഒരിക്കലും ഒരു കമ്മ്യൂണിസ്റ്റായിരുന്നിട്ടില്ലായെന്നു നേരത്തെ പറഞ്ഞുവല്ലോ. അദ്ദേഹവും അതിൽ എതിർപ്പ് പ്രകടിപ്പിക്കുമായിരുന്നില്ല. എങ്കിലും താനൊരു സോഷ്യലിസ്റ്റും മാർക്സിസ്റ്റുമാണ് എന്ന് അദ്ദേഹം അവകാശപ്പെടാറുണ്ടു്. വാസ്തവത്തിൽ അദ്ദേഹം ആത്മാർത്ഥതയുള്ള ഒരു ഇടതുപക്ഷ ദേശീയവാദിയായിരുന്നു എന്നതാണു് സത്യം. കമ്മ്യൂണിസ്റ്റ്കാർ തന്നെ പെറ്റിബൂർഷ്വാ എന്നു് ആക്ഷേപിക്കാറുണ്ട് എന്നു് അല്പം പരിഭവത്തോടെയും അല്പം നർമ്മബോധത്തോടെയും പറയാറുള്ള അബ്ബാസിന്റെ രാഷ്ട്രീയ നിലപാടുകളിൽ പലപ്പോഴും ഈ പെറ്റിബൂർഷ്വാ ചാഞ്ചാട്ടം ഉണ്ടായിരുന്നു എന്നു നിഷേധിക്കാനാവില്ല. അടിയന്തിരാവസ്ഥയെ എതിർത്തവരെ അധിക്ഷേപിക്കാൻ അദ്ദേഹം മടിച്ചില്ല. മൊറാർജി ദേസായിക്ക് അബ്ബാസ് എന്നപോലെ അബ്ബാസിനു് ദേസായിയും പരസ്പരം കണ്ടുകൂടാത്ത ചതുർത്ഥിയായിരുന്നു. അതുകൊണ്ട് 1977 ലെ കേന്ദ്രഭരണ മാറ്റത്തിന്റെ പരിമിതമായ ക്രിയാത്മകവശങ്ങൾ പോലും കാണാൻ അബ്ബാസിനു് കഴിഞ്ഞില്ല. 1980-ൽ ഇന്ദിരാഗാന്ധി വീണ്ടും പ്രധാനമന്ത്രിയായപ്പോൾ ആവേശംകൊണ്ടു തുള്ളിച്ചാടിയ അബ്ബാസ് എഴുതിയ പുസ്തകത്തിന്റെ വികാരനിർഭരമായ നാമധേയം 'ചുവന്ന റോസാപ്പൂവിന്റെ തിരിച്ചുവരവ്' (റിട്ടേൺ ഓഫ് ദ റെഡ് റോസ്) എന്നായിരുന്നു. നെഹ്റു കുടുംബവാഴ്ചയോടും സന്താന പരമ്പരയോടും ഉള്ള ഈ അന്ധമായ കൂറ് അബ്ബാസിനെ പലപ്പോഴും പരിഹാസപാത്രമാക്കിയിട്ടുണ്ട്. എങ്കിലും പല ഘട്ടങ്ങളിലും നെഹ്റുവിനേയും ഇന്ദിരാഗാന്ധിയേയും ഓരോ പ്രശ്നങ്ങളിൽ വിമർശിക്കാൻ അദ്ദേഹം മടിച്ചിട്ടുമില്ല.

1948-50 കാലത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനെതിരെ നെഹ്റുഗവൺമെന്റ് ഭീകരമായ അർദ്ധഫാർസിസ്റ്റ് തേർവാഴ്ച നടത്തിയപ്പോൾ കേരളത്തിലെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലെപ്പോലെ അഖിലേന്ത്യാപ്രസ്ഥാനത്തിലും കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റിതരും തമ്മിൽ ഭിന്നത പൊട്ടിപ്പുറ

പ്പെടുകയും സംഘടന ഉലയുകയും ചെയ്തു. അക്കാലത്ത് പുരോഗമന സാഹിത്യകാര സംഘടനയിൽനിന്നും ഇപ്റ്റയിൽ നിന്നും 'വരട്ടുതത്വവാദികളും അസഹിഷ്ണുക്കളും' ആയ കമ്മ്യൂണിസ്റ്റുകാർ തന്നെ പുറത്താക്കിയെന്ന് അബ്ബാസ് ചിലപ്പോഴൊക്കെ പറയാറുണ്ട്. അതിന്റെ വിശദ വിവരം അറിവില്ല. ഒരു പക്ഷേ അന്നത്തെ സാഹചര്യത്തിൽ അങ്ങനെ സംഭവിച്ചിരിക്കാൻ ഇടയുണ്ട്. ഏതായാലും അധികം താമസിയാതെ കമ്മ്യൂണിസ്റ്റുകാർ പശ്ചാത്താപത്തോടെ തന്നെ വീണ്ടും ഈ സംഘടനകളിൽ പങ്കെടുപ്പിച്ചു തുടങ്ങിയെന്നും അബ്ബാസ് സമ്മതിക്കുന്നു.

ഇത്തരം അസ്വരസങ്ങളും ഭിന്നതകളും അബ്ബാസിനെ ഒരിക്കലും കമ്മ്യൂണിസ്റ്റ് വിരുദ്ധൻ ആക്കിയിട്ടില്ല. മറ്റു പല സാഹിത്യകാരന്മാരും രാഷ്ട്രീയക്കാർ തന്നെയും ന്യായമായോ അന്യായമായോ സംഭവിക്കുന്ന നീരസങ്ങളേയും ഭിന്നതകളേയും മുൻനിർത്തി കമ്മ്യൂണിസ്റ്റ്വിരുദ്ധരും അമേരിക്കൻ പ്രേമികളും സോവിയറ്റ് ശത്രുക്കളും ആയിത്തീരുന്നതു സാധാരണയാണു്. എന്നാൽ അത്തരം അൽപത്വത്തിനു ഒരിക്കലും വഴങ്ങിയിട്ടില്ലയെന്നതാണു് അബ്ബാസിനെ മറ്റു പലരിൽ നിന്നും വേർതിരിച്ച് നിർത്തുന്ന മഹനീയത. അമേരിക്കൻ സാമ്രാജ്യത്വത്തിനും ആയുധപ്പന്തയത്തിനും യുദ്ധവെറിക്കും വർണ്ണവിവേചനത്തിനും എതിരെ അദ്ദേഹത്തിന്റെ മൂർച്ചയേന്തിയ തൂലിക എക്കാലത്തും വിട്ടുവീഴ്ചയില്ലാതെ പടവെട്ടി. കമ്മ്യൂണിസ്റ്റുകാർക്കെതിരെയുള്ള മർദ്ദന നടപടികളെ ഒരുകാലത്തും അദ്ദേഹം എതിർക്കാതിരുന്നിട്ടില്ല. സമാധാനപ്രസ്ഥാനം, ഇന്തോ-സോവിയറ്റ് സൗഹൃദ പ്രസ്ഥാനം,ഇന്തോ-ചൈനാ സൗഹൃദ സംഘടന എന്നിവയുടെയെല്ലാം സഹായിയും ഭാരവാഹിയുമായിരുന്നു അബ്ബാസ്. ഒരിക്കൽ കമ്മ്യൂണിസ്റ്റുകാരുടെ കുറ്റവും കുറവും വിവരിച്ച നെഹ്റുവിനോട് അബ്ബാസ് പറഞ്ഞ കാര്യം രസകരമാണു്. അബ്ബാസ് പറഞ്ഞു:

'മൂന്നു ഇനങ്ങളിൽപെട്ട കമ്മ്യൂണിസ്റ്റുകാരുണ്ട്. ഓരോ കൂട്ടരും ഒന്നൊന്നിന് മോശം. കമ്മ്യൂണിസ്റ്റുകാർ മോശക്കാരാണ്. അതിലും മോശക്കാരാണു് മുൻ കമ്മ്യൂണിസ്റ്റുകൾ, ഈ രണ്ടുകൂട്ടരുടേയുംകാൾ മോശപ്പെട്ടവരാണു് കമ്മ്യൂണിസ്റ്റ് വിരുദ്ധർ'.

അബ്ബാസിന്റെ ഈ നർമ്മപ്രയോഗത്തിൽ പങ്കുചേരാനോ ചിരിക്കാനോ നമുക്ക് കഴിഞ്ഞില്ലെന്നു് വരാം. എന്നാൽ അതിൽ എക്സ് കമ്മ്യൂണിസ്റ്റുകളെയും ആന്റീ കമ്മ്യൂണിസ്റ്റുകളെയും കുറിച്ചുള്ള പ്രയോഗം കുറിക്കുകൊള്ളുന്നു എന്നു മാത്രമല്ല ആ വകുപ്പുകളിൽ പെടാൻ താൻ ആഗ്രഹിക്കുന്നില്ല എന്ന അബ്ബാസിന്റെ പ്രഖ്യാപനം അദ്ദേഹത്തെ മനസ്സിലാക്കാൻ ഉപകരിക്കുകയും ചെയ്യുന്നു. മൂന്നു തരക്കാരായ കമ്മ്യൂണിസ്റ്റ്കാരെക്കുറിച്ചുള്ള അബ്ബാസിന്റെ വ്യാഖ്യാനം കേട്ട നെഹ്റു കുറേനേരം നിയന്ത്രണമില്ലാതെ പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നുവത്രേ.

IV

ഭാവി തലമുറ അബ്ബാസിനെ ഓർക്കുക അദ്ദേഹം സാഹിത്യ രംഗത്തും സിനിമാരംഗത്തും നൽകിയ സംഭാവനകളെ മുൻനിർത്തിയായിരിക്കും. ഇംഗ്ലീഷിലും ഉറുദുവിലുമായി എഴുപതോളം പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. അവയിൽ പലതും വിവിധ ഇന്ത്യൻ ഭാഷകളിലേക്കും ചില വിദേശ ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുമുണ്ട്. അദ്ദേഹത്തിന്റെ നോവലുകളിൽ ഏറ്റവും പ്രസിദ്ധമായത് 'ഇങ്കിലാബ്' എന്ന നോവലാണു്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തേയും സ്വാതന്ത്ര്യ പ്രാപ്തിയേയും പശ്ചാത്തലമാക്കി രചിച്ചിട്ടുള്ള ഈ നോവൽ സ്വാതന്ത്ര്യാനന്തര കാലത്തെ ഉത്തമകൃതികളിൽ ഒന്നാണ്. 'സാഫ്രാൻ കെ ഫൂൽ', 'മേ കോൻ ഹൂ', 'സാത് ഹിന്ദുസ്ഥാനി' 'ഏക് ലഡ്കി' മുതലായവ അദ്ദേഹത്തിന്റെ മറ്റു കഥാ ഗ്രന്ഥങ്ങളാണു. രാഷ്ട്രീയവും സാമൂഹ്യവുമായ പുരോഗമന ലക്ഷ്യബോധം അദ്ദേഹത്തിന്റെ കഥകൾക്ക് പരിവേഷം നൽകുന്നു. ഇവയിൽ ചിലതെല്ലാം അദ്ദേഹം പിൽക്കാലത്തു് അഭ്രപാളികളിലേക്കു് പകർത്തുകയുണ്ടായി. ഇംഗ്ലീഷിൽ അദ്ദേഹം എഴുതിയ പുസ്തകങ്ങളിൽ പ്രധാനം നേരത്തെ പരാമർശിച്ച ആത്മകഥയും 'റോസാപ്പൂവും' ഒഴിച്ചാൽ ക്രൂഷോവിന്റെയും ബഹിരാകാശസഞ്ചാരി ഗഗാറിന്റെയും ജീവചരിത്രങ്ങളാണു്. 'ദി മാഡ്' 'മാഡ് വേൾഡ് ഓഫ്' ഇന്ത്യൻ സിനിമ ഇന്ത്യൻ സിനിമയുടെ അകവും പുറവും സംബന്ധിച്ച ഒരു വിമർശനഗ്രന്ഥമാണു്. ഇന്ദിരാഗാന്ധിയെപ്പറ്റി മറ്റൊരു പുസ്തകം കൂടി അദ്ദേഹം എഴുതിയിട്ടുണ്ട്: 'ദാറ്റ് വുമൺ'.

പതിനേഴ് മുഴുനീള കഥാചിത്രങ്ങളും (ഫീച്ചർ ഫിലിംസ്) അനവധി ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും എടുത്തിട്ടുള്ള അബ്ബാസ് സിനിമാരംഗത്തേക്കു് പിച്ചക്കാൽ വച്ചത് 'ബോംബെ ക്രോണിക്കിളി'ലെ യുവസിനിമാനിരൂപകനായിട്ടാണ്. അബ്ബാസിന്റെ നിശിതമായ തൂലികയുടെ വേദന അനുഭവിച്ച ചലച്ചിത്ര നിർമ്മാതാക്കളും സംവിധായകരും അഭിനേതാക്കളും ബോംബെ ക്രോണിക്കിളിനെതിരായി മുറവിളി കൂട്ടി. എന്നാൽ പത്രാധിപർ തന്റെ യുവനിരൂപകന്റെ ഭാഗത്തായിരുന്നതിനാൽ അബ്ബാസിനു് സ്ഥാനഭ്രംശം സംഭവിച്ചില്ല. അങ്ങനെയിരിക്കെയാണ് ഇപ്റ്റക്കു വേണ്ടി 1946-ൽ തന്റെ പ്രഥമചിത്രമായ 'ധർത്തീ കെ ലാൽ' (മണ്ണിന്റെ മക്കൾ) സംവിധാനം ചെയ്യാൻ അബ്ബാസിനു് സന്ദർഭം ലഭിച്ചത്. അബ്ബാസിന്റെ കഥാജീവിതത്തിൽ എന്നപോലെതന്നെ ഇന്ത്യയുടെ കലാചരിത്രത്തിലും അതൊരു സംഭവമായി.

1943-44-ൽ ബംഗാളിൽ നടന്ന ഭയങ്കരമായ ക്ഷാമബാധയെ അധികരിച്ചുകൊണ്ടുള്ള ആ ചിത്രം ഇന്ത്യയിലെ ആദ്യത്തെ റിയലിസ്റ്റ് ചലച്ചിത്രമാണു്. അതിൽ അഭിനയിച്ചവരോ മറ്റുതരത്തിൽ

സഹകരിച്ചവരോ ആരും പ്രൊഫഷണൽ കലാകാരന്മാരായി രുന്നില്ല. പില്ക്കാലത്തു ഇന്ത്യൻ ചലച്ചിത്രവേദിയിലും നാടകവേ ദിയിലും അതികായരായി ഉയർന്ന പലരും ഗണപതിക്ക് കുറിച്ചത് 'ധർത്തി കെ ലാലി'ലൂടെയാണ്. പ്രസിദ്ധ ബംഗാളി കമ്മ്യൂണിസ്റ്റ് നാടകകൃത്തായ ബിജോൻ ഭട്ടാചാര്യയുടെ 'നബാന്ന' (പുത്തരി), 'ജബൻ ബന്ദി', കിഷൻചന്ദറുടെ 'അന്ന ദാദ' എന്ന ചെറുകഥ എന്നിവയെ ഉപയോഗപ്പെടുത്തി അബ്ബാസ് എഴുതിയ തിരക്കഥ യാണു് 'ധർത്തി കെ ലാലി'നാധാരം. പ്രസിദ്ധ ഉറുദു കമ്യൂണിസ്റ്റ് കവി അലി സർദാർ ജാഫ്രിയും പ്രേംധവാനും എഴുതിയ ഗാനങ്ങൾക്ക് സംഗീതം നൽകിയത് രവിശങ്കറാണു്. അഭിനേതാ ക്കളിൽ എടുത്തുപറയേണ്ട പേരുകൾ ബൽരാജ് സാഹനി, ശംബുമിത്ര, ദമയന്തി സാഹനി. ഡേവീഡ്, കെ. എൻ. സിങ്ങ് തുടങ്ങിയവരാണു്. ഇവരിൽ പലരും ആദ്യമായിട്ടാണു ചലച്ചിത്ര രംഗത്ത് കാലുകുത്തിയത്. പില്ക്കാലത്ത് അവർ പ്രശസ്തരായി.

ബംഗാളിലെ ഭൂവുടമാവ്യവസ്ഥ, ദരിദ്രകർഷകരുടെ ഹൃദയ ഭേദകമായ ദുരിതാനുഭവങ്ങൾ, ജന്മിത്തചൂഷണം, കണ്ണിൽ ചോരയി ല്ലാത്ത സാമ്രാജ്യത്വനീതി മുതലായവയുടെ യഥാതഥവും വികാരതരളവും ആയ ചിത്രീകരണത്തിലൂടെ അബ്ബാസും ഇപ്റ്റയും ഇന്ത്യൻ സിനിമയും ചരിത്രത്തിൽ ഒരു പുതിയ അധ്യായം ഉദ്ഘാടനം ചെയ്തു. പാതാളഭൈരവിയും സീതാവനവാസവും രാജാ ഹരിശ്ചന്ദ്രയും ആധിപത്യം വഹിച്ചിരുന്ന 1940 കളിലെ ചലച്ചിത്രലോകത്തിൽ പരുപരുത്ത ജീവിതത്തിന്റെ ചുടുകാറ്റ് വീശിക്കൊണ്ടെത്തിയ 'ധർത്തീ കെ ലാൽ' ചിത്രപ്രേക്ഷകരുടെ അഭിരുചിയിൽ ഒരു വിപ്ലവത്തിന്റെ തുടക്കം കുറിച്ചു. ജീവിത ഗന്ധിയായ റിയലിസ്റ്റ് ചലച്ചിത്രങ്ങൾ ഇന്ത്യയിൽ പ്രത്യക്ഷ പ്പെടാൻ പിന്നെയും പല വർഷങ്ങൾ വേണ്ടി വന്നു. ബിമൽ റോയിയുടെ ദോ ബിഗാ സെമീൻ, സത്യജിത്ത്റേയുടെ 'പഥേർ പാഞ്ചാലി' തുടങ്ങി ഈ പ്രസ്ഥാനത്തിൽ നാഴികക്കല്ലുകളാ യിത്തീർന്ന പിൽക്കാല ചിത്രങ്ങൾ പുറത്തുവരാൻ 'ധർത്തീ കെ. ലാലി' നു ശേഷം പിന്നെയും ആറും എട്ടും വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു എന്നു പറയുമ്പോൾ അബ്ബാസിന്റെ യുഗപ്രാഭവത്വം നമുക്ക് ഊഹിക്കാം.

'ധർത്തീ കെ. ലാലി'നുശേഷം അബ്ബാസ് എടുത്ത അടുത്ത ചിത്രം രാഹി (1952) ആണു്. 'രാഹി' എന്നാൽ വഴിപോക്കൻ. ആസ്സാമിലെ ബ്രിട്ടീഷ് തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് മുൽക്ക് രാജ് ആനന്ദ് എഴുതിയ 'രണ്ടിലയും ഒരു മൊട്ടും' എന്ന നോവലാണു് ഇതിന്നാധാരം. ഇംഗ്ലീഷിലും ഹിന്ദിയിലും ഒരേ സമയം പിടിച്ച ഈ ചിത്രം പിന്നീട് റഷ്യനി ലേക്ക് ഡബ്ബു ചെയ്തു. സാർവ്വദേശീയ അംഗീകാരം കിട്ടിയ ഒരു

ചിത്രമാണിത്. 1954-ൽ ദരിദ്രരായ ബാലികാബാലന്മാരുടെ ജീവിതം ചിത്രീകരിക്കുന്ന 'മുന്ന' എന്ന ഒരു സിനിമ അബ്ബാസ് സംവിധാനം ചെയ്തു.

1963-ലെ ഏറ്റവും നല്ല കഥാചിത്രത്തിനുള്ള രാഷ്ട്രപതിയുടെ സുവർണ്ണമുദ്ര അബ്ബാസിന്റെ 'ശെഹർ ഔർ സപ്ന' (നഗരവും സ്വപ്നവും) എന്ന ചിത്രത്തിനാണുലഭിച്ചത്. ചെക്കോസ്ലോവാക്യയിലെ കാർലോവ് വരിയിൽ 1964-ൽ നടന്ന സാർവദേശീയ ചലച്ചിത്രോത്സവത്തിലും അത് പുരസ്കാരം നേടി. മറ്റു പല സമ്മാനങ്ങളും അതിനു ലഭിക്കുകയുണ്ടായി.

1969-ൽ ഗോവാ വിമോചനത്തെ അടിസ്ഥാനപ്പെടുത്തി രചിച്ച 'സാത് ഹിന്ദുസ്ഥാനി' (ഏഴുഇന്ത്യക്കാർ) ആ വർഷത്തെ ദേശീയോദ്ഗ്രഥനചിത്രത്തിനുള്ള പുരസ്കാരം നേടി. 1979 -ൽ അബ്ബാസ് നിർമ്മിച്ച 'നക്സലൈറ്റുകൾ' എന്ന ചിത്രവും ശ്രദ്ധേയമായി. നക്സലൈറ്റുകളുടെ നടപടികളെയും നയങ്ങളെയും അപലപിക്കുമ്പോൾത്തന്നെ ആ പ്രസ്ഥാനത്തിൽ കുടുങ്ങിപ്പോയ ചെറുപ്പക്കാരുടെ ദുരന്തത്തെ സഹാനുഭൂതിയോടെ നോക്കിക്കാണാനുള്ള യത്നമാണു് ഈ ചിത്രത്തിലുടെ അബ്ബാസ് നടത്തുന്നത്.

സോവിയറ്റ് യൂണിയനും ഇന്ത്യയും ചേർന്നു ഹിന്ദിയിലും റഷ്യയിലും പ്രത്യേകം പ്രത്യേകമായി രചിച്ച 'പരദേശി' എന്ന ചിത്രത്തിന്റെ രണ്ടു് സംവിധായകരിൽ ഒരാൾ അബ്ബാസ് ആയിരുന്നു. അനേകം നൂറ്റാണ്ടുകൾക്കു് മുമ്പ് ഇന്ത്യ സന്ദർശിച്ച അഫനാസി നികിതിൻ എന്ന റഷ്യൻ ലോക സഞ്ചാരിയുടെ കഥയാണു 'പരദേശി'ക്ക് ആസ്പദം.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ചൈനയിലേക്കു് അയച്ച ഇന്ത്യൻ വൈദ്യസഹായദൗത്യസംഘത്തിന്റെ ചരിത്രവും അതിലെ ഡോക്ടർ കൊട്ട്നീസിന്റെ രക്തസാക്ഷിത്വവും, ചിത്രീകരിക്കുന്ന ഡോക്ടർ കൊട്ട്നീസ് കി അമർ കഹാനി, രാജ്കപൂറിന്റെ പ്രസിദ്ധമായ 'അവാര', രാജ്കപൂറിന്റെ തന്നെ നാലുമണിക്കൂർ ചിത്രമായ 'ബോബി' തുടങ്ങി രണ്ടു ഡസനിലധികം ചിത്രങ്ങൾക്ക് അബ്ബാസ് തിരക്കഥയെഴുതിയിട്ടുണ്ട്. ചിൽഡ്രൻ ഫിലിം സൊസൈറ്റിക്കുവേണ്ടി അബ്ബാസ് രചിച്ച ബാലചിത്രങ്ങളാണ് 'ഏയ്ദ് മുബാറക്ക്'(1960)'ഭാരത് ദർശൻ' (1972), 'ലവനും കുശനും' മുതലായവ.

ദേശസ്നേഹിയും ഇടതുപക്ഷസുഹൃത്തും മതേതരത്വത്തിന്റെ ശക്തനായ വക്താവും സമാധാനത്തിന്റെ പ്രചാരകനും പ്രതിജ്ഞാബദ്ധനായ സാഹിത്യകാരനും പ്രതിഭാശാലിയായ ചലച്ചിത്രകാരനും ആയിരുന്നു കെ. എ. അബ്ബാസ്. ഇടതുപക്ഷ രാഷ്ട്രീയപ്രസ്ഥാനവും പുരോഗമന സാഹിത്യ കലാപ്രസ്ഥാനവും ആ മഹാന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ജെ. ബി. പ്രീസ്റ്റിലി:
ജനകീയ ബ്രിട്ടന്റെ മന:സാക്ഷി.

1984 ആഗസ്റ്റ് 14-ാം തീയതി തൊണ്ണൂറു തികയാൻ ഒരു മാസം ബാക്കിയുള്ളപ്പോൾ ജോൺ ബോയ്ൻടൻ പ്രീസ്റ്റിലി അന്തരിച്ചു. ജനനം 1894 സപ്തംബർ 13. അങ്ങനെ നോവൽ, ചെറുകഥ, നാടകം, ഉപന്യാസം, ജീവചരിത്രം, സാഹിത്യചരിത്രം, സാഹിത്യനിരൂപണം എന്നീ വിവിധ രൂപങ്ങളിൽപ്പെട്ട 109 പുസ്തകങ്ങൾ രചിക്കുകയും ഒരു പ്രേക്ഷപകൻ എന്ന നിലയിൽ വളരെയേറെ ജനപ്രീതി നേടുകയും ചെയ്ത പുരോഗമനവാദിയായ പ്രതിഭാശാലി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഉറച്ച ഒരു ഉല്പതിഷ്ണുവും സോഷ്യലിസ്റ്റ് പക്ഷപാതിയുമായ പ്രീസ്റ്റ്ലിയുടെ അന്തർധാനത്തോടെ 20-ാം നൂറ്റാണ്ടിന്റെ മധ്യ പാദങ്ങളിൽ ബ്രിട്ടീഷ് പൊതുജീവിതത്തിലും സാഹിത്യരംഗത്തും കലാപത്തിന്റെ കൊടി ഉയർത്തി, സാമ്രാജ്യവാദികളുടെ അഹന്തക്കും കാപട്യത്തിനും എതിരെ പോരാടിയ സോഷ്യലിസ്റ്റ് - ലിബറൽ - ജനാധിപത്യ തലമുറയാകെ മൺമറയുകയാണു്-എച്ച്. ജി. വെൽസ്, ബർട്രണ്ടു് റസ്സൽ, ജി. ഡി. എച്ച്. കോൾ, ഹാരോൾഡ് ലാസ്കി, ബർണാഡ്ഷാ. എച്ച്. എൻ ബ്രെയിൽസ് ഫോർഡ് തുടങ്ങിയ ആദർശശാലികളുടെ പിന്നാലെ, കമ്യൂണിസ്റ്റിതരരായ ഇവരുടെ നിരയിൽ കമ്യൂണിസ്റ്റ്കാരെ ഉൾപ്പെടുത്തുന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യ ദുഷ്പ്രഭുത്വത്തിനും അവരുടെ കപട ജനാധിപത്യനാട്യങ്ങൾക്കും എതിരായ പൊരിഞ്ഞ പോരാട്ടത്തിനിടയിലും ഷേക്സ്പിയറുടെയും മിൽട്ടന്റെയും ബയറന്റെയും തോമസ് ചെയിന്റെയും വില്യം കോബറ്റിന്റെയും പാരമ്പര്യത്തെ നമ്മെ സജീവമായി ഓർമ്മിപ്പിച്ചുകൊണ്ടിരുന്നത് പ്രശസ്തരായ ഈ പ്രതിഭാശാലികളുടെ നിരയാണു്. ബ്രിട്ടീഷ് ജനകീയ പാരമ്പര്യത്തിന്റെ യഥാർത്ഥ മനസാക്ഷിയെ പ്രതിനിധീഭവിച്ചത് ഇവരായിരുന്നു. കേഴ്സനും ലിൻലിത്തുഡോയും ഒഡയറും ചർച്ചിലും ഏമറിയും മറ്റുമായിരുന്നില്ല.

കഴിഞ്ഞ നൂറ്റാണ്ടുകാലംകൂടാൻ കഷ്ടിച്ച് ആറുവർഷം അവശേഷിക്കുമ്പോൾ യോർക്കഷെയറിലെ ബ്രാഡ്ഫോർഡ് എന്ന ചെറുനഗരത്തിൽ താഴ്ന്ന ഒരിടത്തരം കുടുംബത്തിലെ സ്ക്കൂൾ അധ്യാപകന്റെ മകനായി പിറന്ന ജോൺ ബോയ്ന്ടൻ സ്ഥലത്തെ ഒരു സാധാരണ വിദ്യാലയത്തിൽ പഠനം പൂർത്തിയാക്കിയപ്പോഴേക്കും പിതൃഭൂമി ആ 18 കാരന്റെ സേവനം ആവശ്യപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിൽ (1914-18) പടയാളിയായി പങ്കെടുക്കാൻ അയാൾ പഠനംനിറുത്തി. നാലുതവണ ഗുരുതരമായി മുറിവേറ്റെങ്കിലും ഇംഗ്ലീഷ്സാഹിത്യത്തിന്റെ ഭാഗ്യവശാൽ ആ മഹനീയജീവിതം നഷ്ടപ്പെട്ടില്ല. ആ യൗവനകാല യുദ്ധസ്മരണകൾ ഹൃദയ സ്പൃക്കായ ലേഖനത്തിലൂടെ അദ്ദേഹം അനശ്വരമാക്കി. അതോടെ യുദ്ധത്തിന്റെ ശത്രുവും സമാധാനത്തിന്റെ പ്രവാചകനുമായി മാറിയ പ്രീസ്റ്റ്ലി എൺപതാം കാലത്തെ അതിവാർദ്ധക്യകാലത്തും ബ്രിട്ടന്റെ അണ്വായുധ സജ്ജീകരണങ്ങൾക്കെതിരെ നീണ്ട സി. എൻ ഡി (കാമ്പയിൻ ഫോർ ന്യൂക്ലിയർ ഡിസാർമമെണ്ട്) മാർച്ചുകളിൽ പങ്കെടുത്തുപോന്നു-പ്രശസ്ത പുരാവസ്തു ശാസ്ത്രജ്ഞയും പത്നിയുമായ ജാക്വറ്റ ഹോക്സിന്റെ കൈപിടിച്ച് പരസഹസ്രം സമാധാന പ്രേമികളായ യുവാക്കളോടൊപ്പം.

പക്ഷേ യുദ്ധവിരുദ്ധനായ പ്രീസ്റ്റിലിക്ക് രണ്ടാം ലോകമഹായുദ്ധത്തിൽ (1939-45) നിന്നൊഴിഞ്ഞു നിൽക്കാൻ കഴിഞ്ഞില്ല. ആരുടെയും നിർബന്ധം കൊണ്ടല്ല- മാനവിക മനസാക്ഷിയുടെ ആഹ്വാനമനുസരിച്ച്. എല്ലാവിധ മാനവിക മൂല്യങ്ങൾക്കും ജനാധിപത്യ തത്വങ്ങൾക്കുമെതിരെ യുദ്ധം പ്രഖ്യാപിച്ച ഫാസിസ്റ്റ് ദുഷ്ടശക്തിക്കെതിരെ ലോക ജനതയോടൊപ്പം അണിനിരക്കാതിരിക്കാൻ ആ മനുഷ്യസ്നേഹിക്ക് കഴിഞ്ഞില്ല. 1930-കളിൽ ഫാസിസവും നാസിസവും അവയുടെ ബീഭൽസ മുഖം ഉയർത്തുകയും കരാളമായ മനുഷ്യക്കുരുതിയിൽ മുങ്ങിത്തുടിച്ചു മദിക്കുകയും ചെയ്തപ്പോൾ അത്യന്താധുനികസാഹിത്യമെന്ന വൈകൃതത്തിന്റെ സ്ഥാപകരും പ്രയോക്താക്കളുമായ ടി.എസ്. എലിയട്ടും ഡബ്ലിയു ബിയേറ്റ്സും എസ്രാ പൗണ്ടും മറ്റും ആ രാക്ഷസീയ ശക്തികളോട് അനുഭാവം പ്രകടിപ്പിച്ചു. എസ്രാപൗണ്ടു് യുദ്ധകാലത്ത് മുസ്സോളിനിക്കുവേണ്ടി റോമിൽനിന്ന് പ്രക്ഷേപണം വരെ ചെയ്തു. എന്നാൽ പ്രീസ്റ്റ്ലി പതറിയില്ല. ഫാസിസത്തിനും നാസിസത്തിനും എതിരെ അനുപമമായ തന്റെ ഭാഷാശൈലിയും ഹൃദയഹാരിയായ ശബ്ദവും ബി.ബി. സി. യിലൂടെ പ്രവഹിച്ചു. ബി.ബി. സി. യെന്നല്ല റേഡിയോ പ്രക്ഷേപണമെന്ന മാധ്യമം നിലനിൽക്കും വരെ വിസ്മൃതമാകാത്തതാണു പ്രീസ്റ്റ്ലിയുടെ അത്യുജ്ജ്വലമായ യുദ്ധകാലപ്രക്ഷേപണങ്ങൾ. എന്നാൽ അധികം താമസിയാതെ

സോഷ്യലിസ്റ്റ് ചായ്വ് കൂടിപ്പോയി എന്നാരോപിച്ച് ബി.ബി.സി. ലാവണത്തിൽ നിന്നദ്ദേഹം ബഹിഷ്കരിക്കപ്പെടുകയും ചെയ്തു. വാസ്തവത്തിൽ രണ്ടാം ലോകമഹായുദ്ധയത്നത്തിൽ നാസിസത്തിനും ഫാസിസത്തിനും എതിരെ പ്രീസ്റ്റ്ലിയെ രംഗത്തിറക്കിയതു യുദ്ധകുതുകികളോടും കശാപ്പു രാഷ്ട്രീയത്തോടും സാമ്രാജ്യ ദുർമോഹത്തോടും ഉള്ള വിട്ടുവീഴ്ചയില്ലാത്ത എതിർപ്പാണു്. ഒരിക്കലും സങ്കുചിത ദേശീയ ഭ്രാന്തോ വർണ്ണവെറിയോ പ്രീസ്റ്റ്ലിയുടെ ദേശാഭിമാനോജ്വലമായ പ്രക്ഷേപണങ്ങളിൽ മുഴങ്ങിയിരുന്നില്ല. അദ്ദേഹത്തിന്റെ ദേശാഭിമാനം ഉദാത്തമായ മനുഷ്യസ്നേഹവും ജനാധിപത്യാഭിവാഞ്ഛയും സാർവദേശീയവുമായി സമഞ്ജസമായി ഇണങ്ങിച്ചേർന്നിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിലേറ്റ മുറിവുകൾ ഉണങ്ങി ആരോഗ്യം വീണ്ടെടുത്തശേഷം പ്രീസ്റ്റ്ലി കേംബ്രിഡ്ജ് സർവ്വകലാശാലയിലെ പ്രസിദ്ധമായ ട്രിനിറ്റി കോളേജിൽ ചേർന്നു പഠിത്തം തുടർന്നു. നല്ല നിലയിൽ ബിരുദം നേടി പുറത്തുവരുന്നതിനു മുമ്പുതന്നെ പ്രീസ്റ്റ്ലിയുടെ ആദ്യത്തെ കൃതി 1922-ൽ പുറത്തുവന്നു. 'ബ്രീഫ് ഡൈവേർഷൻസ്'. അതൊരു ലേഖനസമാഹാരമായിരുന്നു.

ഈ പ്രഥമ കൃതികൊണ്ടുതന്നെ പ്രശസ്തിയുടെ കൊടുമുടിയിലേക്ക് അദ്ദേഹം കുതിച്ചുകയറി എന്നൊന്നും പറഞ്ഞുകൂടാ. പക്ഷേ അതിലെ തനതായ ശൈലിയും ആകർഷകമായ അവതരണഭംഗിയും മറ്റും പ്രീസ്റ്റിലിയെ ശ്രദ്ധേയനാക്കി. അതിന് കിട്ടിയ സ്വീകരണം പ്രീസ്റ്റ്ലിക്കു് ആത്മവിശ്വാസം നൽകി. അതുകൊണ്ടാണു് തന്റെ ജീവിതത്തിന്റെ ആ ഘട്ടത്തിൽ വളരെ ആകർഷകമായി തോന്നാവുന്ന സർവ്വകലാശാലാധ്യാപനജോലി കിട്ടാമായിരുന്നിട്ടും വേണ്ടെന്നുവെച്ച് മുഴുവൻ സമയം എഴുത്തുകാരനായി കാലയാപനം ചെയ്യാൻ പ്രീസ്റ്റ്ലി തീരുമാനിച്ചു. പത്രമാസികകളിൽ പുസ്തകവിമർശനം, നാടകവിമർശനം, ലഘുപന്യാസങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചു തുടങ്ങി.

അക്കാലത്തുതന്നെ പ്രീസ്റ്റ്ലിയുടെ ശോഭനമായ ഭാവി മുൻകൂട്ടിക്കണ്ട ചിലരുണ്ടായിരുന്നു. അവരിൽ പ്രമുഖൻ പ്രീസ്റ്റ്ലിയെക്കാൾ 10 വയസ്സു കൂടുതലുണ്ടായിരുന്ന ഹ്യൂവാൻപോൾ (1884-1941) എന്ന പ്രസിദ്ധ കഥാകാരനാണു്. 'വനെസ്സ്', 'ഫോർട്രസ്', 'ജൂഡിത് ഇൻ പാരിസ്സ്' 'മിസ്റ്റർ പെരിൻ ആൻഡ് മിസ്റ്റർ ട്രെയിൽ' തുടങ്ങിയ നോവലുകളിലൂടെയും ഉപന്യാസങ്ങളിലൂടെയും നാടകവിമർശനങ്ങളിലൂടേയും പ്രസിദ്ധിനേടിയ വാൻപോൾ ഔദാര്യപൂർവ്വം യുവാവായ പ്രീസ്റ്റ്ലിയുമായി സഹകരിച്ചു 'ഫാർത്തിങ്ങ്ഹിൽ' എന്നൊരു നോവൽ എഴുതാൻ തയ്യാറായി. വാൻപോളിന് ഈ യുവാവിന്റെ ഊന്നുവടിയൊന്നും സാഹിത്യ

രംഗത്ത് അന്നു ആവശ്യമില്ലായിരുന്നു എങ്കിലും പ്രീസ്റ്റ്‌ലിക്ക് തനതായി ലഭിക്കാൻ ഇടയില്ലാത്ത ഗണ്യമായ പ്രതിഫലം മുൻകൂറായി പ്രസാധകരിൽ നിന്ന് വാങ്ങിക്കൊടുക്കാനാണു് വാൻപോൾ ഈ സഹകരണത്തിന് തയ്യാറായത്.

1929-ൽ 'ഗുഡ്കമ്പാനിയൻസ്' എന്ന നോവൽ പ്രസിദ്ധീകരിച്ചതോടെയാണു് പ്രീസ്റ്റ്‌ലി ഇംഗ്ലീഷ് ആഖ്യായികാകാരന്മാരുടെ മുൻനിരയിൽത്തന്നെ സ്ഥാനം പിടിച്ചുപറ്റിയത്. തുടർന്നു 1930-ൽ ഏഞ്ചൽ പേവ്മെന്റ് എന്ന നോവൽകൂടി ആയപ്പോൾ ആ സ്ഥാനം ഉറച്ചു. അതിനുശേഷം അദ്ദേഹം ഒരിക്കലും പുറകോട്ടുപോയിട്ടില്ല. ഈ രണ്ടു നോവലുകളും ബെസ്റ്റ്സെല്ലറുകളായി. അഞ്ചു പതിറ്റാണ്ടു പിന്നിട്ടിട്ടും പുതിയ പതിപ്പുകളുമായി പുറത്തുവരികയും പുസ്തകക്കടകളിൽ നിർല്ലോപം വില്ക്കപ്പെടുകയും ചെയ്യുന്നു.

ആറു പതിറ്റാണ്ടുകളിലായി വിവിധ വിഷയങ്ങളിൽ 109 പുസ്തകങ്ങളും ഇനിയും സമാഹരിച്ചിട്ടില്ലാത്ത അനവധി പത്ര ലേഖനങ്ങളും പരതി പ്രധാനപ്പെട്ടവ തെരഞ്ഞെടുക്കുക ദുഷ്ക്കരവും ഒരു ലേഖനത്തിന്റെ പരിധിയിൽ ഒതുക്കാനാവാത്ത അഭ്യാസവും ആയിരിക്കും.

നോവലുകൾ കഴിഞ്ഞാൽ പ്രീസ്റ്റ്‌ലി വിജയകരമായി കൈവച്ച രംഗം നാടകങ്ങളാണു്. വായിക്കാൻ എന്ന പോലെ അരങ്ങിലും ശോഭിച്ച അനവധി നാടകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

'ടൈം ആൻഡ് കോൺവേസ്', 'ലബർണാം ഗ്രോവ്', 'വെൻ 'വി ആർ മാരീഡ്' 'ജോൺസൺ ആന്റ് ജോർദാൻ', 'ഐ ഹാവ് ബീൻ ഹിയർ ബിഫോർ', തുടങ്ങിയവ രംഗാവിഷ്ക്കാരത്തിലും സാഹിത്യമെന്ന നിലയിലും വളരെ വിജയിച്ചതാണു്. ചിലവ രണ്ടു വർഷംവരെ നീണ്ടുനിന്ന പ്രദർശനം നേടി. ഒന്നോ രണ്ടോ നാടകങ്ങളിൽ സ്വയം അഭിനയിക്കാനും പ്രീസ്റ്റ്‌ലി തയ്യാറായി.

ഇവ മിക്കവയും സാമൂഹ്യമൂല്യം ഉള്ളവയും ബൂർഷ്വാ കുടുംബവ്യവസ്ഥയെ വിമർശിക്കുന്നവയുമാണു്. എന്നാൽ 'ഐ ഹാവ് ബീൻ ഹിയർ ബിഫോർ', 'ടൈം ആൻഡ് കോൺവേസ്' തുടങ്ങിയ ചിലവയിൽ 'കാലം' സംബന്ധിച്ച പ്രീസ്റ്റ്‌ലിയുടെ വിചിത്ര സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കുന്നു. അക്കാലത്തു വളരെ പ്രസിദ്ധി നേടുകയും വിവാദം സൃഷ്ടിക്കുകയുംചെയ്ത ജെ. ഡബ്ലിയു. ഡൺ എഴുതിയ 'കാലം സംബന്ധിച്ച ഒരു പരീക്ഷണം' (ആൻ എക്സ്പിരിമെന്റ് വിത്ത് ടൈം) തുടങ്ങിയ ഗ്രന്ഥങ്ങളിലെ 'ആത്മനിഷ്ഠ സിദ്ധാന്തങ്ങൾ' പ്രീസ്റ്റ്‌ലിയെ ആകർഷിച്ചു. 'കാലം' എന്നതു വസ്തുനിഷ്ഠമായ ഒരു യാഥാർത്ഥ്യമല്ലെന്നും 'ആത്മനിഷ്ഠമായ ഒരു സങ്കല്പവും ശീലവും ആണെന്നുമത്രേ ഡൺ (*Dunne*) വാദിക്കുന്നത്. ഈ സിദ്ധാന്തത്തിന്റെ ശരിയും

തെറ്റുമെന്തായാലും പ്രീസ്റ്റ്‌ലി അതിനെ പിടിച്ചുകയറി രസകരവും ചിന്തോദ്ദീപകവുമായ് ചില അവസ്ഥാവിശേഷങ്ങൾ അവയിൽ ആവിഷ്ക്കരിക്കുന്നുണ്ടു്.

ജോർജ്ജ് ചെറിഡിത്ത്, തോമസ് ലൗ ലീക്കോക്കു്വില്യം ഹസ്ലിറ്റ്, ചാൾസ് ഡിക്കൻസ്, ആന്റൺ ചെക്കോവു് തുടങ്ങിയ സാഹിത്യകാരന്മാരുടെ ജീവിതവും സംഭാവനയും വിലയിരുത്തുന്ന പ്രീസ്റ്റ്‌ലിയുടെ കൃതികൾ അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ മറ്റൊരു മേഖല തുറക്കുന്നു. 1961-ൽ പ്രീസ്റ്റ്‌ലി പ്രസിദ്ധീകരിച്ച 'സാഹിത്യവും പടിഞ്ഞാറൻ മനുഷ്യരും' (ലിറ്ററേച്ചർ ആന്റ് വെസ്റ്റേൺ മേൻ) എന്ന വലിയ ഗ്രന്ഥം നവോത്ഥാന യൂറോപ്യൻ സാഹിത്യത്തെക്കുറിച്ചുള്ള, അനായസകരമായി രസിച്ച് വായിച്ചു പോകാവുന്ന ഒരു ഗംഭീര കൃതിയാണു്. എല്ലാ സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും അവരുടെ സാമൂഹ്യരാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തി നിരൂപണം ചെയ്യുന്ന പ്രീസ്റ്റ്‌ലി 1930-കളിൽ ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളിലും വളർന്നുവന്ന ശുദ്ധസൗന്ദര്യവാദത്തെ തിരസ്കരിക്കുന്നു.

1930 കളിൽ, ബ്രിട്ടനിലും ഒട്ടൊക്കെ മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളിലും രണ്ടു മുഖ്യപ്രവണതകൾ സാഹിത്യകലാരംഗത്ത് ഏറ്റുമുട്ടി. ബ്രഹ്ത്, പിറ്റ്ക്കേറ്റർ (ജർമ്മനി) ബാർബുഡെ, ആനറ്റോൾ ഫ്രാൻസ്, ലൂയി ആരഗൺ, പോൾനിസാർ (ഫ്രാൻസ്) സ്റ്റീഫൻ സ്പെൻഡർ ഔഡൻ. മാക്ഡയർമിസ് (ബ്രിട്ടീഷ്) ഡ്രെയ്സർ, സ്റ്റൈൻബെക്ക്(അമേരിക്ക) തുടങ്ങിയ ഇടതുപക്ഷക്കാർ ഒരു ഭാഗത്ത് അണിനിരന്നു. മറുഭാഗത്താകട്ടെ ടി. എസ്. എലിയറ്റ്, എസ്രാപൗണ്ട്, യേറ്റസ് തുടങ്ങിയവർ. ഇംഗ്ലീഷിൽ അവസാനം പിറന്ന 'മരുഭൂമി' പ്രണയികളുടെ മുഖപത്രമായിരുന്നു 'മാനദണ്ഡം' (ദി ക്രൈറ്റീരിയൻ) എന്ന മാസിക ഇടതുപ്രതിബദ്ധത മറ്റുപലരെയുംപോലെ ഏറ്റുപറയാൻ തയ്യാറായില്ലെങ്കിലും പ്രീസ്റ്റ്‌ലിയുടെ നിലപാട് 'മാനദണ്ഡ'ക്കാരുടേതിൽ നിന്നും വളരെ അകലെയായിരുന്നു. ഈ അകൽച്ചയെ മുൻനിർത്തി പ്രീസ്റ്റ്‌ലി ഒരു രണ്ടാംകിടക്കാരനാണു് (മീഡിയോക്കർ) എന്നവർ അപലപിച്ചു എങ്കിലും ജനം അതു ചെവിക്കൊണ്ടില്ലെന്നു വ്യക്തം.

പ്രീസ്റ്റ്‌ലിയുടെ മറ്റൊരു രംഗം യാത്രാവിവരണങ്ങളാണു്. ഭാര്യ ജേക്വറ്റയും ചേർന്നെഴുതിയ 'മഴവില്ലിറക്കുന്നിലൂടൊരു യാത്ര' (ജേർണി ഡൗൺ ദി റയിൻബോ) എന്നതിനുപുറമേ സ്വയം ആറേഴു യാത്രാവിവരണങ്ങളും പ്രീസ്റ്റ്‌ലിയുടെതായി ഉണ്ട്.

'മിഡ് നൈറ്റ് ഇൻ ദി ഡെസേർട്ട്' (1937) 'റെയിസ് അപോൺ ഗോഡ്ഹിൽ'(1939) 'നോട്ട്സ് ഇൻ വിൽഡേർനെസ്സ്' (1957) എന്നിവ ആത്മകഥാംശം മുറ്റി നിൽക്കുന്ന നോവലുകളാണ്.

ഇത്രയൊക്കെ വിജയം വരിച്ച വിവിധ വിഷയ സ്പർശി കളായ പുസ്തകങ്ങൾ രചിക്കുകയും അസൂയാർഹമായ ജനപ്രീതി നേടുകയും ചെയ്തെങ്കിലും അതിവിനയം ഒരു ദൗർബല്യത്തോളം എത്തിയിരുന്നു പ്രീസ്റ്റ്ലിയിൽ. തന്റെ പല കൃതികൾക്കും പരിഹാ സ്യമാംവിധം അതിപ്രശംസയാണു (റിഡിക്കുലസ്ലി ഓവർ പ്രെയ്സ്ഡ്) പലരും ചൊരിയുന്നത് എന്നു ആത്മാർത്ഥതയോടെ അദ്ദേഹം പറയുകയുണ്ടായി. തന്റെ സമകാലികരായ ഹെമിങ്ങ് വേ, സോമർസെറ്റ്മോം, ഡ്രെയ്സൺ, സ്റ്റൈൻബെക്കു് തുടങ്ങിയവരുടെ നിലവാരത്തിൽ എണ്ണത്തിലോ ഗുണത്തിലോ താനെത്തിയി ട്ടില്ലെന്നു് സമ്മതിക്കാൻ പ്രീസ്റ്റ്ലിക്ക് തെല്ലും മടിയുണ്ടായില്ല. എന്നാൽ അവർക്കാർക്കും പ്രീസ്റ്റ്ലിയുടെ പാണ്ഡിത്യമോ ബഹു മുഖത്വമോ അദമ്യമായ മാനുഷിക പ്രതിബദ്ധതയോ പ്രകടമായ ദാർശനിക കാഴ്ചപ്പാടോ ഉണ്ടായിരുന്നില്ല എന്നു് സമ്മതിച്ചേ തീരൂ.

കഥയിലും കാര്യത്തിലും മറ്റ് പലരെയും നിന്ദിതമായ പരിഹാസവിഷയമാക്കുന്ന പ്രീസ്റ്റ്ലി തന്റെ രൂപത്തെയും പരിഹ സിക്കുമായിരുന്നു. താൻ പുരികം വെച്ച ഒരു ഉരുളക്കിഴങ്ങു പോലെയാണിരിക്കുന്നതെന്ന് പ്രീസ്റ്റ്ലി പറഞ്ഞതു പ്രസിദ്ധമാണു്. നിറഞ്ഞ കവിളും ഉരുണ്ടു നീണ്ട മുഖവും കുസൃതി തിളങ്ങുന്ന കണ്ണുകളും ഉണ്ടായിരുന്ന പ്രീസ്റ്റ്ലി ഈ പരിഹാസം അർഹി ക്കത്തക്കവിധം വിരൂപിയൊന്നുമായിരുന്നില്ല എന്നതാണു് സത്യം.

ഒരുപാർട്ടിയിലും ഔപചാരികമായി അംഗമായിട്ടില്ലാത്ത പ്രീസ്റ്റ്ലിയുടെ രാഷ്ട്രീയനിലപാട് ലേബർപാർട്ടിയുടെ ഇടത്തെ അറ്റത്താണു് എന്നത് അദ്ദേഹം മറച്ചുവെച്ചിട്ടില്ല. താനൊരു ചുവപ്പ നാണെന്നു് പറഞ്ഞു എങ്കിലും ഒരു ഇളംചുവപ്പനാണെന്നു് (*Surely pink, though not exactly Red*) ഉറപ്പിക്കാം എന്നു് പ്രീസ്റ്റ്ലി തന്നെ സ്വയം വിശേഷിപ്പിക്കാറുണ്ട്. ബ്രിട്ടീഷ് യാഥാസ്ഥിതികത്വത്തോടും എസ്റ്റാബ്ലിഷ്മെന്റിനോടും പ്രീസ്റ്റ്ലിക്കുണ്ടായിരുന്ന വെറുപ്പ് താത്വികവും നയപരവും എന്നപോലെ തികച്ചും ആത്മാർത്ഥവും വൈകാരികവുമായിരുന്നു. പ്രഭുസ്ഥാനവും സർസ്ഥാനവും പല തവണ വെച്ചുനീട്ടിയിട്ടും അദ്ദേഹം സമർത്ഥദം തിരസ്ക്കരിക്കുകയാ ണുണ്ടായതു്. താൻ പിന്തുണ നൽകുന്ന ലേബർപാർട്ടി ഭരിച്ചിരുന്ന കാലത്തു് പ്രധാനമന്ത്രി ഹാരോൾഡ് വിൽസൻ തന്നെ ഈ സ്ഥാനമാനങ്ങളേതെങ്കിലും ഒന്നംഗീകരിപ്പിക്കാൻ പ്രീസ്റ്റ്ലിയെ ചെന്നുകണ്ട് ഒരുമണിക്കൂറിലധികം സംസാരിച്ചതായി കേൾവി യുണ്ട്. പക്ഷേ പ്രീസ്റ്റ്ലി വഴങ്ങിയില്ല. എന്നാൽ തന്റെ ജന്മസ്ഥലമായ ചെറുനഗരം ബ്രാഡ്ഫോർഡ് 'നഗരസ്വാതന്ത്ര്യം' (ഫ്രീഡം ഓഫ് ദി സിറ്റി) എന്ന പദവി നൽകിയത് അദ്ദേഹം കൃതാർത്ഥതയോടെ ഏറ്റുവാങ്ങി. അതുപോലെതന്നെ നാടുവാഴിത്തത്തിന്റെയോ രാജകീയപാരമ്പര്യത്തിന്റെയോ മുദ്രയില്ലാത്തതും മുഖ്യമായും

ബുദ്ധിജീവികൾക്ക് നൽകുന്നതുമായ ഓർഡർ ഓഫ് മെറിറ്റ് (ഒ എം) തനിക്കർഹതപ്പെട്ടതാണെന്ന് പറഞ്ഞ് അദ്ദേഹം സ്വീകരിച്ചു. 1977 -ൽ ആ അഗീകാരം വാങ്ങിയപ്പോഴും പതിവുപോലെ പരിഹസിക്കാൻ അദ്ദേഹം മറന്നില്ല ഇതെനിക്കു തരാൻ അവർ വളരെ നീട്ടിക്കൊണ്ടുപോയി. സാരമില്ല. ഉടൻതന്നെ ഒരൊഴിവുണ്ടാകും.

(ഒരേ സമയം 24 പേരിൽ കൂടുതൽ പേർക്ക് ഒ. എം നൽകാൻ പാടില്ല. ഒഴിവുണ്ടായിട്ടും അതു നികത്താതെ നീട്ടിയതിനെയും വാർദ്ധ്യക്യംമൂലം മരണമടുത്തിരിക്കുന്നു എന്നതിനെയും മുൻനിർത്തിയാണു് ഈ പരിഹാസം)

ബ്രിട്ടന്റെ പ്രത്യേക സാംസ്കാരിക-സാമൂഹ്യമര്യാദയുടെ അന്തരീക്ഷത്തിനു പ്രഭുസ്ഥാനവും സർസ്ഥാനവും മറ്റും തിരസ്ക്കരിക്കുന്നവർ വളരെ ചുരുങ്ങും. സി. ആർ. ആറ്റ്ലി, ഹാരോൾഡ് വിൽസൺ, സിഡ്നിവെബ് തുടങ്ങിയ കടുത്ത ലേബർ നേതാക്കൾ പോലും ഈ വക സ്ഥാനമാനങ്ങൾ രണ്ടുകൈനീട്ടി വാങ്ങി ബ്രിട്ടീഷ് രാജകീയ-നാടുവാഴിത്ത എസ്റ്റാബ്ലിഷ്മെന്റിനോടും പാരമ്പര്യത്തോടും ഇതു പ്രകടിപ്പിച്ചിട്ടുള്ളവരാണു് എന്നോർക്കണം. വെൽഷാ തുടങ്ങിയ സാഹിത്യനായകരും ടോൺബെന്നിനെപ്പോലെ ചുരുക്കം ഇടതുപക്ഷ ലേബർ നേതാക്കളും മാത്രമെ ഈവക പദവികൾ തിരസ്ക്കരിച്ചിട്ടുള്ളൂ. കമ്മ്യൂണിസ്റ്റുകാർക്കു് അവയൊന്നും ആരും നൽകാൻ പുറപ്പെടാത്തതിനാൽ അവരുടെ തിരസ്ക്കാരം എന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല.

1945-ൽ സോവിയറ്റ് യൂനിയൻ സന്ദർശിച്ച പ്രീസ്റ്റ്ലി സോഷ്യലിസത്തിന്റെ നാട്ടിൽ തന്റെ പുസ്തകങ്ങൾ വിപുലമായി പ്രചരിക്കുന്നതുകണ്ട് സന്തോഷിക്കുകയും അതഭിമാനത്തോടെ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ഒന്നാംകിട പുരാവസ്തുശാസ്ത്രജ്ഞയും ചരിത്രകാരിയും ആയ ജേകാറ്റ ഹോക്സിനെ (ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ പല വലിയ വാള്യങ്ങളായി രചിച്ച ലോകചരിത്ര പരമ്പരയിൽ പ്രാചീനചരിത്രം കൈകാര്യം ചെയ്തത് ജേകാറ്റയാണു്.) 1952-ൽ വിവാഹം കഴിക്കുന്നതിനുമമ്പു് പ്രീസ്റ്റ്ലിക്കു് രണ്ടു് ഭാര്യമാരുണ്ടായിരുന്നു. ആദ്യത്തെ ഭാര്യ പാറ്റ് ടൈസ്റ്റ് 1928-ൽ മരിച്ചു. രണ്ടാമത്തെ ഭാര്യ മേരി വിൻഡ് ഹാം ലേവിഡ് 1952-ൽ വിവാഹമോചനം നേടി. ആദ്യത്തെ രണ്ടു് ഭാര്യമാരിലായി അദ്ദേഹത്തിന് മക്കൾ അഞ്ചു്. പണ്ഡിതയും സഹൃദയയും ഗ്രന്ഥകർത്രിയുമായ ജേകാറ്റ അദ്ദേഹത്തിനു് സർവ്വഥാ അനുയോജ്യയായിരുന്നു. നേരത്തെ പറഞ്ഞ യാത്രാ വിവരണത്തിനു് പുറമെ വ്യാളിയുടെ വക്രതം (ഡ്രാഗൺ മൗത്തു്) എന്നൊരു നാടകവും ഇവർ ഇരുവരും സഹകരിച്ചു് രചിച്ചിട്ടുണ്ട്.

ഒക്കോത് പി' ബി തെക്ക്

കവി, കഥാകാരൻ, ദാർശനികൻ, അദ്ധ്യാപകൻ രാഷ്ട്രീയ പ്രക്ഷോഭകൻ എന്നീ വിവിധ നിലകളിൽ ആഫ്രിക്കയിലും പുറത്തും പ്രശസ്തിനേടിയ ഉഗാണ്ട മഹാകവി ഒക്കോത് പി'ബി തെക്കിന്റെ (1931-85) ഈയിടെ ഉണ്ടായ അകാലചരമം സമകാലിക വിശ്വസാഹിത്യത്തിന് തീരാനഷ്ടം വരുത്തിവച്ചു. 1966-ൽ തന്റെ 'വർപാലാവിനോ' (ലാവിനോയുടെ പാട്ട്) എന്ന നീണ്ട കവിത കവി തന്നെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചതോടെയാണു് ലോകമാകെ പെട്ടെന്നുണർന്നെണീറ്റ് ഈ കറുത്ത കവിയെ കണ്ടറിഞ്ഞതു്. ഇംഗ്ലീഷ്, ജർമ്മൻ, ഫ്രെഞ്ച്, റഷ്യൻ ഉൾപ്പെടെയുള്ള രണ്ടു ഡസനിൽപ്പരം ഭാഷകളിലേക്ക് 'ലാവീനോയുടെ പാട്ട്' വിവർത്തനം ചെയ്തിട്ടുണ്ട്. അതിന്റെ ചില ഭാഗങ്ങൾ ഇംഗ്ലീഷ് രൂപത്തിൽനിന്നായിരിക്കാം, സച്ചിദാനന്ദനും പുതുശ്ശേരി രാമചന്ദ്രനും മലയാളത്തിലേക്കും വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. സച്ചിദാനന്ദൻ മൂലരൂപം മിക്കവാറും പദാനുപദം വിവർത്തനം ചെയ്തപ്പോൾ മൂലത്തിലെ താളലയത്തിൽ കൂടുതൽ ശ്രദ്ധിച്ച പുതുശ്ശേരി, മലയാള നാടോടിശൈലി അവലംബിച്ചു. രണ്ടിനും അതതിന്റേതായ സവിശേഷ മേന്മകൾ ഉള്ളതിനാൽ ഏത് മറ്റേതിനേക്കാൾ മെച്ചം എന്ന് വകതിരിക്കാൻ പ്രയാസം.

ഇതിൽ രസകരമായ വസ്തുത കവിതയുടെ ലുവോ ഭാഷയിലുള്ള മൂലരൂപം പ്രസിദ്ധീകരിച്ചത് ഇംഗ്ലീഷിനു ശേഷം മൂന്നുവർഷം കഴിഞ്ഞ് 1969-ലാണു് എന്നതത്രെ. മാതൃഭാഷയോടും സ്വസംസ്ക്കാരത്തോടും കടുത്ത പക്ഷപാതമുള്ള ഒക്കോത് പി ബിതെക്കിന്റെ കുറ്റംകൊണ്ടല്ല അത് സംഭവിച്ചത്. ലുവോ ഭാഷയിലുള്ള മൂലകവിത പ്രസാധകർ നിരസിച്ചു. ബ്രിട്ടീഷ് വാഴ്ചക്കാലത്ത് അവരുടെ ആഭിമുഖ്യത്തിൽ എൽസ്തെക് ഹക്സലി എന്ന ഒരു ഇംഗ്ലീഷ് എഴുത്തുകാരിയുടെ നേതൃത്വത്തിൽ സ്ഥാപിച്ച ഇയാൽബ് (ഇ. എ. എൽ. ബി: ഈസ്റ്റ് ആഫ്രിക്കൻ

ലിറ്ററേച്ചർ ബ്യൂറോ) ആയിരുന്നു പ്രസാധകസ്ഥാപനം. കവിതയുടെ ചില വരികളിൽ അശ്ലീലച്ചുവയുണ്ടു് എന്നതായിരുന്നുപോലും അവരുടെ ആക്ഷേപത്തിന് കാരണം. വാസനാവൈഭവത്തോടൊപ്പം സ്വപ്രത്യയസ്ഥൈര്യവും കലാപവാസനയും കൈമുതലായുണ്ടായിരുന്ന കവിയുടെ മനസ്സ് തിരസ്ക്കാരംകൊണ്ട് മടുത്തുപോയില്ല. മൂലത്തിൽ 30 കൈയെഴുത്തുപുറങ്ങൾ മാത്രമായിരുന്ന 'പാട്ട്' 100 പുറമാക്കി അദ്ദേഹം വികസിപ്പിച്ചെഴുതി. ആക്ഷേപത്തിനു കാരണമായ പരാമർശങ്ങൾ ഒട്ടും വിട്ടുകളയാതെ കൂടുതൽ വിശദമാക്കുകയും ചെയ്തു. അങ്ങനെയാണു് 1966-ലെ ഇഗ്ലീഷ് രൂപം പുറത്തുവന്നത്. സാർവദേശീയതലത്തിൽപോലും അതിനുകിട്ടിയ അംഗീകാരംമൂലം ലൂവോ ഭാഷാരൂപത്തിലുള്ള കവിത പ്രസിദ്ധീകരിക്കാൻ അഹമഹമികയാ ഓടിക്കൂടി. അങ്ങനെ അതും 1969 ൽ പ്രസിദ്ധീകരിക്കപ്പെട്ടു. തുടർന്നു് ഒക്കോളിന്റെ പാട്ട്, തടവുകാരന്റെ പാട്ട് മുതലായ പേരെടുത്ത പലതും തുടർന്നുവന്നുകൊണ്ടിരുന്നു. അവയും വിവിധ ഭാഷകളിലേക്കു് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഒക്കോത് പി'ബിതെക്കിന്റെ ആദ്യത്തെ കൃതി കവിതയായിരുന്നില്ല. 1953-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'ലാക്താർ മിയോകിനിയെറോ വിലോബോ' (നിനക്കുള്ളത് വെളുത്ത പല്ല് ഇനി ചിരിക്കുക) എന്ന ലുവോ ആഖ്യായികയായിരുന്നു അത്. 'അക്കോളി' എന്ന തന്റെ ഗോത്രവർഗ്ഗത്തിൽ പെട്ട ഒരു യുവാവ് തന്റെ കാമിനിയെ വിവാഹം ചെയ്യാൻ അവളുടെ പിതാവിനു നൽകേണ്ട 'വധുപ്പണം' അഥവാ വധുവില സമ്പാദിക്കാനായി തലസ്ഥാനനഗരിയിൽ ജോലി തേടിപ്പോയിവരുന്ന അനുഭവങ്ങളാണു് കഥയുടെ കാതൽ. ഒടുവിൽ കഴിഞ്ഞ യുദ്ധകാലത്ത് മലയാളികൾ തൊഴിൽ തേടി ആസ്സാംകൂലികളായി തിരിച്ചുവരുംപോലെ തകർന്നാണ് ഒക്കോതിന്റെ കഥാനായകനും തിരിച്ചെത്തുന്നത്. ബ്രിട്ടീഷ് വാഴ്ചക്കാലത്തെ ഉഗാണ്ടയുടെ ദയനീയമായ സാമൂഹ്യസാമ്പത്തിക സ്ഥിതിയുടെ ഒരു നിശിത വിമർശനം കൂടിയായിരുന്നു ഒക്കോതിന്റെ പ്രഥമ കൃതി. വേറെയും പല കഥാകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഈ ലേഖകനു് കണ്ടുകിട്ടിയിട്ടില്ല.

ആഫ്രിക്കൻ നവോത്ഥാനവും കിഴക്കനാഫ്രിക്കയും

ഒക്കോത് പി ബിതെക്കിന്റെ കവിതയേയും ദാർശനിക രാഷ്ട്രീയ നിലപാടുകളേയും പരിശോധിക്കുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ജീവിതകാലത്തെയും രാഷ്ട്രീയ-സാമൂഹ്യ- സാംസ്ക്കാരിക പശ്ചാത്തലത്തെയും കുറഞ്ഞൊന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ആഫ്രിക്കൻ അളവുകോലനുസരിച്ച് വലുപ്പത്തിലും ജനസംഖ്യയിലും ഒരിടത്തരം രാഷ്ട്രമാണ് ഒന്നരക്കോടി ജനങ്ങളുള്ള

ഉഗാണ്ട എന്ന കിഴക്കനാഫ്രിക്കൻ രാഷ്ട്രം. നാഴികമണിയിലെ സൂചിയുടെ ഗതിക്രമമനുസരിച്ച് പറഞ്ഞാൽ തെക്കുതൊട്ട് താഴെപ്പറയുന്ന രാഷ്ട്രങ്ങളാൽ അത് ചുറ്റപ്പെട്ടിരിക്കുന്നു. താൻസാനിയ, റുവാണ്ട, സൈറെ, സുഡാൻ, കെനിയ, കെനിയയ്ക്കും താൻസാനിയയ്ക്കും ഇടയ്ക്കുള്ള അതിർത്തിയിൽ മധ്യകിഴക്കനാഫ്രിക്കയിലെ വൻ ജലാശയമായ വിക്ടോറിയ തടാകമാണു്.

1962-ൽ ഉഗാണ്ട ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും സ്വതന്ത്രയായെങ്കിലും അതിന്റെ ഇത:പര്യന്തമുള്ള ചരിത്രം ഗോത്രകലഹങ്ങളും ആഭ്യന്തരയുദ്ധങ്ങളും പട്ടാളഅട്ടിമറികളും ക്രൂരമായ സർവ്വാധിപത്യവും മറ്റും കൊണ്ട് അതീവകലുഷമാണു്. ആദ്യകാലത്ത് അറബികളും പില്ക്കാലത്ത് പറങ്കികളും മറ്റു പടിഞ്ഞാറൻമാരും അവിടെ കാലുകുത്തുന്നതിനുമുമ്പു തന്നെ ബുഗാണ്ട എന്നൊരു മഹാരാഷ്ട്രം 14-ാം നൂറ്റാണ്ടു മുതൽക്കെങ്കിലും അവിടെ സർവ്വോത്കർഷേണ വർത്തിച്ചിരുന്നു. ബുഗാണ്ട ചക്രവർത്തിമാരുടെയും പ്രഭുക്കന്മാരുടെയും ഭാഷ 'ഗാണ്ട' യായിരുന്നു. ബുനിയോറോ എന്ന മറ്റൊരു രാഷ്ട്രവും അതോടൊപ്പം നൈൽ നദിയുടെ ഉറവിടപ്രദേശത്തു് നിലനിന്നിരുന്നു. പല പടിഞ്ഞാറന്മാരും തമ്മിൽ കലഹിച്ചശേഷം 1894-ൽ ബ്രിട്ടൻ അവിടെ ആധിപത്യം ഉറപ്പിച്ച ശേഷവും പഴയ ചക്രവർത്തിപരമ്പരയിലെ അംഗങ്ങൾ ബ്രിട്ടന്റെ സാമന്തന്മാരായി തുടർന്നു. അതുകൊണ്ടു് ബ്രിട്ടീഷ് ഭാഷയും സംസ്ക്കാരവും കഴിഞ്ഞാൽ മേൽക്കോയ്മ ഗാണ്ട ഭാഷയ്ക്കും സംസ്ക്കാരത്തിനുമായിരുന്നു.

കിഴക്കൻ ആഫ്രിക്കയിൽ ആധിപത്യം വഹിച്ചിരുന്ന മറ്റൊരു പ്രധാനഭാഷ സ്വാഹിലിയായിരുന്നു. 13-ഉം 14-ഉം നൂറ്റാണ്ടു് മുതൽ വലിയ തോതിൽ അറബികൾ വ്യാപാരത്തിനും മതപ്രചരണത്തിനുമായി വന്ന കാലം മുതൽ അവരുടെ പ്രോത്സാഹനത്തോടുകൂടി അക്ഷരമാലയുണ്ടാക്കുകയും വികസിക്കുകയും ചെയ്ത ഭാഷയാണതു്. ബ്രിട്ടീഷ് ആധിപത്യത്തിനു ശേഷം അവരുടെ പ്രോത്സാഹനവും സ്വാഹിലിക്ക് കിട്ടി.

സ്വദേശിയും വിദേശിയുമായ ഭരണാധികാരി വൃത്തങ്ങളുമായി ബന്ധപ്പെട്ട ഈ രണ്ടു ഭാഷകൾക്കും എതിരെ മറ്റു ഭാഷക്കാർ നീരസം പ്രകടിപ്പിച്ചു. ഉഗാണ്ട, താൻസാനിയ, കെനിയ, സോമാലിയ തുടങ്ങിയ കിഴക്കൻ ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ മറ്റ് ആഫ്രിക്കൻ രാഷ്ട്രങ്ങളിലെന്നപോലെ മറ്റനവധി ഭാഷകൾ ഉണ്ടായിരുന്നു. അക്ഷരമാലയുടെയും ഭരണാധികാരി വർഗ്ഗങ്ങളുടെയും പ്രോത്സാഹനത്തിന്റേയും അഭാവം ആ ഭാഷകൾ സാഹിത്യരചനയ്ക്ക് വിഘാതം സൃഷ്ടിച്ചില്ല. ഒക്കോത് പി' ബി തെക്കു് പലതവണ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ അക്ഷരവിദ്യ സാഹിത്യ സൃഷ്ടിക്കും പുരോഗതിക്കും അനുപേക്ഷണീമാണെന്നും അതില്ലാത്ത ജനത

പ്രാകൃതരാണെന്നും മറ്റുമുള്ള വാദം പടിഞ്ഞാറൻ അന്ധവിശ്വാസവും മുൻവിധിയും മാത്രമാണ്. വാമൊഴി സാഹിത്യമെന്നത് ഒരപരിഷ്കൃത സാഹിത്യമല്ലെന്നതിനു് അനവധി ആഫ്രിക്കൻ ഭാഷകൾ സാക്ഷ്യം വഹിക്കുന്നു. ഒക്കോത് പി ബി തെക്കിന്റെ മാതൃഭാഷയായ ലുവോ അങ്ങിനെ പാരമ്പര്യവും പ്രസിദ്ധിയുമുള്ള വാമൊഴി സാഹിത്യത്തിന്റെ അമൂല്യമായ കലവറയത്രെ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ പടിഞ്ഞാറൻ കൊള്ളക്കാർ ഒരു കൈയിൽ തോക്കും മറു കൈയിൽ വേദപുസ്തകവുമായി കടന്നുവന്നകാലം തൊട്ടിന്നേവരെ ഉഗാണ്ടക്ക് സമാധാനമെന്നതൊന്നനുഭവപ്പെട്ടിട്ടില്ല. അവർക്കു് മുമ്പ് അറബികളുടെ കൊള്ളയും അടിമവ്യാപാരവും. 1962-ൽ ഉഗാണ്ട സ്വതന്ത്രയാവുകയും നാട്ടുകാരനായ മിൽട്ടൻ ഒബോട്ടെ പ്രധാനമന്ത്രിയായി ഭരണമാരംഭിക്കുകയും ചെയ്തിട്ടും ആ രാഷ്ട്രത്തിന്റെ ദു:ഖങ്ങൾക്കറുതി വന്നില്ല. 1960 കളുടെ അവസാനമായപ്പോഴേക്കും ഒബോട്ടെ തന്നെ സർവ്വാധിപത്യ പ്രവണതകൾ പ്രകടിപ്പിക്കാൻ തുടങ്ങി; അതോടൊപ്പം ഭരണവൃത്തങ്ങളുടെ അഴിമതിയും ഈ പോക്കിനെ ഒക്കോത് പി ബിതെക്ക് വിമർശിച്ചു തുടങ്ങിയപ്പോൾ അദ്ദേഹത്തെ സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പിൽ നിന്നും പിരിച്ചുവിട്ടു. ഒബോട്ടെയുടെ സർവ്വാധിപത്യത്തിലേയ്ക്കുള്ള നീക്കം ഒടുവിൽ അതിന്റെ സയുക്തികമായ പരിണതിയിൽ എത്തി-പക്ഷേ, ഒബോട്ടെയെ കൂടാതെ ഒരു പട്ടാള അട്ടിമറിയോടെ ലോകമെങ്ങും കുപ്രസിദ്ധി നേടിയ കൊലയാളി ജനറൽ ഈദി അമീൻ 1971-ൽ അധികാരം പിടിച്ചെടുത്തു. പി'ബിതെക്കിനെപോലെ പല സാഹിത്യ-സാംസ്ക്കാരിക നായകർ മാത്രമല്ല ഒബോട്ടെ തന്നെ നാടുവിടാൻ നിർബന്ധിതരായി. പലരും തടവിൽ കിടന്നു നരകിച്ചു. കുറെപ്പേർ വധിക്കപ്പെട്ടു. 1979-ൽ ഈദി അമീനെ അയൽ രാഷ്ട്രമായ താൻസാനിയയുടെ സഹായത്തോടെ ജനങ്ങൾ സ്ഥാനഭ്രഷ്ടനാക്കി നാടു കടത്തി. ഈ എട്ടു വർഷത്തിനിടയിൽ 3,00,000 നിരപരാധികളെ ഈദി അമീൻ വധിച്ചിട്ടുണ്ട്. അമീൻ നാടുവിട്ടതിനുശേഷം തടവറകളും നിലവറകളും മറ്റും സന്ദർശിച്ചവർ ഞെട്ടിപ്പോയി. പീഡിപ്പിച്ചും ചിത്രവധം ചെയ്തും കാലന്നൂർക്കയക്കപ്പെട്ട അനേകായിരങ്ങളുടെ അസ്ഥിപഞ്ജരങ്ങളും ഛേദിക്കപ്പെട്ട അവയവങ്ങളും മറ്റും ചിതറിക്കിടക്കുന്ന കാഴ്ചകൾ!

നവോത്ഥാനത്തിന്റെ രണ്ടാം ഘട്ടം

സ്വതന്ത്ര ഉഗാണ്ടയുടെ പ്രഥമപ്രധാന മന്ത്രി മിൽടൻ ഒബോട്ടെ സർവ്വാധികാരിയായ പ്രസിഡന്റായി വീണ്ടും അധികാരത്തിലെത്തിയിരിക്കുകയാണു്. ഈദി അമീന്റെ കാളരാത്രി അവസാനിച്ചെങ്കിലും സ്വാതന്ത്ര്യത്തിന്റെ ഉദയസൂര്യൻ ഇപ്പോഴും കാർമേഘപടലങ്ങളിൽനിന്നു് പൂർണ്ണമായി വിമുക്തനായിട്ടില്ല.

വാസ്തവമാലോചിച്ചാൽ ഈ അവസ്ഥ ഉഗാണ്ടയുടെ മാത്രം വിധിയല്ല. നമീബിയ, പശ്ചിമസഹാറ, ദക്ഷിണാഫ്രിക്ക എന്നീ മൂന്നു് രാഷ്ട്രങ്ങൾ മാത്രമെ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ഇനിയും ഔപചാരിക രാഷ്ട്രീയ സ്വാതന്ത്ര്യം നേടേണ്ടതായി അവശേഷിക്കുന്നുള്ളു. ഏങ്കിലും രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ ഭൂരിപക്ഷം രാഷ്ട്രങ്ങളും ഇപ്പോൾ രണ്ടാം വിമോചന സമരത്തിന്റെ തീച്ചൂളയിലാണു്-സാമൂഹ്യവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം.

ആഫ്രിക്കൻ സാഹിത്യകാരന്മാരുടെ കൃതികൾ കാലഗണനപ്രകാരം പരിശോധിച്ചാൽ ഈ രണ്ടു ഘട്ടങ്ങൾ നമുക്കു് കാണാം. ഉദാഹരണത്തിനു് ലോകപ്രസിദ്ധരായ നൈജീരിയൻ നോവലിസ്റ്റ് ഛിനുവ അച്ചബെയേയോ കെനിയൻ നോവലിസ്റ്റ് എൻഗുഹി വാതിയോഗോയേയോ സെനിഗലിലെ കഥാകാരനും ചലച്ചിത്രകാരനുമായ ഉസ്മാൻഡംബേനെയോ എടുക്കുക. അവരുടെയെല്ലാം ആദ്യകാല നോവലുകളും മറ്റു കൃതികളും പടിഞ്ഞാറൻ ആധിപത്യത്തിനെതിരെ പൊരുതുന്ന ആഫ്രിക്കൻ ജനതയുടെ അവബോധത്തേയും അഭിലാഷങ്ങളേയുമാണു് പ്രതിനിധീകരിച്ചതെങ്കിൽ ഒടുവിലത്തെ കൃതികൾ സ്വന്തം നാട്ടുകാരായ ഭരണാധികാരി വർഗ്ഗങ്ങൾക്കെതിരെയുള്ള ആഹ്വാനങ്ങളാണു്. അച്ചബെയുടെ ആദ്യകൃതി '*Things Fall Apart*' പിൽക്കാല കൃതികളായ '*Man of the People*' എന്നിവ താരതമ്യപ്പെടുത്തുക. എൻ. ഗുനിവാതിയോംഗോയുടെ ആദ്യകൃതികളിലൊന്നായ '*Handful Wheat*' ഉം ഒടുവിലത്തെ കൃതിയായ *Petats of Blood* ഉം താരതമ്യപ്പെടുത്തുക. അങ്ങിനെ എഴുപതുകളിലേയും എൺപതുകളിലെയും ആഫ്രിക്കൻ സാഹിത്യം ആഫ്രിക്കയുടെ രണ്ടാം വിമോചന സമരത്തെ പ്രപഞ്ചനം ചെയ്യുന്നവയാണു്.

ആഫ്രിക്കൻ നവോത്ഥാനത്തിന്റെ ഈ രണ്ട് ഘട്ടത്തിലും വ്യക്തമായി തിരിച്ചറിയാൻ സാധിക്കും. അനേക ശതാബ്ദങ്ങളോ സഹസ്രാബ്ദങ്ങൾ തന്നെയോ നീണ്ട ചരിത്രമുള്ള ആഫ്രിക്കൻ വാമൊഴി പാരമ്പര്യം കഥയിലേക്കാൾ കവിതയിലാണു് കൂടുതൽ പ്രകടം. അക്ഷരവിദ്യയും ആഫ്രിക്കൻ സാഹിത്യവുമായി സമന്വയിപ്പിച്ച ആധുനിക യുഗത്തിൽ സ്വാഭാവികമായും കവിതയിലാണു് ആഫ്രിക്കൻ പ്രതിഭ ആദ്യം അരുണാഭ പൊഴിച്ചതു്. ആഫ്രിക്കൻ ആധുനിക കഥാസാഹിത്യം നൈജീരിയക്കാർ അമോസ് ഇത്തോല (ജ.1920) 1950 കളിൽ മാത്രമാണു് ഉദ്ഘാടനം ചെയ്തതെങ്കിൽ, കവിത 1920 കൾ തൊട്ടുതന്നെ ആഫ്രിക്കൻ പ്രതിഭയെ തട്ടിയുണർത്തി. ആധുനിക ആഫ്രിക്കൻ കവിതയുടെ ഈ ആദ്യഘട്ടത്തിനു് വഴിവിളക്കു് കൊളുത്തിയത് നെഗ്രിട്യൂഡ് അഥവാ നീഗ്രോത്വ പ്രസ്ഥാനമാണു്. സെനിഗലിന്റെ പ്രസിഡണ്ട്

ലിയോപോൾഡ് സെദേർ സെംഗോർ (ജ. 1906) കമ്മ്യൂണിസ്റ്റ് വിപ്ലവകാരി അയ്മെസൈസർ (ജ.1913) തുടങ്ങി ഏതാനും ഫ്രാങ്കോഫോൺ (ഫ്രഞ്ചു് കോളനികളിൽപ്പെട്ടവരാകയാൽ രണ്ടാം ഭാഷയായി ഫ്രഞ്ച് സംസാരിക്കുന്നവർ, അതുപോലെ ഇംഗ്ലീഷ് സംസാരിക്കുന്ന ആംഗ്ലോഫോൺ) കവികളായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകർ. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിന്റെ ആരംഭത്തോടെ വിശ്വസാഹിത്യരംഗത്തും ഒരു വിസ്ഫോടനമായി അനുഭവപ്പെട്ട് ഈ പ്രസ്ഥാനം സുമാർ മൂന്നു പതിറ്റാണ്ടു കാലത്തോളം മുഖ്യ പ്രചോദകശക്തിയായി വർത്തിച്ചു. പടിഞ്ഞാറന്മാരുടെ അടിച്ചമർത്തലിനും ആക്ഷേപത്തിനും ഇരയായി അനേക നൂറ്റാണ്ടുകൾ പിൻതള്ളിയ ആഫ്രിക്കയും ഈ പ്രസ്ഥാനത്തിലൂടെ തങ്ങളുടെ ആത്മവത്ത കണ്ടെത്തുകയും ആത്മവിശ്വാസവും സ്വാതന്ത്ര്യാഭിവാഞ്ഛയും ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയുമുണ്ടായിരുന്നു. കറുപ്പിന്റെ സൗന്ദര്യത്തെപ്പറ്റിയും വെളുപ്പിന്റെ വൈരൂപ്യത്തെപ്പറ്റിയും അവർ വൈരാഗ്യത്തോടെ പാടിത്തിമിർത്തു. അനശ്വരനായ സെയർ പാടി:

എന്റെ പേരാകുന്നു ബോർദൊനാന്തെ,
ലിവർപൂൾ, ന്യൂയോർക്കു് സാൻഫ്രാൻസിസ്ക്കോ,
എന്റെ വിരലടയാളം പതിയാത്ത
ഒറ്റ മൂലയും ഭൂമുഖത്തില്ല.
എന്റെ ഉപ്പൂറ്റി പതിയാത്ത
ഒരംബരചുംബിയുമില്ല,
എന്റെ അഴുക്കു് പുരളാത്ത ഒരു വൈഡൂര്യപ്രഭയുമില്ല
എന്നെക്കാൾ
അഭിമാനിക്കാൻ ആർക്കവകാശം.
വെർജീനിയ, ടെന്നിസി, ജോർജ്യ, അലബാമ,
ശൂന്യതയിലൊടുങ്ങിപ്പോയ കലാപങ്ങളുടെ
ആസുരജീർണ്ണതകൾ.
രക്തത്തിന്റെ അഴുകിയ ചളിക്കുണ്ടുകൾ,
അപഹാസ്യമായി അടിച്ചമർത്തപ്പെട്ട പെരുമ്പറകൾ,
ചുവന്ന ഭൂമി, രക്തഭൂമി, രക്തസഹോദരഭൂമി.
* * * *
ഞങ്ങൾ സംസാരിക്കും ഞങ്ങൾ പാടും
ഞങ്ങൾ
അട്ടഹസിക്കും
നിറവുറ്റ ശബ്ദമേ, മികവുറ്റ ശബ്ദമേ
നീ, നീയായിരിക്കും ഞങ്ങളുടെ വഴികാട്ടി.
(വിവ. സച്ചിദാനന്ദൻ)

രണ്ടാംലോകമഹായുദ്ധാനന്തരകാലത്തെ ലുമുംബമാർക്കും ബെൻബാർക്കുമാർക്കും കെനിയാത്താമാർക്കും ദിശാബോധം

നല്കിയ ഇതുപോലുള്ള തീപ്പൊരി ചിതറുന്ന കവിതകൾ ആഫ്രിക്കൻ രാഷ്ട്രീയ ഭൂകമ്പം സൃഷ്ടിച്ചു. അംഗോളയുടെ പ്രഥമ പ്രസിഡണ്ടു് അഗസ്റ്റിനോനെറ്റോയോയും മൊസാമ്പിക് പ്രസിഡണ്ടു് സമോറ മാക്കലിനെയും പോലുള്ള അനവധി രാഷ്ട്രീയനായകർ തന്നെ പ്രശസ്ത കവികളായിരുന്നു.

1950 കളുടെ അവസാനത്തോടെ ആഫ്രിക്കൻ സാമ്രാജ്യനയം രക്തരൂഷിതമായ പോരാട്ടങ്ങളുടെ ഫലമായി അടർന്നടർന്ന് വീഴാൻ തുടങ്ങിയപ്പേഴേക്കും പുതിയൊരു രാഷ്ട്രീയ കാലാവസ്ഥപോലെ പുതിയൊരു സാഹചര്യവും പിറക്കുകയായിരുന്നു. കൊളോണിയലിസത്തിന്റെ രാഷ്ട്രീയ സംവിധാനത്തോടും ദാർശനിക സങ്കല്പങ്ങളോടും സാംസ്ക്കാരികമൂല്യങ്ങളോടും രൂക്ഷമായി പ്രതികരിച്ച നീഗ്രോത്വപ്രസ്ഥാനം അതോടെ കാലഹരണപ്പെടുകയായിരുന്നു. ദക്ഷിണാഫ്രിക്കൻ കലാകാരനും സാഹിത്യവിമർശകനുമായ എസീക്കൽ എംഫലേലെ, ഒക്കോത് പി ബിതെക്കു്, എൻഗുഗിവാതിയോ ഗോം തുടങ്ങിയവർ ഇക്കാര്യം പട്ടാങ്ങായി പറഞ്ഞിട്ടുമുണ്ട്. കഥാസാഹിത്യത്തിന്റെ മാറ്റത്തെക്കുറിച്ച് പറഞ്ഞപോലെ കവിതയിലും വീക്ഷണം മാറി. തകർന്ന കൊളോണിയലിസത്തെ വിട്ടു് അവർ സ്വദേശികളായ ഭരണക്കാരെയും നൂറ്റാണ്ടുകളായി അടിഞ്ഞുകൂടിയ സ്വന്തം അന്ധവിശ്വാസങ്ങളെയും കാലം കഴിഞ്ഞ ആചാരങ്ങളെയും ചുഴിഞ്ഞുനോക്കി വിമർശനാത്മകമായി പ്രതികരിക്കാൻ തുടങ്ങി. ഒക്കോത് പി ബി തെക്ക് അദ്ദേഹത്തിന്റെതന്നെ നാട്ടുകാരായ ബേണിലുബേഗ, തബാൻലോലിയോങ്ങ് തൊട്ടുള്ളവരും മിക്കവാറും ഈ രണ്ടാംഘട്ടത്തിന്റെ പ്രതിനിധികളാണു്.

ഊരും പേരും തേടുന്ന ഉണർവ്വ്

വിഷയത്തിലും വീക്ഷണത്തിലും വന്ന ഈ മാറ്റം ശൈലിയിലും ഭാഷയിലും കൂടി പ്രതിഫലിച്ചു. നീഗ്രോത്വത്തിന്റെ ആദ്യപഥികരായ സെംഗോർ, സെസെയർ, നെറ്റോ, ദാമ, ദിയോപ് തുടങ്ങിയവരെല്ലാം ഫ്രഞ്ച്, പോർട്ടുഗീസ്, ഇംഗ്ലീഷ്, ചുരുക്കം ചിലർ സ്പാനിഷ് എന്നീ കൊളോണിയൽ ഭാഷകളിലാണു് എഴുതിയതു് എങ്കിൽ പുതിയ തലമുറക്കാരിൽ പലരും ആഫ്രിക്കൻ ഭാഷകളിലും ഉപഭാഷകളിലും എഴുതാൻ തുടങ്ങി. ഹൗസ, ഗണ്ട, ഫുലാനി സ്വാഹിലി, അമ്ഹാരിക്ക്, ആഫ്രിക്കാന്സ് (ദക്ഷിണാഫ്രിക്കയിലെ സങ്കരഭാഷ) പ്രാചീന തദ്ദേശീയാധിപത്യത്തിന്റെ പാരമ്പര്യമുള്ള ഭാഷകളിൽ മാത്രമല്ല, കൊളോണിയലിസത്തിനു് മുമ്പ്തന്നെ അവഗണനയ്ക്കും അടിച്ചമർത്തലിനും ഇരയായ ലുവോ യോറുബാ ഇബോ തുടങ്ങിയ ഡസൻകണക്കിനു ഗോത്രഭാഷകളിലും ആധുനികകവിത രചിക്കപ്പെട്ടുതുടങ്ങി.

ഇംഗ്ലീഷിലും ഫ്രഞ്ചിലും എത്ര കലാപം എഴുതിയാലും പൊറുക്കുന്ന പുത്തൻ ഭരണവർഗ്ഗം ഈ മാറ്റത്തെ കൂടുതൽ

സംശയത്തോടെ വീക്ഷിച്ചു. ഒക്കോത് പി ബിതെക്കിന്റെ മാസ്റ്റർ പീസ് ആദ്യം മൂലഭാഷയായ ലുവോവിൽ വന്നത് പ്രസാധകർ നിരസിച്ച കാര്യം പരാമർശിച്ചുവല്ലോ. കെനിയൻ ആഖ്യായികാകാരൻ തിയോംഗോക്ക് ഉണ്ടായ അനുഭവം അതിലും കടുത്തതായിരുന്നു. പ്രക്ഷോഭജനകമായ പല നോവലുകളും കഥകളും ഇംഗ്ലീഷിൽ തിയോംഗോ എഴുതിയത് പൊറുത്ത കെനിയൻ ഗവൺമെന്റ് അദ്ദേഹം സ്വന്തം കാക്കിയുഭാഷയിൽ ഒരു നാടകമെഴുതി സ്വന്തം ഗ്രാമത്തിൽ അരങ്ങേറിയതിനു് അറസ്റ്റ് ചെയ്ത് തടവിലാക്കി. ഉള്ളടക്കം നോക്കിയാൽ ഭാഷാനാടകം താരതമ്യേന ഇംഗ്ലീഷ് കൃതികളെക്കാൾ മയപ്പെട്ടതായിരുന്നു എന്ന വാദം അധികൃതർക്കു് ബോദ്ധ്യമായില്ല. വിദേശഭാഷകളിലെഴുതുന്നത് ഒരു ന്യൂനപക്ഷം അഭ്യസ്തവിദ്യരായ നഗരവാസികളെ മാത്രമെ ആകർഷിക്കൂ എന്നും തദ്ദേശീയഭാഷാ കൃതികൾ ആപത്ക്കരമാംവിധം അധ:സ്ഥിത ഭൂരിപക്ഷത്തെ പ്രക്ഷുബ്ധരും വിജ്ഞരുമാക്കുമെന്നും അധികൃതർ ശരിയായിത്തന്നെ ധരിക്കുന്നു എന്നർത്ഥം.

നവോത്ഥാനനായകരായ എഴുത്തച്ഛനും നമ്പ്യാരും കമ്പരും കബീറും സരളദാസുമെല്ലാം നൂറ്റാണ്ടുകൾക്കുമുമ്പ് സാധാരണക്കാരുടെ ഭാഷ തെരഞ്ഞെടുത്തതുപോലെ ആധുനിക ആഫ്രിക്കൻ നവോത്ഥാനനായകരും ഊരും പേരും തേടി തദ്ദേശീയ ഭാഷകളിലേക്ക് നീങ്ങുന്നു. അങ്ങനെ നീങ്ങുന്ന നിരയിൽ മുമ്പനാണു് മഹാകവി പി. ബിതെക്ക്.

ലാവിനോയുടെ പാട്ട്

ഈ മാസ്റ്റർപീസിന്റെ പ്രസിദ്ധീകരണ ചരിത്രത്തിലെ വൈചിത്ര്യങ്ങൾ നേരത്തെ പറഞ്ഞുവല്ലോ. ഇതിൽ കേൾക്കുന്നത് പോരാട്ടത്തിന്റെ അട്ടഹാസങ്ങളല്ല, ആപാദമധുരവും പരിഹാസനിർഭരവുമായ ആത്മശോധനയാണു്. ആധുനികവത്കരണത്തെയും പരിഷ്ക്കരണത്തേയും പി ബിതെക്ക് എതിർക്കുന്നില്ല, പക്ഷെ, പേരും ഊരും മറന്നുള്ള പാശ്ചാത്യഭ്രമം ആഫ്രിക്കയുടെ ആത്മാവു് നഷ്ടപ്പെടുത്തുമെന്നും ഭാവി അവതാളത്തിലാക്കുമെന്നും കവി വിശ്വസിക്കുന്നു. 'ആഫ്രിക്കയുടെ സാംസ്ക്കാരിക വിപ്ലവം' (മാക്മില്ലൻ, 1973)എന്ന പേരിൽ പ്രസിദ്ധീകരിച്ച ലേഖനസമാഹാരത്തിൽ താനൊരു പിൻനോക്കിയോ സങ്കുചിത ഗോത്രാഭിമാനിയോ അല്ലെന്നദ്ദേഹം പലയിടത്തും വ്യക്തമാക്കുന്നുണ്ട്. പക്ഷേ, സംസ്ക്കാരത്തിന്റെയും മൂല്യങ്ങളുടെയും എല്ലാം ഉറവിടം പടിഞ്ഞാറാണെന്നും അവരുടെ അളവുകോലേ അളവുകോലായിട്ടുള്ളൂ എന്നും സമ്മതിക്കാൻ ദേശ സ്നേഹിയെങ്കിലും വിശ്വപൗരൻ കൂടിയായ തനിക്കാവില്ല.

പടിഞ്ഞാറൻ പരിഷ്ക്കാരഭ്രാന്തും അതിർ കടന്ന പുസ്തകപ്രേമവും കൊളോണിയൻ ഗുമസ്ത സംസ്ക്കാരവും എങ്ങനെ തന്റെ യുവഭർത്താവിനെ ആണുംപെണ്ണും കെട്ടവനാക്കി മാറ്റി എന്ന്

എണ്ണിയെണ്ണി പറഞ്ഞു വിലപിക്കുന്ന ഒരു യുവതിയുടെ ആത്മാലാപനമാണു് ലാവിനോയുടെ പാട്ട്.

എൻകുലം പേറ്റോരെ എന്റെ
ആണാളെയോർത്തു കരയുന്നേൻ അവന്റെ
തലപോയതോർത്തു കരയുന്നേ....
പുസ്തകത്തിന്റെ കൊടുംകാട്ടിലാണേ, എൻ
ഓക്കോളിന്റെ തലപോയി,
എന്നെക്കാമിച്ചു വന്നനാളെൻ
ആണാളാമ്പ്രന്നോനായിരുന്നേ!
അണയാത്ത കണ്ണുകളാരുന്നേ,
അണയാത്ത കാതുകളാരുന്നേ
എൻ തോഴനാണുതാനാരുന്നേ, അവന്
പൊണ്ണത്തം വന്നിട്ടില്ലാരുന്നേ, അവൻ
അടിപണിയാണോനാരുന്നേ, നല്ല
ചങ്കൂറ്റമുള്ളവനാരുന്നേ.
-അങ്ങനെ കാപ്പിരിത്തിറമുള്ള
കാളക്ക് പിറന്നോനാരുന്ന
(നമ്മുടെ പുരുഷർഷഭൻ) തന്റെ
പുരുഷനും കൂട്ടരും-
പടതോറ്റ തടവുകാരടിമകളവരുടെ
പിടിയിലായിപ്പോയി നാടാകേ.....
ചെറുവാല്യക്കാരെല്ലാരേം ഈ
കാട്ടിൽകൊണ്ടന്നൊലച്ചില്ലേ?
തടിയൻ പുസ്തകക്കെട്ടാലവരുടെ
വരിയുമുടച്ചു കളഞ്ഞില്ലേ?
(വിവ: പുതുശ്ശേരി രാമചന്ദ്രൻ)

സഹസ്രാബ്ദങ്ങളായി ജനങ്ങളെ കോരിത്തരിപ്പിക്കുകയും ഉണർത്തുപാട്ടുകളായി ഉദ്ബോധിപ്പിക്കുകയും ചെയ്ത നാടോടി ശൈലിയും പഴഞ്ചൊല്ലുകളും എല്ലാം അത്യാധുനികമായ ഒരു ദാർശനിക കാഴ്ചപ്പാടുമായി സമന്വയിപ്പിച്ചു് 20-ാം നൂറ്റാണ്ടിലെ വിശ്വമഹാകാവ്യങ്ങളിലൊന്നു് ഒക്കോത് പി.ബി. തെക്ക് സംഭാവന ചെയ്തിരിക്കുന്നു. ഒക്കോത് പി.ബി. തെക്കും ആധുനിക ആഫ്രിക്കൻ സാഹിത്യമാകെയും കൂടുതൽ ഗൗരവപൂർവ്വമായ ചലനവും ആസ്വാദനവും അർഹിക്കുന്നു. കറുത്ത ഭൂഖണ്ഡത്തിൽ നിന്നുള്ള പുത്തനുണർവ്വിന്റെ കാറ്റു് നമ്മുടെ സാംസ്ക്കാരിക മണ്ഡലമാകെ പൂർവ്വവൽ സൗരഭ്യപൂരിതമാക്കും. അകാലത്തിൽ നമ്മെവിട്ടുപോയ മഹാകവി ഒക്കോത് പി ബിതെക്കിന് ആദരാഞ്ജലികൾ അർപ്പിക്കാം.

മലയാളത്തിന് മറക്കാനാവാത്ത എം. എസ്. ദേവദാസ്

1987 ഡിസംബർ 25-ാം തീയതി എം. എസ്. ദേവദാസ് അന്തരിച്ചു. കേരളത്തിലെ പൊതുജീവിതത്തിനും പുരോഗമന കലാസാഹിത്യപ്രസ്ഥാനത്തിനും കനത്ത നഷ്ടമായിരുന്നു അതു്. ഉൾക്കാഴ്ചയുള്ള ചിന്തകൻ, പ്രതിഭാശാലിയായ ഗ്രന്ഥകർത്താവ്, വിപ്ലവകാരിയായ പത്രപ്രവർത്തകൻ, പണ്ഡിതനായ സാഹിത്യ മർമ്മജ്ഞൻ, വിദ്യാർത്ഥികളുടെ ഹൃദയം കവർന്ന അദ്ധ്യാപക ശ്രേഷ്ഠൻ തുടങ്ങി പല നിലകളിലും ശ്രദ്ധേയനായിരുന്നു പരേതൻ. കേരളത്തിലെ കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രമുഖനായിരുന്നു അദ്ദേഹം.

തൃശൂർ ജില്ലയിലാണ് ദേവദാസിന്റെ ജന്മം. 1912 ഒക്ടോബർ 15-ാം തീയതി മണ്ണാത്താഴത്ത് പാറുക്കുട്ടി അമ്മയുടെയും മണക്കുളത്ത് മുകുന്ദരാജാവിന്റെയും മകനായി ദേവദാസ് ജനിച്ചു. അച്ഛനമ്മമാരും അടുത്ത സുഹൃത്തുക്കളും അദ്ദേഹത്തെ ബാബു എന്നാണ് വിളിച്ചുവന്നതു്. അച്ഛൻ മുകുന്ദരാജ കലാരസികനും സമർത്ഥനായ ഒരു സംഘാടകനുമായിരുന്നു. കലാമണ്ഡലം സ്ഥാപിക്കുന്നതിൽ മഹാകവി വള്ളത്തോൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അദ്ധ്വാനിച്ചിട്ടുള്ളത് മുകുന്ദരാജയാണ്. പിൽക്കാലത്ത് 1957-ൽ അധികാരത്തിൽ വന്ന കേരളത്തിലെ പ്രഥമ മന്ത്രിസഭ ദേവദാസിനെ കലാമണ്ഡലം സെക്രട്ടറിയായി നിയമിച്ചപ്പോൾ മഹാകവിയുടെയും അച്ഛന്റെയും കാല്പാടുകൾ പിന്തുടരാൻ അദ്ദേഹത്തിനു് അവസരം ലഭിക്കുകയുണ്ടായി.

സ്വദേശത്തുതന്നെ സ്ക്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ ദേവദാസ് ബിരുദമെടുത്തത് അണ്ണാമല സർവ്വകലാശാലയിൽ നിന്നാണ്. ഇന്നത്തെ എം.എയ്ക്കു് തുല്യമായ ബി.എ ഓണേഴ്സ് ബിരുദമാണ് അദ്ദേഹമെടുത്തതു്. ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായിരുന്നു വിഷയം. അന്നു് അണ്ണാമലയിലെ വൈസ്ചാൻ

സലർ ലോകപ്രസിദ്ധ ലൈബ്രറി ശാസ്ത്രജ്ഞൻ സർ സാമുവൽ രംഗനാഥനായിരുന്നു. ദേവദാസിന്റെ സാഹിത്യപരിജ്ഞാനവും ഇംഗ്ലീഷ് പ്രഭാഷണചാതുരിയും രംഗനാഥനെ ആകർഷിക്കുകയും രംഗനാഥൻ തന്റെ പ്രിയ ശിഷ്യനെ പ്രശംസിച്ച് ആശീർവദിക്കുകയും ചെയ്തിട്ടുണ്ട്.

1933-ലാണു് ദേവദാസ് ബിരുദമെടുത്ത് നാട്ടിൽ തിരിച്ചെത്തിയതു്. കുറെക്കാലം ജോലിയില്ലാതെ നാട്ടിൽ കഴിച്ചശേഷം ജോലിതേടി ദേവദാസ് 1937-ൽ സിങ്കപ്പൂരിലേക്കു് പോയി. അവിടെ അദ്ദേഹം കോളേജ് ലക്ചററായി കഴിഞ്ഞുകൂടുമ്പോൾ എ. കെ. ജി. പണപ്പിരിവിനായി അവിടെ എത്തുകയും ദേവദാസുമായി ബന്ധപ്പെടുകയും ചെയ്തു. അതിനുമുൻപു തന്നെ ഇടതുപക്ഷത്തോടും സോഷ്യലിസത്തോടും മാർക്സിസത്തോടും വളരെ അടുത്തു കഴിഞ്ഞിരുന്ന ദേവദാസിന്റെ കൂടെ ശ്രമഫലമായിട്ടാണ് എ. കെ. ജി.ക്ക് അവിടത്തെ ദൗത്യം വിജയകരമായി നിർവഹിക്കാൻ കഴിഞ്ഞതു്. എ.കെ.ജിയുമായുള്ള പരിചയം ദേവദാസിനെ പ്രസ്ഥാനത്തോട് കൂടുതൽ അടുപ്പിക്കുകയും ജോലി ഉപേക്ഷിച്ച് മുഴുവൻ സമയരാഷ്ട്രീയ പ്രവർത്തകനായി നാട്ടിലേക്ക് വരാനുള്ള ആഗ്രഹം അദ്ദേഹത്തിൽ അങ്കുരിപ്പിക്കുകയും ചെയ്തു. അങ്ങനെ എടുത്തു ചാടി ജോലിയൊന്നും ഉപേക്ഷിക്കരുതു് എന്നായിരുന്നു എ. കെ. ജി. യുടെ ഉപദേശമെങ്കിലും (എ. കെ. ജി. യുടെ ആത്മകഥ കാണുക) എ. കെ. ജി. സിങ്കപ്പൂർ വിടുന്നതിനുമുൻപുതന്നെ ദേവദാസ് രാജിവെച്ച് നാട്ടിലേക്ക് പുറപ്പെട്ടുകഴിഞ്ഞിരുന്നു.

അദ്ദേഹം ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യയിലെ സ്വാതന്ത്ര്യസമരം ഒരു പുതിയ ഘട്ടത്തെ നേരിടുകയായിരുന്നു. ദേവദാസ് സിങ്കപ്പൂരിലേക്ക് പുറപ്പെടുന്ന വർഷത്തിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് അധികാരത്തിലെത്തി. കോൺഗ്രസ്സിനകത്തെ ഇടതുപക്ഷക്കാർ ഈ ഭാഗിക ഭരണപങ്കാളിത്തത്തെ എതിർത്തുവന്നു. ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ കോൺഗ്രസ്സിൽ രൂക്ഷസമരം. കേരളത്തിലും ഈ സമരം ശക്തിപ്പെട്ടു, കെ. പി.സി.സി അബ്ദുറഹിമാൻ സാഹിബ്, പി. കൃഷ്ണപിള്ള, ഇ. എം.എസ്. നമ്പൂതിരിപ്പാട്, എ.കെ. ഗോപാലൻ തുടങ്ങിയ ഇടതുപക്ഷത്തിന്റെ നിയന്ത്രണത്തിലായി. ഇവരിൽ അബ്ദു റഹിമാൻ സാഹിബ് സുഭാഷ് ചന്ദ്രബോസിന്റെ ചേരിയിലേക്കു് പോയപ്പോൾ മറ്റുള്ളവർ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്യൂണിസ്റ്റ് പാർട്ടിയിലുമായി. ദേവദാസിന്റെ അനുഭാവവും അടുപ്പവും ഈ വിഭാഗത്തോടായിരുന്നു. അക്കാലത്തെ ഉൾപാർട്ടി സമരങ്ങളിലും പാർട്ടി വിദ്യാഭ്യാസപരിപാടികളിലും ദേവദാസ് ഗണ്യമായ പങ്കു വഹിച്ചു.

1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. കമ്യൂ

ണിസ്റ്റ് പാർട്ടിയുടെ നേരെയുള്ള മർദ്ദനപരിപാടി ഊർജ്ജിതപ്പെട്ടു. 1940 സെപ്തംബർ 15-ന്റെ സാമ്രാജ്യത്വവിരുദ്ധ ദിനാചരണങ്ങളും വെടിവെയ്പ്പുകളും ഗുരുതരമായ ഒരവസ്ഥ സൃഷ്ടിച്ചു. 1941- ൽ നാസി ജർമ്മനി സോവിയറ്റ് യൂണിയനെ ആക്രമിച്ചു. യുദ്ധം ഫാസിസത്തിനും നാസിസത്തിനും എതിരായ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമായി. കമ്മ്യൂണിസ്റ്റ് പാർട്ടി ഫാസിസ്റ്റ് വിരുദ്ധ യുദ്ധത്തിന് പിന്തുണ നൽകി. അങ്ങനെ 1938-ൽ ദേവദാസ് കേരളത്തിൽ തിരിച്ചെത്തിയശേഷം പിന്നിട്ട മൂന്ന് വർഷം രൂക്ഷമായ താത്വിക സമരങ്ങളുടെയും രാഷ്ട്രീയ ധ്രുവീകരണത്തിന്റെയും കാലമായിരുന്നു. ഈ തീച്ചൂളയിലാണ് ദേവദാസിന്റെ രാഷ്ട്രീയ വിശ്വാസങ്ങൾ ഉലയിൽ കാച്ചിയ പൊന്നുപോലെ ഉരുകിത്തെളിഞ്ഞത്. 1942-ൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ വാരികയായി ദേശാഭിമാനി പുറത്തുവന്നപ്പോൾ അതിന്റെ പത്രാധിപർ ആരായിരിക്കണം എന്നതിനെക്കുറിച്ച് നേതൃത്വത്തിന് വളരെയേറെ ആലോചിക്കേണ്ടി വന്നില്ല. ദേവദാസ് ദേശാഭിമാനിയുടെ പത്രാധിപരായി. ദേശാഭിമാനി 1946-ൽ ദിനപത്രമായപ്പോഴും ദേവദാസ് അതിന്റെ പത്രാധിപന്മാരിൽ ഒരാളായിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാടു്, പി. നാരായണൻ നായർ, സി. ഉണ്ണിരാജാ, കെ.കെ. വാര്യർ തുടങ്ങിയവരായിരുന്നു മറ്റു പത്രാധിപസമിതി അംഗങ്ങൾ. 1951-ൽ റിപ്പബ്ലിക്കൻ ഭരണഘടനയനുസരിച്ചുള്ള ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പോടുകൂടി കുടുംബപരമായ കാരണങ്ങളാൽ മുഴുവൻസമയ പ്രവർത്തനം ഉപേക്ഷിക്കുന്നതുവരെ ദേവദാസ് പത്രപ്രവർത്തനം തുടർന്നു. ഈ കാലഘട്ടത്തിൽ യുദ്ധം അവസാനിച്ചു. യുദ്ധാനന്തര സാമ്രാജ്യവിരുദ്ധ പോരാട്ടം കുതിച്ചുകയറി. ഇന്ത്യ സ്വതന്ത്രയായി, പാർട്ടി വീണ്ടും നിയമവിരുദ്ധമായി, പാർട്ടിക്കെതിരെ മർദ്ദന നടപടികൾ രൂക്ഷമായി.

ഈ പരീക്ഷണങ്ങളെയെല്ലാം സുധീരമായി നേരിട്ടുകൊണ്ട്, താരതമ്യേന ശാന്തമായ ഒരന്തരീക്ഷം വന്നപ്പോഴാണു് മുഴുവൻ സമയരാഷ്ട്രീയം ഉപേക്ഷിച്ച അദ്ദേഹം തനിക്കു് പ്രിയപ്പെട്ട അദ്ധ്യാപക ജോലിയിലേക്ക് തിരിച്ചുപോയതു്. പന്തളത്തെ എൻ.എസ്.എസ്. കോളജിലായിരുന്നു തുടക്കം. എൻ. എസ്.എസ്സുകാർ ഈ പണ്ഡിതനും സമർപ്പിതചേതസ്സുമായ അധ്യാപകനെ വളരെ ആദരിച്ചിരുന്നുവെങ്കിലും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും സമരങ്ങളോടുള്ള ദേവദാസിന്റെ അനുഭാവം അവർക്ക് അരോചകമായി. ഉപജീവനമാർഗ്ഗത്തിനായി ആത്മാവ് പണയം വയ്ക്കാൻ ഈ ദുർഘടഘട്ടത്തിലും തയാറല്ലായിരുന്ന ദേവദാസ് സുസ്ഥിര വരുമാനമുള്ള തൊഴിൽ രാജിവെച്ച് അസ്ഥിരതയുടെ നടുവിലേക്ക് ചാടി. കോളേജ് അദ്ധ്യാപകർക്കുള്ള ഇന്നത്തെ സുരക്ഷിതത്വം അന്നില്ലായിരുന്നുവെന്നത് ഓർക്കുക. അതുമുതൽ 1970 വരെ (ഇടയ്ക്ക് അല്പകാലം കലാമണ്ഡലം സെക്രട്ടറി

യായിരുന്നതൊഴിച്ച്) ദേവദാസ് ട്യൂട്ടോറിയൽ കോളേജുകളിൽ പഠിപ്പിച്ചാണ് കഴിഞ്ഞുകൂടിയത്. ചങ്ങനാശ്ശേരി സെന്റ് ബെർഗ്മെൻസ് കോളേജിൽനിന്നു് പുരോഗമനാശയങ്ങൾ മൂലം പുറത്താക്കപ്പെട്ടതിനെ തുടർന്നു് ട്യൂട്ടോറിയൽ നടത്തി ഉപജീവനം കഴിച്ച മഹാനായ പ്രൊഫ: എം. പി. പോളിനെപ്പോലെ.

1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി. പി. ഐ. യിൽ തുടർന്ന ദേവദാസ് 1970-ഓടുകൂടി വീണ്ടുവിചാരം നടത്തി സി.പി. ഐ. (എം) ൽ ചേരുകയും ജീവിതാവസാനം വരെ അങ്ങനെ തുടരുകയും ചെയ്തു. സി. പി.ഐ(എം) ൽ ചേർന്ന ശേഷം അദ്ദേഹം ട്യൂട്ടോറിയൽ പ്രവർത്തനം വിടുകയും 'ചിന്ത' വാരികയുടെ പത്രാധിപസമിതിയിൽ ചേരുകയും ചെയ്തു. അദ്ദേഹത്തിന്റെ അന്ത്യഘട്ടത്തിലെ ബൃഹദ്ഗ്രന്ഥങ്ങളായ മാർക്സിസ്റ്റ് ദർശനം, ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനം മുതലായവ ചിന്തയിൽ ഖണ്ഡശ: പ്രസിദ്ധീകരിക്കപ്പെട്ടവയാണു്.

ദേവദാസിന്റെ സംഭാവനകൾ പല രംഗങ്ങളിലും മുദ്രപതിപ്പിച്ചിട്ടുണ്ട്. എങ്കിലും സാഹിത്യരംഗമാണു് ഏറ്റവും കൂടുതൽ മറ്റുള്ളവരുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതു്. ആദ്യം ജീവൽ സാഹിത്യ സംഘടനയിലും പിന്നീട് പുരോഗമന സാഹിത്യ സംഘടനയിലും നേതൃനിരയിൽ സ്ഥാനമുണ്ടായിരുന്ന ദേവദാസ് 1940 കളിൽ നവീന സാഹിത്യത്തിനുവേണ്ടി അടരാടിയ പ്രഗത്ഭരിൽ പ്രമുഖനായിരുന്നു. ദേശാഭിമാനിയുടെ സാഹിത്യപംക്തികളിലും മറ്റു പത്രമാസികകളിലും ദേവദാസിന്റെ മൂർച്ചയുള്ള തൂലിക അക്കാലത്ത് തലയുയർത്തിതുടങ്ങി. കേശവദേവ്, ബഷീർ, പൊൻകുന്നം വർക്കി, തകഴി, ചെറുകാട് തുടങ്ങിയവർക്കുവേണ്ടി യാഥാസ്ഥിതികർക്കെതിരെ നിരന്തരമായി പോരാടി. മഹാകവി വള്ളത്തോളും മഹാകവി ജി. ശങ്കരക്കുറുപ്പും അന്നത്തെ യുവകവിയായിരുന്ന ചങ്ങമ്പുഴയും മറ്റും സ്നേഹാദരങ്ങളോടെയാണു് ഈ യുവനിരൂപകനെ നോക്കിക്കണ്ടതു്. ജി. ശങ്കരക്കുറുപ്പിന്റെ 'ചെങ്കതിരുകൾ' എന്ന കവിതാ സമാഹാരത്തിന്റെ അവതാരിക ദേവദാസിന്റേതാണു്.

രണ്ടാം ലോകമഹായുദ്ധകാലത്ത് ശങ്കരക്കുറുപ്പ് പ്രശസ്തനായി കഴിഞ്ഞിരുന്നു. ദേവദാസ് ആകട്ടെ കമ്യൂണിസ്റ്റിതരവൃത്തങ്ങളിൽ അത്ര ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയിരുന്നുമില്ല. അങ്ങനെയിരിക്കെ മഹാകവി ഈ യുവനിരൂപകനോട് തന്റെ കൃതിക്കു് ഒരു അവതാരിക എഴുതണമെന്നു് ആവശ്യപ്പെട്ടത് വലിയൊരു അംഗീകാരമായിരുന്നു. ജീയും ദേവദാസും തമ്മിൽ ഉണ്ടായിരുന്ന വേഴ്ച വൈകാരികം മാത്രമായിരുന്നില്ല. മലയാള കവിതയിൽ വള്ളത്തോൾ പ്രതിനിധീഭവിച്ച പുരോഗമനദേശീയധാരയുടെ പിന്തുടർച്ചാവകാശിയായിട്ടാണു് അദ്ദേഹം ജീയെ കണ്ടതും വിലയിരുത്തിയതും. സോഷ്യലിസ്റ്റ് മൂല്യങ്ങൾ കലർന്ന പിൽകാലപുരോഗമന സാഹിത്യപ്രവണതകൾ

ദേശീയസ്വാതന്ത്ര്യസമരമൂല്യങ്ങ ളുടെ സയുക്തികമായ തുടർച്ചയാ യിട്ടാണു് അദ്ദേഹം കണ്ടത്. തൊഴിലാളി വർഗപ്രസ്ഥാനം ബൂർഷ്വാ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഗർഭപാത്രത്തിൽ രുപം കൊണ്ടു എന്ന സിദ്ധാന്തത്തിന്റെ സാഹിത്യ രംഗത്തിലെ പ്രതിഫല നമായിരുന്നു ഈ വീക്ഷണം.

ഈ വീക്ഷണം ഭാഗീകമായി മാത്രമേ സാധുവാകുകയുള്ളൂ. തൊഴിലാളി വർഗ്ഗവിപ്ലവത്തിനു് ബൂർഷ്വാ ജനാധിപത്യ വിപ്ലവ ത്തിന്റെ അനന്തരാവകാശിത്വം തീർച്ചയായും ഉണ്ടു്. എന്നാൽ അതോടൊപ്പം തന്നെ മറ്റൊരു പൈതൃകവും തൊഴിലാളിവർഗ്ഗ ധാരയിൽ ചേർന്നിട്ടുണ്ടു്. അനാദികാലം മുതൽ ഫ്യൂഡൽ ബൂർഷ്വാ തുടങ്ങിയ അധീശശക്തികളിൽനിന്നു് വ്യതിരിക്തമായി വർത്തി ച്ചുപോന്ന അധ:സ്ഥിത നാടോടിപൈതൃകത്തിന്റെ പാരമ്പര്യവും ആധുനിക തൊഴിലാളിവർഗസാഹിത്യത്തിനു് ചൈതന്യം പകർന്നി ട്ടുണ്ടു്. രാഷ്ട്രീയവികാസ ചരിത്രത്തിൽ മിതവാദി മാർക്സിസ്റ്റുകൾ ബൂർഷ്വാ സംഭാവനയെ പെരുപ്പിച്ചുകാട്ടുന്ന പ്രവണത നാം കണ്ടിട്ടുണ്ടല്ലോ. (ബിപിൻചന്ദ്രയും പി.സി. ജോഷിയും മറ്റും.) അത്തരമൊരു വ്യതിയാനമായിരിക്കും മേൽവിവരിച്ച സാഹിത്യ വീക്ഷണം കണക്കിലേറെ വലിച്ചുനീട്ടിയാൽ സംഭവിക്കുക. പില്ക്കാ ലത്ത് ജോസഫ് മുണ്ടശ്ശേരി, സുകുമാർ അഴിക്കോട് തുടങ്ങിയ അക്കാദമീയ നിരൂപകരും ഈ ലേഖകനെപ്പോലുള്ളഇടതുപക്ഷ പ്രവർത്തകരും ജി.ശങ്കരക്കുറുപ്പിനെയും അദ്ദേഹത്തിന്റെ സംഭാവന കളെയും വിമർശിച്ചപ്പോൾ ദേവദാസ് അത്തരം വിമർശനങ്ങളോട് രോഷാകുലനായിട്ടാണു് പ്രതികരിച്ചത്. ഇന്നിപ്പോൾ അക്കാലത്തെ വിവാദങ്ങളിലേക്കു് തിരിഞ്ഞുനോക്കുമ്പോൾ ദേവദാസിന്റെ നിലപാടിൽ ചില ദൗർബല്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും മുണ്ട ശ്ശേരിയുടേയും അഴീക്കോടിന്റെയും മറ്റും അത്യുക്തികൾ അതിർ കടന്നതായിപോയി എന്നു് തോന്നിപ്പോകുന്നു. അഴീക്കോടു് തന്നെ അങ്ങനെയൊരു സ്വയം വിമർശനം അദ്ദേഹത്തിന്റെ അറുപതാം പിറന്നാളിനോടനുബന്ധിച്ചു് നൽകിയ അഭിമുഖ സംഭാഷണത്തിൽ നടത്തിയതായി ഓർക്കുന്നു.

ശങ്കരക്കുറുപ്പിനോടുള്ള ഈ അനുഭാവപൂർണ്ണമായ നിലപാടു് സാഹിത്യനിരൂപണത്തിൽ ദേവദാസ് പൊതുവെ അനുവർത്തിച്ചു പോന്ന വിശാലമനോഭാവത്തിന്റെ നിദർശനമാണു്. അദ്ദേഹം അംഗമായിരുന്ന കമ്യൂണിസ്റ്റ് പാർട്ടിയും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാ നവും സെക്ടേറിയൻ സങ്കുചിത നിലപാടുകളിലേക്ക് വഴുതിപ്പോയ സന്ദർഭങ്ങളിൽ മറ്റു് പലർക്കും എന്നപോലെ ദേവദാസിനും കൈപ്പിഴകൾ സംഭവിച്ചിട്ടുണ്ടു്. എന്നാൽ സെക്ടേറിയനിസം കൊടി കുത്തി വാണിരുന്ന കാലത്തുപോലും തന്റെ യുക്തിബോധവും സഹൃദയത്വവും കൈമോശം വരാതിരിക്കാൻ ദേവദാസ് ശ്രദ്ധിച്ചി

ട്ടുണ്ടു്. ഉദാഹരണത്തിനു് 1948-49 കളിൽ കമ്യൂണിസ്റ്റ് പാർട്ടി നിയമ വിരുദ്ധമായിരുന്നപ്പോൾ പുരോഗമന സാഹിത്യവും പ്രേമവും എന്ന വിഷയം വിവാദവിധേയമായി. സ്റ്റാലിനിസവും ഷഡ്ഡാനോ വിസവും നിഴൽപരത്തിയിരുന്ന കാലം. ഒളിവിലായിരുന്ന ദേവദാസ് അന്നു് എം. ബി. മേനോൻ എന്ന തൂലികാനാമം വെച്ച് എഴുതിയ ഒരു ലേഖനത്തിന്റെ തുടക്കഭാഗം ഉദ്ധരിക്കാം:

'പ്രേമത്തിനു് പുരോഗമനസാഹിത്യത്തിൽ സ്ഥാനമില്ലേ എന്നൊരു ചോദ്യം അടുത്തകാലത്തായി നമ്മുടെ നാട്ടിൽ ഉന്നയിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. കഴിഞ്ഞ കൊല്ലം തൃശൂർ പുരോഗമന സാഹിത്യസമ്മേളനത്തിനോടനുബന്ധിച്ച് നടത്തിയ കമ്യൂണിസ്റ്റ് എഴുത്തുകാരുടെ ഫ്രാക്ഷൻ യോഗത്തിൽ വെച്ച് സ: പി.ഭാസ്കരൻ ആ ചോദ്യം ഉയർത്തിയതായറിയുന്നു. ഭാസ്കരനുൾപ്പെടുന്ന മദിരാശി സാഹിതീസഖ്യം കഴിഞ്ഞകൊല്ലം പുറത്തിറക്കിയ പുരോഗമന സാഹിത്യവിജ്ഞാപനമാകട്ടെ, പ്രേമകവിതകളെഴുതുന്നവരെ പുരോഗമനസാഹിത്യകാരന്മാരായെണ്ണാതിരിക്കുന്നപട്ടാളച്ചിട്ടയ്ക്കെതിരായി പ്രതിഷേധിക്കുകകൂടി ചെയ്തിട്ടുണ്ട്. പ്രേമത്തിന്റെ പ്രശ്നം പുരോഗമന സാഹിത്യ രംഗത്തിൽ അല്പം ഉൽക്കടമായ ഒന്നായിത്തീർന്നിരിക്കുന്നുവെന്നു വ്യക്തമാണ്.

പ്രേമം, അനുരാഗം, സ്ത്രീപുരുഷബന്ധം മുതലായ വിഷയങ്ങൾ സാഹിത്യത്തിൽ പ്രതിപാദിക്കുന്നതു തന്നെ പുരോഗമന വിരുദ്ധവും വിപ്ലവവിരുദ്ധവുമാണെന്നും, പ്രത്യക്ഷത്തിൽ തന്നെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ മനുഷ്യജീവിതത്തുറകൾ മാത്രമെ പുരോഗമനപരമോ വിപ്ലവകരമോ ആയ പ്രതിപാദനത്തിനു പറ്റുകയുള്ളൂവെന്നും ഉള്ള ചിന്താഗതി - അങ്ങനെയൊരു ചിന്താഗതി വാസ്തവത്തിൽ ആർക്കെങ്കിലുമുണ്ടെങ്കിൽ - തീർച്ചയായും ശരിയല്ല; കാരണം, പ്രേമവും അനുരാഗവും മറ്റു് സാമാന്യ ജനതയുടെ യഥാർത്ഥജീവിതത്തിൽ വളരെ പ്രധാനമായ ഒരു പങ്ക് വഹിക്കുന്ന പ്രശ്നമാണ്. ഇത് വിസ്മരിക്കുന്നവർ യഥാർത്ഥ ജീവിതത്തെയാണ് അവഗണിക്കുന്നത്; യഥാർത്ഥജീവിതത്തെ അവഗണിക്കുന്ന മാർക്സിസം മാർക്സിസമാവില്ല; അത്തരം പുരോഗമനം പുരോഗമനവുമാവില്ല.'

(പുരോഗമനസാഹിത്യത്തിന്റെ പരിപ്രേക്ഷ്യം 1978 പു.22-23)

ഇത്ര ഉദാരവും വിശാലവുമായ നിലപാടു് എടുത്തിട്ടും ദേവദാസിന്റെ മേൽ സങ്കുചിതത്വവും വരട്ടുതത്വവാദവും ആരോപിക്കുവാൻ ചിലർ മുതിർന്നിട്ടുണ്ടു്. 1959-ാംമാണ്ടിനിടക്ക് മദിരാശിയിൽ വച്ച് നടന്ന സാഹിത്യപരിഷത് സമ്മേളനത്തിലും തുടർന്നും അങ്ങിനെ ചില അനർഹമായ ആരോപണങ്ങൾ ദേവദാസിന്റെ മേൽ ചിലർ ചൊരിയുകയുണ്ടായി. അങ്ങനെ വിമർശനമുയർത്തിയവരിൽ ഗുപ്തൻ നായർ, പി. എ. വാര്യർ, എം. വി. ദേവൻ തുടങ്ങിയവർക്ക്

പുറമെ പ്രമുഖ കമ്യൂണിസ്റ്റ് പത്രപ്രവർത്തകനും കലാനിരൂപകനും സാഹിത്യകാരനുമായ സഖാവ്. പവനൻ കൂടി ഉണ്ടായിരുന്നത് ദേവദാസിനെ ആശ്ചര്യപ്പെടുത്തി. നവയുഗം (1958 ഡിസംബർ 6) വാരികയിൽ ഈ വിമർശനങ്ങൾ ഉന്നയിച്ചതിനുശേഷം അതിന് തൃപ്തികരമായ മറുപടി എഴുതുവാൻ ദേവദാസിനെ പവനൻ ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം ദേവദാസ് എഴുതിയ പരിഹാസവും യുക്തിയും നിറഞ്ഞ ലേഖനത്തിലൊരു ഭാഗത്ത് ഇങ്ങിനെ പറയുന്നു: എന്റെ സമാധാനം തൃപ്തികരമാവുമോ എന്നെനിക്കറിഞ്ഞുകൂടാ; ഞാൻ ഒരു പഴഞ്ചൻ മാർക്സിസ്റ്റാണ്. എങ്കിലും എന്റെ എളിയ കഴിവിനൊത്തവിധം ഞാൻ സമാധാനം നൽകാം.

ഒന്നാമതായി, സോഷ്യലിസ്റ്റ് റിയലിസം മാത്രമെ ഇനി പാടുള്ളൂവെന്ന നില ഞാനെടുത്തിട്ടില്ല; തൊഴിലാളികളുടെയും കൃഷിക്കാരുടെയും ജീവിതം മാത്രമെ ചിത്രപ്പെടുത്തിക്കൂടു എന്ന് ശാഠ്യം പിടിച്ചിട്ടുമില്ല. നേരെമറിച്ചും ക്രിട്ടിക്കൽ റിയലിസം, റൊമാന്റിക് റിയലിസം, ഭൂതകാലചരിത്രസംഭവങ്ങളെ ആസ്പദിച്ചുകൊണ്ടുള്ള ആഖ്യായികൾ - ഇതിനെല്ലാം നമ്മുടെ നോവൽ സാഹിത്യത്തിൽ സ്ഥാനം വേണമെന്നും, സാഹിത്യത്തിലെ ലിബറൽ മൂല്യങ്ങൾ നാം ഉപേക്ഷിക്കേണ്ടതില്ലെന്നും ഞാൻ പ്രത്യേകം ഊന്നിപ്രസ്താവിച്ചു. കലാകാരന്റെ നിർമ്മാണസ്വാതന്ത്ര്യവും, വിമർശകന്റെ വിമർശനസ്വാതന്ത്ര്യവും രണ്ടും ഒരുപോലെ പരിരക്ഷിക്കപ്പെടേണമെന്നും ഞാൻ വാദിച്ചു രണ്ടും ജനാധിപത്യാദർശങ്ങൾക്കനുയോജ്യമാംവിധം സാമൂഹ്യമായ അച്ചടക്കത്തിനു വിധേയമായിരിക്കുകയും വേണം. അത്രയും ഞാൻ അവിടെ ഊന്നിപ്പറഞ്ഞസ്ഥിതിക്കു് നിങ്ങൾ ഇന്നതെഴുതൂ എന്ന് നോവലെഴുത്തുകാരനെ ദേവദാസ് നിർബന്ധിക്കേണ്ടിയിരുന്നില്ലെന്നു് പിന്നെയും പറയുന്ന ശ്രീ. പവനൻ ഒരു നിഴൽ യുദ്ധമാണു് നടത്തുന്നതു്. ഒരു കാറ്റാടിയന്ത്രത്തെയാണു് വെല്ലുവിളിക്കുന്നത്.

(ടി പുസ്തകം പുറം 149-50)

മലയാളത്തിലെ മാർക്സിറ്റ് സാഹിത്യനിരൂപണത്തിനും മാർക്സിസ്റ്റ് പത്രപ്രവർത്തനത്തിനും അടിത്തറ പാകിയ ആദ്യ പഥികരുടെ നിരയിൽ എം. എസ്. ദേവദാസിന്റെ സ്ഥാനം ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെയും കെ. ദാമോദരന്റെയും നിരയിലാണ്. കാലത്തിന്റെ പരിമിതികൾ അദ്ദേഹത്തിന്റെ വീക്ഷണങ്ങളിലും ലേഖനങ്ങളിലും പോറലുകൾ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ബൗദ്ധികമായ സത്യസന്ധതയും ഉൾക്കാഴ്ചയും സർവ്വോപരി സഹൃദയത്വവും തന്റെ സമകാലികർ വീണുപോയ പല പടുകുഴികളിൽ നിന്നും അദ്ദേഹത്തെ രക്ഷിച്ചു. പുരോഗമന സാഹിത്യത്തിനും പ്രസ്ഥാനത്തിനും കമ്യൂണിസ്റ്റിതരർ നൽകിയ

സംഭാവനകളെ ഉച്ചൈസ്തരം പ്രകീർത്തിക്കാൻ ദേവദാസ് മടിച്ചിരുന്നില്ല. അദ്ദേഹം ഒരിക്കൽ ഇങ്ങനെ എഴുതി.

കേരളത്തിലെ പുരോഗമനസാഹിത്യത്തിന്, സർഗ്ഗാത്മകമായ നാനാതരകൃതികൾ രചിച്ച് 1930 മുതൽക്ക് തന്നെ കലാപരമായി കൂടുതൽ മൂല്യവത്തായ സംഭാവനകൾ നൽകിയിട്ടുള്ളവർ കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാരല്ല; മറിച്ച് കമ്മ്യൂണിസ്റ്റ്കാരല്ലാത്ത കേശവദേവ്, തകഴി, എസ്. കെ. പൊറ്റക്കാട്, ചങ്ങമ്പുഴ, വൈക്കം മുഹമ്മദ് ബഷീർ മുതലായവരാണു്. എങ്കിലും കലാമൂല്യമുള്ള പല നല്ല കൃതികളും (നാടകം, നോവൽ, കവിത മുതലായ രംഗങ്ങളിൽ) രചിക്കുന്നതിനു് കമ്മ്യൂണിസ്റ്റുക്കാർക്കുണ്ടായിരിക്കേണ്ട വിപ്ലവ വീക്ഷണം ഒരിക്കലും ഒരു തടസ്സമല്ലെന്ന് ചെറുകാടു്, തോപ്പിൽ ഭാസി, വയലാർ രാമവർമ്മ, ഒ.എൻ. വി. കുറുപ്പ് മുതലായ പലരും പിൽക്കാലത്തു് തെളിയിച്ചിട്ടുണ്ട്.

ദേവദാസിന്റെ ആത്മാർത്ഥതയും ആദർശശുദ്ധിയും ലാളിത്യവും അദ്ദേഹത്തെ അറിയുന്നവർക്കു് മറക്കാനാവുകയില്ല. ജീവിതത്തിൽ പല കയറ്റിറക്കങ്ങളും ദുരന്തങ്ങളും നേരിടേണ്ടിവന്നിട്ടുള്ള ദേവദാസ് ഒരിക്കലും തന്റെ വിശ്വാസപ്രമാണങ്ങളിൽ വിട്ടുവീഴ്ച കാണിച്ചിട്ടില്ല. പ്രായം ചെല്ലുംതോറും യൗവനകാലത്തെ വിപ്ലവാവേശവും ആദർശനിഷ്ഠയും കൈമോശം വരുന്ന ബുദ്ധിജീവികളെയും അവസരവാദത്തെ ഉപജീവനമാർഗമാക്കുന്ന പണ്ഡിതമ്മന്യൻമാരെയും നാം സാധാരണ കാണാറുണ്ടു്. എന്നാൽ ദേവദാസ് അത്തരം വീഴ്ചകൾക്കിരയാകുകയോ പ്രലോഭനങ്ങൾക്ക് വശഗനാകുകയോ ചെയ്തില്ല. അവസാനവർഷങ്ങളിൽ തികച്ചും അവശനായി മൂത്രവിസർജ്ജനത്തിനുപോലും വിഷമിച്ച് ഒരു സഞ്ചികെട്ടി കഴിയുമ്പോഴും ദാർശനികമായ ശുഭാപ്തിവിശ്വാസവും വിപ്ലവാഭിമുഖ്യവും ആ പ്രതിഭാധനൻ കൈവെടിഞ്ഞില്ല. മരിക്കുന്നതിന് ഏതാനും ആഴ്ചകൾ മുമ്പ് വരെ അദ്ദേഹം എഴുതുകയും വായിക്കുകയും സഖാക്കളുമായി സമ്പർക്കം പുലർത്തുകയും ചെയ്തു. ഇതാ ഒരു മാതൃകാപുരോഗമന ബുദ്ധിജീവി എന്ന് ദേവദാസിനെ ചൂണ്ടി പറയാൻ അല്പം പോലും മടിക്കേണ്ട.

എം.എസ്.ദേവദാസിന്റെ ഭാര്യ കമലാക്ഷിയമ്മ, മക്കൾ ശകുന്തള, മോഹൻ, രവി എന്നിവരാണ്. അദ്ദേഹത്തിന്റെ ഒരു മകൻ രണ്ടുവർഷം മുമ്പ് അപകടം പറ്റി അകാലചരമം പ്രാപിച്ചു. തിരുവനന്തപുരത്ത് പട്ടത്ത് ചാലക്കുഴി ലൈനിലെ സ്വന്തം വീട്ടിലാണ് അദ്ദേഹം താമസിച്ചിരുന്നത്. (ദേവദാസിന്റെ പ്രധാന കൃതികൾ: പ്രേമവും പുരോഗമനസാഹിത്യവും, പുരോഗമനസാഹിത്യത്തിന്റെ പരിപ്രേക്ഷ്യം, മാർക്സിസ്റ്റ് ദർശനം, ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം (3 വാല്യങ്ങൾ), സാഹിത്യപ്രതിഭയും സമൂഹവും, സാഹിത്യവിപ്ലവവും സാമൂഹ്യവിപ്ലവവും.)

സ്വാതിതിരുനാളും ആധുനികവത്ക്കരണവും

തിരുവിതാംകൂറിന്റെ നീണ്ട ചരിത്രത്തിൽ മൗലികപ്രതിഭ, ധീരത, ദൂരകാഴ്ച, കലാപ്രതിഭ, ഭരണനൈപുണ്യം, സമകാലിക ലോകത്തെക്കുറിച്ചുള്ള ബോധം മുതലായവ കൊണ്ട് അനുഗ്രഹീതരായവർ സ്വാതിതിരുനാൾ മഹാരാജാവിനെ പോലെ വേറൊരാളെ ചൂണ്ടിക്കാട്ടാനില്ല. നിഷ്ഠൂരനും സ്വേച്ഛാധിപതിയും ആയിരുന്നുവെങ്കിലും മാർത്താണ്ഡവർമ്മയും മൗലികപ്രതിഭയും ഭരണശേഷിയും കൊണ്ട് അവിസ്മരണീയനായിരുന്നു. തിരുവിതാംകൂറിന്റെ ആധുനികവത്കരണ പ്രക്രിയയിൽ ഇരുവരും ഒരുപോലെ കീർത്തിമാൻമാർ. എങ്കിലും ഇരുവരും വാണിരുന്ന കാലഘട്ടങ്ങൾ തമ്മിലുള്ള അന്തരം ഗണപരമായി വളരെ ഇല്ലെങ്കിലും ഗുണപരമായി വളരെ വലുതാണ്. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്ത് (1729- 58) വേണാടും പിന്നീടു് അദ്ദേഹം വെട്ടിപിടിച്ച പ്രദേശങ്ങൾ ഉൾപ്പെടെയുള്ള തിരുവിതാംകൂറും സ്വതന്ത്രരാഷ്ട്രങ്ങളായിരുന്നു. അന്നിവിടെ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ച ഡച്ചുക്കാരെ കുളച്ചൽ യുദ്ധത്തിൽ (1741) തോറ്റുതുന്നംപാടിക്കാൻ മാർത്താണ്ഡവർമ്മക്ക് ഒട്ടും വിഷമിക്കേണ്ടിവന്നിട്ടില്ല. എന്നാൽ സ്വാതിതിരുനാളിന്റെ ഭരണകാലമായപ്പോഴേക്കും (1829-47) ബ്രിട്ടീഷ് ആധിപത്യം ഇവിടെ അരക്കിട്ടുറപ്പിച്ചു കഴിഞ്ഞിരുന്നു. അധികാരമത്തരായ വെള്ളക്കാരുടെ കീഴിൽ ദുർബലനായ ഒരു സാമന്തൻ മാത്രമായിരുന്നു അന്ന് തിരുവിതാംകൂർ രാജാവു്.

ഈ ദുരവസ്ഥ സ്വാതിതിരുനാളിനെപോലെ പരിണതപ്രജ്ഞനും പ്രതിഭാശാലിയും ആയ ഒരു ഭരണാധികാരിക്ക് തന്റെ ആശയങ്ങളും ആദർശങ്ങളും നടപ്പിൽ വരുത്താൻ പറ്റിയ സാഹചര്യമല്ല പ്രദാനം ചെയ്തത്. കുറെയൊക്കെയെങ്കിലും ആ മഹാപ്രതിഭ സാക്ഷാൽക്കരിക്കപ്പെട്ടത് സാഹിത്യ സംഗീതാദികലാരംഗത്ത് മാത്രമാണ്. പക്ഷെ അതും അല്പൻമാരായ അധീശപ്രഭുക്കളുടെ അസൂയക്കും വൈരാഗ്യത്തിനും ഇടവരുത്തി. അരസികനും

അധികാരമോഹിയുമായ അന്നത്തെ ബ്രിട്ടീഷ് പൊളിറ്റിക്കൽ റസിഡന്റ് ജനറൽ കല്ലനുമായുള്ള സ്വാതിതിരുനാളിന്റെ പോരാട്ടം കുറെയൊക്കെ ചരിത്രകാരൻമാരുടെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ട്. എങ്കിലും അതിന്റെ രാഷ്ട്രീയമാനങ്ങൾ വേണ്ടത്ര ഇനിയും പുറത്തു വന്നിട്ടില്ല.

കേരളത്തിലെ വിദ്യാലയങ്ങളിൽ ആധികാരിക പാഠപുസ്തകമായി പഠിപ്പിച്ചുവരുന്ന എ. ശ്രീധരമേനോന്റെ കേരളചരിത്രത്തിൽ ഈ സായ്പിനെപ്പറ്റിയോ സംഘർഷത്തെപ്പറ്റിയോ ഒരു വാചകം പോലും ഇല്ലെന്നത് ശ്രദ്ധേയമാണ്. റാണി ഗൗരീലക്ഷ്മീ ഭായിക്കും ഗൗരീ പാർവതീ ഭായിക്കും ഉത്രം തിരുനാളിനും ആയില്യം തിരുനാളിനും മറ്റും നീക്കി വെച്ചതു പോലെ രണ്ടോ, മൂന്നോ ചെറിയ ഖണ്ഡികകളിൽ സ്വാതിതിരുനാളിനെ അദ്ദേഹം ഒതുക്കികെട്ടുകയും ചെയ്തു. 1970- ൽ പ്രസിദ്ധീകരിച്ച സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ വിശ്വവിജ്ഞാനകോശത്തിലും സ്വാതിതിരുനാളിനോട് കൂടുതൽ നീതിയൊന്നും കാട്ടിയിട്ടില്ല- അഥവാ അതിനുതക്ക ചരിത്രബോധമുള്ളവരല്ല ആ കുറിപ്പ് എഴുതിയത്.

II

സ്വാതിതിരുനാളിന്റെ പ്രതിഭയേയും സംഭാവനയേയും മനസ്സിലാക്കാൻ മാർത്താണ്ഡവർമ്മയുടെ കാലവുമായുള്ള അന്തരത്തിനു പുറമെ മറ്റു ചില ചരിത്രസാഹചര്യങ്ങൾ കൂടി അറിഞ്ഞിരിക്കണം. സ്വാതിതിരുനാൾ അന്തരിച്ച് പത്തു വർഷം കൂടി പിന്നിട്ടപ്പോഴാണ് ഉത്തരേന്ത്യയിൽ ഒന്നാം സ്വാതന്ത്ര്യയുദ്ധം പൊട്ടിപുറപ്പെട്ടതും അതിന്റെ പരാജയത്തോടുകൂടി ബ്രിട്ടീഷ് ആധിപത്യം തുടർന്നുള്ള 90 വർഷത്തേക്ക് അപ്രതിരോധ്യമായി അരക്കിട്ടുറപ്പിക്കപ്പെട്ടതും. അങ്ങനെ ബ്രിട്ടീഷ് ആധിപത്യം അരക്കിട്ടുറപ്പിക്കപ്പെട്ടുവെങ്കിലും നാട്ടുരാജ്യങ്ങളോടും തദ്ദേശീയ പാരമ്പര്യങ്ങളോടും കുറെക്കൂടി സഹിഷ്ണുത പുലർത്തുന്ന നയമാണ് പിന്നീട് പിൻതുടർന്നത്. ഒന്നാം സ്വാതന്ത്ര്യ യുദ്ധത്തിൽ നിന്ന് അവർ പഠിച്ച പാഠങ്ങളിൽ ഒന്നായിരുന്നു അത്. പക്ഷേ ഈ നയംമാറ്റത്തിന്റെ ഗുണഫലം ആസ്വദിക്കാൻ സ്വാതിതിരുനാൾ ജീവിച്ചിരുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന് നേരിടേണ്ടി വന്ന ബ്രിട്ടീഷ് ദുഷ് പ്രഭുക്കൾ അഹങ്കാരികളും അല്പൻമാരുമായി ഭവിച്ചു.

നാം ഗ്രഹിച്ചിരിക്കേണ്ട രണ്ടാമത്തെ ചരിത്രവസ്തുത കേരളത്തിലെ നവോത്ഥാനപ്രക്രിയയുടെ വൈകിയുള്ള വരവാണ്. നവോത്ഥാനപ്രക്രിയയും ആധുനികവത്ക്കരണവും ഒന്നുതന്നെയെന്ന് പറഞ്ഞുകൂടെങ്കിലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നത് നിസ്തർക്കമാണല്ലോ. ഉത്തരേന്ത്യൻ നവോത്ഥാനത്തിന്റെ - കുറെകൂടി കൃത്യമായി പറഞ്ഞാൽ ഉത്തരപൂർവേന്ത്യൻ നവോത്ഥാ

നത്തിന്റെ പിതാവായി പരിഗണിക്കപ്പെടുന്ന രാജാറാം മോഹൻ റോയ് (1772-1833) സ്വാതിതിരുനാൾ ഭരണഭാരമേറ്റ് നാലു വർഷത്തിനകം തന്റെ ജീവിതദൗത്യം നിർവഹിച്ച് കാലയവനികക്കുള്ളിൽ മറഞ്ഞു. കേരളത്തിന്റെ നവോത്ഥാനപിതാവായ ശ്രീ നാരായണ ഗുരുവാകട്ടെ സ്വാതിതിരുനാളിന്റെ നിര്യാണശേഷം ഏഴു വർഷം കഴിഞ്ഞാണ് ജനിച്ചത് തന്നെ.

മറ്റൊരളവുകോലെടുത്ത് നോക്കാം.അത് ഗദ്യസാഹിത്യത്തിന്റെയും വർത്തമാനപത്രങ്ങളുടേയും തുടക്കവും പ്രചാരവുമാണ്. ഇന്ത്യയിലെ ആദ്യത്തെ വർത്തമാനപത്രമെന്ന് പ്രസിദ്ധി കേട്ട ഹിക്കിയുടെ 'ഗസറ്റ്' സ്വാതിതിരുനാൾ ജനിക്കുന്നതിന് 33 വർഷം മുമ്പ് 1780-ൽ കൽക്കത്തയിൽ പ്രസിദ്ധീകരണം ആരംഭിച്ചെങ്കിൽ മലയാളത്തിലെ ആദ്യത്തെ വർത്തമാനപത്രമായി പ്രകീർത്തിക്കപ്പെടുന്ന ഗുണ്ടർട്ട് സായ്പിന്റെ കല്ലച്ചിൽ അടിച്ച 'രാജ്യസമാചാരം' ആദ്യമായി വെളിച്ചം കാണുന്നത് സ്വാതിതിരുനാൾ അന്തരിച്ച 1847-ൽ ആണ്. വാസ്തവം പറഞ്ഞാൽ 'രാജ്യസമാചാരം' ശരിയായ അർത്ഥത്തിൽ ഒരു വർത്തമാനപത്രമേ ആയിരുന്നില്ലെന്നും മതപ്രചാരണത്തെ ലക്ഷ്യമാക്കിയുള്ള ഒരു സ്വകാര്യ സർക്കുലറിൽ കവിഞ്ഞ പ്രാധാന്യമൊന്നും അതിന് കൽപ്പിക്കേണ്ടതില്ലെന്നും 1884 ൽ ദേവ്ജി ഭീമ്ജി ഉടമസ്ഥനായും പിൽക്കാലത്ത് മലയാള മനോരമ സ്ഥാപിച്ച കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള പത്രാധിപരായും പ്രസിദ്ധീകരിച്ച കേരളമിത്രത്തെ മാത്രമേ അങ്ങനെ വിശേഷിപ്പിച്ചു കൂടുവെന്നും ഉള്ള അഭിജ്ഞമതവും തള്ളിക്കളയാവതല്ല. സ്വാതി തിരുനാളിന്റെ ജീവിതകാലത്തു തന്നെ ബംഗാളിലും മറാഠിയിലും തമിഴിലും മറ്റും അനേകം കാലിക പ്രസിദ്ധീകരണങ്ങൾ പുറത്തു വന്നു കഴിഞ്ഞിരുന്നു. ബംഗാളിയിലെ ലക്ഷണമൊത്ത ആദ്യത്തെ നോവലായ ബങ്കിം ചന്ദ്രചാറ്റർജിയുടെ ദുർഗ്ഗേശ നന്ദിനി 1865 - ൽ പുറത്തുവന്നപ്പോൾ മലയാളത്തിലേത് 1888 - ൽ ആണ് പ്രസിദ്ധീകരിക്കപ്പെട്ടത്- അപ്പുനെടുങ്ങാടിയുടെ കുന്ദലത. ആധുനികജനകീയ പ്രക്ഷോഭണശൈലി 1820 കളിൽ തന്നെ ബംഗാളിൽ വിധവാവിവാഹാംഗീകാരത്തിനും സതി നിരോധനത്തിനും പത്രപ്രവർത്തനസ്വാതന്ത്ര്യത്തിനും മറ്റുമായി പ്രചാരത്തിൽ വന്നു. എന്നാൽ കേരളത്തിലാകട്ടെ 1891-ൽ തിരുവിതാകൂർ മഹാരാജാവിന് സമർപ്പിക്കപ്പെട്ട മലയാളി മെമ്മോറിയൽ സമർപ്പണത്തിന്റെ മുന്നോടിയായി മാത്രമേ പരിചിതമായിതുടങ്ങിയുള്ളൂ. രാജാറാം മോഹൻ റോയിയുടെ ബ്രഹ്മസമാജവും മറ്റും രൂപം കൊണ്ട് പ്രവർത്തനനിരതമായതിനുശേഷം മുക്കാൽ നൂറ്റാണ്ട് കഴിഞ്ഞപ്പോഴാണ് ഈ നൂറ്റാണ്ടിൽ നമുക്ക് അങ്ങനെയൊരു സംഘടന ഉണ്ടായത്- എസ് .എൻ. ഡി . പി രൂപം കൊണ്ടത് 1903 ൽ ആണെന്ന് ഓർക്കുക.

ഇതെല്ലാം വിശദമായി വിവരിച്ചതു് കേരളത്തിലെ നവോത്ഥാനം ഇന്ത്യയുടെ മറ്റുഭാഗങ്ങളെക്കാൾ വൈകിയാണു് ആരംഭിച്ചതു് എന്നു് ചൂണ്ടിക്കാട്ടാനും അതിനൊക്കെ എത്രയോ മുമ്പ് ആയിരുന്നു സ്വാതിതിരുനാളിന്റെ കാലം എന്നു് ഓർമ്മിപ്പിക്കാനുമാണു്. അങ്ങനെ ദേശീയമായും തദ്ദേശീയമായും വളരെ പരിമിതികളുണ്ടായിരുന്ന ഒരു കാലമായിരുന്നു സ്വാതിതിരുനാളിന്റേതു്. അതു് മനസ്സിലാക്കി വേണം അദ്ദേഹത്തിന്റെ കാലാതിവർത്തിയായ പരിഷ്കാരപ്രവർത്തനങ്ങളെ വിലയിരുത്താൻ. അദ്ദേഹം ഭരണഭാരമേറ്റ 1829-ൽ ആണു് മാറ്മറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി തെക്കൻ തിരുവിതാംകൂറിലെ ചാന്നാൻമാർ ആദ്യത്തെ ലഹള നടത്തിയതു്. എങ്കിലും പൊതുവേ പറഞ്ഞാൽ തന്റെ പുരോഗമനോന്മുഖ പ്രവർത്തനങ്ങൾക്ക് തക്കതായ പൊതുജനാഭിപ്രായം സൃഷ്ടിക്കാനോ പ്രക്ഷോഭം നടത്താനോ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് സ്വാതി തിരുനാളിന്റെ ഭരണപരിഷ്കാര നടപടികൾ പലതും താഴെത്തട്ടിൽ നിന്നുയരുന്ന ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ളതായിരുന്നില്ല. അവയെല്ലാം മേലെ നിന്നു് ജനങ്ങളുടെമേൽ കെട്ടിവയ്ക്കുകയാണുണ്ടായതു് എന്നു പറഞ്ഞാൽ അത്ര തെറ്റെന്നു് പറയാനാവില്ല. അങ്ങനെയുള്ള കെട്ടി വയ്ക്കലുകൾക്കു് താരതമ്യേന ഫലം കുറയുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ അവ ഫലമുളവാക്കാതിരിക്കില്ല. അത്തരം കാലാതിവർത്തിയായ പരിഷ്കാരങ്ങൾ അവയുടെ ആവിഷ്കർത്താവിനെക്കുറിച്ചുള്ള ആദരാതിശയങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

III

തിരുവിതാംകൂറിൽ അന്നു നിലവിലിരുന്ന സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥ നാടുവാഴിത്തം (ഫ്യൂഡലിസം) ആയിരുന്നുവെങ്കിലും മലബാറിലും കൊച്ചിയിലും മറ്റും നിലവിലിരുന്നതിനേക്കാൾ വ്യത്യസ്തമായിരുന്നു അതു്. മാർത്താണ്ഡവർമ്മയുടെ പരിഷ്കാരങ്ങൾ പഴയ നാടുവാഴിത്തത്തിന്റെ സ്ഥാനത്തു് കുറെക്കൂടി ഉദാരമായ പുതിയ നാടുവാഴിത്തം സ്ഥാപിക്കുകയും അതിന്റെ ഫലമായി ഉടമാവകാശമുള്ള ഇടത്തരം കൃഷിക്കാരും കാർഷികവൃത്തിയിൽ തല്പരരായ ഇടത്തരം ജന്മിമാരും വളർന്നുവരികയും ചെയ്തു. പരിമിതമായ തോതിലെങ്കിലും മാർത്താണ്ഡവർമ്മയും പിൻഗാമികളും സ്ഥാപിച്ച സ്ഥിരം സൈനിക സംവിധാനവും സ്ഥിരം ബ്യൂറോക്രസിയും ഭൂമിയുമായി വലിയബന്ധമില്ലാത്ത ഒരു തരം ഇടത്തരക്കാരേയും സൃഷ്ടിച്ചു. എങ്കിലും ഫ്യൂഡലിസത്തിന്റെ നാരായവേരിൽ കൈവയ്ക്കുന്ന ആദ്യത്തെ കാർഷിക പരിഷ്ക്കാരം സ്വാതിതിരുനാളിനു ശേഷം 18 വർഷം കൂടി കഴിഞ്ഞിട്ടേ നിലവിൽവന്നുള്ളൂ- 1865 ലെ പണ്ടാരപാട്ടം വിളംബരവും 1867ലെ ജന്മികുടിയാൻ വിളംബരവും ആണു് അവ.

എങ്കിലും ഫ്യൂഡലിസത്തിന്റെ അടിസ്ഥാന സമ്പ്രദായങ്ങൾക്കു് ക്ഷതമേൽപ്പിക്കുന്ന കുറെയേറെ നടപടികൾ സ്വാതിതിരുനാളിന്റെ കാലത്തുണ്ടായി. അവയിലൊന്നാണ് 1836-ൽ തിരുവിതാംകൂറിൽ സ്വാതിതിരുനാൾ നടപ്പിലാക്കിയ കാനേഷുമാരി കണക്കെടുപ്പ്. പിൽക്കാലത്തെ 1875 ലെ സമഗ്രവും ശാസ്ത്രീയവുമായ കാനേഷുമാരി കണക്കെടുപ്പുകളോട് കിടപിടിക്കാനാവുകയില്ലെങ്കിലും ഒരു തുടക്കമെന്ന നിലയിൽ സ്വാതിതിരുനാളിന്റേത് നീണ്ടൊരു കാൽവെയ്പായിരുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ പോലും അക്കാലത്തു് സമഗ്രമായ കാനേഷുമാരി കണക്കെടുപ്പ് പലരാജ്യങ്ങളിലും നിലവിൽവന്നിരുന്നില്ലായെന്നുകൂടി ഓർക്കേണ്ടതുണ്ട്. ഇതിനു തൊട്ടു പിന്നാലെയാണു് 1837 ലെ റവന്യൂ സർവെ അദ്ദേഹം നടത്തിയതു്. ഈ സർവെയുടെ അടിസ്ഥാനത്തിൽ നികുതിയുടെ ഘടനയാകെ പരിഷ്കരിക്കപ്പെട്ടു. അതുവരെ പരമ്പരാഗതമായ പാട്ടം പോലെയാണു് നികുതി കൊടുത്തുവന്നിരുന്നതു് എങ്കിൽ നിലവും പുരയിടവും അളന്നു തിട്ടപ്പെടുത്തി ദേഹണ്ഡങ്ങളും വർഷംപ്രതിയുള്ള വിളവെടുപ്പും അളന്നു നിശ്ചയിച്ചപ്പോൾ അതു് ഒരു ഫ്യൂഡൽ പിരിവ് അല്ലെന്നും ആധുനിക നികുതിയാണെന്നും ഉറപ്പായി.

യൂറോപ്പിലും ഇന്ത്യയുൾപ്പെടെയുള്ള ഏഷ്യയിലും അനായാസമായ വ്യാപാരബന്ധങ്ങളേയും വ്യവസായവൽക്കരണത്തേയും തടസ്സപ്പെടുത്തിയിരുന്നതു് നാട്ടിലുടനീളം ഇടവിട്ടിടവിട്ടുള്ള ചുങ്കങ്ങളും മറ്റുമാണു്. തിരുവിതാംകൂറിന്റെ അതിർത്തികളിലുള്ള ചുങ്കപ്പിരിവുകൾ നിലനിർത്തുകയും അകത്തുള്ള വിവിധ ചുങ്കസമ്പ്രദായങ്ങൾ റദ്ദാക്കുകയും ചെയ്തതു്, സ്വാതിതിരുനാൾ തിരുവിതാംകൂറിന്റെ ആധുനികവല്ക്കരണത്തിനു നല്കിയ വലിയ സംഭാവനയാണു്. ചരക്കുകൾക്കും വാഹനങ്ങൾക്കും മനുഷ്യർക്കും ഇടയ്ക്കിടയ്ക്ക് പ്രതിബന്ധമില്ലാതെ വരാനും പോകാനും കഴിയുകയെന്നതു് ആധുനികവല്ക്കരണത്തിന്റെ അനിവാര്യമായ മുൻ ഉപാധിയാണു്.

നിയമത്തിന്റെ മുമ്പിൽ തുല്യതയും ശിക്ഷാനിയമങ്ങളിലെ ശാരീരികാതിക്രമങ്ങൾ റദ്ദാക്കലും നിയമ വ്യവസ്ഥകൾക്കുവേണ്ടി അവ്യവസ്ഥിതങ്ങളായ പഴയ സ്മൃതിപാരമ്പര്യങ്ങളെ ത്യജിച്ച് പുതിയ ഏകീകൃത കോഡുകൾ സൃഷ്ടിക്കുക എന്നതും ഫ്യൂഡൾ ഘടനയെ ക്ഷതമേൽപ്പിക്കുന്ന നടപടിയാണു്. പടിഞ്ഞാറൻ രാജ്യങ്ങളിലും ബ്രീട്ടീഷ് ഇന്ത്യയിലും നിലവിലുണ്ടായിരുന്നതിന്റെ മാതൃകയിൽ ഒരു നിയമസംഹിത ക്രോഡീകരിച്ച് 1835 മുതൽ നടപ്പിലാക്കിയതു് സ്വാതിതിരുനാളിന്റെ വലിയൊരു നേട്ടമാണു്. ഇതോടൊപ്പം ഈ നിയമങ്ങൾ പ്രകാരം സിവിൽകേസുകളും ക്രിമിനൽ കേസുകളും കേട്ട് വിധി കൽപ്പിക്കുവാൻ നാട്ടിലുടനീളം

സ്വാതിതിരുനാൾ മുൻസിഫ് കോടതികൾ സ്ഥാപിച്ചു. കുറ്റം തെളിയിക്കാൻ തിളച്ച നെയ്യിൽ കൈ മുക്കിക്കുകയെന്ന പ്രാകൃതവും ക്രൂരവുമായ ഏർപ്പാടു് സ്വാതിതിരുനാൾ നിർത്തൽ ചെയ്തു. അങ്ങനെ മതവും അന്ധവിശ്വാസവും നിയമവും അവിഹിതമായി കൂട്ടിക്കുഴയ്ക്കുന്ന ശുചീന്ദ്രം ക്ഷേത്രസന്നിധിയിലെ കൈമുക്ക് സ്വാതിതിരുനാളിന്റെ ഉല്പതിഷ്ണുത്വം മൂലം ചരിത്രസ്മരണയായി തീർന്നു. 1834-ൽ സ്വാതിതിരുനാൾ സ്ഥാപിച്ച ഇംഗ്ലീഷ് സ്ക്കൂളാണു് പിന്നീട് പടിപടിയായി വളർന്നു് യൂണിവേഴ്സിറ്റി കോളേജായി പിൽക്കാലത്ത് രൂപം പ്രാപിച്ചതു്. തിരുവനന്തപുരത്തെ നക്ഷത്ര ബംഗ്ലാവും സർക്കാരാശുപത്രിയും സ്വാതിതിരുനാളിന്റെ സംഭാവനകളാണു്. ജലസേചനത്തിനും പൊതുമരാമത്തിനുമായി അദ്ദേഹം സ്ഥാപിച്ച വകുപ്പുകൾ ആധുനിക ക്ഷേമരാഷ്ട്രത്തിന്റെ തുടക്ക സ്ഥാപനങ്ങളായി.

അങ്ങനെ വിദ്യാഭ്യാസം, പൊതുജനാരോഗ്യം, നീതിന്യായ വ്യവസ്ഥ, നികുതിഘടന, ഭരണനിർവ്വഹണം എന്നിവയിലെല്ലാം ആധുനികതയുടെ സൂര്യപ്രകാശം കടന്നുചെല്ലാൻ തുടങ്ങുകയും സർക്കാരിന്റെ പ്രവർത്തനമേഖല നികുതിപിരിവിനും നിയമ സമാധാനപാലനത്തിനുമപ്പുറത്തേക്കു് വ്യാപിക്കുകയും ചെയ്തപ്പോൾ ഭരണത്തിന്റെ സിരാകേന്ദ്രമായ ഹജൂർകച്ചേരി തനിക്കു് നേരിട്ടു് ശ്രദ്ധിക്കാൻ കഴിയുന്ന സ്ഥലത്തായിരിക്കണമെന്നു് സ്വാതിതിരുനാളിന് തോന്നി. അതുകൊണ്ട് അദ്ദേഹം കൊല്ലത്തുനിന്നും ഹജൂർകച്ചേരി തിരുവനന്തപുരത്തേക്കു് മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഇപ്പോഴത്തെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ ബീജാവാപവും സ്വാതിതിരുനാൾ തന്നെയാണു് നിർവ്വഹിച്ചത്. സർക്കാറിന്റെ എഴുത്തുകുത്തും വിളംബരങ്ങളും പണ്ടത്തെ ഓലകളിൽ നിന്നും ചെപ്പേടുകളിൽ നിന്നും കടലാസിലേക്കു് മാറ്റാനും അവതന്നെ ആവശ്യമനുസരിച്ച് കൂടുതലെണ്ണം തയ്യാറാക്കാനും മറ്റുമായി തിരുവിതാംകൂറിൽ ആദ്യമായി സർക്കാർ അച്ചുകൂടം സ്ഥാപിച്ചതും സ്വാതിതിരുനാൾ തന്നെയായിരുന്നു എന്നതു ആകസ്മികമല്ല.

ഇങ്ങനെ സ്വാതിതിരുനാളിന്റെ കാലത്ത് ഉണ്ടായ സ്ഥാപനങ്ങളേയും നടന്ന പുനഃക്രമീകരണങ്ങളേയും ഒറ്റയ്ക്കൊറ്റയ്ക്കു് എടുത്തു് പരിശോധിക്കുകയും പ്രശംസിക്കുകയുമാണു് പല ചരിത്രകാരന്മാരും ചെയ്തിട്ടുള്ളത്. മരമെണ്ണിത്തീർത്ത അവർക്കു് വനം കാണാൻ കഴിഞ്ഞില്ല. ആ വനമാണു് സ്വാതിതിരുനാൾ മഹാരാജാവിന്റെ പരിഷ്ക്കാരങ്ങളുടെ ആകെ മൊത്തം ഫലമായ മോഡേണൈസേഷൻ അഥവാ ആധുനികവൽക്കരണം. സാക്ഷരത, പൊതുജനാരോഗ്യം തുടങ്ങി പില്ക്കാലത്തു് കേരളത്തിനു് പ്രശസ്തി നേടികൊടുത്ത പല പരിഷ്ക്കാരങ്ങളുടേയും വേരുകൾ തേടിപ്പോയാൽ നാമെത്തുക സ്വാതിതിരുനാളിന്റെ കാലത്തായിരിക്കും.

സംഗീത-സാഹിത്യ-നർത്തന കലാദികളിൽ പ്രവീണനും ബഹുഭാഷാപണ്ഡിതനും ഒരു സ്വപ്നജീവിയും അതോടൊപ്പം ആത്മാഭിമാനമുള്ള ഭാരതീയനുമായിരുന്നു മഹാനായ സ്വാതി തിരുനാൾ, ത്യാഗരാജന്റെയും ശ്യാമശാസ്ത്രിയുടെയും മുത്തു സ്വാമി ദീക്ഷിതരുടേയും പരമ്പരയിൽപ്പെട്ട ലോലഹൃദയനായ ഈ സർഗധനൻ രാജ്യകാര്യ വിചാരത്തിലും തന്റെ കാലത്തിനപ്പുറം കണ്ണെത്തിയ ഒരു ഭരണനിപുണനായിരുന്നു.

ചരിത്രത്തിന്റെയും കാലത്തിന്റെയും പരിമിതികൾ കുറെയൊക്കെ മുറിച്ചു കടക്കാനും ചരിത്രത്തിന്റെ വഴിത്താരയിൽ മായാത്ത പാദമുദ്രകൾ പതിപ്പിച്ച് പിൻഗാമികൾക്കു് ദിശാബോധം നൽകാനും അദ്ദേഹത്തിനു കഴിഞ്ഞു. പക്ഷെ ഈ ദിശാബോധത്തിനും സ്വപ്രത്യയ സ്ഥൈര്യത്തിനും അദ്ദേഹം കൊടുക്കേണ്ടിവന്ന വില കനത്തതായിരുന്നു. ആ മഹാപുരുഷൻ ചരിത്രം കെട്ടിയേൽപ്പിച്ച പരമ്പരാഗതമായ അടിമത്തത്തിന്റെ ദുർവഹമായ ഭാരം മൂലം തകർന്നു് കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട് 120 വർഷം പിന്നിട്ടു. ആ മഹൽ പൈതൃകത്തെ മുൻനിർത്തി സ്വാതിതിരുനാൾ സ്മരണക്കു് ആദരാഞ്ജലികൾ അർപ്പിക്കാം.

പുനലൂർ ബാലൻ : പുതിയ പാണനാർ

ഞങ്ങളുഷസ്സിൻ വിത്തുകൾ,
പുതിയ കരുത്തുകൾ,
പുതിയയുഗത്തുടികൊട്ടിപ്പാടി-
യുറക്കമുണർത്തും പാണന്മാർ
നിങ്ങളിരുട്ടിൻ മിത്തുകൾ
പഴയതുരുത്തുകൾ പുതുഗമകങ്ങൾ
പഴങ്കച്ചികളിലിഴച്ചഴലിൻ ശ്രുതി
മീട്ടിപ്പാടിയുറക്കും ഹൂണൻമാർ
ഞങ്ങൾ വിശപ്പിൻ ഗായകരല്ലോ!
-ഞങ്ങളുടെ പാട്ട്

പ്രശസ്തകവിയും പ്രഗത്ഭനായ നിരൂപകനും പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ പ്രമുഖനായകരിലൊരാളും ആയ പുനലൂർ ബാലൻ (1928-87) കുറേ മാസങ്ങളായി കിടപ്പിലായിരുന്നു എങ്കിലും മാർച്ച് 19-ാം തീയതി ഉച്ചതിരിഞ്ഞ് ആ ഹൃൽസ്പന്ദം നിലച്ചതായി സഖാക്കൾ അറിയിച്ചപ്പോൾ മരവിച്ചിരുന്നു പോയി. തിരഞ്ഞെടുപ്പിന്റെ തിരക്കുകാരണം മെഡിക്കൽ കോളേജ് പേ വാർഡ് 23-ാം മുറിയിൽ സഖാവിനെപ്പോയി കണ്ടിട്ട് മൂന്നുനാലാഴ്ച കഴിഞ്ഞിരുന്നു. തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പത്തെ ദിവസം പ്രചാരണ പ്രവർത്തനങ്ങളൊക്കെ കഴിഞ്ഞു മിക്കവാറും വിശ്രമമായിരിക്കുമെന്നതിനാൽ വന്നുകണ്ടുകൊള്ളാമെന്നു് ആഴ്ചകൾക്കുമുമ്പ് യാത്രപറഞ്ഞിറങ്ങുമ്പോഴും വോട്ടെടുപ്പു് കഴിഞ്ഞുവന്നാൽ മതി എന്നു് വിജയം നേർന്നെന്നെ യാത്രയയ്ച്ചപ്പോഴും ഇത്രവേഗം ആ സ്നേഹധനൻ വിടപറയുമെന്നു് സ്വപ്നേപി കരുതിയില്ല. അദ്ദേഹവും കരുതിക്കാണുമെന്നു് തോന്നുന്നില്ല. അദ്ദേഹം വർത്തമാനം പറയുന്നതു കേട്ടാൽ അങ്ങിനെയാണു് തോന്നുക. അതോ സുഹൃത്തുക്കളെയും സന്ദർശകരെയും ആശ്വസിപ്പിക്കാൻ മനഃപൂർവ്വം അങ്ങനെ നടിക്കുകയായിരുന്നുവോ?

ഏതായാലും അരയ്ക്ക് കീഴെ നിർജ്ജീവമായിട്ടും ബാലൻ ദുർബലസ്വരത്തിലെങ്കിലും ഉത്സാഹപൂർവ്വം രാജ്യകാര്യങ്ങളെക്കുറിച്ച് തിരക്കുകയും ഭരണകക്ഷി പ്രമാണികളെയും ബൂർഷ്വാ തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങളെയും കുറിച്ച് സ്വത:സിദ്ധമായ പരിഹാസം പൊഴിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവസാന നാളുകളിലും ആ മനസ്സിൽ നിറഞ്ഞ ചിന്തകളും ഉൽക്കണ്ഠകളും താൻ സ്നേഹിച്ച ഈ രാഷ്ട്രത്തെയും തന്റെ പ്രതിഭയും പ്രാപ്തിയുംകൊണ്ട് സേവിച്ച കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും കുറിച്ചായിരുന്നു എന്നതിൽ സംശയമില്ല. സമകാലികരായ പല സഹോദര വിപ്ലവകവികളും പതറിയപ്പോഴും പതറാതെ നിന്ന ചുരുക്കം വിപ്ലവ കവികളിലൊരാളായിരുന്നു ബാലൻ. മിതവാദത്തിനും വർഗ്ഗസഹകരണത്തിനും എതിരെ നടന്ന ഉൾപ്പാർട്ടി കലാപത്തിൽ പാർട്ടിയിൽ പിളർപ്പുണ്ടായപ്പോൾ വിപ്ലവത്തിന്റെയും വർഗ്ഗസമരത്തിന്റെയും ഭാഗത്ത് ഉറച്ചുനിന്ന ന്യൂനപക്ഷം സാഹിത്യനായകരിൽ ബാലൻ പെടുന്നു. വാസ്തവം പറഞ്ഞാൽ പ്രസ്ഥാനത്തിൽ ഇടക്കാലത്ത് മേൽക്കോയ്മ നേടിയ മിതവാദത്തിന്റെ ജാഡ്യത ബാലന്റെ കവിതയെയും ബാധിച്ചിരുന്നില്ലേ എന്നു സംശയം. 1950 ൽ പ്രസിദ്ധീകരിച്ച തന്റെ ആദ്യകവിതാസമാഹാരമായ 'തുടിക്കുന്ന താളുക'ൾ'ക്കു് ശേഷം അടുത്ത സമാഹാരമായ 'രാമൻ രാഘവൻ' (1971) പുറത്തുവരാൻ നീണ്ട രണ്ടു് പതിറ്റാണ്ടുകൾ വേണ്ടിവന്നു.

എന്താണു് ഈ നീണ്ട മൗനത്തിനു്-അഥവാ താരതമ്യേനയുള്ള കാവ്യരചനാമാന്ദ്യത്തിനു്- കാരണം? ബാലന്റെ സമവയസ്കരും പ്രസ്ഥാനത്തിൽ സതീർത്ഥ്യരും ആയിരുന്ന വയലാർ, ഒ. എൻ. വി., തിരുനല്ലൂർ, പുതുശ്ശേരി. വി. ടി. കുമാരൻ തുടങ്ങിയവർ ചുവന്ന അമ്പതുകളിൽ അരങ്ങുതകർത്തു് പാടിത്തിമർത്തുകൊണ്ടിരുന്നപ്പോൾ ബാലൻ എന്തേ ചിലപ്പോൾ മാത്രം രംഗത്തു തലനീട്ടിയശേഷം അണിയറയിലേക്കു് വലിഞ്ഞുകളഞ്ഞത്? ഈ പ്രശ്നത്തിനു മറുപടി കണ്ടെത്താൻ ബാലന്റെ ജീവിതഗതി ഒന്നു് ചുരുക്കമായി പരിശോധിക്കേണ്ടതുണ്ടു്.

II

പുനലൂരിൽ ആനന്ദാലയത്തിൽ കേശവന്റേയും പാർവ്വതിയുടേയും എട്ടു മക്കളിൽ ഏഴാമത്തെയാളായി 1929 ജനുവരി 3-നാണു് ബാലന്റെ ജനനം.

പുനലൂരിൽ സ്ക്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ ബാലൻ തിരുവനന്തപുരത്താണു് കോളേജ് വിദ്യാഭ്യാസം നടത്തിയതു്. ഇന്റർമീഡിയറ്റ് (ഇന്നത്തെ പ്രീഡിഗ്രി) പാസ്സായശേഷം നാട്ടിൽ മടങ്ങിയെത്തി അവിടെ എസ്. എൻ.ഡി.പി.യൂണിയൻ ആപ്പീസിൽ വെച്ച് നടത്തിക്കൊണ്ടിരുന്ന സാഹിത്യവിശാരദ് ക്ലാസ്സിൽ ചേർന്നു് പഠിച്ചു. പ്രസിദ്ധ പണ്ഡിതനായിരുന്ന കുഞ്ഞുരാമൻ ശാസ്ത്രിയാ

യിരുന്നു മുഖ്യാദ്ധ്യാപകൻ, ഈ പഠനത്തോടുകൂടി സഹപാഠികൾക്കു് ബാലൻ ഇംഗ്ലീഷ് ക്ലാസ് എടുക്കുകയും പതിവായിരുന്നു. സംസ്ഥാനത്ത് ഒന്നാമനായിട്ടാണു് സാഹിത്യ വിശാരദ് പരീക്ഷ ബാലൻ പാസ്സായത്.

1950 മുതൽ 1969 വരെ പുനലൂരിലും പ്രാന്തപ്രദേശങ്ങളിലുമുള്ള വിവിധ വിദ്യാലയങ്ങളിൽ അധ്യാപനം നടത്തുകയും അതോടൊപ്പം പ്രൈവറ്റായി ബി. എ. യും എം. എ യും പഠിച്ച് പാസാവുകയും ചെയ്തു. കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവും കൊണ്ട് ബി. എഡും. എം.എഡും നേടി. വാളക്കോട്ട് എൻ. എസ്.വി., പുനലൂർ, ചെമ്മന്നൂർ എന്നീ ഹൈസ്കൂളുകളിലാണ് ബാലൻ അധ്യാപനം നടത്തിയത്.

സ്ക്കൂളിലും കോളേജിലും പഠിച്ചിരുന്ന കാലത്തുതന്നെ വിപ്ലവരാഷ്ട്രീയത്തിലേക്കു് ആകൃഷ്ടനായ ബാലന്റെ യുവഭാവനക്കു് അന്നത്തെ പുനലൂരിലും കിഴക്കൻ തോട്ടം മേഖലകളിലും അലയടിച്ച തൊഴിലാളി സമരങ്ങൾ തീകൊളുത്തി. പകതയെത്തുന്നതിനു് മുമ്പുതന്നെ വിടരാൻ തുടങ്ങിയ ബാലന്റെ ആദ്യകാല കാവ്യങ്ങൾ 1950-ൽ 'തുടിക്കുന്ന താളുകൾ' എന്ന പേരിൽ അദ്ദേഹം തന്നെ അച്ചടിപ്പിച്ചു പ്രസിദ്ധീകരിച്ചു.

പക്ഷേ ജീവിതക്ലേശങ്ങളും അധ്യാപനജോലിയോടൊപ്പം വിവിധ ബിരുദങ്ങൾക്കുവേണ്ടിയുള്ള പഠനവും പലപ്പോഴും സ്ക്കൂളുകൾ മാറേണ്ടിവന്ന സാഹചര്യങ്ങളും എല്ലാം ചേർന്നായിരിക്കാം അനാഗതശ്മശ്രുവായിരിക്കുമ്പോൾ തന്നെ പൊട്ടിപ്പുറപ്പെട്ട് തീരം തകർന്നൊഴുകാൻ തുടങ്ങിയിരുന്ന ആ കാവ്യനിർഝരിയെ മന്ദീഭവിപ്പിച്ചത്. ഇക്കാലത്ത് അദ്ദേഹം പൂർണ്ണ മൗനിയായി നടന്നു എന്നു് ധരിക്കേണ്ടതില്ല. കായംകുളത്തെ 'കെ. പി. എ. സി.' യുടേയും ആറ്റിങ്ങലെ ദേശാഭിമാനി തിയ്യറ്റേഴ്സ് തുടങ്ങിയ പുരോഗമന നാടകസംഘങ്ങൾക്കു് പാട്ടെഴുതിക്കൊടുക്കുക, വല്ലപ്പോഴും ഒരു കവിത പത്രങ്ങൾക്ക് നൽകുക, (ഇന്നത്തെ പല പ്രശസ്ത കവികളും യുവാക്കളായിരുന്ന അമ്പതുകളിൽ അവർക്കു് പ്രോൽസാഹനം നൽകിയിരുന്ന കെ. ബാലകൃഷ്ണന്റെ കൗമുദി വാരികയിൽ നീണ്ട ഇടവേളകൾ വിട്ട് ബാലന്റെ കവിതകൾ വരാറുണ്ട്.) തെരഞ്ഞെടുപ്പ് കാലങ്ങളിലും മറ്റും ഇടതുപക്ഷത്തിനുവേണ്ടി പ്രസംഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. പക്ഷെ അതെല്ലാം ചേർന്നാലും 22 വയസ്സിനു ശേഷമുള്ള ബാലന്റെയോ 40 വയസ്സിനു ശേഷമുള്ള ബാലന്റെയോ ഊർജ്ജസ്വലമായ കവനോൽസുകതയുമായി താരതമ്യം അർഹിക്കുന്നില്ല.

1960 കളുടെ ഉത്തരാർദ്ധത്തോടുകൂടി തന്റെ ഉർവരതയ്ക്കും പ്രതിഭയ്ക്കും നേരിട്ടിരിക്കുന്ന മന്ദതയെക്കുറിച്ച് ബാലൻ ബോധവാനും അസ്വസ്ഥനും ആകാൻ തുടങ്ങിയെന്നതിന് തെളിവുണ്ട്.

അക്കാലത്തു് ദേശാഭിമാനിയുടെ മുഖ്യ പത്രാധിപത്യവും നിയമസ ഭാംഗത്വവും പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി സെക്രട്ടറിയേ റ്റംഗത്വവും മറ്റും ഏല്പിച്ച വിവിധ കർത്തവ്യങ്ങളിലും യാത്രകളി ലും ഏർപ്പെട്ടിരുന്ന എനിക്ക് പലപ്പോഴും ബാലനെ പലയിടങ്ങ ളിലും വച്ചു കണ്ടുമുട്ടേണ്ടി വന്നു: കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നാട്ടിലും മറുനാട്ടിലും ഉണ്ടായ പിളർപ്പിനെ തുടർന്നുള്ള വിവാദ ങ്ങൾ, കോൺഗ്രസിലെ പിളർപ്പ്, 1967-ലെ തെരഞ്ഞെടുപ്പിൽ പിളർ പ്പിനെ മറികടന്ന് ഇടതുപക്ഷങ്ങൾ നേടിയ വിജയം, കോൺഗ്ര സിന്റെ മേൽക്കോയ്മയ്ക്കു പകുതിയിലധികം സംസ്ഥാനങ്ങളിൽ നേരിട്ട തകർച്ച മുതലായ സംഭവവികാസങ്ങൾ ബാലനിലെ പ്രതിബദ്ധതയുള്ള കലാകാരനെ തട്ടിയുണർത്തിത്തുടങ്ങിയതായി അക്കാലത്തു് ഞങ്ങൾക്ക് പലർക്കും തോന്നിയിരുന്നു. അദ്ദേഹം വീണ്ടും എഴുതിത്തുടങ്ങി. അങ്ങിനെ ആ പ്രതിഭ വീണ്ടും പൂവണിയാൻ തുടങ്ങുന്നതിനുത്തേജകമായി ഭവിച്ചതു് മിതവാ ദത്തിന്റെ ജാഡ്യതയിൽനിന്നുള്ള പ്രസ്ഥാനത്തിന്റെ ഉയർത്തെഴുന്നേ ല്പാണെന്നു് അക്കാലത്തു് രൂപംകൊണ്ട ദേശാഭിമാനി സ്റ്റഡി സർക്കിൾ യോഗങ്ങളിൽ അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാലത്തു് ബാലനെക്കൊണ്ട് നിർബന്ധിപ്പിച്ച് കവിതയെഴുതിക്കു ന്നതിൽ അദ്ദേഹത്തിന്റെ ആദ്യകാല സഹപ്രവർത്തകനും സഹോദരകവിയുമായ എം. എൻ. കുറുപ്പും ദേശാഭിമാനിയും വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ല. അങ്ങിനെ പാർട്ടിയുടെ പിളർപ്പ് എന്ന പേരിൽ പരക്കെ വ്യവഹരിക്കപ്പെടുന്ന പ്രസ്ഥാനത്തിന്റെ പുനഃസംഘടനയും ഉയർത്തെഴുന്നേൽപ്പും അർത്ഥം തിരിയാത്ത പലരേയും അമ്പരപ്പിക്കുകയും അസ്തപ്രജ്ഞരാക്കുകയും ചിലപ്പോൾ വിപരീതഗതിയിൽ നയിക്കുകയും ചെയ്തപ്പോൾ ബാലനെ അത് വിജ്രംഭിതവീര്യനാക്കുകയാണു് ചെയ്തത്.

III

ഇതു് ബാലന്റെ മറ്റൊരു പ്രത്യേകതയിലേക്കു് വിരൽ ചൂണ്ടുന്നു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയെ എന്നപോലെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) നെയും ബാലൻ വിമർശിച്ചിട്ടുണ്ട്. പാർട്ടി അംഗത്വമെടുക്കാനുള്ള അപേക്ഷകളും അദ്ദേഹം ചെവിക്കൊണ്ടിട്ടില്ല. എങ്കിലും മിതവാദത്തിന്റെയും പ്രത്യയ ശാസ്ത്രത്തിന്റെയും ബദ്ധശത്രുവായിരുന്ന ബാലനു് പ്രസ്ഥാന ത്തിൽ നിന്നകലാൻ കഴിയുമായിരുന്നില്ല. തീവ്രവാദത്തിന്റെ ബാലിശമായ റൊമാന്റിസവും പക്വമതിയായ ബാലനെ ആകർഷി ച്ചില്ല. അങ്ങിനെ ഈ ലേഖനത്തിൽ ആദ്യം സൂചിപ്പിച്ചപോലെ അദ്ദേഹം അന്ത്യശ്വാസംവരെ തന്റെ രാഷ്ട്രീയ പക്ഷപാതവും കൂറും ഊനംകൂടാതെ പുലർത്തി.

ഇങ്ങിനെ കുറേശ്ശെ സർഗ്ഗമേഖലയിലേക്ക് പ്രവേശിക്കാൻ

തുടങ്ങിയെങ്കിലും അതുപോരെന്നു് ബാലനും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും തോന്നി. ഇതേക്കുറിച്ച അക്കാലത്ത് ഞങ്ങൾ പലതവണ ചർച്ചചെയ്തിട്ടുണ്ടു്. ഒടുവിൽ തന്റെ ജീവിതചര്യയിലാകെ ഒരു മാറ്റം വരുത്തിയാലേ എന്തെങ്കിലും ഫലപ്രദമായി ചെയ്യാൻ കഴിയൂ എന്ന നിഗമനത്തിൻ ബാലനെത്തി. പത്തിരുപതു കൊല്ലമായി തന്നെ കെട്ടിയിട്ടിരുന്ന ചുറ്റുപാടും തൊഴിലും ഉപേക്ഷിക്കണം. തന്റെ സാമൂഹ്യാവബോധത്തിന്റെയും വളർച്ചയുടെയും ആദ്യഘട്ടത്തിൽ പങ്കുവഹിച്ച പുനലൂർ തന്റെ പേരിലും അവബോധത്തിലും അനിവാര്യമായി തുടരുമെങ്കിലും അടുത്ത ഘട്ടത്തിലേക്കുള്ള ടേക്ക് ഓഫി നു് ഈ ലോഞ്ചിങ്ങ് പാഡ് പോരാ, പുതിയ ചക്രവാളങ്ങളെ ലക്ഷ്യമാക്കി അധ്യാപനജോലിയും പുനലൂരും വിടണം എന്ന ഉറച്ച നിഗമനത്തിൽ ബാലനെത്തി.

ഈ നിർദ്ദേശം ബാലൻ ഉന്നയിച്ചപ്പോൾ, തുറന്ന് പറയട്ടെ, എന്നെപ്പോലെ പല സുഹൃത്തുക്കളും ആശങ്കാകുലരായി. സ്ഥിരതയും സാമാന്യം വരുമാനമുള്ള ഒരു തൊഴിൽ കളഞ്ഞ് ഈ നാല്പതാം കാലത്ത് പുതുപ്പച്ച തേടിപ്പോകുന്നത് മരുപ്പച്ചയിലാണോ ചെന്നെത്തിക്കുക? കവിതയെഴുതുന്നതിന് അധ്യാപനം തടസ്സമാകുന്നതെങ്ങിനെ. ജനിച്ചു വളരുകയും സ്വന്തമായി സാമൂഹ്യാടിത്തറ കെട്ടിപ്പടുക്കുകയും നേതൃത്വശൈലിയിലുള്ള അംഗീകാരം നേടുകയും ചെയ്ത മേഖല ഈ വൈകിയ വേളയിൽ തിരസ്ക്കരിക്കുന്നത് വിവേകമോ? എന്നാൽ ഒന്നു തീരുമാനിച്ചാൽ എന്ത് വില കൊടുത്തും അതു നടപ്പാക്കുന്ന ബാലന്റെ നിശ്ചയദാർഢ്യത്തിന് മുമ്പിൽ (അന്ന് ഞങ്ങൾ അതിന് വിശേഷിപ്പിച്ചത് മർക്കടമുഷ്ടി എന്നും ദുസ്സാഹസികത എന്നും മറ്റുമായിരുന്നു എങ്കിലും) ഞങ്ങൾ എല്ലാം പിൻവാങ്ങി. അധ്യാപനജോലി രാജിവെച്ച് പുനലൂർ വിട്ട് ബാലൻ തിരുവനന്തപുരത്തെ വിശാലമെങ്കിലും അവ്യവസ്ഥിതമായ ലോകത്തിലേക്ക് പറന്നുകയറി. ആദ്യം (1969 –70 – ൽ) കേരള കൗമുദി യിൽ സഹപത്രാധിപരായും പിന്നീട് (1971–ൽ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷകോദ്യോഗസ്ഥനായും പ്രവേശിക്കാൻ ബാലന് വിഷമമുണ്ടായില്ല.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പടിപടിയായി ഉയർന്ന് സീനിയർ ഗവേഷകോദ്യോഗസ്ഥൻ, വിജ്ഞാനകൈരളി പത്രാധിപർ എന്നീ തസ്തികകളിലും അദ്ദേഹം പ്രവർത്തിച്ചു. 1987 ജനുവരി 21 ന് ഉദ്യോഗകാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പ് അർബുദരോഗ ചികിത്സക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിക്കുമ്പോൾ അദ്ദേഹം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് പൊതുവെയും, വിവർത്തനം, ശൈലി, അക്ഷരവിന്യാസം മുതലായവയ്ക്ക് പ്രത്യേകമായും ബാലൻ നൽകിയ

സംഭാവനകൾ പരക്കെ അറിയപ്പെടുന്നില്ലെങ്കിലും അവഗണിക്കത്തക്കതല്ല. അച്ചടി പുസ്തകസംവിധാനം, ടൈപ്പ് ഫേസ് സെലക്ഷൻ, ഗ്രന്ഥ-പദസൂചി നിർമ്മാണം മുതലായവയിൽ അതീവ തല്പരനായിരുന്ന ബാലൻ ആ രംഗങ്ങളിൽ പരിഷ്ക്കാരങ്ങൾ വരുത്താൻ പല സംഭാവനകളും നൽകിയിട്ടുണ്ട്.

പുനലൂർ വിട്ട് തിരുവനന്തപുരത്തേക്ക് ചേക്കേറാനുള്ള ബാലന്റെ തീരുമാനം തികച്ചും ശരിയായിരുന്നു എന്നും എന്നെപോലുള്ളവരുടെ ആശങ്കകൾ അസ്ഥാനത്തായിരുന്നു എന്നും അനുഭവം തെളിയിച്ചു. പത്രമാപ്പീസിന്റെയും ഇൻസ്റ്റിട്യൂട്ടിന്റെയും പുറത്ത് അനുക്ഷണം വികസിച്ചു കൊണ്ടിരുന്ന ഒരു സുഹൃദ്വലയവും ആരാധകവൃന്ദവും പുതിയ പ്രവർത്തനമേഖലകളും ബാലനെ വരവേറ്റു. വിവാദങ്ങളും ചർച്ചകളും ബാലന്റെ പ്രതിഭയ്ക്ക് പുതിയ തിളക്കം നൽകി. പുരോഗമന സാഹിത്യപ്രസ്ഥാനങ്ങളുമായി ആശയതലത്തിലും സംഘടനാതലത്തിലും കൂടുതൽ ബന്ധപ്പെട്ടു. 1950 കളിൽ തളരുകയും 1960 കളിൽ മിക്കവാറും അസ്തമിക്കുകയും ചെയ്ത പുരോഗമനസാഹിത്യസംഘടന (അക്കാലത്ത് സംഘടന പല കാരണങ്ങളാലും ദുർബലമായെങ്കിലും പ്രസ്ഥാനം അത്ര ദുർബലമായിരുന്നില്ല - പ്രത്യേകിച്ചും ചുവന്ന പതിറ്റാണ്ട് എന്നു വിശേഷിപ്പിക്കപ്പെടുന്ന 1950 കളിൽ) യുടെ ഉയിർത്തെഴുന്നേൽപ്പിന് വഴിവെച്ച ദേശാഭിമാനി സ്റ്റഡിസർക്കിളിൽ വൈലോപ്പിള്ളി, ചെറുകാട് തുടങ്ങിയവരോടൊപ്പം പുനലൂർ ബാലനുമുണ്ടായിരുന്നു. ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ തിരുവനന്തപുരം ജില്ലാ പ്രസിഡണ്ടായി ബാലൻ പ്രവർത്തിച്ചിരുന്നു. കൂടാതെ കേരള സാഹിത്യഅക്കാദമി ജനറൽ കൗൺസിലിലും സാഹിത്യ പ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡിലും ബാലൻ അംഗമായിരുന്നു. അങ്ങിനെ 1970 കളിൽ പുരോഗന സാഹിത്യ പ്രസ്ഥാനത്തിലെന്നപോലെ ബാലന്റെ കാവ്യസപര്യയിലും ഒരു പുത്തൻ വസന്തം പുലരുകയായി.

1950 -ലെ **തുടിക്കുന്ന താളുകൾ** ക്ക് ശേഷം 1971 - ൽ **രാമൻരാഘവൻ,** 1973-ൽ **കോട്ടയിലെ പാട്ട്** 1976 ൽ **മൃതസഞ്ജീവനി** 1980-ൽ **അരം** എന്നീ കവിതാസമാഹാരങ്ങൾ ഒന്നിന് പുറകെ ഒന്നായി വന്നപ്പോൾ 1969 - ൽ ബാലനെടുത്ത സാഹസികതീരുമാനത്തിന്റെ അർത്ഥവും സാധ്യതയും അനിഷേധ്യമായി തെളിഞ്ഞു.

പുനലൂർ ബാലന്റെ കവിതകൾ എന്ന പേരിൽ അദ്ദേഹത്തിന്റെ കൃതികളുടെ സമാഹാരം അദ്ദേഹത്തിന്റെ നിര്യാണശേഷം പുറത്തുവന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ആരാധകരും അടങ്ങുന്ന തിരുവനന്തപുരത്തെ 'പുനലൂർ ബാലൻ സ്മാരക

സാഹിത്യ വേദി' യാണു് ഒന്നാം ചരമവാർഷികാചരണ വേളയിൽ (1988) അത് പ്രസാധനം ചെയ്തത്.

(ബാലന്റെ പത്നി സുഭാഷിണി പുനലൂരിനടുത്ത് വട്ടപ്പാറ സ്വദേശിനിയാണു്. സന്തോഷ്, അനിത, സന്ധ്യ, കവിത എന്നിവർ മക്കൾ. തിരുവനന്തപുരത്ത് പി.ടി.പി . നഗറിലെ തപസ്യ എന്ന സ്വന്തം വീട്ടിലാണു് ബാലൻ താമസിച്ചിരുന്നതു്)

1973-ൽ പ്രസിദ്ധീകരിച്ചതും കേരളസാഹിത്യ അക്കാദമിയുടെ പുരസ്കാരം നേടിയതുമായ കോട്ടയിലെ പാട്ട് എന്ന സമാഹാരത്തിന് എഴുതിയ അവതാരികയിൽ ഈ ലേഖകൻ പ്രകടിപ്പിച്ച പ്രതീക്ഷകൾ പതിന്മടങ്ങ് ഫലിച്ചു എന്നു ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ബോദ്ധ്യമാകുന്നു. അതിൽ ഞാനിങ്ങനെ എഴുതിയിരുന്നു.

കഴിഞ്ഞ ഏതാണ്ടു് രണ്ടു ദശകക്കാലത്തെ കാവ്യസപര്യയിലൂടെ കൈരളീക്ഷേത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രദ്ധേയനായ കവിയും സാഹിത്യവിമർശകനുമാണദ്ദേഹം. പക്ഷേ ഇടക്കാലത്തു് ബാലന്റെ ശബ്ദം വേണ്ടത്ര മുഴങ്ങിയും ഇടവിടാതേയും കേൾക്കാതായപ്പോൾ അദ്ദേഹത്തിന്റെ ആരാധകരായ എന്നെപ്പോലുള്ള പലരിലും നിരാശയുണ്ടായി. അമ്പത് കാലത്തെ ആദ്യവർഷങ്ങളിൽ ബാലനോടൊപ്പം നവലോകത്തിന്റെ കാഹളവുമായി അരങ്ങുതകർത്തുകൊണ്ടെത്തിയ വിപ്ലവകവികളിൽ പലരും തങ്ങളുടെ യുവചാപല്യങ്ങളെപ്പറ്റി പശ്ചാത്തപിച്ച് ഗതാനുഗതികത്വത്തിലേക്ക് വഴുതിപ്പോയി. അവരുടെ യൗവനോന്മാദ സന്തതികൾക്ക് നിഷേധിക്കപ്പെട്ട പിതൃത്വം മാത്രമായി അവലംബം. അപകർഷ ബോധത്തിൽനിന്നു് ജനിക്കുന്ന ആത്മ നിഷേധത്തിനൊന്നും വയ്യെന്നു വിചാരിച്ച് കവിതയെ തന്നെ വേണ്ടെന്നു വയ്ക്കുകയാണോ ബാലൻ ചെയ്തത് എന്നുവരെ പലരും ശങ്കിച്ചു. പക്ഷേ ആ ശങ്കകൾ അസ്ഥാനത്താണെന്ന് തെളിയിച്ചു കൊണ്ട് കഴിഞ്ഞ നാലഞ്ചുവർഷമായി ബാലന്റെ കാവ്യ പ്രതിഭ മിന്നിത്തിളങ്ങിത്തുടങ്ങിയിരിക്കുന്നു. **രാമൻ രാഘവൻ** തൊട്ടുപിന്നാലെ തന്നെ ഈ സമാഹാരവും ഇറങ്ങുന്നു.

IV

രണ്ടാം ലോകമഹായുദ്ധം നടന്നകാലത്ത്, സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം പൂർവ്വാധികം ഊർജ്ജസ്വലമായി നമ്മുടെ സാഹിത്യത്തിൽ തൊഴിലാളി വർഗ്ഗ വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് ചിന്തയുടെയും പ്രകാശം പരക്കാൻ തുടങ്ങി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലെ തന്നെ ഒരു നവീനശാഖയേയാണു് ഈ പ്രവണതയുടെ യുവാക്കളായ പ്രതിഭാശാലികൾ പ്രതിനിധീഭവിച്ചത്. പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ആദ്യപഥികരായിരുന്ന തകഴി, ബഷീർ, വർക്കി, കേശവദേവ് തുടങ്ങിയവരിൽ നിന്നും ഈ വിഭാഗക്കാർ വ്യത്യസ്തരായിരുന്നു. കഥാരംഗത്ത് ഡി. എം.

പൊറ്റക്കാട്ട്, ചെറുകാട് തുടങ്ങിയവരും നാടകരംഗത്ത് പി.ജെ. ആന്റണി, ചെറുകാട്, തോപ്പിൽ ഭാസി തുടങ്ങിയവരും കവിതാ രംഗത്ത് കെ. പി. ജി. പി ഭാസ്കരൻ, വയലാർ, ഒ. എൻ. വി, തിരു നല്ലൂർ, പുതുശ്ശേരി, പുനലൂർ തുടങ്ങിയവരുമാണ് ഈ നിരയിൽപ്പെട്ട പലരിൽ ചിലർ. ഇവരിൽ പ്രത്യേകിച്ചും കവികളിൽ, അക്കാലത്ത് രണ്ട് ദൗർബല്യങ്ങൾ ആരോപിക്കപ്പെട്ടു. ഒന്ന് വിഷയവൈവിദ്ധ്യമോ അനുഭവ വ്യാപ്തിയോ പ്രകടിപ്പിക്കാത്ത ഒരു തരം വിരസമായ ഏകതാനത. നവീനവിപ്ലവകവിതയ്ക്ക് യോജിക്കാത്ത മധുചന്ദ്രിക യിൽ മഴവിൽക്കൊടിയുടെ മുനമുക്കി കവിത എഴുതിയ ചങ്ങമ്പുഴ ശൈലിയോട് ഈ യുവ കവികൾക്കുണ്ടായിരുന്ന ആധമർണ്യമാണ് രണ്ടാമത്തെ ദൗർബല്യം. ആദ്യത്തെ ദൗർബല്യത്തെക്കുറിച്ച് ഈ കവികളോടുള്ള സ്നേഹാദരങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുതന്നെ 1958-ൽ പ്രൊഫസർ എൻ. കൃഷ്ണപിള്ള ഇങ്ങനെ എഴുതി;

ആശയങ്ങൾ എത്രവിപ്ലവാത്മകങ്ങളായാലും, അവയെ സംസ്കരിച്ച് കാവ്യോചിതമായി താളപ്പെടുത്തിയാലേ ഭാവരചന പൂർണ്ണവും ആകർഷകവും ആവുകയുള്ളൂ എന്ന വസ്തുത പല പ്പോഴും വിസ്മൃതമാവുന്നു എന്നതാണ് ആ തകരാറ്. പൊരുതുന്ന കവിതയെന്നോ പടപ്പാട്ടെന്നോ എന്തുതന്നെ വിശേഷണം ചേർന്നാ ലും ശരി, പോരാളിയെയും എതിരാളിയെയും കവി കാണേണ്ടത് ജീവനുള്ള മനുഷ്യൻ എന്ന നിലയിലായിരിക്കണം. തൊഴിലാളി ദേവത്വവും മുതലാളി രാക്ഷസത്വവും മുൻവിധിയോടെ അംഗീക രിച്ചു കഴിഞ്ഞാൽ പിന്നെ, മനുഷ്യനെ കാണാൻ പറ്റുകയില്ല. കാണാൻ പറ്റാതെ വരുമ്പോഴാണ് ഒരാളുടെ എല്ലാ കവിതകളും ഏകഭാവങ്ങളാകുന്നത്; പലരുടെയും കവിതകൾ ഒരുപോലെ യാകുന്നത്.

(കൈരളിയുടെ കഥ.പു 452)

കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്ന ഈ ദൗർബല്യം വിപ്ലവകവി തകൾക്കു മാത്രമല്ല യാഥാസ്ഥിതിക കവിതകൾക്കും കഥകൾക്കും കുറെകൂടി ബാധകമാണെന്ന കാര്യം ഇരിക്കട്ടെ. പ്രൊഫസർ ഇതെഴുതുന്ന 1950 കാലത്ത് പ്രായപൂർത്തി കഴിഞ്ഞ് 20 കളിലേക്ക് പ്രവേശിക്കുകമാത്രം ചെയ്തിരുന്ന ഈ ചുവന്ന പതിറ്റാണ്ടിന്റെ സൃഷ്ടാക്കൾക്ക് ഈ വിമർശനം ബാധകമല്ലെന്ന് വാദിക്കാനാവു കയില്ല. ഒ.എൻ.വിയുടെ 'ദാഹിക്കുന്ന പാനപാത്രം', പുനലൂർ ബാലന്റെ 'തുടിക്കുന്ന താളുകൾ' പുതുശ്ശേരിയുടെ 'ആവുന്നത്ര ഉച്ചത്തിൽ' തുടങ്ങി സമാഹാരങ്ങളിൽ ഈ ദൗർബല്യത്തിന്റെ ഉദാഹരണങ്ങൾ കണ്ടെത്താം. എന്നാൽ അനാഗതശ്മശ്രുക്കളായി കാവ്യരംഗത്ത് പ്രവേശിച്ച ഈ കമ്മ്യൂണിസ്റ്റ് - ഇടതുപക്ഷ കവി കൾ മുപ്പതിലെത്തുന്നതിനെത്രയോ മുമ്പുതന്നെ കൗമാരാരിഷ്ടത കളിൽ നിന്നു മോചനം നേടി എന്ന വസ്തുത കൃഷ്ണപിള്ളയും

നിഷേധിക്കുമെന്ന് തോന്നുന്നില്ല. പിൽക്കാലത്ത് ഒ.എൻ.വി യേയും തിരുനല്ലൂരിനെയും മറ്റും വിലയിരുത്തുമ്പോൾ കൃഷ്ണപിള്ള ഈ പുരോഗതിയെ മുക്തകണ്ഠം വാഴ്ത്തിയിട്ടുണ്ടു താനും. വയലാറിന്റെ 'മാ നിഷാദ' യും ഒ.എൻ.വിയുടെ 'സൂര്യഗീത'വും പുനലൂരിന്റെ രാമൻ രാഘവനും മറ്റും ഏതളവു കോലുവെച്ച് നോക്കിയാലും ആധുനിക മലയാള കവിതയിലെ അത്യുദാത്തസൃഷ്ടികളാണ്. ഇതുപോലെ വേറെയും പലവ ഉദ്ധരിക്കാൻ കഴിയും. കൃഷ്ണ പിള്ളയുടെ വിമർശനം പുറത്തുവരുമ്പോഴേക്കും ഈ കൗമാര വൈതരണികൾ ഇവരിൽ പലരും തരണം ചെയ്തു കഴിഞ്ഞിരുന്നു എന്നതാണ് സത്യം. ആദ്യഘട്ടത്തിൽ വളരെ കവിതകൾ എഴുതാതിരുന്നതുകൊണ്ടു കൂടിയാവാം പുനലൂർ ബാലനിൽ ഈ കൗമാര പീഡ വളരെക്കുറച്ചു മാത്രമേ കാണുന്നുള്ളൂ.

അതുപോലതന്നെ ഈ ചുവന്ന പതിറ്റാണ്ടിന്റെ സൃഷ്ടാക്കളായ യുവപ്രതിഭകളിൽ ആദ്യഘട്ടത്തിൽ പൊതുവെ പ്രകടമായ രണ്ടാമത്തെ ദൗർബല്യവും ബാലനിൽ താരതമ്യേന കുറവായിരുന്നു. ഭാസ്ക്കരന്റെയും വയലാറിന്റെയും ഒ.എൻ.വിയുടെയും തിരുനല്ലൂരിന്റെയും മറ്റും കൗമാരഘട്ട കവിതകളിൽ ചങ്ങമ്പുഴയുടെ ലളിത കോമള കാന്തപദാവലികളോടും സംഗീതാത്മകതയോടും ഉള്ള അതിരു കവിഞ്ഞ ആഭിമുഖ്യം പ്രകടമായിരുന്നു. അതിവേഗം അതവർ തരണം ചെയ്തു എന്നത് മറ്റൊരു കാര്യം. ബാലന്റെ ഒടുവിലത്തെ സമാഹാരമായ മൃതസഞ്ജീവനിയുടെ (1976) അവതാരികയിൽ ഒ.എൻ.വി കുറുപ്പ് ഇക്കാര്യം പരാമർശിക്കുന്നു.

ഒരേ ലക്ഷ്യത്തോടു കൂടി മുന്നോട്ടു പോയിരുന്ന ഒരു കവി സംഘത്തിലെ അംഗം എന്ന നിലക്കാണ് ബാലൻ ആദ്യമാദ്യം ശ്രദ്ധിക്കപ്പെട്ടത്. അന്നും ബാലന്റെ കവിതക്ക് തനതായ സവിശേഷതകളുണ്ടായിരുന്നു. തന്റെ പല കൂട്ടുകാരും ചങ്ങമ്പുഴശ്ശീലുകളുടെ സ്വാധീനത്തിൽപ്പെട്ടിരുന്നുവെങ്കിൽ, ബാലൻ അക്കാര്യത്തിൽ അധികദൂരം പോയിരുന്നില്ല. ഇരുപത്തിയഞ്ചുവർഷം മുമ്പ് പ്രസിദ്ധീകരിച്ച 'തുടിക്കുന്ന താളുകൾ' എന്ന കടിഞ്ഞൂൽ കൃതി തന്നെ അതിനു തെളിവാണു്. അതിലെ ആദ്യകവിതയിലെ ആദ്യ ഖണ്ഡംതന്നെ ഞാനിവിടെ ഉദ്ധരിക്കട്ടെ.

ഉഷ്ണകാലത്തെ ചുട്ട
മണ്ണിനെക്കയ്യിൽ വാരി
പ്പട്ടിണിക്കാരാം കൃഷീ-
വലരാമിഴിനീരിൽ
നനച്ചു കുഴയ്ക്കുന്നു,
ഭൂതകാലത്തിന്നോർമ്മ
തനിയെ വരുന്നേരം,

ശൂന്യത കാണുന്നേരം;
ദൂരെ വിളവില്ലാ-
പ്പാടങ്ങൾ വിശാലമായ്
നീരവംശയിക്കുന്നൂ
പ്രേതഭൂമിയെപ്പോലെ
('മണ്ണിൽനിന്നു്')

V

അങ്ങിനെ തുടക്കംതൊട്ടേ അനിതരസാധാരണമായ മൗലികത പ്രതിപാദ്യത്തിലെന്നപോലെ പ്രതിപാദന ശൈലിയിലും പ്രകടിപ്പിച്ച ബാലന്റെ കവിത അദ്ദേഹത്തിന്റെ രണ്ടാം ഘട്ടമായപ്പോഴേക്കും പൂർണ്ണ വികാസത്തിലെത്തി. **'രാമൻരാഘവനി' ലും 'കോട്ടയിലെ പാട്ടിലും'** സിദ്ധവൽക്കരിക്കപ്പെട്ട ഈ പകിത പിന്നീട് തുടർന്നു വന്ന കൃതികളിലും കാണായി. **'കോട്ടയിലെ പാട്ടി' നു്** ഞാനെഴുതിയ അവതാരികയിൽ ഇങ്ങനെ കൂടി പറയുകയുണ്ടായി.

പുനലൂർ ബാലന്റെ കാവ്യജീവിതത്തിലെ നിശബ്ദതയുടേതായ ആ ഇടവേള പഠനത്തിന്റേയോ ധ്യാനത്തിന്റേയോ ഒരു തപസ്യവേളയായിരുന്നുവെന്നു് അദ്ദേഹത്തിന്റെ ഈയിടത്തെ കവിതകൾ വായിക്കുമ്പോൾ തോന്നിപ്പോകുന്നു. (ഈ സമാഹാരം പ്രസിദ്ധീകരിച്ച് ഒരു വ്യാഴ വട്ടത്തിന് ശേഷം ബാലൻ പണികഴിപ്പിച്ച സ്വന്തം വീടിന്റെ പേരും 'തപസ്യ' എന്നാണു് എന്നത് അദ്ദേഹത്തിന്റെ സാധനാ ശൈലിയിലേക്കൊരു സൂചനയാണു് എന്നു പറയാം- കൂട്ടിച്ചേർത്തത്) ബാലന്റെ കവിതകളിൽ പ്രകടമാകുന്ന അനുഭവത്തിന്റെ പരപ്പും അറിവിന്റെ ആഴവും അവയോടൊപ്പം പോറലേൽക്കാത്ത ഭംഗിയും പൂർണ്ണിമയും ആ നിഗമനത്തിലേക്കു് നമ്മെ എത്തിക്കുന്നു. തന്റെ സമകാലികരും സുഹൃത്തുക്കളുമായ മറ്റു പല കവികളേയും പോലെ വിപ്ലവാവേശവും ലക്ഷ്യബോധവും ഒരു യൗവനോന്മാദമായി തള്ളിപ്പറയാൻ ബാലൻ തയ്യാറല്ല. പ്രാചീനവും അർവ്വാചീനവുമായ സാഹിത്യ കൃതികളുടെയും വിശ്വ സാഹിത്യ ചരിത്രത്തിന്റെയും പഠനം ബാലന്റെ പുരോഗമനോന്മുഖതയെ ഊർജ്ജസ്വലമാക്കുകയാണു് ചെയ്തത്. സാഹിത്യത്തിന്റെ സാമൂഹ്യമൂല്യങ്ങളെ തള്ളിപ്പറയൽ അജ്ഞത ആനന്ദമായി പരിഗണിക്കുന്ന നാഭിധ്യാനനിരതർക്ക് നാം അനുവദിച്ചുകൊടുക്കേണ്ട അവകാശമെന്നത്രേ ഫലിതപ്രിയനായ ബാലന്റെ പക്ഷം. എന്നാൽ ലക്ഷ്യബോധവിവശരായ മറ്റു ചില അല്പവിഭവന്മാരെപ്പോലെ ഭാവത്തിന്റെ പേരിൽ രൂപം ബലികഴിക്കുന്നതിൽ ബാലൻ വിശ്വസിക്കുന്നില്ല. കൃതഹസ്തനായ ബാലനതിന്റെ ആവശ്യവുമില്ല. ഭാവവും രൂപവും തമ്മിൽ അതിലേതെങ്കിലുമൊന്നിന് ഊന്നൽ നല്കിക്കൊണ്ട് വിഭജനം നടത്തുന്നത് അശാസ്ത്രീയവും

തെറ്റുമാണു്. ഭാവത്തിന്റെ മൂല്യവും രൂപത്തിന്റെ കാന്തിയും തമ്മിലുള്ള സമഞ്ജസമായ സമന്വയമാണു് ഉത്തമ കലാസൃഷ്ടി എന്ന തത്വത്തെ നിഷേധിക്കുന്ന ഭാവഭദ്രന്മാരും രൂപഭദ്രന്മാരും ഒരുപോലെ കലയോട് കടുങ്കെ പ്രയോഗിക്കുന്നവരാണ്. ഈ കടുങ്കെയിൽ പുനലൂർ ബാലന് യാതൊരു പങ്കുമില്ലെന്നതിന് അദ്ദേഹത്തിന്റെ ഓരോ കവിതയും നിദർശനമാണ്.

ബാലനു് തന്റെ ഒരോ കവിതയും ചിരന്തന തപസ്യയുടെ പക്വഫലമാണു്. അവയിൽ പേടായി തള്ളിക്കളയാവുന്ന അംശങ്ങൾ അതിവിരളവും. ഈ ഭദ്രത രൂപത്തിലും ശൈലിയിലും മാത്രമല്ല ഭാവത്തിലും സമാനം തന്നെ. അലംഭാവമോ അലസതയോ അദ്ദേഹത്തിന്റെ രചനകളെ വികലമാക്കിയില്ല. ഫലിതപ്രദാനവും പരിഹാസനിർഭരവുമായ കൃതികൾപോലും ബാലൻ രചിക്കുക അവധാനതയോടെയും ലക്ഷ്യബോധത്തോടെയുമായിരിക്കും. അതുകൊണ്ടാണു് പ്രത്യയശാസ്ത്രപരമായ വ്യതിയാനങ്ങളും പൂർവ്വാപര വൈജാത്യങ്ങളും അദ്ദേഹത്തിന്റെ രചനകളിൽ കാണാത്തത്. കവികളുടെ പ്രത്യേകിച്ച് വിപ്ലവകവികളുടെ, ചാഞ്ചാട്ടങ്ങളിലും കീഴ്മേൽമറിച്ചിലുകളിലും അസാധാരണ കൗതുകം പ്രകടിപ്പിക്കുന്ന ഡോ. എം. ലീലാവതിപോലും ബാലനെപ്പറ്റിപ്പറയുന്നതിങ്ങനെയാണു്.

'ഊഷരവും വന്ധ്യവുമായ കാലത്തെ ഉർവ്വരമാക്കാൻ വേണ്ടുന്ന ഉഴവുചാൽ കീറുന്നതിലേക്കായി തന്റെ സ്വരതാളലയത്തെ ഒതുക്കുകയെന്ന ലക്ഷ്യത്തിൻ നിന്ന് ഈ കവി വ്യതിചലിച്ചിട്ടില്ല.' (**മലയാളകവിതാ സാഹിത്യ ചരിത്രം** പു. 450) ഡോക്ടർ ലീലാവതി തുടരുന്നു;

കവിതയുടെ സാമൂഹ്യലക്ഷ്യത്തെ അംഗീകരിക്കുകയും അത് സമത്വ സുന്ദരമായ സാമൂഹ്യ വ്യവസ്ഥയുടെ സാക്ഷ്ത്കാരം തന്നെ ആയിരിക്കണമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ബാലൻ ആ വിശ്വാസപ്രമാണത്തോടു് നിരക്കാത്ത യാതൊന്നും എഴുതിയിട്ടില്ല. **'തുടിക്കുന്ന താളുകൾ'** ആവേശങ്ങൾ ജ്വലിക്കുന്ന കാലത്തെ കൃതിയാണു്. കാലം വ്യക്തികളിലേൽപ്പിക്കുന്ന പക്വത കൈവന്നിട്ടും ആ പഴയ ആവേശത്തെ തള്ളിപ്പറയുവാൻ ബാലൻ തയ്യാറല്ല. (പു. 448)

വിപ്ലവാവേശവും സാമൂഹ്യപ്രതിബദ്ധതയും പക്വമതികൾക്ക് ചേർന്നതല്ല എന്ന സൂചന ഉണ്ടെങ്കിലും ബാലന്റെ വ്യക്തിത്വത്തെയും കവിത്വത്തെയും സംബന്ധിച്ച് അടിസ്ഥാനപരമായ സത്യം അവരിവിടെ പറഞ്ഞുവെക്കുന്നു.

പുനലൂർ ബാലന്റെ പ്രത്യയശാസ്ത്രമെന്ത്? കാവ്യാദർശമെന്ത്? അതെല്ലാം കണ്ടെത്താൻ വളരെയൊന്നും ക്ലേശിക്കേണ്ടതില്ല. ഒരു രാത്രി 'അല്ലിന്റെ തൈവല്ലിയിൽ പൂത്തോരീ നെല്ലിപ്പൂ

ക്കൾ' പോലെ, 'പാതിരകളെ തട്ടിപ്പൊട്ടിക്കുമീ വെട്ടങ്ങൾ' പോലെ മിന്നാമിനുങ്ങുകൾ പാറിപ്പറക്കുന്നതു് ജനലിലൂടെ നിരീക്ഷിച്ചുകൊണ്ട് ബാലൻ തന്റെ കാവ്യലക്ഷ്യം ഭംഗ്യന്ത്യരേണ ഇങ്ങനെ പ്രഖ്യാപിച്ചു:

ഭാസുരാംകുരങ്ങളെ-
നാളെ തൻ തളരാത്ത
ധീരസൈനികരെ, ഞാൻ
നിങ്ങളിനരക്തൻ
നിങ്ങളെയൊരു പാട്ടി-
ലാക്കുവാൻ കഴിഞ്ഞെങ്കി-
ലിന്നു ഞാൻ വിശ്വത്തിന്റെ
കവിയായിരുന്നേനെ.

1950 കളിൽ നാമ്പെടുത്തു് 1960 കളിലും 1970 കളിലും കുതിച്ചുകയറി ഇപ്പോൾ അധോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന അത്യന്താധുനികത എന്ന പ്രസ്ഥാനമോ ഫാഷനോ ബാലനെ തെല്ലും വശീകരിച്ചില്ല. 'അത്യാധുനികൻ' എന്നൊരു പരിഹാസ കവനം തന്നെ ബാലൻ എഴുതിയിട്ടുണ്ട്. അവരുടെ അമാനവികതത്വങ്ങളെ നിരാകരിച്ചു കൊണ്ടും തങ്ങൾക്കെതിരായ ആക്ഷേപവചനത്തെ അഭിമാനപൂർവ്വം എടുത്തണിഞ്ഞുകൊണ്ടും ബാലൻ എഴുതുന്നു.

അമൂർത്ത ബിംബ ധ്യാന സുഷുപ്തിയിൽ
വിമുക്തബന്ധ വിമൂഢ തപസ്യയിൽ
അന്ധതമസ്സിനദൃശ്യകാനന വൽമീകങ്ങളി-
ലന്തർധാനം ചെയ്യും നാഭീ-
രന്ധ്രരതന്മാരേ
ഞങ്ങൾ വിശപ്പിൻ ഗായകരല്ലോ!

തുടികൊട്ടിപ്പാടി ഉറക്കമുണർത്തുന്ന ഈ പുതുയുഗ പാണനാരുടെ കാവ്യശൈലിയും വൈവിധ്യമാർന്നതാണു്. പുരാണ കഥകളും നാടോടിച്ചൊല്ലുകളും സമകാലിക സംഭവങ്ങളും ബാലന് കവിതയ്ക്കുള്ള കരുക്കൾ ഒരുക്കിക്കൊടുക്കുന്നു. അലസമായ സായന്തനസഞ്ചാര വേളയിൽ തെരുവിൽ കണ്ടുമുട്ടുന്ന നിസ്സാരമായ എന്തെങ്കിലും സംഭവം മുതൽ ഈ കാലഘട്ടത്തെത്തന്നെ പ്രകമ്പനം കൊള്ളിക്കുന്ന മഹാസംഭവങ്ങൾ വരെ അദ്ദേഹത്തിന്റെ കവിഭാവനയെ ഉദ്ദീപിപ്പിക്കുന്നു. ഈ പ്രമേയവൈവിധ്യങ്ങൾ ആവിഷ്കാര ശൈലിയിലും വൈവിധ്യങ്ങൾ വിതയ്ക്കുന്നു. ഉദാഹരണത്തിന് **'രാമൻ രാഘവൻ'** റോബർട്ട് ബ്രൗണിന്റേയും മറ്റും ഗഹനകവിതയെ അനുസ്മരിപ്പിക്കുന്ന ഒരു ദാർശനിക സൃഷ്ടിയാണു്. അതേ സമയം അതിലെ കഥാനായകൻ നമ്മോടൊപ്പം ജീവിച്ച് ദുരൂഹവും അനിർവ്വചനീയവുമായ പ്രേരണകൾക്ക്

വശംവദനായി ജനഹൃദയങ്ങളിൻ പരിഭ്രാന്തി സൃഷ്ടിച്ച ഒരു രാക്ഷസപ്രായനുമാണു്. എന്നാൽ നേരേ വിപരീതമായ പരിഹാസ ശൈലിയാണു് മല്ലൻ പിള്ളയെ ഈച്ച കൊന്ന കഥ, ലിമിറ്റഡ് സ്റ്റോപ്പ്, ഹോട്ടൽ ബോയ് (പി. എച്ച്. ഡി), യമകവികല്പനം, മുതലായവയിൽ കാണുന്നത്. ആ ഇനത്തിൽപ്പെട്ട വസ്ത്രവിമോചനം എന്ന നാല്കാലി വായിക്കൂ.

പൂഴ്ത്തിവയ്പിന്നെതിരായിട്ടൊരിത്തിരി
വസ്ത്രം ധരിക്കുന്ന നാഗരികാംഗനേ,
സ്റ്റോക്കിൻ ലിസ്റ്റു പുറത്തെഴുതിക്കാട്ടി
വീട്ടിലിരുന്നാൽ പോരെന്നോ?

ഒരു കുരുതിയുടെ കഥ പോലുള്ള നാടോടി കഥകളുടെ പുനരാവിഷ്ക്കാരത്തിൽ പാടിപ്പതിഞ്ഞ നാടോടി ശൈലിയുടെ വിരുതുള്ള ശില്പിയാണ് താനെന്ന് ബാലൻ തെളിയിക്കുന്നു. ഇടശ്ശേരിയുടെ 'കാവിലെ പാട്ട്' പോലെ താളകൊഴുപ്പും ശബ്ദ ഭംഗിയും മുഴങ്ങുന്ന 'ഒരു കുരുതിയുടെ കഥ' തുടങ്ങുന്നത് ഇങ്ങനെയാണ് :

'കിളിവിളിക്കും കാട്ടിലല്ലോ
പിറ കിളിർക്കും മേട്
അവിടെയല്ലോ കാവിലമ്മ
കുടിയിരിക്കും വീട്.
കാവിലമ്മ, കോവിലമ്മ
കാടുകാക്കുമമ്മ
പൂവിലും പുഴയിലും
ചിരിച്ചു പാടുമമ്മ.'

പുനലൂർ ബാലന്റെ ആഖ്യാനകവിതകളിലെല്ലാം എത്ര വേഗമാണ് അർത്ഥപുഷ്ടിയോടു കൂടിയ അന്തരീക്ഷം സൃഷ്ടിക്കുന്നത് എന്നതിന് അമ്പനാട്ട് മൂപ്പരുടെ ഈ കുരുതിക്കഥ തെളിയിക്കുന്നു. അന്തരീക്ഷ സൃഷ്ടി കഴിഞ്ഞാൽ പിന്നെ ബിംബങ്ങളുടെ ഘോഷയാത്രയായി. ബാലന്റെ ബിംബ കല്പനകൾ മാത്രം ഒരു പഠനവിഷയമാണ്. മറ്റൊരു പ്രശസ്ത കവിയായ നീലംപേരൂർ മധുസൂദനൻ നായർ 'അര'ത്തിന്റെ അവതാരികയിൽ വിവരിക്കുന്നതു പോലെ ബാലന്റെ ബിംബങ്ങൾ അതീതപൂർവ്വകാലസ്മൃതികളെയും അതി ദൂര ഭാവികാല സങ്കല്പങ്ങളെയും വർത്തമാനകാലത്തിന്റെ അതി സൂക്ഷ്മമായ ഋജുരേഖയിൽ വെച്ച് വിളക്കിയെടുത്ത് സൃഷ്ടിക്കുന്നവയാണ്. അതുകൊണ്ടാണ് ബാലൻ പുരാണകഥകൾ പുതുതായി വ്യാഖ്യാനിച്ച് ആവിഷ്ക്കരിക്കുമ്പോഴും നാടോടികഥകൾ പുനർസൃഷ്ടി നടത്തുമ്പോഴും എല്ലാം അവയിലെ മൂല്യവ്യവസ്ഥക്കും സാംസ്കാരിക ഘടകത്തിനും സമകാലിക പ്രസക്തിയുടെ പരിവേഷം ലഭിക്കുന്നത്.

VI

പുനലൂർ ബാലന്റെ കവിതകളിൽ രാമൻ രാഘവന് ഉന്നതസ്ഥാനമാണുള്ളത്. വൈലോപ്പിള്ളിയുടെ കവിതകളിൽ 'കുടിയൊഴിക്കലിനും കൃഷ്ണവാര്യരുടെ കൃതികളിൽ 'ഗോഡ് സെ' കവിതകൾക്കും മറ്റുമുള്ള സ്ഥാനം പുനലൂർ കവിതകളിൽ 'രാമൻ രാഘവനു'ണ്ട് എന്ന് ഒന്നിലേറെ നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. താരതമ്യേന നീണ്ട ഈ കവിതയുടെ പ്രഥമ ചോദനം 1960 കളുടെ ഒടുക്കം ബോംബെ നഗരപ്രാന്തങ്ങളെ മരണഭയം കൊണ്ട് ഏതാനും വാരക്കാലം കിടുകിടുപ്പിച്ച രാമൻ രാഘവൻ എന്ന ഒരു മനോരോഗിയുടെ വാർത്തയാണ്. അയാൾ ഒറ്റക്ക് ഒരു ചുറ്റികയും ത്രിശൂലവുമായി ചുറ്റി നടന്ന് അനേകരെ ഒന്നിനു പുറകെ ഒന്നായി തലയോട്ടി അടിച്ചുടച്ചും വയർ കുത്തിക്കീറിയും കൊന്നിട്ടും കുറേകാലത്തേക്ക് ഒരു തുമ്പും പിടി കിട്ടാതെ പോലീസുകാർ വിരണ്ടു. ഈ നൂറ്റാണ്ടിന്റെ ആദ്യം ഇംഗ്ലണ്ടിനെ കിടുകിടാ വിറപ്പിച്ച കൊലയാളി 'ജാക്ക് ദി റിപ്പറു' മായിട്ടാണ് ഈ അജ്ഞാതഘാതകനെ പത്രലേഖകർ താരതമ്യപ്പെടുത്തിയത്. അവസാനം രണ്ടു ഡസനിലേറെപേരെ കൊന്നതിനുശേഷം രാമൻ രാഘവൻ പോലീസിന്റെ പിടിയിലായപ്പോൾ അവർ ഞെട്ടിപ്പോയി. ഞെട്ടിയത് രാഘവന്റെ ഭീകരതയോ കൊലപാതക സജ്ജീകരണമോ സാമർത്ഥ്യമോ കണ്ടിട്ടല്ല. സാധാരണഗതിയിൽ നിരുപദ്രവിയായി തോന്നുന്ന ഏകാന്തനായ ഒരു മനോരോഗിയാണ് ഭരണകൂടത്തെയും ജനസമൂഹത്തെയും ഏതാനും വാരക്കാലം കിടുകിടാവിറപ്പിച്ചതും അനേകരെ ക്രൂരമായി കൊന്നുതള്ളിയതും എന്ന് കണ്ടാണ് അവർ ഞെട്ടിയത്.

രാമൻ രാഘവനെ അതിക്രൂരകൃത്യങ്ങളുടെ മൂർത്തിമൽ ഭാവമായ മർദ്ദക സാമൂഹ്യസംവിധാനമായി സങ്കൽപ്പിച്ചുകൊണ്ട് പുനലൂർ ബാലൻ പൗരാണിക കാലം തൊട്ട് ഇന്നോളമുള്ള മർദ്ദക സാമൂഹ്യവ്യവസ്ഥയെ കീറിമുറിച്ച് പരിശോധിക്കുന്നു. കവിത തുടങ്ങുന്നത് ഇങ്ങനെയാണ്:

ശൂദ്രക തപോവൃത്തി
യാചരിക്കുന്നു ലോകം
ക്ഷുദ്രമാം ശിരസ്സുകൾ
വെട്ടിവീഴ്ത്തുക രാമ –
പത്രപംക്തിയിൽ രാമൻ –
രാഘവ നീ നിൽക്കവെ,
ഞെട്ടലിൽ നെടുവീർപ്പു
മുട്ടുകയല്ലോ ഹൃത്തിൽ

ഇന്നത്തെ സമൂഹത്തിലെ വിവിധ രാമൻ രാഘവൻ മാരെ കവി അവതരിപ്പിക്കുന്നു;

ഭസ്മവും വാരിപ്പൂശി -
ബഭക്തനായി നടക്കുന്നു!
ഭക്ഷണക്കടകൾ തൻ
കൗണ്ടറിലിരിക്കുന്നു !
ശക്തമാം കവാടത്താൽ
ബദ്ധമാമുൾവാടത്തിൽ
ക്രുദ്ധനാം മൽസേഷ്യനായ്
നിന്നു നീ കുറുമ്മുന്നു!
കാൽകളിൽ പാന്റിൽ പെയിന്റും
തേച്ചു നീ കുതിക്കുന്നൂ
കോളേജിൻ വളപ്പിലെ -
ക്കൊരു തീക്കനൽക്കൊപ്പം
നിൻ തലച്ചോറിൽ ഹെൻട്രി-*
മില്ലറും കുറുമീശ-
ച്ചുണ്ടിലിന്നലെക്കണ്ട
ചലച്ചിത്രത്തിൻ ശീലും,
കരളിൽ റോക്കൻറോളി -**
ന്നാദിതാളവും,വട്ട-
മിഴിയിൽ നഷ്ടപ്രാണ-
പ്രണയചുടലയും.

ഐതിഹാസിക മാനങ്ങളുള്ള ഈ ദാർശനിക കാവ്യം ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്താലും മാത്യു അർനോൾഡ് ഭയപ്പെട്ടതുപോലെ അതിന്റെ സത്ത ചോർന്ന് പോകില്ല.

ഇരുപതാം നൂറ്റാണ്ടിലെ പ്രശസ്ത മലയാള കവികളുടെ ഗണനാപ്രസംഗത്തിൽ പുനലൂർ ബാലൻ ഏത് മാനദണ്ഡം വച്ച് അളന്നാലും അവഗണിക്കപ്പെടുകയില്ല. ചില സവിശേഷതകളെ പ്രത്യേകം പരിഗണിച്ചാൽ അദ്ദേഹത്തിന്റെ സ്ഥാനം അനുപമമാണെന്നും അംഗീകരിക്കേണ്ടിവരും.

---

*വൃത്തികെട്ട അശ്ലീലകൃതികളുടെ കുപ്രസിദ്ധ സൃഷ്ടാവാണു് ഹെൻട്രി മില്ലർ.

**പടിഞ്ഞാറൻ ശൈലിയിലുള്ള ഒരുതരം അഴിഞ്ഞാട്ട നൃത്ത വിശേഷം

മലയാള നിരൂപണത്തിന്റെ പിതാവ്: സി.പി. അച്യുതമേനോൻ

കേരളത്തിന്റെ ആധുനീകരണത്തിലും നവോത്ഥാനത്തിലും .സി. പി. അച്യുതമേനോനുള്ള (1863-1937) അനുപമമായ സ്ഥാനം വേണ്ടത്ര അംഗീകരിക്കപ്പെട്ടുതുടങ്ങിയിട്ടില്ല. വിദ്യാവിനോദിനി പത്രാധിപർ എന്ന നിലയിൽ ആധുനിക മലയാളസാഹിത്യ നിരൂപണത്തിന്റെ പിതാവ് എന്ന നിലയിൽ അച്യുതമേനോനുള്ള സ്ഥാനം അടുത്തകാലത്തായി കൂടുതൽ കുടുതൽ മനസ്സിലാ ക്കിത്തുടങ്ങിയിട്ടുണ്ടെങ്കിലും വിദ്യാഭ്യാസം, ചരിത്രം, പുരാലിഖിത ശാസ്ത്രം, പുരാവസ്തു ഗവേഷണം, സാമൂഹ്യനിയമ നിർമ്മാണം, കേരള സാമൂഹ്യവിജ്ഞാനീയം എന്നീ വിവിധ തുറകളിൽ അദ്ദേഹം കേരളത്തിന് നൽകിയ അനന്യസാധാരണമായ സംഭാവനകൾ വിലയിരുത്തപ്പെട്ടിട്ടില്ല.

ശാസ്ത്രീയ വിഷയങ്ങളെ കാഠിന്യം കളഞ്ഞ് ലളിതപ്പെടുത്തി കവിസൂക്തിസുലഭമായ മാധുര്യത്തോടുകൂടി എഴുതുന്നതിൽ വിശേഷസാമർത്ഥ്യം പ്രകടിപ്പിച്ചിരുന്ന അച്യുതമേനോനെ മഹാ നായ കേരളവർമ്മയും, ഭാഷയിൽ സജീവവും സമീചീനവും ആയ സാഹിത്യവിമർശനത്തിന്റെ ഉപജ്ഞാതാവിനെ മഹാകവി ഉള്ളൂരും ഉള്ളഴിഞ്ഞ് പ്രകീർത്തിച്ചിട്ടുണ്ടെങ്കിലും സുകുമാർ അഴിക്കോടാണു് സി.പി. യുടെ ആദ്യപഥികത്വം സവിസ്തരമായി പരിശോധിച്ച് സമർത്ഥിച്ചിട്ടുള്ളത്. അഴീക്കോട് മലയാള സാഹിത്യവിമർശനം എന്ന തന്റെ കൃതിയിൽ പത്രവിമർശനത്തിന്റെ നേതാവ് എന്ന തലവാചകത്തോടുകൂടി ഒരു ദീർഘമായ അദ്ധ്യായം തന്നെ സി. പി. ക്ക് വേണ്ടി നീക്കി വച്ചിരിക്കുന്നു. സി. പി. യെപ്പറ്റിയുള്ള വിലയിരുത്തൽ അഴീക്കോട് ഉപസംഹരിക്കുന്നത് ഇങ്ങനെയാണു്.

'കേരളവർമ്മയും ഉള്ളൂരും രാജരാജവർമ്മയും ഗതാനുഗതി കത്വത്തിനും ശബ്ദഭ്രമത്തിനുമെതിരെ വാളോങ്ങുകയുണ്ടായല്ലോ.

എന്നാൽ ആ വാൾ ആദ്യം ഏകനായി ഉയർത്തിയത് മേനോനാണെന്ന് ഇന്ന് പലരും മറന്നു കളഞ്ഞിരിക്കുന്നു. തങ്ങൾക്ക് സൗകര്യപൂർവ്വം വായിക്കാൻ പറ്റുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചില്ല എന്നതുകൊണ്ട് ഒരു മഹാനായ എഴുത്തുകാരനെ മറന്നുകളയുന്നത് പ്രൗഢിയുള്ള ഒരു സാഹിത്യത്തിന് ചേർന്നതല്ല. എന്നല്ല, അച്യുതമേനോന്റെ ശൈലിയിൽ ചോദിക്കുകയാണെങ്കിൽ, നിസ്സാരങ്ങളായ പുസ്തകങ്ങളെക്കാൾ ശ്രേഷ്ഠമല്ലെന്നോ മഹനീയങ്ങളായ പത്രലേഖനങ്ങൾ? രാജരാജവർമ്മയെ മലയാളസാഹിത്യത്തിൽ അർത്ഥ മഹിമയെ പ്രധാനീകരിച്ച ഒരു നവപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായിക്കാണുന്നവർ, പുസ്തകമെഴുതാത്തതുകൊണ്ട് അച്യുതമേനോനോട് പകരം വീട്ടുക മാത്രമാണ് ചെയ്യുന്നത്. തങ്ങൾ പറയുന്ന അഭിപ്രായത്തിന് ചരിത്രപ്രാമാണ്യം വേണമെന്ന് നിഷ്ക്കർഷയുള്ളവർക്ക്, അച്യുതമേനോൻ ഒറ്റയക്ക് ഉദ്ഘാടനം ചെയ്ത ഒരു മാർഗ്ഗത്തെ രാജരാജവർമ്മ ഉറപ്പും നെടുപ്പവും ഉള്ളതാക്കിത്തീർത്തു എന്നെ പറയാനൊക്കുകയുള്ളൂ. മലയാള സാഹിത്യത്തിൽ ശബ്ദമേദുരങ്ങളായ വൻകലാപങ്ങൾ നടന്നപ്പോൾ ആ വഴി വിട്ട് തനിച്ച് മറ്റൊരു വഴിയുണ്ടാക്കി അതിലൂടെ നിർഭയം സഞ്ചരിച്ചുകൊണ്ട് പിൽക്കാലത്ത് നമ്മുടെ സാഹിത്യവിമർശനത്തിന് ഉച്ചത്തിൽ ഉച്ചരിക്കാവുന്ന ചില പദവാക്യ ശൈലികൾ സൃഷ്ടിച്ചുതന്ന ഒരേകാന്ത പഥികന്റെ നേട്ടങ്ങൾക്ക് സമർഹമായ പ്രാധാന്യം നൽകാതെ, ആ കലാപങ്ങൾ മഹാസമരങ്ങളായി ചിത്രീകരിക്കുകയും കവിതയിൽ നവവീക്ഷണം ആവശ്യമാണെന്ന് ആദ്യമായി വാദിച്ചത് മറ്റാരൊക്കെയോ ആണെന്ന് ഘോഷിക്കുകയും ചെയ്തവർക്ക് പിണഞ്ഞ തെറ്റ് വസ്തുതകൾ അറിയാത്തതുകൊണ്ട് പിണഞ്ഞതു മാത്രമായിരുന്നു. എങ്കിലും അത് അത്ര വലിയ തെറ്റല്ല. അന്ന് നമ്മുടെ സാഹിത്യത്തിൽ നടന്ന സംസ്ക്കാര സംഘട്ടനത്തിൽ സംസ്കൃതത്തിന്റെ ചൈതന്യത്തിന് അഭിഭവം പിണയാത്ത വിധത്തിൽ വൈദേശിക പ്രഭാവത്തെ സർഗ്ഗാത്മകമായി ഉൾക്കൊള്ളാൻ കഴിഞ്ഞ അദ്ദേഹം, തനിക്ക് മുമ്പിൽ വന്ന കേരളവർമ്മയേയും തനിക്ക് പിന്നിൽവന്ന രാജരാജവർമ്മയേയും പോലെ മലയാളസാഹിത്യ വിമർശനത്തിന്റെ പ്രാണദാതാക്കളിൽ ഒരാളായിരിക്കുന്നു. കേരളവർമ്മയുടേയും രാജരാജവർമ്മയുടേയും പ്രവർത്തനരംഗങ്ങളുടെ ഇടയിലുള്ള ചരിത്രപരമായ വിടവ് നികത്തുന്ന ഏക വ്യക്തി അച്യുതമേനോനത്രേ. കേരളവർമ്മയ്ക്കു ശേഷം വിമർശനരാജ്യത്തിലെ കിരീടം അണിയേണ്ടിയിരുന്നത് അദ്ദേഹത്തിന്റെ ശിരസ്സായിരുന്നു. (പേജ്. 106-107)

ശാസ്ത്രീയമായ സാഹിത്യചരിത്രവീക്ഷണം ന്യായീകരിക്കുന്ന അളവിലപ്പുറം കേരളവർമ്മയെ ഉയർത്തിക്കെട്ടാനും

രാജരാജവർമ്മയെ ഒതുക്കിനിർത്തുവാനും ഉള്ള ഒരു നേരിയ പ്രവണത ഉണ്ടെങ്കിലും അഴീക്കോടിന്റെ വിലയിരുത്തൽ സമീചീനം തന്നെ. കേരളവർമ്മയുടെയും രാജരാജവർമ്മയുടെയും ഇടയ്ക്കുള്ള ഒരു കണ്ണിയായി സി.പി.യെ ചുരുക്കി കാണേണ്ടതില്ലായെന്നാണ് ഉള്ളൂരിന്റെ ഹ്രസ്വമായ വിലയിരുത്തൽ പോലെ അഴീക്കോടിന്റെ തന്നെ സാമാന്യം ദീർഘമായ അപഗ്രഥനവും ബോധ്യപ്പെടുത്തുന്നത്. കേരള വർമ്മയുടെ പുസ്താകഭിപ്രായങ്ങളും അവതാരികകളും യോഗ്യതാ പത്രങ്ങളുമെല്ലാം മലയാള സാഹിത്യ വിമർശനത്തിന്റെ 'പ്രാരംഭഘട്ട'മായി അഴീക്കോട് വക തിരിക്കുന്ന കേരളവർമ്മ യുഗത്തിലാണെങ്കിലും (1890-1911) അതിനുള്ള ന്യായീകരണം അവ പ്രത്യക്ഷപ്പെട്ട കാലഗണന മാത്രമാണു്. ലക്ഷണദൃഷ്ട്യാ കേരളവർമ്മയുടെ സാഹിത്യവിമർശനയത്നങ്ങൾ അഴീക്കോടിന്റെ 1890 നു മുൻപുള്ള 'പൂർവഘട്ട'ത്തിലാണു് (പ്രാചീനയുഗം) ചേരുക. മഹാനായ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ അദമ്യമായ മലയാള സാഹിത്യ പ്രേമവും അതിർ കവിഞ്ഞ ആശ്രിത വാത്സല്യവും അദ്ദേഹത്തിന്റെ നിരൂപണങ്ങളായി മുദ്രകുത്തപ്പെടുന്ന അഭിപ്രായ പ്രകടനങ്ങളെ വിവേചനാരഹിതമായ യോഗ്യതാപത്രങ്ങളാക്കി കളഞ്ഞുവെന്ന കാര്യം അഴീക്കോടിന്റെ തന്നെ വിവരണങ്ങളിൽ നിന്നു് വ്യക്തമായിരിക്കേ സി. പി. യെക്കുറിച്ചുള്ള ഉള്ളൂരിന്റെ നിർണ്ണായകമായ വിലയിരുത്തലിൽ ഉറച്ചു നിൽക്കുകയാവും യുക്തിഭദ്രം. അഴീക്കോട് തലവാചകത്തിൽ ചെയ്യുന്നതുപോലെ 'പത്രവിമർശനത്തിന്റെ നേതാവാ'യിമാത്രം സി.പി.യെ വിലയിരുത്തുന്നതും അഴീക്കോടിന്റെ പാഠഭാഗങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

മലയാള നവോത്ഥാന ചരിത്രത്തിലും സാഹിത്യനിരൂപണ പുരോഗതിയിലും ഇത്ര അനുപമമായ സ്ഥാനം സി. പി.യ്ക്കു് കൈവന്നതെങ്ങനെ? അദ്ദേഹത്തിന്റെ അഗാധമായ സംസ്കൃത പാണ്ഡിത്യവും ഇംഗ്ലീഷ് സാഹിത്യ പരിചയവും സർവ്വോപരി പ്രതിഭാസമ്പന്നമായ സഹൃദയത്വവും ഈ പദവിയിലേക്കു് ഉയരാൻ സി. പി. യെ സഹായിച്ചിട്ടുണ്ട് എന്നതിൽ പക്ഷഭേദമില്ല. എന്നാൽ സാഹിത്യേതരമായ ജീവിതമേഖലകളിലും വിജ്ഞാനരംഗങ്ങളിലും അദ്ദേഹത്തിനുണ്ടായിരുന്ന അനുഭവസമ്പത്തും അവഹാഗവും നൽകിയ വീക്ഷണവിശാലതയും പ്രത്യയശാസ്ത്ര ദാർഢ്യവും ആണു് സി.പി.യെ സമകാലിക നിരൂപണത്തിലെ സാർവ്വഭൗമനായും ആദ്യപഥികനായും ഉയർത്തിയതു്. സാഹിത്യ നിരൂപണങ്ങൾക്കും പഠനങ്ങൾക്കും സാഹിത്യ ബാഹ്യമായ മാനദണ്ഡങ്ങൾ അനുചിതമാണു് എന്നു് കരുതുന്ന സങ്കുചിത ബുദ്ധികൾക്ക് ഈ വാദം ദഹിച്ചെന്നു് വരില്ല. എന്നാൽ അരിസ്റ്റോ

ട്ടിൽ മുതൽ സി. പി. അച്യുതമേനോൽ വരെയുള്ള സാഹിത്യ കലാ സൈദ്ധാന്തികൾ തങ്ങളുടെ ദൗത്യനിർവ്വഹണത്തിനു് ആശ്രയിച്ചതു് സങ്കുചിതമായ കലാസൈദ്ധാന്തിക മാനദണ്ഡങ്ങളെ മാത്രമല്ലെന്നും ജീവിത മൂല്യങ്ങളുടെ അളവു കോലുകളെയാണെന്നും ഇന്നു് കൂടുതൽ കൂടുതലായി അംഗീകരിക്കപ്പെട്ടു വരികയാണു്. സാഹിത്യ നിരൂപണത്തിന്റെ വിശാലമായ സിവിലൈസിങ്ങ് ധർമ്മത്തെ അവഗണിക്കുന്ന ചില പുത്തൻ പരിഷ്ക്കാരികളെപ്പറ്റി ടെറി ഈഗിൾ ടൺ പറയുന്നതു് ഇങ്ങനെയാണു്:

The period of enlightenmet the Drama of Romanticism and the moment of Scrutiny are exemplary cases in point. It has only been when criticism in the act of speaking literature emits a lateral message about the shape and destiny of a whole culture that its voice has compelled widespread attention. It was only when 'Culture' became a pressing political project, poetry a metaphor for quality of social life, and language a paradign for social practice as a whole, that criticism could claim any serious little to exist.' (The function of criticism, 1984 P. 107-108).

ഈ വീക്ഷണം അച്യുതമേനോന്റെ ലേഖനങ്ങളിൽ പ്രകടമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും അവയുടെയെല്ലാം അന്തർധാരയായി വർത്തിക്കുന്നു. അത് എങ്ങനെയെന്നു് വിശദീകരിക്കുന്നതിനു മുൻപ് അച്യുതമേനോന്റെ ജീവിതഗതിയേയും വൈവിധ്യമാർന്ന പ്രവർത്തനമണ്ഡലങ്ങളെയും വിവരിക്കേണ്ടതുണ്ട്.

II

സി. അച്യുതമേനോൻ എന്നും സി.പി. അച്യുതമേനോൻ എന്നും രണ്ടുതരത്തിൽ പരാമർശിക്കപ്പെടുന്ന ചങ്ങരംപൊന്നത്ത് അച്യുതമേനോൻ 1863 ൽ തൃശൂരിൽ ജനിച്ചു. പല നിലക്കും പ്രസിദ്ധമായ കുടുംബപാരമ്പര്യമാണു് അച്യുതമേനോനു് ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ അച്ഛൻ വലിയ കുഞ്ഞൻമേനോൻ എന്ന പേരിൽ അക്കാലത്ത് കൊച്ചിയിലെങ്ങും പ്രസിദ്ധനായിരുന്ന വടക്കേക്കുറുപ്പത്ത് കുഞ്ഞൻമേനോനാണു്. അമ്മ ചങ്ങരംപൊന്നത്ത് പാർവ്വതി അമ്മയും. 1809-ൽ ബ്രിട്ടിഷുകാർക്കെതിരെ വേലുത്തമ്പിയുടെ മാതൃകയിൽ കലാപം നടത്തി ശിക്ഷിക്കപ്പെട്ടു് ചെങ്കൽപേട്ട കാരാഗൃഹത്തിൽ കിടന്നു് മൃതിയടഞ്ഞ പാലിയത്ത് ഗോവിന്ദൻ വലിയച്ഛൻ സി.പി. യുടെ പിതാമഹനായിരുന്നു. തൃശൂരും എറണാകുളത്തും പഴയ ശൈലിയിലുള്ള പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി കോഴിക്കോട്ടും മദ്രാസ്സിലുമായി ഉപരിവിദ്യാഭ്യാസം നിർവ്വഹിച്ചു് ബിരുദം നേടിയ അച്യുതമേനോൻ തൊഴിൽ ജീവിതം ആരംഭിക്കുന്നത് മദിരാശി പച്ചയപ്പാസ് കോളേജിലെ മലയാളപണ്ഡിതനായിട്ടാണു്. 1886-ൽ എറണാകുളത്ത് രാജകൊട്ടാരത്തിലെ ബാലികാ ബാലന്മാരെ പഠിപ്പിക്കാ

നായി നിയോഗിക്കപ്പെട്ട അച്യുതമോനോൻ അതോടുകൂടി കൊച്ചി സർക്കാരിന്റെ കീഴിലുള്ള ഔദ്യോഗിക ശ്രേണിയിലെ ആദ്യത്തെ പടി ചവിട്ടിക്കയറി. ഇക്കാലത്ത് അന്നത്തെ ദിവാനായിരുന്ന തോട്ടയ്ക്കാട്ട് ഗോവിന്ദ മേനോൻ സംസ്ഥാനത്തിലാകെ മലയാള പള്ളിക്കൂടങ്ങളുടെ ഒരു ശൃംഖല ആരംഭിച്ചപ്പോൾ അതിനായി രൂപീകരിക്കപ്പെട്ട വിദ്യാഭ്യാസ വകുപ്പിന്റെ തലവനായി അവരോധിക്കപ്പെട്ടത് അച്യുതമേനോനായിരുന്നു. അങ്ങനെ കൊച്ചി സംസ്ഥാനത്തെ വിദ്യാഭ്യാസരംഗത്ത് പല തുടക്കങ്ങൾ കുറിക്കുകയും പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത അച്യുതമേനോന്റെ ഭരണ നൈപുണിയും പ്രവർത്തന കൗശലവും പാണ്ഡിത്യഗരിമയും ബോധ്യപ്പെട്ട അധികൃതർ അദ്ദേഹത്തിന് ഒന്നിനു പുറമെ ഒന്നായി വൈവിധ്യമാർന്ന ഉത്തരവാദിത്വങ്ങൾ ഏല്പിച്ചു കൊടുക്കാൻ തുടങ്ങി. ഈ രംഗങ്ങളിൽ അദ്ദേഹം എഴുതിയുണ്ടാക്കിയ പ്രബന്ധങ്ങളും റിപ്പോർട്ടുകളും വെറും സർക്കാർ നിലവാരത്തേക്കാൾ ഉയർന്നതും കാലം കഴിഞ്ഞിട്ടും പ്രസക്തി നശിക്കാത്തവയും ആണ്.

കൊച്ചിയിലെ പുരാലിഖിത ശേഖരണം, പുരാവസ്തു ഗവേഷണം, വ്യവസായ പരിഷ്ക്കരണം, ദേവസ്വങ്ങളുടെ ഏകീകരണം, ഭൂവുടമപരിഷ്ക്കരണം, മരുമക്കത്തായ വ്യവസ്ഥ എന്നിവ സംബന്ധിച്ച അച്യുതമേനോന്റെ റിപ്പോർട്ടുകൾ കേരള സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചുള്ള പ്രാഥമിക പഠനങ്ങളായി അവശേഷിക്കുന്നു. 1891-ലെ കൊച്ചി സെൻസസ് റിപ്പോർട്ടും കൊച്ചിയിലെ ആദ്യത്തെ സ്റ്റേറ്റ് മാനുവലും അച്യുതമേനോന്റെ കൃതികളാണ്. ഇവ കൂടാതെ റവന്യൂ മാനുവൽ, ഗവണ്മെന്റ് സ്റ്റാന്റിങ്ങ് ഓർഡേഴ്സ്, എഞ്ചിനീയറിംഗ് കോഡ്, സഹകരണ സംഘങ്ങളെക്കുറിച്ചുള്ള പഠനം എന്നിങ്ങനെ അവിശ്വസനീയമാംവണ്ണം വൈവിധ്യത്തോടുകൂടിയ രേഖകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. കേരളത്തിലെ ഡെച്ചുകാരുടെ ആധിപത്യകാലത്തെക്കുറിച്ച് ആദ്യത്തെ ആധികാരിക ചരിത്രം നിർമ്മിച്ച ഏ. ഗാലറ്റി തനിക്കു സി. പി. നൽകിയ ഗണ്യമായ സഹായത്തിന് കൃതജ്ഞത രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയേറെ ബൃഹത്തും വൈവിധ്യമാർന്നതുമായ റിപ്പോർട്ടുകളും മറ്റും രചിച്ച് കേരള രാഷ്ട്രീയ സാമൂഹ്യ പഠനങ്ങൾക്കു് അമൂല്യമായ സംഭാവന നൽകിയ അച്യുതമേനോൻ പുസ്തകമായി കൊച്ചി ദിവാന്മാരായിരുന്ന ശങ്കുണ്ണിമേനോന്റെയും ശങ്കരവാര്യരുടേയും ജീവചരിത്രം മാത്രമേ (ഇംഗ്ലീഷിൽ) എഴുതിയിട്ടുള്ളൂ. ബാക്കിയെല്ലാം അദ്ദേഹത്തിന്റെ വിദ്യാവിനോദിനി ലേഖനങ്ങളും പുസ്തക നിരൂപണങ്ങളും ആണ്.

സർക്കാറിനുവേണ്ടി അദ്ദേഹം എഴുതിയ റിപ്പോർട്ടുകളും രേഖകളും മാന്വലുകളും മറ്റും സാധാരണ സർക്കാർ നിലവാര

ത്തിൽനിന്നു് ഉയർന്ന സൈദ്ധാന്തികനിലവാരം പുലർത്തുന്നതാണു് എന്നു് പറഞ്ഞുവല്ലോ. നിലവാരത്തിന്നു പുറമെ പുരോഗമനോന്മുഖമായ വീക്ഷണവും അവയ്ക്ക് സവിശേഷമായ പരിവേഷം നൽകി. കൊച്ചിൻ സ്റ്റേറ്റ് മാന്വലിൽ മരുമക്കത്തായത്തെക്കുറിച്ചു് പറഞ്ഞിരിക്കുന്നത് ഒരു ഉദാഹരണമായി എടുക്കാം!

'പരശുരാമന്റെ കല്പനയാൽ ആവിർഭവിച്ചു എന്നു പറയപ്പെടുന്ന മരുമക്കത്തായം ബ്രാഹ്മണരാൽ പോഷിപ്പിക്കപ്പെട്ടു. മരുമക്കത്തായ പ്രകാരം ശൂദ്രസ്ത്രീകൾ തങ്ങളുടെ പാതിവ്രത്യം ഉപേക്ഷിക്കുകയും ബ്രാഹ്മണരുടെ അഭിലാഷ പൂർത്തീകരണത്തിന്നായി സ്വയം സമർപ്പിക്കുകയും ചെയ്യണം. ഒരു സമുദായം മുഴുവൻ ഒറ്റയടിയ്ക്കു് തങ്ങളുടെ വിവാഹ സമ്പ്രദായങ്ങളും മറ്റും ഉപേക്ഷിച്ചു് തികച്ചും വ്യത്യസ്തമായ വേറൊരു രീതി ഒരു വ്യക്തിയുടെ ആജ്ഞപ്രകാരം - അതു് പരശുരാമനയാൽ പോലും- സ്വീകരിച്ചുവെന്ന് പറയുന്നതു് സാമാന്യബുദ്ധിക്കു് നിരക്കുന്നതല്ല. നിലവിലുള്ള ഒരു സമ്പ്രദായത്തെ യുക്തിസഹമായി നവീകരിക്കുന്നതിനേക്കാളേറേ അതിനൊരു പവിത്രത നൽകി കൂടുതൽ ദൃഢീകരിക്കാനായിരിക്കണം ഐതിഹ്യത്തെ കൂട്ടുപിടിച്ചതു്.'

അച്യുതമേനോന്റെ ആധുനികതയോടും നവോത്ഥാന മൂല്യങ്ങളോടും ഉള്ള പ്രതിപത്തി അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പൊതുവേയും സ്ത്രീവിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകിച്ചും കാണാൻ കഴിയും. 'ഇന്ദുലേഖ', 'കുന്ദലത', മുതലായ കൃതികളെക്കറിച്ചുള്ള നിരൂപണങ്ങളിലും സ്റ്റേറ്റ് മാന്വലിലെ പരാമർശങ്ങളിലും തന്റെ ഭരണകാലത്തു് പെൺകുട്ടികൾക്കുള്ള സ്ക്കൂൾഫീസ് നിർത്തലാക്കിയതിലും മറ്റും സി. പി. യുടെ സ്ത്രീ വിദ്യാഭ്യാസ താല്പര്യം തെളിഞ്ഞുനില്ക്കുന്നു.

പുസ്തക നിരൂപണങ്ങൾ എഴുതുന്നതിനു പുറമെ സാഹിത്യ കലാസംഘടനാപ്രവർത്തനങ്ങളിലും നാടകാവതരണത്തിലും അദ്ദേഹം ഏർപ്പെട്ടിരുന്നു. 'ഉത്തരരാമചരിതം' കർത്താവായ ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാരുമായി സഹകരിച്ച് സി. പി. അച്യുതമേനോൻ, 'വിനോദചിന്താമണി' എന്ന ഒരു നാടകസംഘം 1892-ൽ സ്ഥാപിക്കുകയുണ്ടായി. പിന്നീട് ചാത്തുക്കുട്ടി മന്നാടിയാർ സി. പി.യോട് അത്ര രസത്തിലല്ലാതിരുന്ന കൊച്ചി വീരകേരള വർമ്മത്തമ്പുരാന്റെ പ്രേരണയാൽ അച്യുതമേനോനുമായി തെറ്റിപ്പിരിഞ്ഞ് 'രസികരഞ്ജിനി' എന്നൊരു നാടകസംഘം സ്ഥാപിച്ചതും തുടർന്നുണ്ടായ മത്സരങ്ങളും അക്കാലത്തെ സാംസ്ക്കാരികലോകത്തു് കോളിളക്കം സൃഷ്ടിക്കുകയുണ്ടായി.

ഇങ്ങനെ ബഹുമുഖമായ പ്രവർത്തനമേഖലകളിലും വൈജ്ഞാനികരംഗങ്ങളിലും നിന്നു് നേടിയ അനുഭവസമ്പത്തും അറിവുകളും ആണു്, അല്ലാതെ വെറും സാഹിതീയ വിദ്യകൾ മാത്രമല്ല, അച്യുതമേനോനെ അച്യുതമേനോനാക്കിയതു്.

III

മുമ്പൊരിക്കൽ മലയാളത്തിൽ 1937-ലെ വഴിത്തിരിവ് എന്ന പേരിൽ ഞാനൊരു ലേഖനം എഴുതുകയുണ്ടായി. (ഇസങ്ങൾക്കിപ്പുറം കാണുക) ആ വർഷം സാഹിത്യ- രാഷ്ട്രീയ- സാമൂഹ്യ രംഗങ്ങളിൽ നടന്ന നിരവധി സംഭവങ്ങളുടെ യുക്തിസഹവും ആകസ്മികവുമായ സംഘാതം ആയിരുന്നു എന്റെ വിഷയം. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു മുൻ കാലവർഷമാണു് 1889. ആ വർഷമാണു് അച്യുതമേനോൻ പത്രാധിപരായി വിദ്യാവിനോദിനി എന്ന സാഹിത്യ മാസിക തൃശൂരിൽ നിന്നു് പുറപ്പെട്ടത്. സാഹിത്യനവോത്ഥാനത്തിലെ ഒരു മുഖ്യ ഘടകമാണു് ഗദ്യസാഹിത്യത്തിന്റെ മേല്ക്കോയ്മ; മലയാള സാഹിത്യത്തിന്റെ പൊതുവെയും ഗദ്യസാഹിത്യത്തിന്റെ പ്രത്യേകിച്ചും ഉയിർത്തെഴുന്നേല്പിന്റെ തെളിവായ 'ഇന്ദുലേഖ' പുറത്തു വന്നത് ആ വർഷമാണു്. മലയാളസാഹിത്യ വിപ്ലവത്തിൽ അവിസ്മരണീയനായ കേസരി ബാലകൃഷ്ണപിള്ള ജനിച്ചത് 1889 ൽ ആയതു് ആകസ്മികമായിരിക്കാം എങ്കിലും, അതിന്റെ തലേ വർഷം ശ്രീനാരായണന്റെ അരുവിപ്പുറം 'ഈഴവ' ശിവപ്രതിഷ്ഠ നടന്നതും (1888) അതിന്റെ പിറ്റേവർഷം കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള മലയാളമനോരമ ആരംഭിച്ചതും ആകസ്മികങ്ങൾ എന്നു വിശേഷിപ്പിക്കാൻ ആവുകയില്ല. വഴിത്തിരിവിനെ കുറിക്കുന്ന ആ കാലഘട്ടത്തിന്റെ ലക്ഷണയുക്തമായ രണ്ട് സംയുക്തിക സംഭവങ്ങളാണവ. 1888 ലാണു കേരളത്തിലെ ആദ്യത്തെ നിയമനിർമ്മാണ സഭയായ തിരുവിതാകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപം കൊണ്ടത് എന്നതും കാലത്തിന്റെ പോക്കിനെ സൂചിപ്പിക്കുന്ന ഒരു സംഭവമായിരുന്നു. 1891-ൽ മഹാരാജാവിനു സമർപ്പിക്കപ്പെട്ട 'മലയാളി മെമ്മോറിയലി' നു് വേണ്ടിയുള്ള തയ്യാറെടുപ്പ് കേരളത്തിലെ ആദ്യത്തെ ബഹുജനസംഘടനാ പ്രക്ഷോഭ പരിപാടിക്കു് തുടക്കം കുറിച്ചു.

സി.പി. അച്യുതമേനോന്റെ കൈകാര്യകർത്തൃത്വത്തിൽ ആധുനിക സാഹിത്യ നിരൂപണപദ്ധതി ആവിഷ്കൃതമായത് ഈ സാഹചര്യത്തിലും ദശാസന്ധിയിലും ആയിരുന്നുവെന്നത് ആകസ്മികമായിരുന്നില്ല. ടെറി ഈഗിൾടൺ മേൽ പരാമർശിച്ച പുസ്തകത്തിൽ സ്ഥാപിക്കുന്നതുപോലെ, നാടുവാഴിത്ത സമൂഹത്തിൽ ഉണ്ടായ വിള്ളലുകൾക്കിടയിലൂടെ വികസിച്ചുവന്ന ഒരു ജനകീയ മേഖലയിൽ(പബ്ലിക് സ്ഫിയർ) ലാണു് പരമ്പരാഗത മൂല്യങ്ങളെ ചോദ്യം ചെയ്യുന്ന രാഷ്ട്രീയത്തോടൊപ്പം സാഹിത്യ നിരൂപണവും ജന്മംകൊണ്ടത്. അഡിസൺ, സ്റ്റീൽ, കോളറിഡ്ജ്, ജോൺസൺ, ഹഡ്ലിറ്റ് തുടങ്ങി ഇംഗ്ലീഷ് നിരൂപണത്തിന്നു് അടിത്തറ പാകിയവരാരും സാഹിത്യമാത്രോപജീവികളായിരുന്നില്ല. അവരുടെ മേഖല ജീവിതമായിരുന്നു. ജീവിതത്തിന്റെ അളവുകോ

ലാണ്, അവർ രാഷ്ട്രീയത്തിലെന്നപോലെ, സാഹിത്യത്തിലും പ്രയോഗിച്ചത്.

രാഷ്ട്രീയത്തിലായാലും ആചാരാനുഷ്ഠാനങ്ങളിലായാലും സാഹിത്യ കലാദികളിലാണെങ്കിലും രൂപത്തിനു് അമിതപ്രാധാന്യം കൽപ്പിക്കുന്ന ശൈലി യാഥാസ്ഥിതികത്വത്തിന്റേയും ജീവിത നിഷേധത്തിന്റേയുമാണ്. അതുകൊണ്ട് സാഹിത്യത്തിലും രാഷ്ട്രീയത്തിലും സംക്രമണ പുരുഷന്മാർ രൂപത്തിലും ബാഹ്യക്രമങ്ങളിലും ഉള്ള ഊന്നലിനെ എതിർക്കുന്നു. ഈ പൊതുനിയമത്തിന്നു് സി. പി. അച്യുതമേനോൻ ഒരു അപവാദമല്ല. വിദ്യാവിനോദിനിയുടെ ഒന്നാം പുസ്തകം ഒന്നാം ലക്കത്തിൽ ത്തന്നെ തന്റെ കാവ്യാദർശങ്ങൾ സ്വതന്ത്രലേഖനങ്ങളിലൂടെയും പുസ്തകനിരൂപണങ്ങളിലൂടെയും അച്യുതമേനോൻ പ്രഖ്യാപിച്ചു തുടങ്ങി. വിദ്യാവിനോദിനിയുടെ രണ്ടാം ലക്കത്തിലും മൂന്നാം ലക്കത്തിലുമായി കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'കല്യാണി'നാടകത്തെക്കുറിച്ച് അച്യുതമേനോൻ എഴുതിയ നിരൂപണം പല കാരണങ്ങളാലും പേരുകേട്ടതാണു്. സാധാരണ നിരൂപകർ കൊടുങ്ങല്ലൂർ കളരിയിലെ ഒരു പ്രമുഖനെ ഇത്ര കഠിനമായി വിമർശിക്കാൻ ധൈര്യപ്പെടാറില്ല എന്നതാണു് ഈ നിരൂപണത്തിന്റെ പ്രസിദ്ധിക്കു ഒരു കാരണം. തന്റെ പല കാവ്യദർശനങ്ങളും ഈ ഇരുഭാഗ നിരൂപണത്തിൽ അച്യുതമേനോൻ അനാവരണം ചെയ്യുന്നു എന്നതും ഇതിന്റെ പ്രസിദ്ധിക്കു് കാരണമായിട്ടുണ്ട്. അച്യുതമേനോൻ എഴുതുന്നു:

'ഈയിടെയുള്ള ഭാഷാകവികളുടെ കൃതികളിൽ ചിലതു് വളരെ ശ്ലാഘനീയമായിട്ടുണ്ടെങ്കിലും സാധാരണയായി എല്ലാത്തിലും അലഘുക്കളായ ചില ന്യൂനതകളും കാണുന്നുണ്ട്. ഒന്നാമതായി ചമൽക്കാരത്തിനു് മുഖ്യഹേതുവായ അപൂർവ്വത അവരുടെ കൃതികളിൽ വളരെ കുറവായിട്ടാണു് കാണുന്നതു്. നൂതനങ്ങളായ ഭാവങ്ങളേയും കവിതാരീതികളേയും പ്രയോഗിക്കുന്നവർ അവരുടെ കൂട്ടത്തിൽ വളരെ ദുർലഭമാണു്. സംസ്കൃത കവികളോ പണ്ടുണ്ടായിരുന്ന ഭാഷാകവികളോ പറഞ്ഞതുതന്നെ പ്രാസം മുതലായ ശബ്ദാലങ്കാരങ്ങളോടുകൂടെ പിന്നേയും പിന്നേയും പറഞ്ഞു് കൃതകൃത്യന്മാരാകുന്നതല്ലാതെ, പുതിയതായി എന്തെങ്കിലും പ്രയോഗിക്കുന്നതിനുള്ള മനോധർമ്മവുംധൈര്യവും അവർക്കു് വളരെ കുറവായിട്ടാണു് കാണുന്നതു്.

പിൽക്കാലത്തു് സുമാർ രണ്ടു് പതിറ്റാണ്ടിനുശേഷം ഏ. ആർ. രാജരാജവർമ്മ, കുമാരനാശാന്റെ നളിനിക്കു്, എഴുതിക്കൊടുത്ത ചരിത്രപ്രസിദ്ധമായ അവതാരികയിൽ അച്യുതമേനോൻ ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ തന്റേതായ ഭാഷയിൽ, ഏ. ആർ. ആവർത്തിക്കുന്നുണ്ടു് എന്നു് അഴീക്കോട് പറയുന്നതിനോട്

വിയോജിക്കേണ്ടതില്ല. 'ഗതാനുഗതി' കത്വത്തേക്കാൾ നവനവോല്ലേഖ കല്പനയിലാണു് കവികൾ 'ദൃഷ്ടിവെക്കേ'ണ്ടതെന്നു് ഏ. ആറിന്റെ ലേഖനത്തിൽ മാത്രമല്ല സി. പി. യുടെ അനുരണനം കേൾക്കുന്നതു്. 'വാസനയുണ്ടെങ്കിൽ ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും എല്ലാംകൂടി ഒന്നിച്ചും വേവ്വേറെയും അങ്ങുമിങ്ങും വെച്ചു കെട്ടാതെ തന്നെ നല്ല അലങ്കാരങ്ങൾ ഉണ്ടാക്കാം എന്ന ഏ. ആറിന്റെ വിധിയിലും അച്യുതമേനോന്റെ രണ്ടു് പതിറ്റാണ്ടു മുമ്പത്തെ ആശയങ്ങൾ പ്രതിഫലിക്കുന്നു. അച്യുതമേനോൻ പറയുന്നു.

'രാജാവിന്റെ ദാനശീലം കണ്ടു് കാമധേനുവിന്റെ സ്തനം ശോഷിച്ചുവെന്നും കല്പവൃക്ഷം തലതാഴ്ത്തിയെന്നും യശസ്സു കൊണ്ടു് ലോകമെല്ലാം വെള്ളമായി എന്നും ഒരുവളുടെ പുരികക്കൊടികണ്ടു് കാമന്റെ വില്ലു് ലജ്ജിച്ചുവെന്നും..... മറ്റുമുള്ള ആവർത്തന വിരസമായ പ്രയോഗങ്ങളെ അച്യുതമേനോൻ കശക്കി വിടുന്നു.'

പിൽക്കാലത്ത് പ്രാസവാദത്തിലൂടെ പൊട്ടിപ്പുറപ്പെട്ട അർത്ഥ-ശബ്ദാലങ്കാര വിവാദങ്ങൾക്കും അച്യുതമേനോൻ ഇതേ നിരൂപണത്തിൽ തുടക്കം കുറിക്കുന്നു:

'ഇപ്പോഴത്തെ ഭാഷാകവികൾ അർത്ഥഭംഗിയേക്കാൾ ശബ്ദഭംഗിയെയാണു് ദീക്ഷിക്കുന്നതു്. കവിതയ്ക്കു വേണ്ടുന്ന ഗുണം സമ്പൂർണ്ണമാകണമെങ്കിൽ അർത്ഥവും ശബ്ദവും നന്നായിരിക്കണമെന്നത് നിസ്സംശയം തന്നെ. എന്നാൽ പ്രാസം, പദച്ചേർച്ച, ഒഴുക്ക്, പ്രകൃതത്തിന്നു് അനുരൂപങ്ങളായ മാധുര്യാദിഗുണങ്ങൾ മുതലായതുകൊണ്ടുണ്ടാകുന്ന ശബ്ദഭംഗിയെ വളരെ കർണ്ണസുഖത്തേയും മറ്റും ഉണ്ടാക്കുന്നതാണെങ്കിലും അതു് അപൂർവ്വങ്ങളായും രസാലങ്കാരപരിപൂർണ്ണങ്ങളായും ഇരിക്കുന്ന ഭാവങ്ങളെപ്പോലെ സഹൃദയന്മാരുടെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നതല്ല. സ്ത്രീകൾക്ക് രൂപലാവണ്യവും വസ്ത്രാലങ്കാരങ്ങളും വളരെ ശോഭനമാണെങ്കിലും അലങ്കാരങ്ങളെക്കാൾ അധികം ഉൽക്കൃഷ്ടമായിട്ടല്ലേ, രൂപലാവണ്യത്തെ വിചാരിക്കേണ്ടതു്. അലംകൃതമായ വൈരൂപ്യത്തെക്കാൾ ശ്രേഷ്ഠമല്ലേ അനലംകൃതമായ സൗന്ദര്യം! അതുപോലെ കവിതയ്ക്കു രണ്ടും വളരെ ആവശ്യമാണെങ്കിലും അർത്ഥഭംഗി കുറവും ശബ്ദഭംഗി അധികവുമായ ശ്ലോകത്തെക്കാൾ ശ്രേഷ്ഠമായി ശംബ്ദഭംഗി കുറവും അർത്ഥഭംഗി അധികവുമായ ശ്ലോകത്തെയാണു് വിചാരിക്കേണ്ടതു്.'

സാഹിത്യസാഹ്യത്തിന്റെ പീഠികയിൽ (1911) 'ഇന്ദുലേഖ മുതലായ ഗദ്യകൃതികൾ കാവ്യങ്ങളാണു്; സഹസ്രയോഗം, കാലദീപം മുതലായ പദ്യകൃതികൾ കാവ്യങ്ങളല്ല' എന്നു് ഏ. ആർ. എഴുതിയതും ഇരുപതു കൊല്ലം മുമ്പ് വിദ്യാവിനോദിനിയിൽ

പ്രകടിപ്പിക്കപ്പെട്ട ആശയത്തിന്റെ പദാനുപദമായ ആവർത്തനമാണു്.

ഇപ്പറഞ്ഞതിനർത്ഥം അച്യുതമേനോന്റെ മാറ്റൊലിയായിരുന്നു രാജരാജവർമ്മ എന്നല്ല, ആധുനിക നിരൂപണത്തിന്റെ പ്രഥമ പ്രയോക്താവായ അച്യുതമേനോനും ആധുനിക നിരൂപണ വിദ്യയുടെ അത്യുന്നത പ്രയോക്താവും ലക്ഷണശാസ്ത്രജ്ഞനും ആയ ഏ. ആർ തമ്പുരാനും തമ്മിലുള്ള ആദർശപ്പൊരുത്തത്തെ സ്ഥാപിക്കുവാൻ വേണ്ടിയാണു്.

ഒരു സിദ്ധാന്തത്തിന്റേയും കാഴ്ചപ്പാടിന്റേയും പിൻബലമില്ലാതെ നിരൂപണകൃത്യം ഏറ്റെടുക്കുന്നത് നിരർത്ഥകമായിരിക്കും എന്ന ഡോക്ടർ ജോൺസന്റെ നിലപാടു് അച്യുതമേനോനു് സ്വീകാര്യമായിരുന്നിരിക്കണം. അദ്ദേഹവും ഒരു സിദ്ധാന്തത്തേയും അതിൽനിന്നു് രൂപപ്പെടുത്തിയ ഒരു മാനദണ്ഡത്തെയും ആശ്രയിച്ചു. ആ സിദ്ധാന്തം നാട്യാചാര്യനായ ഭരതമുനിയുടെ 'രസ'മാണു്. 'രസം', 'നായകാദിലക്ഷണം', 'നായികാദി ലക്ഷണം', 'ശൃംഗാരരസം','ഹാസ്യാദിരസങ്ങൾ', 'രസോദാഹരണങ്ങൾ', 'രസാഭാസാദികൾ', തുടങ്ങി ഇതേ മുൻനിർത്തി അനേകം ലേഖനങ്ങളിൽ അച്യുതമേനോൻ എഴുതിയിട്ടുണ്ട്. ഈ ലേഖനങ്ങളിൽ രസസിദ്ധാന്തത്തെ ഉദാഹരണങ്ങളോടുകൂടി വിശദീകരിക്കാൻ സി. പി. ശ്രമിക്കുന്നുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ സാഹിത്യ നിരൂപണങ്ങളെല്ലാം ഭരതന്റെ ചുവടുപിടിച്ചാണു് എന്നു് പറഞ്ഞുകൂടാ. അദ്ദേഹത്തെ ഭരതനെക്കാൾ ഏറെ സ്വാധീനിച്ചത് ഇംഗ്ലീഷ് നിരൂപകരായ മെക്കാളെയും മാത്യു ആർനോൾഡും മറ്റും ആണെന്ന് വ്യക്തം. ആർനോൾഡിന്റെ 'സംസ്ക്കാരവും അരാജകത്വവും' എന്ന കൃതിയിൽ പ്രതിഫലിക്കുന്ന സാംസ്ക്കാരാധിഷ്ഠിത സാഹിത്യ നിരൂപണമാണു് സി. പി. യുടെ നിരൂപണങ്ങളിൽ ഉടനീളം പ്രതിഫലിക്കുന്നതു്. നിരർത്ഥകമായ ശബ്ദാലങ്കാരങ്ങളിലും ബാഹ്യമോടികളിലും ഭ്രമിച്ച് കഴിഞ്ഞുപോന്ന ഒരു കാലഘട്ടത്തിൽ സാഹിത്യത്തിന്റെ ആത്മാവിലേക്ക് തുളച്ചുകയറുവാൻ സി. പി. എത്തിപ്പിടിച്ച ഒരു പിടിവള്ളിയിൽക്കൂടുതലൊന്നുമായിരുന്നില്ല രസസിദ്ധാന്തം.

1889 ൽ ആരംഭിച്ച വിദ്യാവിനോദിനി ഒരു വ്യാഴവട്ടക്കാലം നില നിന്നിരുന്നുവെങ്കിലും അച്യുതമേനോൻ ഒമ്പതു വർഷം മാത്രമേ പത്രാധിപത്യത്തിൽ തുടർന്നുള്ളൂ. 1898-ൽ അദ്ദേഹം പത്രാധിപത്യം ഒഴിഞ്ഞശേഷം പ്രസിദ്ധരായ ടി. കെ. കൃഷ്ണമേനോനും അപ്പു നെടുങ്ങാടിയുമാണ് അത് തുടർന്ന് നടത്തിയത് . 1903 ൽ അത് അവിസ്മരണീയമായ ചരിത്രദൗത്യം പൂർത്തിയാക്കി അരങ്ങൊഴിഞ്ഞു. മലയാളത്തിലെ ആദ്യത്തെ സാഹിത്യ പ്രധാനമാസിക എന്ന ബഹുമതി 1881-ൽ തിരുവനന്തപുരത്തിനിന്നു് ഈശ്വരപിള്ള വിചാരിപ്പുകാരുടേയും സർവ്വാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ളയുടേയും മറ്റും ഉത്സാഹത്തിൽ

ആരംഭിച്ച അല്പായുസ്സായ 'വിദ്യാവിലാസിനി' ക്കായിരുന്നു വെങ്കിലും മലയാള സാഹിത്യ പുരോഗതിയിൽ ദൂരവ്യാപകമായ ചലനങ്ങൾ സൃഷ്ടിച്ച വിദ്യാവിനോദിനിക്ക് സമമായി മറ്റൊന്നിനെ എടുത്ത് പറയാനില്ല. ആ ചലനത്തിന്റെ മുഴുവൻ പ്രചോദക ശക്തി അച്യുതമേനോൻ ആയിരുന്നു. കാലത്തിന്റെ കാഹളം കേട്ട് പ്രതികരിക്കുകയും തന്റെ കാലഘട്ടത്തെ രൂപപ്പെടുത്താൻ മുൻകയ്യെടുക്കുകയും ചെയ്ത അച്യുതമേനോൻ 1937 വരെ ജീവിച്ചിരുന്നുവെങ്കിലും അതിന്നു വളരെ മുമ്പുതന്നെ രംഗത്തുനിന്നു് നിഷ്ക്രമിച്ചിരുന്നു.

എന്തെന്നു് ഇപ്പോൾ അത്ര വ്യക്തമല്ലാത്ത കാരണങ്ങളാൽ അമ്പതാമത്തെ വയസ്സിൽ ഉദ്യോഗത്തിൻനിന്നു് വിരമിച്ച സി. പി., സാഹിത്യരംഗത്തുനിന്നു് അതിനും ഒരു വ്യാഴവട്ടം മുമ്പുതന്നെ വിരമിച്ചിരുന്നു. എത്ര വലിച്ചു നീട്ടിയാലും ഒരു പതിറ്റാണ്ടിൽ കവിയുകയില്ല, അദ്ദേഹത്തിന്റെ സേവനചരിത്രം. ഉദ്യോഗത്തിൽനിന്നു് വിരമിച്ച ശേഷം അല്പകാലം തന്റെ പിതാമഹന്റെ തറവാടായിരുന്ന പാലിയം എസ്റ്റേറ്റിന്റെ മാനേജരുദ്യോഗം വഹിച്ചിരുന്നതായും കാണുന്നു. സി.പി. യുടെ ജീവിതത്തിന്റെ ദുരൂഹമായ ഈ ഇരുളടഞ്ഞ ഏടുകളിലേക്കു് വെളിച്ചം വീശാൻ ഏതെങ്കിലും ഗവേഷക പ്രതിഭകൾ മുന്നോട്ടുവന്നെങ്കിൽ എന്നു് ആശിച്ചുപോകുന്നു. അങ്ങിനെ മുന്നോട്ടു വരുന്നവർ അദ്ദേഹത്തിന്റെ സാഹിത്യേതരകൃതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾകൂടി അനാവരണം ചെയ്യണം.

ശൂദ്രമഹാകവി സരളദാസൻ

ഉത്തമ സാഹിത്യവും കലയുമെല്ലാം മേൽജാതിക്കാരുടെയോ മേലാളിവർഗ്ഗത്തിന്റെയോ സൃഷ്ടിയാണെന്നൊരു ധാരണ പൊതുവേ നിലവിലുണ്ട്. തൊഴിലാളികളുടെയും അധ:സ്ഥിതരുടെയും കലയേപ്പറ്റി നടന്ന ഒരു വിവാദവേളയിൽ മലയാളത്തിലെ ഒരു മഹാപണ്ഡിതൻ ഇങ്ങിനെ ഒരു ചോദ്യം തൊടുത്തു വിട്ടതും ഓർക്കുന്നു: ഏതു തൊഴിലാളിയാണു് ഒരു മഹാകാവ്യം രചിച്ചിട്ടുള്ളതു്? ഒറിയഭാഷക്കാരുടെ എഴുത്തച്ഛനായ സരളദാസിനെക്കുറിച്ച് പറയുന്നതിനുമുമ്പു് സാംസ്ക്കാരിക ജീവിതത്തിലെ വർഗ്ഗവൈജാത്യ പ്രശ്നത്തെക്കുറിച്ചു് ചുരുക്കമായി പരിശോധിക്കാം.

സാംസ്ക്കാരികരംഗത്തെ ഈ മേൽക്കോയ്മാവാദം ആത്യന്തികമായി വികലമാണെങ്കിലും സത്യത്തിന്റെ ഒരംശം അതിലുണ്ടു് എന്നു് സമ്മതിച്ചേ തീരൂ. മനുഷ്യസമൂഹം ചൂഷകരും ചൂഷിതരും എന്ന വിധത്തിൽ വർഗ്ഗങ്ങളായി തിരിയുന്നതിനു് മുമ്പത്തെ സമത്വാധിഷ്ഠിതഗോത്ര വ്യവസ്ഥയിലും (പ്രാകൃത കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിലും) ആട്ടം, കൂത്ത്, പാട്ട്, ചിത്രാലങ്കാരം തുടങ്ങിയ കലകൾ ഉണ്ടായിരുന്നു. പ്രാകൃതമനുഷ്യന്റെ വേട്ടക്കും ഫലമൂലാദി ശേഖരണത്തിനും വിനോദത്തിനും പ്രേമത്തിനും ജനനത്തിനും മരണത്തിനുമെല്ലാം അനിവാര്യമായി കലകളുടെ സാന്നിദ്ധ്യവും സാഹചര്യവുമുണ്ടായിരുന്നു. അവ കൂടാതെ ഏതു നിലവാരത്തിലുമുള്ള സമൂഹത്തിനും യോഗക്ഷേമമെന്നല്ല നില നിൽപ്പുപോലും അസാധ്യമായിരിക്കും. എന്നാൽ ഉല്പാദന സമ്പ്രദായത്തിൽ പുരോഗതി ഉണ്ടാവുകയും വേട്ടയാടിയും ഫലമൂലാദികൾ ശേഖരിച്ചും അലഞ്ഞുനടന്നവർ കൃഷിയും മൃഗസംരക്ഷണവും ആരംഭിച്ചു് ഒരിടത്തുതന്നെ തമ്പടിച്ചു പാർക്കാൻ തുടങ്ങുകയും ചെയ്തതോടെ ഉല്പാദനക്ഷമത വർദ്ധിച്ചു. ഒരാളുടെ ഉല്പന്നം കൊണ്ടു് ഒന്നിലേറെപ്പേർക്ക് കഴിയാമെന്നനിലയിൽ സാമൂഹ്യമിച്ചം വർദ്ധിച്ചു. അദ്ധ്വാനിക്കാതെ ഒരു വിഭാഗത്തിനു് കഴിയാമെന്നു വന്നു.

വർഗ്ഗവിഭജനത്തിന്റെ ആരംഭമായി. അങ്ങിനെ വന്നപ്പോൾ അദ്ധ്വാനിക്കാതെ അഷ്ടി കഴിക്കാവുന്ന വർഗം ഭരണകർത്താക്കളും പുരോഹിതന്മാരും ബുദ്ധിജീവികളും മറ്റുമായി മാറി. ക്രമേണ അക്ഷരവിദ്യയും അവർക്ക് സ്വായത്തമായി. കലയ്ക്കും സംസ്ക്കാരത്തിനും തത്വചിന്തയ്ക്കും മറ്റും ധാരാളം സമയവും സാഹചര്യവും ഈ മേൽവർഗക്കാർക്ക് ലഭിച്ചു. അതുകൊണ്ട് വർഗവിഭക്തസമൂഹത്തിന്റെ തുടക്കംതോട്ടേ ഭരണരംഗത്തെന്ന പോലെ കലാസാഹിത്യശാസ്ത്രാദി മേഖലകളിലും മേൽക്കോയ്മ അക്കൂട്ടർക്കായി. മാനവസംസ്ക്കാര ചരിത്രത്തിലെ വലിയൊരു കുതിച്ചുകയറ്റത്തിന് ഈ ഘട്ടം തുടക്കം കുറിച്ചു. മാനവ സംസ്കാര ഭണ്ഡാഗാരത്തിലെ വിലപ്പെട്ട മുതൽക്കൂട്ടുകളിൽ ഗണ്യമായ ഭാഗം ഉന്നതവർഗപ്രതിനിധികളുടെതാണെന്ന സത്യം നിഷേധിക്കാനാവില്ല. ഇപ്പോഴും ഈ നില ഏറെക്കുറെ തുടരുന്നു എന്നു് പറയുന്നതിലും തെറ്റില്ല. എന്നാൽ ഈ മേൽക്കോയ്മാവാദത്തിന്റെ സാധുതയെ ഗണ്യമായി പരിമിതപ്പെടുത്തുന്ന രണ്ടു് വസ്തുതകൾ ഉണ്ടു്. ഒന്നു് അധ:സ്ഥിതവർഗക്കാർ രചിക്കുന്ന നാടോടി കലാസാഹിത്യ രൂപങ്ങളാണു് എങ്കിൽ രണ്ടാമത്തേതു് അംഗീകൃത വരേണ്യ പദവിയിലക്കു് ഉയർത്തപ്പെടുന്ന സാംസ്ക്കാരികനായകന്മാർ എന്ന പ്രതിഭാസമാണു്.

സമൂഹം വർഗങ്ങളായി പിരിഞ്ഞപ്പോൾ വരേണ്യ സംസ്കൃത പാരമ്പര്യത്തിന് സമാന്തരമായി അധ:കൃതരുടെ പ്രാകൃതപാരമ്പര്യവും പ്രവഹിച്ചുപോന്നു. സമൂഹത്തിൽ കീഴ്മേൽ മറിച്ചിലും പരിവർത്തനവും സംഭവിക്കുന്ന ഘട്ടങ്ങളിലും ചിലപ്പോൾ അതിന്റെ മുന്നോടിയായും ഈ സമാന്തര പരമ്പരകൾ ഇണചേരുകയും ആ പ്രക്രിയയിൽ നവോത്ഥാനം സംഭവിക്കുകയും ചെയ്യുന്നു. മഹാനായ മാക്സിം ഗോർക്കി ചൂണ്ടിക്കാട്ടിയപോലെ വിശ്വോത്തര സാഹിത്യകൃതികൾ മിക്കവയ്ക്കും നാടോടി പാരമ്പര്യത്തോട് കനത്ത കടബാദ്ധ്യതയുണ്ടു്. ഗോർക്കി പറയുന്നു:

''നാടോടി-കലാസാഹിതീ സഞ്ചയ (ഫോക്ക്ലോർ) ത്തെക്കു റിച്ചറിയാതെ പണിയെടുക്കുന്ന ജനാവലിയുടെ യഥാർത്ഥ ചരിത്രം പഠിക്കാനാവില്ല. ഫോസ്റ്റ്, അഡ്വഞ്ചേഴ്സ് ഓഫ് ബാറൻ മുൻഷൗസെൻ , ഗർഗാന്ത്വ ആൻഡ് പെന്താഗ്രുൽ, ഡിക്കോസ്റ്ററുടെ ഥ്രിൽ യുലെൻസ്പൈഗൽ, ഷെല്ലിയുടെ പ്രൊമത്യൂസ് അൺ ബൗണ്ടു് തുടങ്ങിയ മഹത്തായ സാഹിത്യകൃതികളെയെല്ലാം നാടോടി പൈതൃകം നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ടു്. അതിപ്രാചീനകാലം തൊട്ടേ നാടോടി കലാ-സാഹിതീ ചരിത്രത്തെ അക്ഷീണമായും സ്വന്തരീതിയിലും അനുഗമിച്ചിട്ടുണ്ടു്. (1934-ൽ നടന്ന സോവിയറ്റ് എഴുത്തുകാരുടെ ഒന്നാം അഖില യൂണിയൻ കോൺഗ്രസ്സിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു്.)

ഭാരതീയ മഹാസാഹിത്യകൃതികളും ഈ നിയമത്തിൽ നിന്നു് വ്യത്യസ്തമല്ല. വാത്മീകി 'രാമായണം' വ്യാസ 'മഹാഭാരതം' തുടങ്ങിയ കൃതികളെല്ലാം തുടങ്ങുമ്പോൾ തന്നെ കഥ പറയുകയും പാടുകയും ചെയ്യുന്ന ലവകുശന്മാരും ലോമഹർഷണ-സൂതന്മാരും മറ്റും ജനപദങ്ങൾതോറും സഞ്ചരിച്ച് തലമുറ തലമുറയായി പാടിനടന്നവരുടെ പാരമ്പര്യത്തെയാണ് അനുസ്മരിപ്പിക്കുന്നതു്. അങ്ങിനെ കർണാകർണികയായ വായ്പാട്ടായി പ്രചരിച്ചുപോന്ന നാടോടി കഥകളിൽ നിന്നാണ് വാല്മീകിയും വ്യാസനും മറ്റും അവരുടെ കൃതികൾക്ക് ഉപദാനങ്ങൾ ശേഖരിച്ചതു്. 'വ്യാസൻ' എന്ന പദത്തിന് എഡിറ്റർ, പ്രസാധകൻ, സമ്പാദകൻ തുടങ്ങിയ അർത്ഥങ്ങൾ കൂടി ഉണ്ടെന്നോർക്കുമ്പോൾ ഈ മഹൽകൃതികളുടെ ഉദയവികാസ പരിണാമങ്ങളെക്കുറിച്ച് ഒരു പുതിയ അവബോധത്തിലേക്ക് നാം എത്തിച്ചേരുന്നു.

വരേണ്യധാരയുടേയും അധ:കൃതധാരയുടേയും ഈ സംഘർഷ സമന്വയപ്രക്രിയ രണ്ടു തരത്തിൽ സംഭവിക്കാം. വരേണ്യ വർഗത്തിൽപ്പെട്ട പ്രതിഭാശാലി തന്നെ നാടോടി പാരമ്പര്യത്തിൻ നിന്ന് നവചൈതന്യം ആവാഹിച്ചെടുത്ത് സ്വാംശീകരിച്ചു് സൃഷ്ടിനടത്തുകയാണു് ഒരു രീതി. വരേണ്യവർഗക്കാരുടെ സഞ്ചിത സംസ്ക്കാരത്തിൽ നിന്നും ആവിഷ്ക്കാര ശൈലിയിൽ നിന്നും അതിജീവിക്കാനർഹതയുള്ളവയെ സ്വാംശീകരിച്ച് തങ്ങളുടെ വർഗത്തിന്റെ നാടോടി സംസ്ക്കാരവുമായി സമന്വയിപ്പിക്കുന്ന അധ:സ്ഥിതവിഭാഗ പ്രതിനിധികളുടേതാണു് മറ്റേ രീതി. ഈ അധ:കൃതപ്രതിഭകൾ കുറേകാലത്തേക്ക് അവഗണിക്കപ്പെടുന്നു, പിന്നീടു് അധിക്ഷേപിക്കപ്പെടുന്നു-പക്ഷേ കാലക്രമേണ അവർ സൃഷ്ടിക്കുന്ന അഭിരുചിയും മൂല്യബോധവും പരക്കേ അംഗീകരിക്കപ്പെടുമ്പോൾ അവരെ മേൽക്കോയ്മക്കാർ തന്നെ ഗത്യന്തരമില്ലാതെ ദത്തെടുത്ത് തങ്ങളിൽ ഒരാളാക്കി മാറ്റുന്നു.

നമ്മുടെ യുഗപ്രഭാവരായ പല മഹാകവികളെക്കുറിച്ചുള്ള ചരിത്രവസ്തുതകളും അവ ലഭ്യമല്ലാത്തപ്പോൾ ലഭിക്കുന്ന ഐതിഹ്യങ്ങളും ഈ വിധത്തിലുള്ള 'നീച' ജന്മത്തിന്റെ തെളിവുകളാണു്.വാല്മീകി അക്ഷരാഭ്യസമില്ലാത്ത കാട്ടാളനായിരുന്നു, കാളിദാസൻ നിരക്ഷരനായ ആട്ടിടയനായിരുന്നു, എഴുത്തച്ഛൻ 'ചക്കാട്ടൽ' തൊഴിലാക്കിയ കീഴ്ജാതി ചക്കാലനായരായിരുന്നു- എന്നിങ്ങനെയുള്ള കഥകൾ അർത്ഥവത്താണു്. എന്നാൽ കബീർ നെയ്ത്തുകാരനായിരുന്നതും സരളദാസൻ ശൂദ്രനും കർഷകനുമായിരുന്നതും വെറും ഐതിഹ്യങ്ങളല്ല.

മേലുദ്ധരിച്ച ജാത്യാഭിമാനിയായ മഹാപണ്ഡിതന്റെ അഭിപ്രായം മുക്കാൽപങ്കും അസംബന്ധംതന്നെ.

II

ഇന്നത്തെ മലയാളഭാഷയുടെ പദസംസ്ക്കാരവും പ്രയോഗ ശൈലിയും ചിട്ടപ്പെടുത്തുകയും അങ്ങിനെ ആധുനിക മലയാള ഭാഷയുടെ പിതാവായി പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനോടാണല്ലോ സരളദാസിനെ നാം തുടക്കത്തിൽതന്നെ താരതമ്യപ്പെടുത്തിയതു്. 'അദ്ധ്യാത്മ രാമായണം', 'മഹാഭാരതം' തുടങ്ങിയ കൃതികളിലൂടെ എഴുത്തച്ഛൻ മലയാളത്തിനു് നൽകിയ സേവനം തന്നെയാണു്, വിലങ്ക രാമായണം , മഹാഭാരതം, ചണ്ഡിപുരാണം എന്നീ മൂന്നു് ഇതി ഹാസ കാവ്യങ്ങളിലൂടെ സരളദാസൻ ഒറിയഭാഷക്കു് ചെയ്തതു്.

അവർ തമ്മിലുള്ള മറ്റൊരു സാമ്യം ഇരുവരും ജാതി ശ്രേണി യിൽ ത്രൈവർണ്ണികരെക്കാൾ വളരെ താഴ്ന്ന ശ്രേണിയിൽപ്പെട്ട വരായിരുന്നു എന്നതാണു്- ശാരീരികാദ്ധ്വാനം ചെയ്യാൻ വിധിക്ക പ്പെട്ട കീഴ്ജാതിക്കാർ. എഴുത്തച്ഛൻ ഒരു ചക്കാലനായരായിരുന്നു എന്നതിനു് നൂറ്റാണ്ടുകളായി പകർന്നു കിട്ടിയിട്ടുള്ള ഐതീഹ്യങ്ങളെ കഴിച്ചാൽ അദ്ദേഹം തന്റെ കൃതികളിൽ നൽകുന്ന നേരിയ സൂചനകളേ ഉള്ളൂ. 'അദ്ധ്യാത്മരാമായണം' ബാലകാണ്ഡത്തിൽ തന്റെയും തന്റെ അനുവാചകരുടെയും എളിമയെ വിവരിച്ചുകൊണ്ട് ഈ സാഹസത്തിനൊരുമ്പെട്ട ഈ 'കീഴ്ജാതി'ക്കാരനോടു വേദങ്ങൾക്കധികാരികളായ ബ്രാഹ്മണ സത്തമന്മാർ ക്ഷമിക്കണ മെന്നപേക്ഷിക്കുകയും ചെയ്യുന്നുണ്ട്.

'പാദസേവകനായ ഭക്തനാം ദാസൻ ബ്രഹ്മ-
പാദജനജ്ഞാനിനാമാദ്യനായുള്ളോരു ഞാൻ
വേദസമ്മിതമായ് മുൻപുള്ള ശ്രീരാമായണം
ബോധഹീനന്മാർക്കറിയാംവണ്ണം ചൊല്ലീടുന്നേൻ .
തുടർന്ന് ഇങ്ങനെ ക്ഷമാപണവും ചെയ്യുന്നു:
വേദശാസ്ത്രങ്ങൾക്കധികാരിയല്ലെന്നതോർത്തു
ചേതസി സർവ്വം ക്ഷമിച്ചീടുവിൻ കൃപയാലെ .

എന്നാൽ ഒറീസ്സാക്കാരുടെ എഴുത്തച്ഛന്റെ കാര്യത്തിൽ ഈ അവ്യക്തതയൊന്നുമില്ല.

സരളദാസൻ തന്റെ മൂന്ന് കൃതികളിൽ പലയിടത്തും ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ടു് താൻ ഒരു ശൂദ്രനാണെന്നും വിദ്യാലയങ്ങളിൽ പോയി ഔപചാരിക വിദ്യാഭ്യാസം നേടിയി ട്ടില്ലെന്നും താനിപ്പോഴും ഉപജീവനാർത്ഥം വയലിൽ പോയി കന്നു പൂട്ടുകയും മറ്റു ശാരീരികാദ്ധ്വാനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു ണ്ടെന്നും.

എഴുത്തച്ഛന്റെ എന്നപോലെ സരളദാസന്റെ ജീവിത കാല നിർണ്ണയവും കുറെയൊക്കെ ഊഹാപോഹങ്ങളെ ആശ്രയിച്ചേ കഴിയൂ. എന്നാൽ എഴുത്തച്ഛന്റെ കാലനിർണ്ണയത്തിനു ലഭിക്കാത്ത

ഒരു തെളിവ് സരളദാസന്റെ കാലനിർണ്ണയത്തിനു ലഭിച്ചിട്ടുണ്ട്. തന്റെ 'മഹാഭാരതത്തി'ന്റെ ആദിപർവ്വത്തിൽ ഇഷ്ടദേവതാ വന്ദനഭാഗത്ത് അന്നു് നാടുവാണിരുന്ന 'കപിലേശ്വരൻ' എന്നൊരു രാജാവിനെ പ്രകീർത്തിക്കുന്നുണ്ട്. ഈ കപിലേശ്വരൻ 1435 മുതൽ 1467 വരെ ഒറീസയിൽ നാടുവാണിരുന്ന ചരിത്രപ്രസിദ്ധനും ഭരണനിപുണനും സംസ്ക്കാരപ്രേമിയുമായിരുന്നു എന്നതു് തെളിയിക്കപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തെ കപിലേശ്വരനെന്നും കപിലേന്ദ്രനെന്നും പരാമർശിക്കാറുണ്ടു്. കപിലേശ്വരന്റെ ഈ കാലഘട്ടം തന്നെയാണു് സാമാന്യമായി എഴുത്തച്ഛന്റേതും. ചില പണ്ഡിതർ എഴുത്തച്ഛന്റെ കാലത്തെ അല്പം കൂടി മുന്നോട്ട്തള്ളി 16-ാം നൂറ്റാണ്ടിലേക്കു് എത്തിക്കുന്നുണ്ടു് എന്നതും വിസ്മരിക്കുന്നില്ല.

സരളദാസന്റെ വ്യക്തിത്വവും കാവ്യസംസ്ക്കാരവും കപിലേശ്വരന്റെ കാലത്തെ ഒറീസയുടെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രവും വളരെ ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നു. അതെല്ലാം വിവരിക്കുന്നതിനുമുമ്പ് മഹാകവിയുടെ ജന്മസ്ഥലവും കുടുംബപശ്ചാത്തലവും ചുരുക്കമായി അന്വേഷിക്കാം. കട്ടക്ക് നഗരത്തിൽ നിന്നു 30 നാഴിക തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ജംഘട ഗ്രാമത്തിൽ സരളദാസന്റെ ഭരദേവതയായ സരളാദേവിയുടെ ഒരു ക്ഷേത്രമുണ്ടു്. അതിനടുത്തുള്ള തെന്തൂലിയാഗ്രാമമാണു് മഹാകവിയുടെ ജന്മസ്ഥലമെന്നു പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു. 'തെന്തൂലിയാപാട' എന്ന ഇപ്പോഴത്തെ കുഗ്രാമം സരളദാസന്റെ കാലത്തു് കനകവതിപട്ടണം എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു ചെറുപട്ടണമായിരുന്നിരിക്കാനിടയുണ്ടു്. ഇപ്പോഴും അവിടെ 'മുനിഗോസായി മഠം' എന്നൊരു പഴക്കം ചെന്ന മതസ്ഥാപനമുള്ളത് ഗതകാല പ്രശസ്തിയുടെ അവശിഷ്ടമായി കണക്കാക്കാം. സരളദാസനു് മാതാപിതാക്കൾ നല്കിയ പേര് സിദ്ധേശ്വരൻ എന്നായിരുന്നു. അദ്ദേഹത്തിന്റെ പ്രഥമകൃതിയായി പരിഗണിക്കപ്പെടുന്ന 'വിലങ്കരാമായണ'ത്തിൽ അച്ഛനമ്മമാർ നല്കിയ പേരു തന്നെയാണു് അദ്ദേഹം ഉപയോഗിക്കുന്നതു്. എന്നാൽ സരളാദേവിയോടുള്ള ഭക്തിപ്രകർഷത്തിന്റെ ഫലമായി അദ്ദേഹം സരളദാസൻ എന്ന പേർ കൈക്കൊണ്ടു. ഒറീസയിൽ അക്കാലത്തും ഇക്കാലത്തും ദേവീദേവന്മാരുടെ പേരിനോട് ദാസൻ (ഒറിയയിൽ ദാസ അല്ലെങ്കിൽ ദാസ്) എന്നു ചേർത്തു് കുട്ടികൾക്ക് പേരിടുക സർവ്വസാധാരണമാണു്. സരളദാസനു് തൊട്ടുമുമ്പും പിമ്പുമായി പേരെടുത്ത ഒറിയാകവികളുടെ പേർ ശ്രദ്ധിക്കുക: വത്സദാസൻ, മാർക്കണ്ഡദാസൻ, ജഗന്നാഥദാസൻ, ബലരാമദാസൻ, യശോവന്തദാസൻ എന്നിങ്ങനെ.

അദ്ദേഹത്തിന്റെ വിവിധ കൃതികളിൽ നിന്നു ലഭിക്കുന്ന ജീവചരിത്ര വസ്തുതകൾ പ്രസിദ്ധ സമകാലിക ഒറിയ ചരിത്ര

പണ്ഡിതനും സാഹിത്യ നിരൂപകനുമായ ഡോക്ടർ കൃഷ്ണചന്ദ്ര പാണിഗ്രാഹി ഇങ്ങനെ സംഗ്രഹിക്കുന്നു.

'തന്റെ കൃതികളിൽ കവി നടത്തുന്ന ജീവചരിത്ര പരാമർശങ്ങൾ നിരവധിയാണെങ്കിലും അതൊന്നും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് പൂർണ്ണമെന്നല്ല, അപൂർണ്ണമായ ഒരു ചിത്രം വരച്ചെടുക്കാൻപോലും സഹായിക്കുന്നതല്ല. ഈ പരാമർശങ്ങൾ പലപ്പോഴും ഒരേ രൂപത്തിലുള്ള ആവർത്തനങ്ങളാണു് എന്നതിനുപുറമേ അവയെല്ലാം പല ദേവതകളോടും, പ്രത്യേകിച്ച് തന്റെ ഇഷ്ടദേവതയായ സരളയോടും നടത്തുന്ന പ്രാർത്ഥനകളുമായി ഇടകലർന്നു് കിടക്കുകയും ചെയ്യുന്നു. അത്തരം പരാമർശങ്ങളുടെ സൂക്ഷമമായ പരിശോധനയിൽ നിന്ന് അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് അല്പം ചില വസ്തുതകൾ നമുക്ക് ചികഞ്ഞെടുക്കാം. ദ്രോണപർവ്വത്തിലെ ഒരു ശ്ലോകത്തിൽ താൻ യയോവന്ദന്റെ പുത്രനാണു് എന്നദ്ദേഹം പറയുന്നു. മധ്യപർവ്വത്തിൽ തന്റെ ജ്യേഷ്ഠന്റെ പേർ പരശുരാമൻ എന്നാണെന്നും പറയപ്പെടുന്നു. താൻ അനഭ്യസ്തനാണെന്നും ഒരു ഗ്രാമീണ വിദ്യാലയത്തിൽ പോകാൻപോലും തനിക്കു് അവസരം ലഭിച്ചിട്ടില്ലെന്നും അദ്ദേഹം പലയിടത്തുമായി പലവുരു ആവർത്തിക്കുന്നുമുണ്ടു്. തന്റെ പിതാവും മറ്റു് കുടുംബാംഗങ്ങളും അതുപോലെ വിദ്യാഭ്യാസത്തിനോ വിദ്വജ്ജനങ്ങളുമായി, പ്രത്യേകിച്ച് ബ്രാഹ്മണരുമായി ബന്ധപ്പെടുന്നതിനോ അവസരം ലഭിക്കാത്ത സാധുക്കളായിരുന്നു. താനൊരു ശൂദ്രനാണു് എന്നും തന്റെ തൊഴിൽ കൃഷിയാണു് എന്നും അദ്ദേഹം വെട്ടിത്തുറന്നു് പറയുന്നു. വാർദ്ധക്യകാലത്തുപോലും താൻ സ്വയം നിലം ഉഴുതു് ഉപജീവനം കഴിക്കാൻ നിർബന്ധിതനായിരുന്നുവെന്നു് ചണ്ഡി പുരാണത്തിലെ ഒരു ശ്ലോകത്തിൽനിന്നു് നമുക്കു് മനസ്സിലാകുന്നു. അദ്ദേഹത്തിനു കുട്ടികളും പേരക്കുട്ടികളും ഉണ്ടായിരുന്നുവെന്നും സ്വന്തം നിലം കൃഷിചെയ്താണു് ഉപജീവനം കഴിച്ചിരുന്നതു് എന്നും മഹാഭാരതത്തിലെ ദ്രോണപർവ്വത്തിൽ വ്യക്തമാക്കിയിട്ടുണ്ട് . (സരളദാസ, 1975,ന്യൂദൽഹി പു.15)

സരളദാസൻ എന്നതിനുപുറമെ ശൂദ്രമുനി എന്നപേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു. ഇതൊക്കെ സൂചിപ്പിക്കുന്നത് അദ്ദേഹം ശാന്തനും ഭക്തനും ആയ ഒരു കവിയായിരുന്നു എന്നാണെങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം കാണുന്ന യുദ്ധവർണ്ണനകൾ അദ്ദേഹം നേരിട്ട് ഒരു പടയാളി എന്ന നിലയിലോ ഒരു പടനായകൻ എന്ന നിലയിലോ സമകാലിക യുദ്ധങ്ങളിൽ പങ്കെടുത്തിരിക്കാനിടയുണ്ട് എന്നു് സൂചിപ്പിക്കുന്നു. പടയോട്ടത്തിലെ വിവിധതരം അടവുകൾ വിവിധതലത്തിലുള്ള സൈനികരുടെ വേഷവിധാനങ്ങൾ , വിവിധതരം ആയുധങ്ങൾ, വ്യൂഹരൂ

പങ്ങൾ, ആക്രമണതന്ത്രങ്ങൾ തുടങ്ങിയവ വിവരിക്കുമ്പോൾ സരളദാസൻ പ്രകടിപ്പിക്കുന്ന വിശദാംശവിജ്ഞാനം അകന്നുനിന്നു നടത്തുന്ന നിരീക്ഷണങ്ങൾ കൊണ്ട് ലഭിക്കുന്നതല്ലായെന്നു് പണ്ഡിതന്മാർ കരുതുന്നു. രാമ-രാവണ യുദ്ധമായാലും കൗരവ പാണ്ഡവ യുദ്ധമായാലും സരളദാസന്റെ യുദ്ധവിവരണങ്ങൾ അനുസ്മരിപ്പിക്കുന്നത് 15-ാം നൂറ്റാണ്ടിലെ മദ്ധ്യ പൂർവ്വേന്ത്യൻ യുദ്ധ രംഗങ്ങളെയാണു്. ഒറിയൻ വേഷങ്ങൾ ധരിച്ചും ഒറിയൻ ആയുധങ്ങൾ എടുത്തും ആണു് സരളദാസന്റെ ഭാരതത്തിൽ കൗരവരും പാണ്ഡവരുമെല്ലാം പടവെട്ടിയതു്. ദേവാസുരയുദ്ധങ്ങളിൽ പോലും മദ്ധ്യകാലയുഗത്തിലെ നായർപടയെ കുഞ്ചൻനമ്പ്യാർ തിരുകിക്കയറ്റിയതുപോലെ, സരളദാസന്റെ ആദരപാത്രമായിരുന്ന കപിലേശ്വര രാജാവിന്റെ നിരന്തരവും വ്യാപകവുമായ യുദ്ധങ്ങളിൽ സ്വയമേവയോ അന്നു് നിലവിലിരുന്ന നിർബന്ധിത സൈനിക സേവനവ്യവസ്ഥ മൂലമോ സരളദാസൻ നേരിട്ട് പങ്കെടുത്തിരിക്കാൻ ഇടയുണ്ടു്.

III

സൈനിക സേവനത്തിൽ സരളദാസൻ ഏർപ്പെട്ടതു് സ്വമേധയായാലും നിർബന്ധത്തിനു വഴങ്ങിയായാലും കപിലേശ്വരൻ പ്രതിനിധീകരിച്ച ഭരണനയങ്ങളോടും രാജ്യ വ്യാപനനയങ്ങളോടും സരളദാസനു സഹാനുഭൂതിയുണ്ടായിരുന്നുവെന്നു് വിശ്വസിക്കാൻ കാരണങ്ങളുണ്ടു്. കപിലേശ്വര രാജാവ് ഗജപതി എന്ന ഒരു രാജവംശാവലിയുടെ ആദ്യത്തെ കണ്ണിയാണു്. തന്റെ വംശത്തെ സൂര്യവംശം എന്നാണു് കപിലേശ്വരൻ വിശേഷിപ്പിച്ചതു് എങ്കിലും അതൊക്കെ ഭാരതീയ ക്ഷത്രിയ പാരമ്പര്യത്തിൻ നുഴഞ്ഞു കയറാനുള്ള അദ്ദേഹത്തിന്റെ ഒരു ശ്രമം മാത്രമായിരുന്നു. കപിലേശ്വരനു് മുൻപ് ഒറീസ ഭരിച്ചിരുന്ന ബ്രാഹ്മണരായ 'ഗംഗാ' രാജവംശജരുടെ സൈന്യത്തിൽ ഒരു എളിയ കാലാൾപടയാളിയായി ജീവിതം ആരംഭിച്ച കപിലേശ്വരൻ ത്രൈവർണ്ണികർ എന്നു് വർണ്ണാശ്രമ വ്യവസ്ഥയിൽ വിശേഷിപ്പിക്കപ്പെടുന്ന ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആയിരുന്നിരിക്കാനിടയില്ല. സരളദാസനെപ്പോലെ ഒരു ശൂദ്രനായിരുന്നിരിക്കാനിടയുണ്ട്. സാധാരണ പടയാളിയായി സൈന്യത്തിൽ പ്രവേശിച്ച ബുദ്ധിമാനും കഠിദ്ധ്വാനിയുമായ ഈ യുവാവ് പടിപടിയായി ഉയർന്നു് സർവ്വ സൈന്യാധിപനായി തീർന്നു. തന്റെ പൊന്നുതമ്പുരാനും ഒടുവിലത്തെ, 'ഗംഗാ' വംശ രാജാവും ആയ ഭാനുദേവൻ നാലാമനെ അട്ടിമറിച്ച് 1435-ൽ കപിലേശ്വരൻ രാജാധികാരം പിടിച്ചെടുത്തു.

അപ്രാപ്തിയും ആഢ്യബ്രാഹ്മണത്വവും മറ്റും മൂലം രാജവാഴ്ചയും രാജ്യമാകെയും നാശോന്മുഖമായ ഒരു കാലഘട്ടമായിരുന്നു അത്. വടക്കുനിന്നും തെക്കുനിന്നും മുഗളരുടെ കടന്നാ

ക്രമണങ്ങൾ അരാജകത്വം വിതച്ച ഭൂമിയിൽ കേന്ദ്രീകൃതഭരണവും നിയമസമാധാനവും സ്ഥാപിക്കുക എന്ന വമ്പിച്ച കർത്തവ്യമാണു് കീഴ്ജാതിക്കാരനും സാധാരണക്കാരനുമായ കപിലേശ്വരനിൽ നിക്ഷിപ്തമായതു്. രാജ്യത്താകെ സാധാരണക്കാരുടെ ഉന്മേഷം തട്ടിയുണർത്താനും വിപുലമായ സൈന്യം ശേഖരിക്കാനും കപിലേശ്വരനു് കഴിഞ്ഞു. അന്നത്തെ ചരിത്രകാലാവസ്ഥയിൽ വർണ്ണാശ്രമവ്യവസ്ഥയെ കപിലേശ്വരൻ വെല്ലുവിളിച്ചുവെന്നോ ബ്രാഹ്മണമേൽക്കോയ്മയെ തൂത്തെറഞ്ഞുവെന്നോ അവകാശപ്പെടുന്നത് അത്യുക്തിയായിരിക്കുമെങ്കിലും ഒറീസ്സയിൽ ഇന്നത്തെപ്പോലെ അക്കാലത്തും ഉണ്ടായിരുന്ന വലിയ സംഖ്യ ഗോത്രവംശജരേയും കീഴ്ജാതിക്കാരേയും താൻ പ്രതിനിധീകരിച്ച പൊതുപ്രവാഹത്തിലേക്കു് കൊണ്ടുവരാൻ കപിലേശ്വരനു് തന്റെ 33 വർഷക്കാലത്തെ ഭരണകാലത്ത് സാധിച്ചു. നാലഞ്ചു നൂറ്റാണ്ടുകളായി അധ:സ്ഥിതരുടെ പങ്കാളിത്തത്തോടുകൂടി തെക്കും വടക്കും വീശിയടിച്ചുകൊണ്ടിരുന്ന ഭക്തിപ്രസ്ഥാനത്തിന്റെ അലകളും ഒറീസയെ ഉണർത്തുകയായിരുന്നു. ഗീതാഗോവിന്ദകർത്താവായ ജയദേവനും ബംഗാളിൽ ജനിച്ച് ഒറീസ കർമ്മഭൂമിയാക്കിയ ചൈതന്യ മഹാപ്രഭുവിനും സമൂഹം അരങ്ങൊരുക്കം തുടങ്ങിയ കാലമായിരുന്നു അത്.

കപിലേശ്വരൻ വടക്കു് മുഗിലന്മാരേയും തെക്കു് ബഗമാനിമാരേയും മറ്റനവധി ചെറുരാജാക്കന്മാരേയും ആക്രമിച്ചു് കീഴടക്കി. വടക്കു് ഗംഗാനദി മുതൽ തെക്കു് കാവേരിവരെ നീണ്ട ഒരു സാമ്രാജ്യം സ്ഥാപിക്കാൻ ഗജപതി രാജാക്കന്മാർക്ക് കഴിഞ്ഞു. ഈ രാഷ്ട്രീയ സംഭവവികാസം രാഷ്ട്രീയ- സാമൂഹ്യ ദാർശനിക തലങ്ങളിൽ ഉണർത്തിവിട്ട പരിവർത്തനത്തിന്റെ അലകൾ ശൂദ്ര മഹാകവിയുടെ വ്യക്തിത്വത്തിലും കൃതികളിലും പ്രതിഫലിച്ചിരുന്നു. അതുകൊണ്ടാണു് ഈ പരിവർത്തന സംരംഭങ്ങളിൽ മാനസികമായിട്ടെന്നപോലെ ശാരീരികമായിട്ടും സരളദാസൻ ആവേശപൂർവ്വം പങ്കെടുത്തിരിക്കാൻ ഇടയുണ്ടു് എന്നു് ചരിത്രകാരന്മാർ കരുതുന്നത്.

IV

സരളദാസന്റെ ഈ പരിവർത്തനോത്സുകതയും കലാപവാസനയും അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം തീപ്പൊരി ചിന്തുന്നു. വിനയാന്വിതനും ശാന്തനും അനഭ്യസ്തനായ ശൂദ്രനെന്നു് സ്വയം ഇകഴ്ത്തുന്നതിൽ കുതുകിയുമായ സരളദാസൻ യാഥാസ്ഥിതിക വികാരങ്ങളേയും പുരാണകഥാപാത്രങ്ങളേയും കൊണ്ട് തന്നിഷ്ടപ്രകാരം അമ്മാനമാടുന്നതു് കാണാൻ രസമുണ്ട്. കെ. സി സാഹു എഴുതുന്നു :

'ഭാഷയിലെ ആദ്യത്തെ പ്രമുഖ കവിയായ സരളദാസ്

മഹേതിഹാസങ്ങളായ രാമായണ-മഹാഭാരതങ്ങളും ചണ്ഡിപുരാണവും ഒറിയയിൽ രചിച്ചു. സംസ്കൃതത്തിലെ പേരുകളും സുവിദിതമായ കഥാപാത്രങ്ങളും ആദർശങ്ങളും ഒഴിവാക്കിയാൽ പിന്നെ അദ്ദേഹത്തിന്റെ കൃതികൾക്കു് മൂലത്തോട് യാതൊരു കടപ്പാടുമില്ല. ഹിന്ദുക്കൾക്കിടയിൽ രൂഢമൂലമായ പല വിശ്വാസങ്ങളും അദ്ദേഹം ചോദ്യം ചെയ്തു. പുരാണങ്ങളുടെ ആധികാരികത്വത്തെയും അദ്ദേഹം സംശയിച്ചു. തന്റേയും സമുദായത്തിന്റെയും താല്പര്യങ്ങൾക്കു് ഉചിതമായ വിധത്തിൽ അദ്ദേഹം ഉപകഥകളിൽ മാറ്റം വരുത്തി. അദ്ദേഹം ഉറച്ച മതവിശ്വാസിയായിരുന്നെങ്കിലും, മതപരമായ തന്റെ ആദർശങ്ങൾ വേദങ്ങളിലും ഉപനിഷത്തുക്കളിലും സ്മൃതികളിലും പുരാണങ്ങളിലും മറ്റും കാണപ്പെടുന്ന സിദ്ധാന്തങ്ങളോട് പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല. ജൈനബുദ്ധമതക്കാരുടെ പ്രഭാഷണങ്ങൾ ഉളവാക്കിയ പരിണാമങ്ങളെക്കുറിച്ച് അദ്ദേഹം തികച്ചും ബോധവാനായിരുന്നു. അദ്ദേഹത്തിന്റെ ഉപാഖ്യാനങ്ങൾ വിശകലനം ചെയ്തു നോക്കിയാൽ, അവയിലെ ഹൈന്ദവേതരമായ ചിന്താധാരകളുടെ അടിയൊഴുക്കുകൾ നമ്മെ ഞെട്ടിപ്പിക്കും. അദ്ദേഹം സ്വന്തം കൃതികൾ തന്റെ ഗ്രാമത്തിലെ അധിഷ്ഠാനദേവതയായ സരളക്കു സമർപ്പിച്ചുവെന്നത് ശരി; മറ്റു ഹിന്ദുദൈവങ്ങളോട് അദ്ദേഹം ഭക്ത്യാദരങ്ങൾ പ്രകടിപ്പിച്ചിട്ടുമുണ്ട്. എന്നിരിക്കിലും അദ്ദേഹത്തിന്റെ കൃതികൾ യഥാർത്ഥത്തിൽ മതനിരപേക്ഷവും എക്കാലത്തെയും മനുഷ്യന് സമർപ്പിതവും ആണു്. സരളദാസിന്റെ മഹാഭാരതം വലിയ പ്രതീക്ഷകളോടെ തയ്യാറാക്കപ്പെട്ട അക്കാലത്തെ ഏറ്റവും വിലപ്പെട്ട ഗ്രന്ഥമായി വേണം ഗണിക്കുവാൻ.

(ഭാരതീയ സാഹിത്യചരിത്രം 1. പു.175)

കഥാപാത്രങ്ങളേയും കഥാസംഭവങ്ങളെയും തന്റെ ഭാവനയ്ക്കൊത്തു് രൂപാന്തരപ്പെടുത്തുന്ന സരളദാസൻ അക്കാലത്തു് നാടോടിക്കഥകളായി പ്രചരിച്ചിരുന്ന പലതും തന്റെ കൃതികളിൽ ചേരുംപടിയും അല്ലാതെയും ചേർക്കുന്നുണ്ടു്. അതുപോലെതന്നെ സമകാലിക ചരിത്രസാമൂഹ്യ സംഭവങ്ങളെ പ്രതിഫലിപ്പിക്കുന്ന ചില ആഖ്യാനങ്ങളും കൂട്ടിച്ചേർക്കുന്നു. ഉദാഹരണത്തിനു് വ്യാസന്റേയോ മറ്റാരുടെയെങ്കിലോ മഹാഭാരതങ്ങളിൽ പരാമർശിച്ചു കണ്ടിട്ടില്ലാത്ത ഒരു ബ്രാഹ്മണ-ചണ്ഡാള യുദ്ധത്തെപ്പറ്റി സരളമഹാഭാരതത്തിന്റെ ആദിപർവ്വത്തിൽ ഒരു വിവരണമുണ്ടു്. ഇതുപോലെ പല കഥകളും കൂട്ടിച്ചേർക്കുന്നതിനുപുറമെ മൂലഭാരതത്തിലെ പർവ്വങ്ങളും തിരിച്ചുമറിച്ചാണു് സരളദാസൻ ചേർത്തിരിക്കുന്നത്. ചിലപ്പോൾ പർവ്വങ്ങൾക്കു് സ്വന്തമായ പേരും നൽകുന്നുണ്ടു്.

സരളദാസന്റെ രാമായണമാണു് ഏറെ വിചിത്രം. ലങ്കയിലെ രാവണനും അയോദ്ധ്യയിലെ രാമനും തമ്മിലുള്ള യുദ്ധത്തിൽ

നിന്നു് വ്യത്യസ്തമായ മറ്റൊരു യുദ്ധം കേന്ദ്രബിന്ദുവാക്കിക്കൊണ്ട് 'ലങ്കാരാമായണ'ത്തിനു പകരം 'വിലങ്കരാമായണം' സരളദാസൻ രചിച്ചു. 'ലങ്കാരാമായണ'ത്തിലെ രാവണനു് തല പത്താണുള്ള തെങ്കിൽ 'വിലങ്കരാമായണ'ത്തിലെ രാവണനു് തല ആയിരം-സഹസ്രശിരരാവണൻ. സഹസ്രശിരരാവണൻ ലങ്കയിലെ ദശശിര രാവണന്റെ ബന്ധുവാണു്. ദശശിരരാവണനെ രാമൻ വധിച്ചതിൽ കുപിതനായി രാമനോട് പ്രതികാരം വീട്ടാൻ സഹസ്രശിരരാവണൻ രംഗത്തു വരുന്നതോടെയാണു് 'വിലങ്കരാമായണം' ആരംഭിക്കുന്നതു്. ലക്ഷ്മണനും ഭരതനും ശ്രീരാമനുമെല്ലാം ഒരാൾക്കുപുറകെ മറ്റൊരാളായി പടനയിച്ച് പോരാടിയിട്ടും വിലങ്കയിലെ സഹസ്രശിര രാവണനെ വധിക്കാൻ കഴിഞ്ഞില്ലെന്നും അവസാനം സീതാദേവി തന്നെ വേണ്ടിവന്നു അയാളെ തോല്പിക്കാനെന്നും മറ്റുമാണു സരളദാസന്റെ ചിറകുവെച്ച ഭാവനയിൽ വിരിയുന്ന കഥ.

സരളദാസന്റെ പ്രഥമ കൃതിയായ 'വിലങ്ക രാമായണ'ത്തിലും അവസാനത്തെ കൃതിയായ ചണ്ഡിപുരാണത്തിലും ആവിഷ്ക്കരിക്കപ്പെടുന്ന സന്ദേശം ഒന്നുതന്നെയാണു്. പുരുഷ ജാതിയെക്കാൾ സ്ത്രീത്വത്തിനുള്ള മഹത്വം. ചണ്ഡിപുരാണത്തിൽ പുരുഷത്വത്തിന്റെ മൂർത്തീകരണമായ മഹിഷാസുരനെ (അഥവാ കൊമ്പൻ കാട്ടുപോത്തിനെ) ശക്തിസൗന്ദര്യങ്ങളുടെ മൂർത്തീകരണമായ ചണ്ഡിഭഗവതി വകവരുത്തുന്നതാണു് കഥ. അതുപോലെതന്നെ സരളമഹാഭാരതത്തിൽ ഏത് പാണ്ഡവനേയും പിൻതള്ളാൻ പോന്ന മേധാശക്തിയാണു് സരളദാസൻ ദ്രൗപതിക്ക് നല്കുന്നത്.

തന്റെ ഭരദേവതയായ സരളാദേവിയോടുള്ള കൂറിന്റെയും ഭക്തിയുടെയും പുറകിൽ ഇങ്ങിനെയൊരു സാംസ്ക്കാരിക പക്ഷപാതം അദ്ദേഹത്തിനുണ്ടായിരുന്നിരിക്കാം. എന്നാൽ ഇതിൽ നിന്നു് വ്യത്യസ്തമായ ഒരു മനോഭാവത്തെയല്ലേ സരളദാസന്റെ പുരുഷപ്രജപക്ഷപാതം തെളിയിക്കുന്നത്? സ്ത്രീത്വത്തിന്റെയും ദാമ്പത്യത്തിന്റെയും പരമപ്രധാന ലക്ഷ്യം പുത്രോല്പാദനമാണ് എന്നു് പലയിടത്തും തറപ്പിച്ചുപറയുന്ന സരളദാസൻ പുത്രിമാർക്ക് പ്രാധാന്യം കൊടുത്തു കാണുന്നില്ല. പുത്രനുണ്ടാകാത്ത സ്ത്രീ ഭർത്താവിന്റെ അനുവാദത്തോടുകൂടി മറ്റു പുരുഷനുമായി ബന്ധപ്പെടണമെന്നുപോലും നിഷ്ക്കർഷിക്കുന്ന സരളദാസൻ പുത്രിമാരുടെ കാര്യത്തിൽ എന്താണു് താല്പര്യം കാണിക്കാത്തത്? നിരന്തരമായ യുദ്ധങ്ങളും സംഘട്ടനങ്ങളും കൊണ്ട് മുഖരിതമായിരുന്ന അന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ സൈന്യ ശേഖരണം വലിയൊരു ദേശീയാവശ്യമായിരുന്നിരിക്കാം. ഈ സാഹചര്യമായിരിക്കാം ദാർശനികമായി സ്ത്രീപക്ഷപാതിയായിരുന്ന സരളദാസിനെ പുരുഷപ്രജകൾക്കു വേണ്ടി പ്രചാരണം നടത്താൻ പ്രേരിപ്പിച്ചത്.

പുതുമയിൽ മാത്രമല്ല വലിപ്പത്തിലും സരളദാസന്റെ കൃതികൾ അത്ഭുതാദരങ്ങൾ സൃഷ്ടിക്കുന്നു. അദ്ദേഹത്തിന്റെ പ്രഥമ കൃതിയായ 'വിലങ്കരാമായണ'ത്തിൽ 28,000 ഈരടികളും 'ചണ്ഡിപുരാണത്തിൽ' 55,000 ഈരടികളും ഉണ്ടു്. സരള മഹാഭാരതമാകട്ടെ വ്യാസഭാരതത്തോളം തന്നെ വരും.—83,000 ഈരടികൾ. അച്ചടിയിൽ ഈ മൂന്നു കൃതികളും ചേർന്നാൽ ഡെമ്മി 8/1 ൽ 2544 പുറങ്ങൾ വരും എന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇക്കാലത്തുപോലും ഇതൊരു മഹാപ്രകടനമായിരിക്കെ ഓലയുടെയും നാരായത്തിന്റെയും അക്കാലത്ത് എത്ര കഠിനമായ അഭ്യാസമായിരുന്നു ഇതെന്നു് ഊഹിക്കുക.

ആധുനിക ഒറിയ ഭാഷയുടേയും സാഹിത്യത്തിന്റെയും സ്രഷ്ടാവും സംസ്ക്കർത്താവും ആയിരുന്ന ശൂദ്രമഹാകവി സരളദാസൻ ജീവിതത്തിന്റെ അന്തിമദശയിലും ഒരു സാധാരണക്കാരനായി എല്ലാ പ്രാരാബ്ധങ്ങളോടുംകൂടി അരിഷ്ടിച്ച് കഴിഞ്ഞിരുന്നുവെന്നു വേണം ഊഹിക്കാൻ. അദ്ദേഹത്തിന്റെ ഒടുവിലത്തെ കൃതിയായ 'ചണ്ഡിപുരാണ'ത്തിൽ മക്കളും മക്കളുടെ മക്കളുമായി കഴിയുന്ന ഈ വാർദ്ധ്യക്യകാലത്തും ഉപജീവനത്തിനായി എല്ലാ ദിവസവും 'ബലരാമായുധം'(കലപ്പ) കൊണ്ട് താൻ വയലിൽ പണിയെടുക്കുകയാണു് എന്നു് പറയുന്നുണ്ടു്. ഒരുപക്ഷേ അദ്ദേഹം ഒന്നിലേറെ തവണ പരാമർശിക്കുന്ന തന്റെ ജ്യേഷ്ഠസഹോദരൻ പരശുരാമന്റെ സഹായവും കുടുംബം പുലർത്താൻ അദ്ദേഹത്തിനു് ലഭിച്ചിട്ടുണ്ടാകണം, എന്നു് സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'ഒറിയ സാഹിത്യ ചരിത്ര'ത്തിന്റെ കർത്താവായ ഡോക്ടർ മായാധർ മാൻസിൻഹ ഊഹിക്കുന്നു. മറ്റുപല സഹോദരന്മാരും ബന്ധുക്കളും ഉണ്ടായിട്ടും പരശുരാമന്റെ പേരുതന്നെ ആവർത്തിച്ചു പറയുന്നതിന്റെ കാരണം അതായിരിക്കാം. തൊട്ടടുത്ത ഗ്രാമത്തിലൂടെ ഒഴുകുന്ന ചന്ദ്രഭാഗ നദിയിലെ തോണിക്കാരനായിരുന്നു അദ്ദേഹം.

നാടുവാണിരുന്ന ഗജപതി രാജാക്കന്മാരുടെ നയങ്ങളോടും നടപടികളോടും മഹാകവിക്ക് മനസ്സുകൊണ്ട് ആഭിമുഖ്യം ഉണ്ടായിരുന്നുവെങ്കിലും അവരിൽനിന്നൊന്നും പ്രതിഫലമോ സമ്മാനമോ വാങ്ങി വാർദ്ധക്യകാലം കഴിച്ചുകൂട്ടാൻ അധ്വാനത്തിന്റെ ആരാധകനായിരുന്ന ഈ മഹാകവി ആഗ്രഹിച്ചിരുന്നില്ലെന്നു് തോന്നുന്നു.

ഭക്തനും കലാപകാരിയുമായിരുന്ന മഹാകവി കെ. വി. സൈമൺ

1883 ഫെബ്രുവരി 7-ാം തീയതി ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽനിന്നു് സുമാർ അരനാഴിക പടിഞ്ഞാറു് ഇടയാറന്മുള കുന്നുംപുറത്തു് വീട്ടിൽ കെ. വി. സൈമൺ ജനിച്ചു. പിതാവു് വറുഗീസും മാതാവു് കാണ്ടമ്മയും. ഇതു്(1983) അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണു്.

വിവാദപുരുഷൻ

ജീവിതകാലമാകെ ഒരു വിവാദപുരുഷനായിരുന്ന സൈമൺ മരണാനന്തരം സുമാർ 40 വർഷം പിന്നിട്ട് ജന്മശതാബ്ദി നാളിലെത്തിയിട്ടും ഒരു വിവാദപുരുഷനായി തുടരുന്നു. എന്താണിതെല്ലാം കാണിക്കുന്നതു്? എന്താണു് ഈ വിവാദത്തിനെല്ലാം കാരണം? ഭക്തോത്തംസമായിരുന്ന ആ പുണ്യപുരുഷനെ ഒരു കലാപകാരിയായി യാഥാസ്ഥിതികർ എന്നും കണക്കാക്കുന്നതു് എന്തുകൊണ്ടു്? ജന്മശതാബ്ദി നാളിൽ മാമൂൽപ്രകാരം അദ്ദേഹത്തിനു് ആദരാഞ്ജലികൾ അർപ്പിക്കാൻ നിർബന്ധിതരായ യാഥാസ്ഥിതിക പത്രലേഖകർ എന്തുകൊണ്ടു് സ്മര്യപുരുഷന്റെ ജീവിതത്തിലെ വിവാദവിഷയങ്ങളെ സൗകര്യപൂർവ്വം വിസ്മരിച്ചുകളഞ്ഞു? എന്താണദ്ദേഹത്തിന്റെ സമകാലപ്രസക്തി?

ഇതെല്ലാം വ്യക്തമാക്കാൻ ഒരു ചെറുലേഖനത്തിന്റെ പരിധിയിൽ കഴിയില്ലെങ്കിലും ആ മഹാകവിയുടെ ജീവിതത്തിലേക്കും കൃതികളിലേക്കും നമുക്കൊന്നു് ചുരുക്കമായി എത്തിനോക്കാം. ചെറുപ്പത്തിലേ കവിതാസിദ്ധിയും ധാർമ്മികബോധവും വിജ്ഞാനദാഹവും സ്വപ്രത്യയസ്ഥൈര്യവും പ്രകടിപ്പിച്ച സൈമണു് (അച്ഛനമ്മമാർക്കു് ശീമോൻ) ക്രൈസ്തവഹൈന്ദവ പുരാണേതിഹാസങ്ങളിലും സാഹിത്യചര്യയിലും മാർഗ്ഗദർശിയായതു് പ്രിയപിതാവു് വറുഗീസും ജ്യേഷ്ഠസഹോദരൻ കെ. വി. ചെറിയാനുമായിരുന്നു. സംസ്കൃതം, തമിഴ്, മലയാളം, എന്നീ

ഭാഷകളിൽ പ്രവീണനായിരുന്ന ചെറിയാൻ ഗദ്യ പദ്യ രചനകളിലും വാസനാസമ്പന്നനായിരുന്നു. ജ്യേഷ്ഠന്റെ പ്രോത്സാഹനവും ശിഷ്യത്വവും സൈമണിന്റെ വാസനകളെ വളർത്തി. എട്ടു വയസ്സിൽത്തന്നെ സൈമൺ സമസ്യാപൂരണവും പദ്യരചനയും തുടങ്ങിയതായി പണ്ഡിതകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ രേഖപ്പെടുത്തുന്നു. 1896-ൽ നാട്ടുഭാഷാ പ്രാഥമിക പരീക്ഷ പാസായ സൈമൺ ആ വർഷം തന്നെ 13-ാം വയസ്സിൽ ഇടയാറന്മുള എം.ടി. സ്ക്കൂളിൽ അദ്ധ്യാപകനായി ചേർന്നു. ശിഷ്ടകാലം മുഴുവൻ സാഹിതിസേവനത്തിനും മതപ്രചരണത്തിനും വിനിയോഗിക്കാനായി 21 വർഷത്തിനുശേഷം അദ്ധ്യാപകവൃത്തിയിൽ നിന്നു പിരിഞ്ഞു. 17-ാമത്തെ വയസ്സിൽ അയിരൂർ പന്നോളിപ്പീടികയിൽ റാഹേലമ്മയെ വിവാഹം കഴിച്ചു. അവർക്കൊരു മകൾ ഉണ്ടായി. അയിരൂരമ്മ എന്ന പേരിൽ സ്വന്തക്കാരുടെയും മിത്രങ്ങളുടെയും ഭർത്താവിന്റെ ആരാധകരുടെയും ഇടയിൽ അറിയപ്പെടുന്ന റാഹേലമ്മയും സാഹിത്യാദികലകളിലും മതകാര്യങ്ങളിലും നിഷ്ണാതയായിരുന്നു.

അധ്യാപനത്തിന്റെ തിരക്കിലും അധ്യയനം അദ്ദേഹം ഒരുതരം വാശിയോടെ തുടർന്നു. ഔപചാരിക വിദ്യാഭ്യാസത്തിന്റെ പരിമിതി ആ പ്രതിഭയുടെ ബഹുവർണ്ണവിലാസത്തിന് മങ്ങലേല്പിച്ചില്ല. സംസ്കൃതം, തമിഴ്, തെലുങ്ക്, കർണ്ണാടകം, ഹിന്ദി, തുടങ്ങിയ ഇന്ത്യൻ ഭാഷകളോടൊപ്പം ഇംഗ്ലീഷ്, ഗ്രീക്ക്, ലത്തീൻ, എബ്രായ, സിറിയക്ക് തുടങ്ങിയ വിദേശഭാഷകളും നിരന്തരവും കഠിനവുമായ പരിശ്രമംകൊണ്ടദ്ദേഹം വശമാക്കി. വേദപുസ്തകത്തിന്റെ വിവർത്തനങ്ങൾകൊണ്ട് തൃപ്തിപ്പെടാനാവാതെ മൂലം തന്നെ നോക്കാനാണ് ഗ്രീക്കും എബ്രായയും സിറിയക്കും മറ്റും പഠിച്ചത് എന്ന് പിൽക്കാലത്ത് മഹാകവി വിശദീകരിച്ചിട്ടുണ്ട്.

കലാപത്തിന്റെ കൊടി

പക്ഷെ ഈ ഗഹനമായ പഠനങ്ങളും വ്യാപകമായ അന്വേഷണങ്ങളും സൈമണെ അസ്വസ്ഥനാക്കി. കുഴപ്പത്തിൽ എത്തിച്ചു. വേദപുസ്തകവും ക്രിസ്തീയസഭാചരിത്രവും കൂടുതൽ കൂടുതൽ പഠിച്ചതോടെ തന്റേതുൾപ്പെടെ നിലവിലുള്ള സംഘടിത സഭകളുടെ പോക്കിൽ അദ്ദേഹവും സംശയാലുവായി. പ്രത്യേകിച്ചും ആദിമക്രിസ്തുമതത്തിലെ പരിശുദ്ധിയും ആദർശപ്രേമവും സമഭാവനയും സൈമണെ ഹഠാദാകർഷിച്ചു. ആധുനികസംഘടിതസഭയിലെ പൗരോഹിത്യസംമ്പ്രദായവും ആഡംബരഭ്രമവും ആദിമ ക്രിസ്തു മതത്തിനന്യമാണെന്നദ്ദേഹം കണ്ടു.

'ക്രൈസ്തവസഭാചരിത്രം' 'വേർപാടുസഭകളുടെ ചരിത്രം' 'നിക്കോലാവ്യമതം അഥവാ വട്ടം' 'പാഷാണ്ഡമത മർദ്ദനം' തുടങ്ങിയ കൃതികളിൽ സൈമൺ തന്റെ മതസിദ്ധാന്തങ്ങൾ ഒരു

വിശ്വാസിയുടെ വീറോടെയും ഒരു യുക്തിവാദിയുടെ സാമർത്ഥ്യത്തോടെയും ശക്തമായി അവതരിപ്പിക്കുന്നു. സ്വമത സ്ഥാപനത്തിനായി ക്രൈസ്തവ മതഗ്രന്ഥങ്ങൾക്കു പുറമെ ഹൈന്ദവ വൈദിക ഗ്രന്ഥങ്ങളെയും ഭഗവദ്ഗീതയേയും ബാദരായണബ്രഹ്മസൂത്രത്തെയും ഉപനിഷത്തുക്കളെയും അദ്ദേഹം സുലഭമായി ഉദ്ധരിച്ചു പരിശോധിക്കുന്നുണ്ട്.

സ്വാഭാവികമായി ഈ സ്വതന്ത്രമായ പോക്ക് പൊറുപ്പിക്കാൻ അന്നത്തെ തന്റെ സഭയായ മാർത്തോമാസഭയ്ക്കു കഴിഞ്ഞില്ല. സൈമണിന്റെ അത്യുജ്വലമായ വാഗ്വൈഭവം വരമൊഴിയായിട്ടും അന്നത്തെ മദ്ധ്യതിരുവിതാംകൂറിൽ മതനവീകരണത്തിന്റെ ഒരു കൊടുങ്കാറ്റഴിച്ചുവിട്ടു. ബന്ധുമിത്രാദികളുടെ പ്രേരണകളോ സഭാനേതൃത്വത്തിന്റെ താക്കീതുകളോ സൈമണിന്റെ വിശ്വാസദാർഢ്യത്തെ ഉലക്കാൻ പര്യാപ്തമായില്ല. അവസാനം പൊറുതിമുട്ടിയ സഭാനേതൃത്വം ശിക്ഷാനടപടികൾക്കൊരുങ്ങി. 1915-ൽ സൈമൺ സഭയിൽ നിന്നു ബഹിഷ്ക്കരിക്കപ്പെട്ടു. വിചാരണ വെറും പ്രഹസനമായിരുന്നുവെന്നും ശിക്ഷ അനർഹമായിരുന്നുവെന്നും നിരീക്ഷകർ കരുതുന്നു. മാർത്തോമാ സഭയുടെ ഉത്തമപുത്രനും വിശ്വപ്രശസ്ത ദൈവശാസ്ത്രജ്ഞനും ആയ ഡോ. എം. എം. തോമസ് തിരുവല്ലയിൽ വച്ചു ചേർന്ന പുരോഗമന കലാസാഹിത്യസംഘം യോഗത്തിൽ അതിനെ സൂചിപ്പിക്കുകയുണ്ടായി. വിവാദവിഷയമായ വിചാരണയെയും ശിക്ഷാവിധിയെയും കുറിച്ച് ജന്മശതാബ്ദി വേളയിൽ ക്രിസ്തീയ മാസിക മുഖപ്രസംഗമായി എഴുതിയിരിക്കുന്നത് ഉദ്ധരിക്കട്ടെ:

'സഭാനേതൃത്വത്തിനു് അദ്ദേഹത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. 1091 കന്നി 27-ാംനു മൂന്നു വൈദിക നേതാക്കൾ അദ്ദേഹത്തെ വിസ്തരിച്ചു. വിസ്താരസമയത്ത് ഏതു നിയമമനുസരിച്ചാണു് നിങ്ങൾ എന്നെ വിസ്തരിക്കുന്നത് എന്നദ്ദേഹം ചോദിച്ചു. ഏതെങ്കിലും നിയമത്തിന്റെ അടിസ്ഥാനത്തിലേ ഒരാളെ വിസ്തരിക്കാൻ പാടുള്ളൂ എന്നദ്ദേഹം ന്യായാസനപീഠത്തെ ഉപദേശിച്ചു. ന്യായാസനപീഠത്തിന്റെ ഉത്തരം വിചിത്രമായിരുന്നു: 'അപ്പനപ്പൂപ്പന്മാരുടെ കാലം മുതലേ ഞങ്ങൾ പലരേയും വിസ്തരിച്ചുവരുന്നു. അതനുസരിച്ചാണ് ഞങ്ങൾ നിങ്ങളെയും വിസ്തരിക്കുന്നത്!'

'ബൈബിളോ കാനോനോ എന്തെങ്കിലും വ്യക്തമായ നിയമങ്ങളോ കൂടാതെ തോന്ന്യാസമുള്ള ഒരു വിസ്താരത്തിനു്' അദ്ദേഹം വഴങ്ങിയില്ല. 'അത് പോരാ ഇത് വൈദികകോടതിയാണു്.' സഭാംഗങ്ങളെ വിസ്തരിച്ച് വിധിപറയുന്നതിനു് ഒരു ലോ ഉണ്ടായിരിക്കണം. എന്തെങ്കിലും സ്ഥാപിതപ്രമാണങ്ങളെ സ്വീകരിച്ചിട്ടില്ലാത്ത ഒരു വൈദികകോടതിക്ക് ആരെയും വിസ്തരിക്കാൻ

അവകാശമില്ല'-അദ്ദേഹം പറഞ്ഞു. യഥാർത്ഥത്തിൽ ന്യായപീഠത്തിന്മേൽ മഹാകവി സൈമൺ വിധി കല്പിക്കുകയായിരുന്നു. സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ട വിധിന്യായമായിരുന്നു മഹാകവി സൈമൺന്റേത്.

'വിചാരണ നടന്നില്ല, പ്രമാണങ്ങൾ ഒപ്പുവെക്കപ്പെട്ടില്ല. കോടതി അലസിപ്പിരിഞ്ഞു. അക്ഷരാർത്ഥത്തിൽ അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. ആ വലിയ പ്രവാചകനെ അവർ പിടിച്ചുതള്ളി പുറത്താക്കി. അദ്ദേഹം ക്രിസ്തീയ നേതൃത്വത്തോടു ചോദിച്ചു 'ക്രിസ്തുവിനെ പ്രസംഗിക്കുന്ന നിങ്ങൾ എന്താണു് ചെയ്യുന്നതെന്നു്. 'അങ്ങിനെയൊക്കെ സംഭവിക്കു'മെന്നായിരുന്നു അവരുടെ മറുപടി.

പീലാത്തോസ് ക്രിസ്തുവിനെ വിചാരണചെയ്തു് കുറ്റമില്ലെന്നു് ബോദ്ധ്യമായശേഷം ജനത്തിനു് നേരെതിരിഞ്ഞ് കൈകഴുകിയതിനുശേഷമാണു് ജനഹിതപ്രകാരം ക്രിസ്തുവിനെ ക്രൂശിക്കാൻ വിധിച്ചതു്. മൂന്നുമാസം കഴിഞ്ഞു് വിചാരണ കൂടാതെയുള്ള വിധി സഭാധ്യക്ഷന്റെ കല്പനയായി പുറത്തുവന്നു: '.....സഭയുടെ വിശ്വാസാചാരങ്ങളെയും എപ്പിസ്ക്കോപ്പൻ സഭാഭരണക്രമങ്ങളെയും പാടെ മറിച്ചിട്ടു സ്ഥിതി സമത്വോപദേശവും അരാജകത്വവും പ്രബലപ്പെടുത്തുന്നതിനു് ശ്രമിക്കുന്നു. അവനെ ഇനിമേലിൽ നമ്മുടെ സഭയിലെ ഒരംഗമായി ഗണിച്ചു് നമ്മുടെ മേൽപ്പട്ടക്കാരാകട്ടെ, ജനങ്ങളാകട്ടെ, വർത്തിച്ചുപോകരുതെന്നും, അവന് ഉപദേശിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ നമ്മുടെ പള്ളികളോ പ്രാർത്ഥനാലയങ്ങളോ വീടുകളോ നമ്മുടെ ജനങ്ങളുടെ വക പുരയിടങ്ങളോ വെളിമ്പറമ്പുകളോ കൊടുക്കരുതെന്നും അവനെ സഹായിക്കുകയോ സഹകരിക്കുകയോ ചെയ്യരുതെന്നും ഈ കല്പനയാൽ സകലമാനപേരെയും നാം അറിയിക്കുന്നതുമാകുന്നു.

(ഗൃഹദീപം, കുടുംബമാസിക, 1983 ഫെബ്രുവരി, തിരുവല്ല.)

സ്ഥിതിസമത്വപ്രശ്നം

ഈ വിചാരണയിലും വിധിന്യായത്തിലും രസകരവും ചിന്താർഹവുമായ പല പ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ട്. എങ്കിലും ആധുനികതയ്ക്ക് രസകരമായി തോന്നുന്ന സ്ഥിതിസമത്വപ്രശ്നം മാത്രം പരിശോധിക്കാം.

കമ്യൂണിസം, സോഷ്യലിസം മുതലായവയ്ക്കു സമാനമായിട്ടാണു് സ്ഥതിസമത്വമെന്ന പദം അന്നും ഇന്നും ഉപയോഗിച്ചുവരുന്നതു്. 1917-ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷമാണു് ഈ പദങ്ങൾക്ക് നമ്മുടെ നാട്ടിൽ പ്രചുരപ്രചാരം ലഭിച്ചതു്. വിവേകാനന്ദൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, ലാലഹർദയാൽ തുടങ്ങിയ ചുരുക്കം ചിലർ ഒക്ടോബർ വിപ്ലവത്തിനു്

മുമ്പു തന്നെ ഇന്ത്യയിൽ ഈ ആശയങ്ങളുടെ ചുവടുപിടിച്ച് ചിലതൊക്കെ എഴുതുകയോ പരാമർശിക്കുകയോ ചെയ്തിട്ടുണ്ട്. എങ്കിലും അവകൊണ്ടു പ്രയോജനമുള്ള ജനങ്ങളോ ഉപദ്രവമുള്ള സ്ഥാപിതതാല്പര്യക്കാരോ അത്ര കാര്യമായി അതൊന്നും എടുത്തിരുന്നില്ല. എന്നാൽ ക്രിസ്തീയ സഭാനേതൃത്വങ്ങൾ സാർവ്വദേശീയതലത്തിൽ സോഷ്യലിസത്തിനും കമ്മ്യൂണിസത്തിനും എതിരെ കുരിശു യുദ്ധം നടത്തിയിട്ടും അന്നേക്കു് അരനൂറ്റാണ്ടിലേറെയായിരുന്നു. 1848-ൽ പ്രസിദ്ധീകരിച്ച കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ആദ്യത്തെ വാചകത്തിൽതന്നെ മാർകസും എംഗൽസും ഇങ്ങിനെ പ്രഖ്യാപിച്ചിരുന്നു:

'യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു. കമ്യൂണിസമെന്ന ഭൂതം. ഈ ഭൂതത്തിന്റെ ബാധ ഒഴിവാക്കാൻ വേണ്ടി പഴയ യൂറോപ്പിന്റെ ശക്തികളെല്ലാം -പോപ്പും സാർചക്രവർത്തിയും മെറ്റെർനിക്കും ഗിസോവും ഫ്രഞ്ച് റാഡിക്കൽ കക്ഷിക്കാരും ജർമ്മൻ പോലീസ് ചാരന്മാരുമെല്ലാം- ഒരുപാവനസഖ്യത്തിലേർപ്പെട്ടിരിക്കുകയാണു്.'

മാർപ്പാപ്പാ ലിയോ പതിമൂന്നാമൻ 1878-ൽ പുറപ്പെടുവിച്ച ചാക്രിക ലേഖനത്തിൽ (ഇൻസ്ക്രൂട്ടബിലി)കമ്യൂണിസത്തിനും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിനും എതിരെയുള്ള സംഘടിത ക്രിസ്തീയ സഭയുടെ കുരിശുയുദ്ധത്തിന് പുതിയ മാനം നൽകപ്പെട്ടു. തുടർന്നു് രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പ് 1937-ൽ 'നിരീശ്വരപരമായ കമ്യൂണിസത്തെ എതിർക്കാനും ഫലത്തിൽ ഫാസിസ്റ്റ് കാട്ടാളത്തെ തുണക്കാനും 'മാർപ്പാപ്പാ പിയൂസ് പതിനൊന്നാമൻ ഇറക്കിയ കുപ്രസിദ്ധ ചാക്രിക ലേഖനംവരെ (ദിവിനിറി ദെംപ് തോറിസ) അനേകം ഇണ്ടാസുകൾ വന്നിട്ടുണ്ടു്. കമ്യൂണിസ്റ്റുകാർ മാത്രമല്ല, സൈമണെപ്പോലെ ശുദ്ധഗതിക്കാരായ വിശ്വാസികളും സഭയാൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. സൈമണെ പുറന്തള്ളിയ മാർത്തോമ്മാസഭ കത്തോലിക്കസഭയിൽ നിന്നു് വേറിട്ടതും മിക്കവാറും കേരളത്തിൽ ഒതുങ്ങിയതുമായ ഒരു പ്രൊട്ടസ്റ്റന്റ് സഭയായിരുന്നു എങ്കിലും ഈ സാർവ്വദേശീയ കുരിശുയുദ്ധത്തിന്റെ നിഴൽപ്പാടുകൾ അവരിലും പതിച്ചിരുന്നു എന്നു വേണം കരുതാൻ.

എന്നാൽ സൈമൺ എങ്ങിനെ ഇക്കാര്യത്തിൽ കുറ്റവാളിയായി? തന്റെ വിപുലമായ പഠനത്തിന്റെയും വായനയുടെയും ഇടയിൽ ആധുനികസ്ഥിതിസമത്വാദർശങ്ങളുമായി ഇടപഴകാൻ 1915-നു് മുമ്പ് അദ്ദേഹത്തിനു് അവസരം ലഭിച്ചതായി തെളിവില്ല. സഭയുടെ മേലധികാരികളുടെയും അൽമായക്കാരായ രക്ഷാധികാരികളുടെയും സമ്പൽസമൃദ്ധിയുടെ ധാർമ്മികതയെക്കുറിച്ചദ്ദേഹം സംശയാലുവായതും ഭാരം ചുമക്കുന്നവരോടും കഷ്ടപ്പെടുന്നവ

രോടും അനുകമ്പയാർന്നതും ക്രിസ്തുവിന്റെ ജീവിതവും ആദിമ ക്രിസ്തീയ സഭയുടെ ചരിത്രവും സത്യസന്ധമായി പഠിച്ചതു കൊണ്ടായിരിക്കണം. ആദിമ ക്രിസ്തീയ സഭയുടെ ചരിത്രത്തിൽ ഈ നവീന വീക്ഷണം അദ്ദേഹം വിശദമായി ചർച്ചചെയ്യുന്നുണ്ട്. ആദിമ ക്രിസ്തീയ സഭയെക്കുറിച്ച് ഫ്രഡറിക്ക് എംഗൽസ് എഴുതിയതു് ഇത്തരുണത്തിൽ പ്രസക്തമായിരിക്കും.

'ആധുനിക തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനും ആദിമ ക്രിസ്തീയ ചരിത്രത്തിനും പൊതുവായ ചില ശ്രദ്ധേയവസ്തുതകൾ ഉണ്ടു്. ഇന്നത്തെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനംപോലെ ആരംഭകാലത്ത് ക്രിസ്തുമതവും മർദ്ദിതരുടെ പ്രസ്ഥാനമായിരുന്നു. അടിമകളുടെയും അടിമത്തത്തിൽ നിന്നു് അടുത്ത് മോചിതരായവരുടെയും എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട ദരിദ്രരുടെയും റോമക്കാർ കീഴ്പ്പെടുത്തുകയും ചിതറിച്ച് കളയുകയും ചെയ്തവരുടെയും മതമായിട്ടാണു് അത് ആദ്യം പ്രത്യക്ഷപ്പെട്ടതു് . അടിമത്തത്തിൽനിന്നും ദുരിതത്തിൽനിന്നും ഉള്ള മോചനമാണു് തൊഴിലാളികളുടെ സോഷ്യലിസമെന്നപോലെ ക്രിസ്തുമതവും ഉത്ഘോഷിക്കുന്നതു്. ഒരു വ്യത്യാസം മാത്രം-ക്രിസ്ത്യാനികൾ പ്രവചിക്കുന്ന മോചനം മരണാനന്തരമുള്ള ജീവിതത്തിലാണു്. സോഷ്യലിസത്തിലെ മോചനമാകട്ടെ സാമൂഹ്യ പരിവർത്തനത്തിലൂടെ ഈ ലോകത്തിൽ തന്നെ നേടാനുള്ളതാണു്. ഇരുകൂട്ടരും പീഡിപ്പിക്കപ്പെടുകയും അധിഷേപിക്കപ്പെടുകയും ചെയ്യുന്നു. ഈ സിദ്ധാന്തങ്ങളുടെ അനുകൂലികൾ പ്രത്യേക പീഡന നിയമങ്ങൾക്കിരയാവുന്നു. ഒരു കൂട്ടരെ മതത്തിന്റെയും കുടുംബത്തിന്റെയും മാനവരാശിയുടെയും ശത്രുക്കളായും മറ്റേ കൂട്ടരെ ഭരണകൂടത്തിന്റെയും സാമൂഹ്യ ശ്രമത്തിന്റെയും എതിരാളികളായും, ചിത്രീകരിക്കുന്നു. ഈ പീഡനങ്ങളൊക്കെയുണ്ടായിട്ടും, പോരാ പീഡനങ്ങൾ മൂലം എന്നുതന്നെ പറയട്ടെ, ഇരു കൂട്ടരും അപ്രതിരോധ്യരായി, വിജയശ്രീലാളിതരായി മുന്നേറുന്നു. ക്രിസ്തുമതം പ്രത്യക്ഷപ്പെട്ടു് മൂന്നുവർഷത്തിനകം അത് റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി അംഗീകരിക്കപ്പെട്ടു. സോഷ്യലിസമാകട്ടെ കഷ്ടിച്ചു് 60 വർഷത്തിനകം അതിന്റെ വിജയം സുനിശ്ചിതമാണെന്ന് ഉറപ്പിക്കാവുന്ന നിലയിൽ എത്തിയിരിക്കുന്നു.

(Marx and Engels, On Religion, Moscow, 1975, p 275)

എംഗൽസ്, ഇതെഴുതിയതു് 1895-ലാണു്. സോഷ്യലിസത്തെ ക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രവചനം ലോകത്തിന്റെ ആറിലൊന്നു് ഭാഗത്തു് സാക്ഷാൽക്കരിക്കാൻ പിന്നീടു് 22 വർഷം കൂടിമാത്രമേ വേണ്ടിവന്നുള്ളു.

ആദിമ ക്രിസ്തുമതത്തെക്കുറിച്ചുള്ള സത്യസന്ധമായ പഠനത്തിൽ നിന്നു വ്യക്തമായ സ്ഥിതിസമത്വ വാദത്തിലൊന്നും

സൈമൺ എത്തിയില്ലെങ്കിലും സ്ഥാപിത താല്പര്യക്കാരുടെയും ധനിക വർഗ്ഗത്തിന്റെയും നാഡിത്തുടിപ്പുകൾ കൂടുതലായി അറിയാവുന്ന സഭാമേൽച്ചട്ടക്കാർ ഈ പോക്കിന്റെ ആപത്ത് മുൻകൂട്ടി മണത്തറിഞ്ഞിരിക്കണം. അങ്ങിനെ കേരളത്തിലെ സ്ഥിതി സമത്വ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അത്ര ബോധപൂർവ്വമായിട്ടില്ലെങ്കിലും അഭിമാനകരമായ ഒരു സ്ഥാനം മഹാകവി സൈമണും വന്നുചേർന്നു.

മാർത്തോമാ സഭയിൽനിന്നും മുടക്ക പ്പെട്ടതിനുശേഷം സൈമൺ 'വിയോജിതസഭ' അല്ലെങ്കിൽ 'പേർപാടുസഭ' എന്ന സ്വന്തമായ ഒരു സഭ രൂപീകരിച്ച് അതിന്റെ ആദർശലക്ഷ്യങ്ങൾ പ്രചരിപ്പിക്കാനായി 1919-ൽ മലങ്കര 'മിയോജിനൻ' എന്നൊരു മാസികയും തുടങ്ങി. 1929-ൽ തന്റെ നിലപാടുകളോട് ഏറ്റവും അടുത്തു നിൽക്കുന്നതു് എന്നദ്ദേഹം കരുതിയതും പൗരോഹിത്യ സമ്പ്രദായം ശക്തമല്ലാത്തതും താരതമ്യേന ചെറുതാകയാൽ സ്ഥാപിതതാല്പര്യക്കാർക്കു് വലിയ താല്പര്യമില്ലാത്തതും ആയിരുന്ന ബ്രദറൻസഭയിൽ തന്റെ സഭയെ ലയിപ്പിച്ചു, ബ്രദറൻ സഭയ്ക്കു കെ.വി. സൈമണെ പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിഞ്ഞോ എന്ന കാര്യത്തെക്കുറിച്ചെന്തെങ്കിലും ഖണ്ഡിതമായി പറയാൻ ഈ ലേഖകൻ ആളല്ല.

വേദവിഹാരം

ഗദ്യവും പദ്യവുമായി മുപ്പതിൽപ്പരം പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള കെ.വി. സൈമണു് മഹാകവിപ്പട്ടം നേടിക്കൊടുത്തതു് 1931-ൽ പ്രസിദ്ധീകരിച്ച 'വേദവിഹാരമാണു്'. ആകെ 50 അദ്ധ്യായങ്ങളും 12,000 വരികളുമുള്ള ഈ മഹാകാവ്യത്തിന്റെ ഇതിവൃത്തം വേദപുസ്തകം പഴയനിയമത്തിലെ ആദ്യഖണ്ഡമായ ഉല്പത്തിപുസ്തകമാണു്. മോശയാൽ വിരചിക്കപ്പെട്ടതു് എന്നു് വിശ്വസിക്കപ്പെടുന്ന പഞ്ചഗ്രന്ഥങ്ങളിലെ ഒന്നാം പുസ്തകത്തെ തുടർന്നു് മറ്റു നാലെണ്ണവും ക്രമേണ വേദ പുസ്തകം മുഴുവൻതന്നെയും മലയാളികൾക്ക് കാവ്യരൂപത്തിൽ കാഴ്ചവയ്ക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹമെന്നു് പറയപ്പെടുന്നു. പക്ഷേ നിർഭാഗ്യവശാൽ, അതു് നടന്നില്ല. പുതിയ നിയമത്തിലെ നല്ല ശമര്യാക്കാരന്റെ കഥ 'നല്ല ശമര്യൻ' എന്ന പേരിൽ 1933 -ൽ മഹാകവി കവിതയാക്കി. ശാർദ്ദൂലവിക്രീഡിതത്തിൽ 1913-ൽ രചിച്ച 'നിശാകുലം' എന്ന വിലാപകാവ്യമായിരിക്കാം സൈമൺന്റെ പ്രസിദ്ധീകൃതകാവ്യം.

'വേദവിഹാര'ത്തെ ഇംഗ്ലീഷ് മഹാകവി ജോൺ മിൽട്ടന്റെ 'പറുദീസാ നഷ്ട'ത്തോടും രാമായണം, ഭാരതം തുടങ്ങിയ ഭാരതീയേതിഹാസകാവ്യങ്ങളോടും താരതമ്യപ്പെടുത്താറുണ്ടു്. ഈ പൂർവ്വസൂരികളുടെ കൃതികൾ സൈമണിൽ അസാമാന്യ സ്വാധീ

നം ചെലുത്തിയിട്ടുണ്ടു് എന്നതിൽ തർക്കമില്ല. യഹോവ ആറുദിവസം കൊണ്ടു് പ്രപഞ്ചത്തെയും ചരാചരങ്ങളെയും സൃഷ്ടിച്ചു് ഏഴാം ദിവസം വിശ്രമിക്കുന്നതും യഹോവയുടെ വാക്കനുസരിക്കാതെ സർപ്പോപദേശം കേട്ടു് അറിവിന്റെ കനി ഭക്ഷിച്ചതിനാൽ ആദാമും ഹവയും ഏദൻതോട്ടത്തിൽനിന്നു് ബഹിഷ്കൃതരാകുന്നതും മറ്റുമാണല്ലോ മിൽട്ടനെപ്പോലെ സൈമണും കാവ്യവിഷയമായി തിരഞ്ഞെടുത്തതു്. 'പലസ്തീൻ' നാടിന് ചേരാതുള്ള വർണ്ണനകൾകൊണ്ട് അതിനെ ഇന്ത്യയാക്കുന്നതിനു് ഇടയായിട്ടില്ല എന്നും പ്രായേണ വേദനാടുകൾക്കും വൈദിക കാലത്തിനും അനുരൂപമായ വർണ്ണനകളാണു് ഈ ഗ്രന്ഥത്തിൽ കാണാനുള്ളതു് എന്നും മറ്റും മഹാകവി സത്യവാങ്മൂലം ഹാജരാക്കുന്നുണ്ടെങ്കിലും വർണ്ണനകളിലും പദസന്നിവേശത്തിലും അലങ്കാര പ്രയോഗത്തിലും മറ്റും ഭാരതീയേതിഹാസങ്ങളുടെ സ്വാധീനം അന്യൂനമായി പ്രകടമാണു്. യഹോവയെ 'അച്യുതൻ' എന്നു വിശേഷിപ്പിക്കുന്നതും മറ്റും ച്യുതി അഥവാ നാശമില്ലാത്തവൻ എന്ന അർത്ഥത്തിനാണു് എന്നു വാദിക്കാവുന്നതാണു്. അതുപോലെ അനേകം 'ലൊട്ടുലൊടുക്കു' തുടങ്ങി തികച്ചും ഗ്രാമ്യമെന്നു് ആഢ്യന്മാർ വിധിച്ചേക്കാവുന്നതു മുതൽ പണ്ഡിത മൂർദ്ധന്യർക്കുപോലും ശബ്ദകോശത്തിന്റെ സഹായത്തോടെ മാത്രം മനസ്സിലാക്കാൻ കഴിയുന്ന സംസ്കൃതപദങ്ങളും ഇംഗ്ലീഷ് പദങ്ങളും എബ്രായപദങ്ങളും മറ്റും നിർല്ലോഭം മഹാകവി ഈ കൃതിയിൽ എടുത്തു പെരുമാറുന്നുണ്ടു്.

'വേദവിഹാരത്തിൽ ആവർത്തിച്ചു പ്രകടമായി കാണുന്ന ഭാരതീയ സ്വാധീനം കവിതയുടെ പോരായ്മയല്ല. പ്രത്യുത മേന്മയാണെന്നത്രെ ആധുനിക മതം. ആധുനിക ക്രീസ്തീയമത ചിന്തയിൽ, പ്രത്യേകിച്ചും സൈമൺന്റെയും മറ്റും കാലശേഷം ശക്തിപ്പെട്ടിരിക്കുന്ന ദേശീയവല്ക്കരണ പ്രവണതയുടെ ആദ്യകാല പ്രണേതാക്കളിൽ, പ്രമുഖനായി സൈമണെ അവരോധിക്കാൻ സഹായിക്കുന്നവയാണീ ഭാരതീയ സ്വാധീന വ്യാപ്തിയെന്നു് ഡോക്ടർ എം.എം.തോമസിനെപ്പോലുള്ളവർ കരുതുന്നു. തന്റെ സിദ്ധാന്തപ്രകാരമുള്ള ക്രിസ്തീയ തത്വങ്ങളെ സമർപ്പിക്കാൻ ഹൈന്ദവശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്നു് ധാരാളം കരുക്കൾ നിരത്തുകയും, മഹാകവിയുടെ ശീലമായിരുന്നു എന്നോർക്കുക.

രാമായണ-മഹാഭാരതാദികളെ അനുസ്മരിപ്പിക്കുന്ന സൈമണിന്റെ കാവ്യസിദ്ധിക്കുദാഹരണമായി മഹാകവി ഉള്ളൂർ കൂടി അഭിനന്ദനീയമായി കരുതുന്ന ഒരു ഖണ്ഡം ഉദ്ധരിക്കട്ടെ:

'ഭയജനകരജനിയിതുവിധമവർ കഴിച്ചിട്ടു-
ഭാനൂദയത്തിലുണർന്നുകൊള്ളും വിധൗ
ഗതകരുണമഖിലജഗദധിപതിനഭസ്സിനു

ഗന്ധകമഗ്നിയും വർഷിച്ചു ഘോരമായി
ഗഗനപഥമതിനുടയ നാന്ദിയായിട്ടഹോ
ഗംഭീരശബ്ദം മുഴക്കി ഭൂവെങ്ങുമേ,
ജ്വലന ഘനഘടകങ്ങളുടെ നടുവിലിടിവാളുകൾ
ജാതരോഷം പരന്നാകാശവീഥിയിൽ,
പ്രളയമതിലുയരുമൊരു ചണ്ഡവാതങ്ങളും
പ്രത്യുൽക്രമിച്ചു, നിഷ്'പ്രത്യൂഹമാംവിധം .

കാവ്യദേവത നൃത്തം വെക്കുന്ന ഈ ദ്രാവിഡശീലുകൾ രൂപത്തിലും ഭാവത്തിലും കനപ്പെട്ടതാണെന്നതിൽ തർക്കമില്ല. കേരളജനതയുടെ ഒരു അഗണ്യവിഭാഗത്തിന്റെ സംസ്കാരത്തെ പൊതുകേരളീയ സംസ്ക്കാരത്തിൽ സമന്വയിപ്പിക്കാനുള്ള ശ്രമമെന്ന നിലയിൽ മഹാകവി സൈമൺന്റെ ശ്രമത്തെ പ്രത്യേകം ശ്ലാഘിക്കേണ്ടതുണ്ടു്. വേദവിഹാരത്തിന്റെ ഒന്നാംപതിപ്പിൽ മഹാകവി വള്ളത്തോൾ, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള തുടങ്ങിയവർ സുജനമര്യാദകൊണ്ടെന്നപോലെ നിർല്ലോപം പ്രശംസകൾ ചൊരിഞ്ഞിട്ടുണ്ടെങ്കിലും അവയിലെ ഒരുവക രക്ഷാധികാരപ്രവണതയും ആശ്രിതവാത്സല്യസ്വരവും ആധുനികാനുവാചകരുടെ കണ്ണിൽ പെടാതെ പോവില്ല. ഉള്ളൂർ തന്നെ 'വേദവിഹാര'ത്തിൽ അച്ചടിക്കാൻ എഴുതിക്കൊടുത്ത അഭിപ്രായത്തിലെ സ്വരവും സാഹിത്യചരിത്രത്തിലെ സ്വരവും താരതമ്യപ്പെടുത്തുക.

അനർഹമായ ഈ അവഗണന മറ്റു സാഹിത്യ ചരിത്രങ്ങൾ പരിശോധിച്ചാലും നമുക്ക് കാണാൻ കഴിയും. പത്തു വാല്യങ്ങളും നിരവധി അപ്രധാനരെക്കുറിച്ച് ആവശ്യത്തിലേറെ പരാമർശങ്ങളുള്ള വിജ്ഞാനകോശത്തിൽ സൈമണെപ്പറ്റി പരാമർശമില്ല. ആകെ 568 പുറത്തിൽപരമുള്ള കേരള സാഹിത്യ അക്കാദമിയുടെ മലയാള കവിതാ സാഹിത്യചരിത്രത്തിൽ കെ. വി.സൈമണെക്കുറിച്ച് രണ്ടിടത്തായി നാലു ചെറുവാചകങ്ങൾ മാത്രമാണു് പരാമർശം. ആ വാചകത്തിലൊന്നു് മുമ്പുള്ള പരാമർശത്തെ ഓർമ്മിപ്പിക്കുവാനാണു്. മരണവർഷം 1944 എന്നതു് 1943 ആക്കി തെറ്റിക്കുകയും ചെയ്തു. അതിനുപുറമെ സൂചികയിലും സൈമണെ ബഹുമാനിക്കാൻ ഒരച്ചടിപ്പിശകു്. താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി, പ്രവിത്താനം ദേവസ്യ, കാലടി രാമൻനമ്പ്യാർ, പൊൻകുന്നം സെയ്ത് മുഹമ്മദ് മുതലായവർക്കുപോലും സൈമണേക്കാൾ നീണ്ട പരാമർശങ്ങളാണു് സാഹിത്യ അക്കാദമി നല്കിയിരിക്കുന്നതു്. ഇങ്ങിനെ ഉദാഹരണങ്ങൾ നീട്ടാം. പക്ഷെ ഇതൊന്നും ഈ ഗ്രന്ഥകാരന്മാരുടെയും എഡിറ്റർമാരുടെയും മാത്രം കുറ്റംകൊണ്ടല്ല. മതവൈരാഗ്യം, യാഥാസ്ഥിതികത്വം, സാഹിത്യത്തിലും അപൂർവമല്ലാത്ത ജാതിസ്പർദ്ധ മുതലായവ ഈ ശ്രദ്ധേയനായ

സാഹിത്യകാരനെ ഒട്ടൊക്കെ അവഗണനക്കു പാത്രമാക്കി എന്നത് നിഷേധിക്കാനാവില്ല. അദ്ദേഹത്തിന്റെ ചില കൃതികൾ വീണ്ടും അച്ചടിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും എതിരെ കടുത്ത ഭീഷണികൾ ഇപ്പോഴും ഉയരുന്നുണ്ടു് എന്നു് സൈമൺ കുടുംബത്തിലെ ചില പിൻമുറക്കാർ ഈ ലേഖകനോട് പരാതിപ്പെടുകയുണ്ടായി. അത്തരം വഴിമുടക്കികളെ ഒറ്റപ്പെടുത്താനും മഹാനായ ആ സാഹിത്യകാരന്റെയും മതപരിഷ്ക്കർത്താവിന്റെയും സംഭാവനകൾ വെളിച്ചത്തു കൊണ്ടുവരാനും ഈ ജന്മശതാബ്ദി വർഷം ഉപകരിക്കും എന്നു് പ്രത്യാശിക്കട്ടെ.

പാട്ടും സംഗീതവും

മഹാകവി സൈമൺന്റെ പ്രതിഭാവിലാസം തെളിഞ്ഞു കാണുന്ന മറ്റൊരു രംഗമാണു് ഗാനരചനയും സംഗീതവും. 'ഗതകാനുയായി,' 'സംഗീതരത്നാവലി' 'ഗാനചന്ദ്രിക' 'ഗാനപ്രസൂനം' തുടങ്ങിയ സമാഹാരങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 300 ൽപ്പരം ക്രൈസ്തവ ഭക്തിഗാനങ്ങൾ കലാസുഭഗതയും സംഗീതമാധുരിയും വഴിയുന്ന അത്യാകർഷക കൃതികളാണു്. ആറേഴു വർഷക്കാലം ശാസ്ത്രീയമായി സംഗീതം അഭ്യസിച്ച സൈമൺ മലയാള ഗാനരചയിതാക്കളിൽ മുൻനിരക്കാരനാണു്. മതബോധവും ധാർമ്മികാഭിമുഖ്യവും മുറ്റിനിൽക്കുന്ന ഈ ഗാനങ്ങൾ സൈമൺന്റെ ആധുനിക മൂല്യബോധത്തിനും സാക്ഷ്യം വഹിക്കുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും നടന്ന പൈശാചികമായ അണുബോംബുവർഷത്തിനു് ഒരു വർഷം മുമ്പ് നിര്യാതനായ സൈമൺന്റെ ചില ഗാനങ്ങളിൽ പ്രകടമാകുന്ന യുദ്ധവിരോധവും മാനവികത്വവും ആധുനികർക്കു് ആകർഷകമായിത്തോന്നും. ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന പടിഞ്ഞാറൻ ഭരണാധികാരികൾ ബോംബും ടാങ്കും കൊണ്ടു് സ്വസഹോദരങ്ങളെ ചുട്ടു കൊന്നൊടുക്കുന്ന കെട്ട നീതിക്കെതിരെ പ്രാർത്ഥിക്കുന്ന ചില ശ്രദ്ധേയമായ വരികൾ 'സംഗീതരത്നാവലിയിലുണ്ടു്. നശീകരണായുധങ്ങൾ അന്നത്തെക്കാൾ അനേകമടങ്ങ് ഭീകരമായിരിക്കുന്ന ഇക്കാലത്താണു് സൈമൺ ജീവിച്ചിരുന്നതെങ്കിൽ ക്രിസ്തീയ സഭകളെത്തന്നെ പൂർവ്വാധികം ആവേശിച്ചുവരുന്ന മഹത്തായ യുദ്ധവിരുദ്ധ പ്രസ്ഥാനത്തിന്റെ വക്താവായി അദ്ദേഹം ഉയരുമായിരുന്നു എന്നു് വിശ്വസിപ്പിക്കുന്നവയാണു് ആ പ്രാർത്ഥനാഗീതങ്ങൾ. 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ബോവർ സഹോദരന്മാരും സ്ത്രാവുസും മറ്റും ജർമ്മനിയിലാരംഭിച്ചു് ഇപ്പോൾ സാർവ്വലൗകികമായി ശക്തിപ്പെട്ടിരിക്കുന്ന വേദപുസ്തകവ്യാഖ്യാന പ്രസ്ഥാനം കേരളത്തിൽ ആരംഭിച്ചത് സൈമൺ ആണെന്നു് അദ്ദേഹത്തിന്റെ വെളിപാടു പുസ്തകവ്യാഖ്യാനവും 'സമാഗമനകൂടാര'വും 'ഉത്തമഗീതാ' വ്യാഖ്യാനവും വ്യക്തമാക്കുന്നു.

കവിതയിലെ മിത്തുകളും ശൈലീവിശേഷങ്ങളും പൂർവ്വസങ്കല്പങ്ങളും വിശകലനം ചെയ്യുന്ന ആധുനിക കാവ്യസമീക്ഷാരീതിയുടെയും കേരളത്തിലെ ആദ്യപഥികരിൽ ഒരാളായിരുന്നു സൈമൺ എന്നു് അദ്ദേഹത്തിന്റെ 'ഉത്തമഗീതാ' വ്യാഖ്യാനം വിളംബരം ചെയ്യുന്നു.

കലാപകാരിയായ മതനവീകർത്താവു്, അധ്യഷ്യനായ താർക്കികൻ, പ്രതിഭാശാലിയായ കാവ്യോപാസകൻ, വാസനാസമ്പന്നനായ സംഗീതജ്ഞൻ, ഉജ്വലപ്രഭാഷകൻ, ഹൈന്ദവ-ക്രൈസ്തവ-യഹൂദ പുരാണങ്ങളിൽ പാരംഗതൻ, ബഹുഭാഷാപണ്ഡിതൻ, ചരിത്രകാരൻ, പത്രപ്രവർത്തകൻ, പ്രക്ഷോഭകാരി എന്നീ വിവിധനിലകളിൽ പ്രഖ്യാതനായ മഹാകവി കെ. വി. സൈമണെ ആധുനിക കേരളം ഇനിയും കൂടുതൽ അറിഞ്ഞാദരിക്കേണ്ടിയിരിക്കുന്നു. മുൻവിധികളുടെയും വിഭാഗീയസ്പർദ്ധയുടെയും മാറാലകൾ തുടച്ചുനീക്കി, ആ വ്യക്തിത്വത്തിന്റെ തിളക്കം കൂടുതൽ ശോഭായമാനമാക്കുവാൻ അദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങളോടും വിയോജിപ്പുള്ളവർപോലും ഈ ജന്മശതാബ്ദിവർഷത്തിൽ മുമ്പോട്ടു വന്നിരിക്കുന്ന കാഴ്ച ശുഭോതർക്കം തന്നെ.

****

6609



പൂന്താനം മുതൽ സൈമൺവരെ

പി ഗോവിന്ദപിള്ള

എഴുത്തുകാരെ അവരുടെ സാമൂഹ്യ പരിപ്രേഷ്യങ്ങളിൽ കാണാതെ, വ്യക്തികളായി മാത്രം കണ്ട് ഉദാത്തവൽക്കരിക്കുക എന്ന ഒരു പ്രവണത നമ്മുടെ സാഹിത്യനിരൂപണ രംഗത്ത് വളർന്നുവന്നിട്ടുണ്ട്. മുത്തെടുത്തുകഴിഞ്ഞാൽ പിന്നെ ചിപ്പിയുടെ കാര്യം അന്വേഷിക്കുന്നതെന്തിന് എന്ന രീതിയിൽ എഴുത്തുകാരനെ വിടുക, അയാളുടെ കൃതിയെ മാത്രം സ്വീകരിക്കുക എന്ന മറ്റൊരു പ്രവണതയും കാണുന്നുണ്ട്. എന്നാൽ മാർക്സിയൻ നിരൂപണ പദ്ധതിക്ക്, സമൂഹനിരപേക്ഷമായ വ്യക്തിത്വം എന്ന ആശയത്തെയോ, പശ്ചാത്തല നിരപേക്ഷമായി പഠിക്കപ്പെടേണ്ട ഒരു കൃതി എന്ന സമീപനത്തേയോ അംഗീകരിക്കാൻ കഴിയില്ല.

പി.ജി.യുടെ 1989ലെ പുസ്തകത്തിന്റെ പുതിയ പതിപ്പ്.

കവർ ഡിസൈൻ : അരുൺ ഗോകുൽ

പുസ്തകശാല

ജീവിതം

Price: ₹ 120

THE BOOK AS YOU LIKE IT

First floor, P K R Centre, Opp K S R T C Bus stand, Pathanamthitta
pusthakasalapost@gmail.com, +91 9447278762, 04682 223773